കാങ്കോൽ ആലപ്പടമ്പ

ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം

വികസനറിപ്പോർട്ട്

1996

CANNANORE DISTRICT

SHOWING PANCHAYATS AS ON 31-3-1995

പഞ്ചായത്ത് ഭരണ സമിതി

1. പി.ശശിധരൻ (പ്രസിഡണ്ട്)
2. എം.വി. ദാമോദരൻ (വൈസ് പ്രസിഡണ്ട്)
3. കെ.വി. കുഞ്ഞപ്പൻ മാസ്റ്റർ(സ്റ്റാൻറിഗ് കമ്മറ്റി ചെയർമാൻ)
4. പി. കൃഷ്ണൻ (നാലാം വാർഡ്)
5. കെ.പി. രാഘവൻ (എട്ടാം വാർഡ്)
6. എം. ഈശ്വരൻ നമ്പൂതിരി (ഒമ്പതാം വാർഡ്)
7. ടി.സി. സരസ്വതി (ഒന്നാം വാർഡ്)
8. കെ.വി. ഇന്ദിര (മൂന്നാം വാർഡ്)
9. കെ. സത്യവതി (അഞ്ചാം വാർഡ്)

എഡിറ്റോറിയൽ ബോർഡ്

1. പി.ശശിധരൻ
2. എം.വി. ദാമോദരൻ
3. കെ.ഗോവിന്ദൻ
4. കെ.എം. സദാശിവൻ മാസ്റ്റർ
5. പ്രൊ: കെ.എം. ഗോവിന്ദൻ നമ്പീശൻ
6. കെ.വിജയൻ നായർ
7. ഡോ: ടി.വി. കുഞ്ഞിക്കണ്ണൻ
8. കെ. പത്മിനി
9. കെ. കുഞ്ഞിരാമൻ മാസ്റ്റർ
10. പി.ഇ. കൃഷ്ണൻ നമ്പൂതിരി മാസ്റ്റർ
11. പി. അവനീന്ദ്രനാഥ്
12. ശ്രീമതി രുഗ്മിണി (പഞ്ചായത്ത് സെക്രട്ടറി)

ചീഫ് എഡിറ്റർ

പ്രൊഫ: കെ.എം. ഗോവിന്ദൻ നമ്പീശൻ

ജില്ലാ റിസോഴ്സ് പേഴ്സൻമാർ

1. ശ്രീ. കെ. ഗോവിന്ദൻ (കണ്ണനർ)
2. പ്രൊഫ: കെ.എം. ഗോവിന്ദനമ്പീശൻ
3. പി. മോഹനൻ
4. കെ.വിജയൻ നായർ
5. പി. സുശീല ടീച്ചർ
6. കെ.എം. സദാശിവൻ മാസ്റ്റ
7. പി. അവനീന്ദ്രനാഥ്
8. പി. രവീന്ദ്രൻ
9. കെ.കെ. വിജയൻ

ടൈപ്പ് സെറ്റിംഗ്

ടൈം ഡി.ടി.പി.സെൻറർ, തളിപ്പറമ്പ്

പ്രിൻറിംഗ്

ടൈം ഓഫ്സെറ്റ് പ്രിൻറേർസ്,
തളിപ്പറമ്പ്. ഫോൺ : 202225



ഏറ്റവും നല്ല പഞ്ചായത്ത് പ്രസിഡണ്ടിനുള്ള അവാർഡ് ഏറ്റുവാങ്ങിയതിന്
ശേഷം വിഷ്ണു നമ്പീശൻ പ്രധാന മന്ത്രിയോടൊപ്പം

കെ.സി. കോരൻ
മുൻ പഞ്ചായത്ത് പ്രസിഡണ്ട്

എം.വി.എം. കുഞ്ഞിവിഷ്ണു നമ്പീശൻ
പ്രഥമ പ്രസിഡണ്ട്

എം.ശങ്കരൻ നമ്പൂതിരി
മുൻ പഞ്ചായത്ത്
പ്രസിഡണ്ട്



കെ.ചിണ്ടൻ
മുൻ പഞ്ചായത്ത് പ്രസിഡണ്ട്

കെ. കുഞ്ഞിരാമൻ മാസ്റ്റർ
മുൻ പഞ്ചായത്ത് പ്രസിഡണ്ട്

സി.കെ. കുഞ്ഞിരാമൻ നായർ
മുൻ പഞ്ചായത്ത് പ്രസിഡണ്ട്

നിലവിലുള്ള ഭരണ സാരഥികൾ

പി.ശശിധരൻ
പ്രസിഡണ്ട്

എംവി.ദോമോദരൻ
വൈസ് പ്രസിഡണ്ട്



കെ.വി. കുഞ്ഞപ്പൻ മാസ്റ്റർ
സ്റ്റാൻറിംഗ് കമ്മറ്റി ചെയരമാൻ



ഉള്ളടക്കം

1.ആമുഖം

2.പഞ്ചായത്ത് പൊതുവിവരണം

3.സാമൂഹ്യ-സാംസ്കാരിക ചരിത്രം

4.ഭൂപ്രകൃതിയും വിഭവങ്ങളും

5.സാമൂഹിക-സാമ്പത്തിക മേഖലകൾ

1. കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
3. വ്യവസായം
4. വിദ്യാഭ്യാസം
5. കുടിവെള്ളം, പൊതുജനാരോഗ്യം, പരിസര ശുചിത്വം
6. ഗതാഗതം, മാർക്കറ്റ്
7. ഊർജ്ജം
8. പാർപ്പിടവും സാമൂഹ്യക്ഷേമവും
9. സംസ്കാരം

10.വനിതാക്ഷേമം

11. സഹകരണം
12. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
13. വിഭവസമാഹാരം

ആമുഖം.....

-ഗ്രാമസ്വരാജ്- എന്ന സ്വപ്ന സാക്ഷാത്കാരത്തിലേക്ക് മാലെടുത്തുവെച്ച് 1995 ഒക്ടോബർ രണ്ടിന് കേരളത്തിൽ മാറ്റത്തിന്റെ പടഹധ്വനിയുമായി പഞ്ചായത്തീരാജ് ഭരണസംവിധാനം നിലവിൽവന്നു. നാടിന്റെ വികസനത്തിൽ അധികാരവും ആസൂത്രണവും മുകളിൽനിന്നും താഴേക്ക് എന്ന കഴിഞ്ഞകാല അനുഭവങ്ങളിൽനിന്ന് "ജനകീയ ആസൂത്രണം" എന്ന നൂതനവും വികേന്ദ്രീകൃതവുമായ ആസൂത്രണപ്രക്രിയക്ക് തുടക്കമായി.

-പത്തായം പെറും. ചക്കി കുത്തും. അമ്മ വെക്കും. ഞാനുണ്ണും'. എന്നപോലെ പ്ലാനിംഗ് ബോർഡ് ആസൂത്രണം ചെയ്യും. സർക്കാർ പണം കൊടുക്കും. കോൺട്രാക്ടർ പണിചെയ്യും. നമ്മൾ അനുഭവിക്കും" എന്ന ഇന്നലെവരെയുള്ള ചിന്താഗതിക്ക് വിരാമമിട്ടുകൊണ്ട് പുതിയ വികസന അവബോധത്തിന് തുടക്കം കുറിച്ചുകൊണ്ടുള്ള സമഗ്രവും വിശദവുമായ ചർച്ച നടക്കുന്ന ഈ അവസരത്തിൽ കാക്കോൽ ആലപ്പടമ്പ് പഞ്ചായത്തിന്റെ ഗതകാല ചരിത്രത്തിലേക്ക് എത്തിനോക്കുന്നത് നന്നായിരിക്കും.

പ്രബലമായ ജന്മികുടുംബങ്ങളും. ധനികകർഷകരും. ഇടത്തരക്കാരും. ഭൂരഹിതരുമായ ജനവിഭാഗം അധിവസിച്ചുപോന്നിരുന്ന നമ്മുടെ പഞ്ചായത്തിൽ ദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും നിലനിന്നുപോന്നിരുന്നു. പുരാതനമായ കാവുകളും ക്ഷേത്രങ്ങളും വിശ്വാസത്തിന്റെ പ്രതീകമായി ഇന്നും മായാതെ നിലനിൽക്കുന്നു. അനുഷ്ഠാനകലാരൂപങ്ങളും മറ്റുക്ഷേത്ര കലാരൂപങ്ങളും മനുഷ്യമനസ്സിൽ വിശ്വാസത്തിന്റെ വേരുറപ്പിക്കാൻ കാരണമായി വർത്തിച്ചിട്ടുണ്ട്. പ്രഗത്ഭരും അനുഗ്രഹീതരുമായ വ്യക്തിത്വത്തിന്റെ ഉടമകളുമായിരുന്നു ഇത്തരം കലാരൂപങ്ങൾക്ക് ജന്മം നൽകിയിരുന്നത്.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽതന്നെ വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് പുരോഗമനാത്മകമായ ചുവടുവെപ്പുകൾ കാണാൻ കഴിയും. അന്നുതുടങ്ങിവെച്ച അനൗപചാരിക വിദ്യാഭ്യാസപ്രവർത്തനങ്ങൾ 1930 ആവുമ്പോഴേക്കും കാക്കോൽ-ആലപ്പടമ്പ പ്രദേശത്ത് ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ രൂപം കൊള്ളുന്നതിന് ഇടയാക്കി.

ജന്മിനാടുവാഴിത്തത്തിനെതിരെ ശക്തമായ ചെറുത്തുനിൽപുകളുടേയും സഹനസമരങ്ങളുടെ ധീരോദാത്തമായ കഥകൾ രചിച്ച മണ്ണാണ് കാക്കോൽ-ആലപ്പടമ്പ. ഇന്ത്യ സ്വതന്ത്രയായതിന് ശേഷം "ഗ്രാമസ്വരാജ്" എന്ന സങ്കൽപത്തിലൂടെ രാജ്യത്തെ സാമ്പത്തീകമായും സാമൂഹികമായും മോചിപ്പിക്കുന്നതിന് വേണ്ടി ഭാരത സർക്കാർ രൂപംകൊടുത്ത ഗ്രാമവികസന സന്ദേശം ഉൾകൊണ്ടുകൊണ്ട് രാജ്യത്തുടനീളം നടപ്പിലാക്കപ്പെട്ട വികസന പരിപാടികളിൽ പ്രഥമ സ്ഥാനത്തെത്തിയ പഞ്ചായത്തുകളിലൊന്നായിരുന്നു കാക്കോൽ-ആലപ്പടമ്പ പഞ്ചായത്ത്. ഏറ്റവും നല്ല പ്രസിഡന്റിനുള്ള വിശിഷ്ടപുരസ്കാരം യശശ്ശരീരനായ ശ്രീ. എം.വി.എം. മൂത്തിവിഷ്ണു നമ്പീശൻ അന്നത്തെ

പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിൽനിന്ന് ഏറ്റുവാങ്ങുകയുണ്ടായി. ആ മാതൃക പിന്തുടർന്നതിന്റെ ഭാഗമായിട്ടാണ് പഞ്ചായത്തിൽ ഇന്ന് കാണുന്ന വികസനം സാധ്യമായത്.വികസനപ്രവർത്തനത്തിൽ മനുഷ്യാധ്വാനം ഫലപ്രദമായി ഉപയോഗപ്പെടുത്തിയതിന്റെ ഫലമാണ് പ്രസ്തുത പുരസ്കാരം.

1936ൽ രൂപീകൃതമായ കാക്കോൽ പഞ്ചായത്തിൽ പരേതനായ ജനാബ് നങ്ങാരത്ത് മുഹമ്മദ്കുഞ്ഞി പ്രസിഡന്റായികൊണ്ടുള്ള ഭരണസമിതി 1942-ൽ ഭരണനേതൃത്വം ഏറ്റെടുത്തു. 1952ൽ ശ്രീ എം.വി.എം. കുഞ്ഞിവിഷ്ണു നമ്പീശൻ കാക്കോൽ-ആലപ്പടമ്പ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ശ്രീ.കെ.സി.കോരൻ, ശ്രീ. എം.ശങ്കരൻനമ്പൂതിരി, ശ്രീ.കെ.ചിണ്ടൻ, ശ്രീ.സി.കെ. കുഞ്ഞിരാമൻനായർ, ശ്രീ.കെ. കുഞ്ഞിരാമൻ മാസ്റ്റർ എന്നിവർ പഞ്ചായത്തിന്റെ ഭരണനേതൃത്വപദവി അലങ്കരിച്ചു. 1995 ഒക്ടോബർ 2ന് ശ്രീ. പി.ശശിധരൻ പ്രസിഡന്റായികൊണ്ടുള്ള ഒമ്പതംഗ ഭരണസമിതി നിലവിൽവന്നു.

ഭരണസാരഥ്യമേറ്റെടുത്ത ആദ്യത്തെ അഞ്ച് മാസങ്ങളിലായി ഉൾപ്പെടുത്തിയ മനുഷ്യാധ്വാന വിനിയോഗ മാസങ്ങളായി ഏറ്റെടുത്തതിനാൽ 2500ലേറെ മനുഷ്യാധ്വാനം വിനിയോഗിച്ച് വിവിധ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സാധിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതിക്ക് തുടക്കംകുറിച്ചുകൊണ്ട് ഒമ്പതാം പദ്ധതി ജനകീയപദ്ധതിയെന്ന ആശയം മുൻനിർത്തി പഞ്ചായത്തിൽ വിപുലമായ തയ്യാറെടുപ്പും ആവേശകരമായ പ്രവർത്തനങ്ങളും നടന്നുവരുന്നു. വികസനസമിതിനാഥന്റെ പ്രചരണാർത്ഥം വീടുവീടാന്തരം എത്തിച്ച "ആസൂത്രണസന്ദേശം" എന്ന പത്രവും 17-11-'96ന് വാർഡുകേന്ദ്രങ്ങളിൽനിന്നും പഞ്ചായത്താസ്ഥാനത്തേക്കുള്ള ആസൂത്രണപ്രയാണവും ശ്രദ്ധേയമായിരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിന് സാമ്പത്തിക പരിമിതി ഏറെ തടസ്സം നിന്നിട്ടുണ്ട്. എന്നാൽ ജനകീയാസൂത്രണ പ്രക്രിയ ജനങ്ങളിൽ കൂടുതൽ ആവേശവും പ്രതീക്ഷയും ഉളവാക്കിയിട്ടുണ്ട്. ജനങ്ങളുടെ പ്രതീക്ഷയൊത്തുയരാൻ, പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാവാൻ സർവ്വതോന്മുഖമായ പുരോഗതികൈവരിക്കാൻ ജനകീയാസൂത്രണപ്രസ്ഥാനത്തിലൂടെ നമ്മുടെ ഗ്രാമ പഞ്ചായത്തിന് കഴിയുമെന്ന് വിശ്വസിക്കുന്നു.

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്:	കാങ്കോൽ-ആലപ്പടമ്പ ഗ്രാമ പഞ്ചായത്ത്
വില്ലേജുകൾ:	കാങ്കോൽ, ആലപ്പടമ്പ
ബ്ലോക്ക് പഞ്ചായത്ത്:	പയ്യന്നൂർ
അസംബ്ലി മണ്ഡലം;	തൃക്കരിപ്പൂർ
ലോകസഭാമണ്ഡലം:	കാസർകോഡ്
താലൂക്ക്:	തളിപ്പറമ്പ്
വിസ്തീർണ്ണം:	42.07 ച.കി.മി.
വാർഡുകൾ:	9
അതിരുകൾ:	കിഴക്ക് - എരമം-കുറ്റൂർ ഗ്രാമ പഞ്ചായത്ത്, പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ്-	കരിവെള്ളൂർ-പെരളം ഗ്രാമ പഞ്ചായത്ത്
തെക്ക്-	പയ്യന്നൂർ മുനിസിപ്പാലിറ്റി
വടക്ക്-	കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്ത്
ജനസംഖ്യ:	1991 സെൻസസ് - 15,720, 1996ലെ സാമൂഹ്യസാനഃത്തിക സർവേപ്രകാരം 16,426.
പുരുഷൻ:	8,040 സ്ത്രീ:8,386
ജനസാന്ദ്രത :	390
പഞ്ചായത്ത് ആസ്ഥാനം :	മാത്തിൽ

ജനകീയാസൂത്രണം - പഞ്ചായത്ത് പ്രവർത്തന പരിപാടി

തിയ്യതി	പരിപാടി	പങ്കാളിത്തം
7/9/96	ഒന്നാംഘട്ട ശില്പശാല ആലോചനായോഗം	-
13/9/96	ഒന്നാംഘട്ട ശില്പശാല	104
20/7/96	പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാരുടെ യോഗം	
"	വാർഡ് കൺവീനർമാർ, ഡി.ആർ.പി.മാർ	
	മെമ്പർമാർ എന്നിവരുടെ സംയുക്തയോഗം	
"	വർഗ്ഗ ബഹുജന സംഘടനാ-സന്നദ്ധ	
	പ്രവർത്തകരുടെ യോഗം	
21/9/96. മുതൽ		
2/10/96 വരെ	ഗ്രാമസഭകൾ	117 മുതൽ 336 വരെ
25/9/996	എൽ.ആർ.പി., ഡി.ആർ.പി.	
	മാരുടെ യോഗം	
30/9/96	ദ്വിതീയ വിവരശേഖരണ യോഗം	
"	തലങ്ങും വിലങ്ങും നടത്ത യോഗം	
"	വ്യക്തികളുമായുള്ള മുഖാമുഖം കമ്മിറ്റി	
4/10/96	പഞ്ചായത്ത് പഠന പര്യടനം	
7/10/96	വിഭവസമാഹരണ യോഗം	
22/10/96	സർവേ പ്രവർത്തനത്തിന്റെ വിപുലമായ യോഗം	
27/10/96	കുടുംബ-സാമൂഹ്യ-സാമ്പത്തിക സർവേ	(250 സ്കാഡ്)
30/10/96	രണ്ടാംഘട്ട ശില്പശാല	99
"	വിവിധവിവര ശേഖരണ പൊതുചടങ്ങ്	
"	പ്രസിഡണ്ടിനെ ഏല്പിക്കുന്ന പൊതുചടങ്ങ്	
3/10/96	വിവിധ റിപ്പോർട്ട് വിഷയ ഗ്രൂപ്പ്	
	കൺവീനർമാരുടേയും ചെയർമാന്മാരുടേയുംയോഗം	
4/11/96		
5/11/96	വിവിധ റിപ്പോർട്ട് വിഷയഗ്രൂപ്പ് യോഗം	
6/11/96	'ആസൂത്രണ സന്ദേശം' പത്രം	
	എഡിറ്റോറിയൽ ബോർഡ് യോഗം	
"	പഞ്ചായത്ത് സെമിനാർ സ്വാഗത സംഘം	
17/11/96	ആസൂത്രണ സന്ദേശ പ്രയാണം	
22/11യ96	ആസൂത്രണ സന്ദേശ - പത്രം	
	വീടുകളിൽ വിതരണം ചെയ്യൽ	

ചിറമനി പഞ്ചായത്ത്

വാർഡ് നമ്പർ I
തുരുത്തിപ്പുറം

വാർഡ് നമ്പർ II
തുരുത്തിപ്പുറം കിഴക്കേക്കര

വാർഡ് നമ്പർ III
കിഴക്കേപ്പാടം

വാർഡ് നമ്പർ IV
പുത്തൻവേലിക്കര

വാർഡ് നമ്പർ V
വടക്കുംഭാഗം

വാർഡ് നമ്പർ VI
കാട്ടിക്കോൺ

വാർഡ് നമ്പർ VII
പുത്തൻകുരിശ്

വാർഡ് നമ്പർ VIII
കാളിശ്ശേരി

വാർഡ് നമ്പർ IX
പുത്തൻവേലിക്കര

കരിവെള്ളൂർ പെരളം പഞ്ചായത്ത്

പുത്തൻവേലിക്കര പഞ്ചായത്ത്

പുത്തൻവേലിക്കര പഞ്ചായത്ത്

പുത്തൻവേലിക്കര

സാമൂഹ്യ-സാംസ്കാരിക ചരിത്രം

പുരാണപ്രോക്തമായ ദക്ഷയാഗവുമായി ബന്ധപ്പെട്ട പ്രദേശമാണ് കാങ്കോൽ-ആലപ്പടമ്പ ഗ്രാമം. കപിലമഹർഷി നേതൃത്വം നല്കിയ ഈ യാഗവുമായി ബന്ധപ്പെട്ടാണത്രെ കാങ്കോൽ-ആലപ്പടമ്പ എന്ന സ്ഥലനാമം ഉടലെടുത്തത്.

കപിലമഹർഷി യാഗത്തിന് തെരഞ്ഞെടുത്ത കോവിൽ കപിലൻകോവിൽ പില്കാലത്ത് കാങ്കോൽ ആയും ചോറുവെച്ച് ഊറ്റിയ സ്ഥലം ഊറ്റിത്തടമായും യാഗശാലയുടെ വടക്കേ ചേരി വടശ്ശേരിയായും ഊട്ടുപുരയുണ്ടായ കൊപ്പൽ ഉണ്ടകൊപ്പൽ കുണ്ടയംകൊപ്പലായും ഗോക്കളെ പാർപ്പിച്ച ആല കെട്ടിയ സ്ഥലം ആലക്കാട് ആയും യാഗത്തിന് ശേഷം കരിയും ചാരവും കൊണ്ടിട്ടസ്ഥലം കരിങ്കുഴിയായും പൂപറിക്കാൻ കൊട്ടവെച്ചസ്ഥലം കൊട്ടകച്ചാൽ ആയും മഹദ്വ്യക്തികൾ താമസിച്ചിരുന്ന സ്ഥലം മഹദിൽ മാത്തിലായും കുറിവെച്ച സ്ഥലം കുറുവേലിയായും ആലുവെച്ച പറമ്പ് ആലപ്പടമ്പായും ദാഹത്തിന് വെള്ളം ഏറ്റുകുടിച്ച സ്ഥലം ഏറ്റുകുടുക്കയായും സ്ഥലനാമങ്ങളായി രൂപപ്പെട്ടുവെന്നാണ് ഐതിഹ്യം.

കാങ്കോലിൽനിന്നാണത്രെ കപിലമഹർഷി കൊട്ടിയൂരിലേക്ക് പോയത്. ഇന്നും ഇവിടെനിന്നുള്ള തെക്കേടത്ത് തറവാട്ടുകാരാണ് കൊട്ടിയൂരിലെ പ്രഥമ സ്ഥാനീയർ.

കാർഷികമേഖലയുമായി ബന്ധപ്പെട്ട ജീവിതരീതിയായിരുന്നു ഇവിടുത്തേത്. അതുകൊണ്ടുതന്നെ മറ്റെവിടുത്തെയും പോലെ കൃഷിയുമായി ബന്ധപ്പെട്ട സാമൂഹ്യ-സാമ്പത്തിക ബന്ധങ്ങളാണ് ഇവിടെ നിലനിന്നിരുന്നത്.

നാടുവാഴി-ജന്മി-ധനിക കർഷകവിഭാഗങ്ങളാണ് സമൂഹത്തിൽ കോയ്മ നിലനിർത്തിയിരുന്നത്. താഴക്കാട്ടുമന, വേങ്ങയിൽ നായനാർ, മണിപ്പുഴ ഇല്ലം, ആലപ്പടമ്പ തെക്കേമഠം മരങ്ങാട്ടില്ലം എന്നിവയാണ് പ്രബലമായ ജന്മി കുടുംബങ്ങൾ. കാങ്കോൽ ദേവസ്വം, സോമേശ്വരി ദേവസ്വം, ദേവിയോട്ട് ദേവസ്വം, മേലുകുളങ്ങര ദേവസ്വം, കുറുവേലി ദേവസ്വം എന്നീ ദേവസ്വങ്ങളുടെ കീഴിലും ഭൂമിയുടെ കേന്ദ്രീകരണമുണ്ടായിരുന്നു. ചിറക്കൽ തമ്പുരാന്റെ ഭരണത്തിലായിരുന്ന കാലത്ത് പയ്യന്നൂർ ഊരിലെ ഒരു ഗ്രാമമായിരുന്നു ഇത്. ജന്മിമാരും ധനിക കർഷകരും ചേർന്ന നാട്ടുപ്രമാണിമാരാണ് പ്രശ്നങ്ങൾക്ക് തീർപ്പ് കല്പിച്ചിരുന്നത്.

ഹിന്ദു-മുസ്ലിം മതങ്ങളും അതിൽ ഹൈന്ദവരിൽ വിവിധസമുദായങ്ങളിൽപെടുന്ന നമ്പൂതിരി, നമ്പീശൻ, നമ്പ്യാർ, നായർ, പൊതുവാൾ, തിയ്യ, മണിയാണി, വാണിയർ, വിശ്വകർമ്മർ, കല്ലാശാരി, ഗണികർ, വണ്ണാത്താൻ, കൊല്ലൻ, ചക്ലിയൻ, പുലയൻ, മാവിലൻ, വേലർ, മലയർ, വണ്ണാൻ, ചിങ്കത്താൻ തുടങ്ങിയവർ പഞ്ചായത്തിൽ അധിവസിച്ചുവന്നിരുന്നു.

വിവധരീതിയിലുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും പുലർത്തിയിരുന്ന ഇവർ വിശ്വാസങ്ങളുടെ ഭാഗമായി കാവുകളിലും ക്ഷേത്രങ്ങളിലും പള്ളികളിലും ആരാധന നടത്തിവന്നിരുന്നു.

ദേവിയോട്ട്കാവ്, ആലപ്പടമ്പ കണ്ണങ്കാട്ട് വേട്ടക്കൊരുമകൻകോട്ടം, നാർക്കൽമുണ്ടയ്ക്കാവ്, ആളയംകോട്ട് മഹാവിഷ്ണുക്ഷേത്രം, കുളങ്ങരച്ചാൽ ശിവക്ഷേത്രം, നിലയറ ഭഗവതിക്ഷേത്രം, മാത്തിൽ ശ്രീ ധർമ്മ ശാസ്താംകാവ്, വടശ്ശേരി സുബ്രഹ്മണ്യൻകോവിൽ, വടശ്ശേരി ഗണപതി അമ്പലം ഊരറിത്തടം ശ്രീകൃഷ്ണക്ഷേത്രം, പുതിയറ ഭഗവതിക്ഷേത്രം, കാങ്കോൽ ശിവക്ഷേത്രം, കാങ്കോൽ കളരി, കാങ്കോൽ കണ്ണങ്കാട്ട് , പണയക്കാട്ട് ഭഗവതിക്ഷേത്രം, വൈദ്യനാഥേശ്വര ക്ഷേത്രം കാളീശ്വരം ശിവക്ഷേത്രം കൊങ്ങിണിച്ചാൻകാവ്, എളമ്പിലാംതട്ട വിഷ്ണുക്ഷേത്രം, ആലക്കാട് കളരി, കാശിപുരം ശിവക്ഷേത്രം, വടവന്തൂർ ശ്രീനാരായണപുരം ക്ഷേത്രം, ഏറ്റുകുടുക്ക വിഷ്ണുമൂർത്തിക്ഷേത്രം, ഏറ്റുകുടുക്ക മുത്തപ്പക്ഷേത്രം, കുറുവേലി ഭഗവതിക്ഷേത്രം, കുറുവേലി വേട്ടക്കൊരുമകൻകോട്ടം എന്നിവ പ്രധാന ആരാധനാ കേന്ദ്രങ്ങളിൽ ചിലതാണ്. വീടുകളിൽ കുലദൈവങ്ങളെ കെട്ടിയാടിക്കുന്ന പള്ളിയറകളും നമ്മുടെ ഗ്രാമത്തിൽ നിലനിൽക്കുന്നുണ്ട്. ഇവിടെയുള്ള പ്രത്യേകതയുള്ള കാവാണ് "ദേവിയോട്ട്കാവ്". ഇപ്പോൾ ഇവിടെയുള്ള

ഉത്സവം ആർഭാടരഹിതമാണ്. ഒരുമാസം നീണ്ടുനില്ക്കുന്ന ഉത്സവപരിസമാപ്തിയുടെ തലേനാൾ നടക്കുന്ന ഊരിൽ നടക്കൽ ചടങ്ങിൽ ദേവരുടെ ഉപദൈവങ്ങൾ കടന്നുപോകുന്ന എല്ലാ വഴികളും അടിച്ചുതെളിച്ചു ശുദ്ധിവരുത്തുന്ന രീതി ഇന്നും തുടർന്നുപോരുന്നു.

ഗ്രാമത്തിലെ പ്രധാനക്ഷേത്രങ്ങളിലൊന്നാണ് കാങ്കോൽ ശിവക്ഷേത്രം. ഇവിടെ ദക്ഷയാഗം നടന്നുവെന്നാണ് സങ്കല്പം. ഈ ക്ഷേത്രത്തിലെ വിഗ്രഹം സ്വയംഭൂവാണെന്നാണ് ഐതിഹ്യം.

പൗരാണികതകൊണ്ടും ചെങ്കൽശില്പ ചാതുരികൊണ്ടും മാതൃകാപരമായ മത സാഹോദര്യം നിലനിർത്തുന്നതിലും പ്രാധാന്യമർഹിക്കുന്ന ക്ഷേത്രങ്ങളിലൊന്നാണിത്. ദക്ഷയാഗവുമായി ബന്ധപ്പെട്ട യാഗഭൂമിയിലെ മണ്ണിന് മലബാർ പ്രദേശത്തെ ഹൈന്ദവ വിശ്വാസികൾ പവിത്രതകല്പിച്ച് ഒരുപിടി മണ്ണെങ്കിലും ഗൃഹങ്ങളിൽ സൂക്ഷിക്കുന്ന പ്രവണത ഇന്നും നിലനിൽക്കുന്നു. ഹൈന്ദവരും മുസ്ലിംകളും മതസൗഹാർദ്ദം നിലനിർത്തി ഏറെ യോജിപ്പോടെ കഴിഞ്ഞിരുന്നുവെന്ന് മാത്രമല്ല, ശിവക്ഷേത്രത്തിലെ ആചരണങ്ങളുമായി മുസ്ലിം കുടുംബങ്ങൾക്കുണ്ടായിരുന്ന ബന്ധവും പൂജാദികർമ്മങ്ങൾക്ക് പഞ്ചസാര മുതലുള്ള നൈവേദ്യസാധനങ്ങൾ നല്കുകയും ക്ഷേത്രങ്ങളിൽനിന്നും നൈവേദ്യങ്ങളും മറവകാശങ്ങളും മുസ്ലിം കുടുംബങ്ങൾക്ക് നൽകിവന്നതായുമുള്ള ഐതിഹ്യം നിലവിലുണ്ട്.

പ്രാരംഭകാലംതൊട്ടുതന്നെ മുസ്ലിം പള്ളിയും 1950കളുടെ തുടക്കത്തിൽ പഞ്ചായത്തിന്റെ വടക്കേ അറ്റത്ത് കുടിയേറ്റ കർഷകരായിവന്ന ക്രൈസ്തവ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങളും പഞ്ചായത്തിലുണ്ട്.

ഹൈന്ദവജാതി സംഘടനയുമായി ബന്ധപ്പെട്ട് അയിത്തം, തീണ്ടൽ, തൊടീൽ തുടങ്ങിയ അനാചാരങ്ങൾ പണ്ടുകാലത്ത് ഉണ്ടായിരുന്നുവെങ്കിലും ജാതി പീഢനങ്ങളുടെ കഥ നന്നേ കുറവായിരുന്നതായി കാണുന്നു. നാടുവാഴി-ജന്മിമേധാവിത്വമുള്ള കാർഷിക ബന്ധങ്ങളാണ് നിലനിന്നിരുന്നത്. പാട്ടക്കുടിയായ്മയും കാണം-കുഴിക്കാണ സമ്പ്രദായവും അന്ന് പ്രധാനമായും നിലനിന്നിരുന്നു. വാശി, നൂരിവെച്ചുകാണൽ, ശീലക്കാൾ തുടങ്ങിയ പ്രാകൃത രീതിയിലുള്ള നികുതി സമ്പ്രദായത്തിലൂടെ കൃഷിക്കാരെയും കുടിയാന്മാരെയും കൊടിയ ചൂഷണത്തിന് വിധേയരാക്കി. ക്ഷേത്രാധീശത്വവും ഈശ്വരാരാധനയും ജന്മിമാർക്കും, ധനികർക്കും സവർണ്ണ മേധാവികൾക്കുമായിരുന്നുവെന്നപോലെ നാടിന്റെ സാമൂഹിക, സാംസ്കാരി-സാമ്പത്തിക അധിശത്വവും അവർക്കുതന്നെയായിരുന്നു.

ബ്രിട്ടീഷുകാരുടെ വ്യാപനത്തോടെ ക്ഷേത്രങ്ങളും, ക്ഷേത്രസ്വത്തുകളിൽ പലതും ബ്രിട്ടീഷുകാർ കണ്ടുകെട്ടിയിരുന്നു.

ഈ പ്രദേശങ്ങളിൽ ഉല്പാദിപ്പിക്കുന്ന കാർഷിക വിഭവങ്ങൾ വിറ്റഴിച്ചതും നിത്യോപയോഗ സാധനങ്ങൾ വാങ്ങിയിരുന്നതും പെരുമ്പ, കരിവെള്ളൂർ, നടക്കാവ് ആഴ്ചചന്തകളെ ആശ്രയിച്ചായിരുന്നു. ഈ വ്യാപാരശൃംഖലയുമായി ബന്ധപ്പെട്ട തണ്ണീർ പന്തലുകളുടേയും ചുമടു താങ്ങികളുടേയും അവശിഷ്ങ്ർ ഇപ്പോഴും കാണാനുണ്ട്.

ക്ഷേത്രോത്സവങ്ങളും കളിയാട്ടങ്ങളും തെയ്യക്കോലങ്ങളും വിളവെടുപ്പ് ഉത്സവങ്ങളായി മാറിയിരുന്നു. പ്രതിരോധത്തിന്റെ സൂചനകൾ നല്കുന്ന തെയ്യങ്ങളും ഇക്കൂട്ടത്തിലുണ്ട്. സാമൂഹ്യപ്രതിരോധത്തിന്റെ പ്രതീകങ്ങളായ പൊട്ടൻ, മാരാൻ-തെയ്യങ്ങൾ ഇതിനുദാഹരണങ്ങളാണ്. ദാരിദ്ര്യത്തിന്റെ പ്രതീകമായ ജ്യേഷ്ഠയെ അകറ്റുന്നതിനുള്ള കർക്കിടോത്തിയും ഐശ്വര്യത്തിന്റെ വരവ് വിളംബരം ചെയ്യുന്ന ആടിവേടനും സൗഭാഗ്യമാശംസിക്കുന്ന ഓണത്താറും ഈ ഗ്രാമത്തിന്റെ പൈതൃകമായി ഇന്നും നിലനിൽക്കുന്നു.

സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ട് വളർന്നുവന്ന കുറത്തിയാട്ടം, ഗന്ധർവൻപാട്ട്, കോതാമൂരി പനിയൻ, കണ്ണേറുപാട്ട്, വടക്കൻപാട്ട്, തച്ചുമന്ത്രം, കളംപാട്ട് തുടങ്ങിയവ ഇവിടെ നിലനിന്നിരുന്ന അനുഷ്ഠാന രൂപങ്ങളാണ്.

കോലത്തിരി രാജാവിന്റെ പടനായകനായ മുരിക്കൻചേരി കേളുവിന്റെ പടയേകുറിച്ചുള്ള നാടൻപാട്ടുകൾ ഇന്നും നമ്മുടെ നാട്ടിൽ പ്രചാരത്തിലുണ്ട്. ടിപ്പുവിനെതിരെ പടനയിക്കുന്നതിൽ നമ്മുടെ പഞ്ചായത്തതിർത്തിയായ നല്ലൂർ പ്രദേശത്ത് മണ്ണുകൊണ്ടുള്ള കോട്ട ഉണ്ടായിരുന്നുവെന്ന് ഐതിഹ്യങ്ങളിൽ പറയുന്നു. ഇതുമായി ബന്ധപ്പെട്ട് കിണർ രൂപത്തിലുള്ള തടവറ ഇന്നും അവശേഷിക്കുന്നുവെന്നത് ചരിത്രപഠനത്തിന് വഴികാട്ടിയായി നിൽക്കുന്നു.

കോലത്തിരിനാട്ടിൽനിന്നും തെയ്യം കാവയ്ക്ക്

സമ്പൂർണ്ണമായ രൂപഭാവങ്ങൾ പകർന്നുകൊടുത്ത കണ്ടറിഞ്ഞ പ്രതിഭാധനരായ ആലപ്പടമ്പ് ചെറിയരാമൻ പണിക്കർ, രാമൻ ആലപ്പടമ്പൻ, ആലപ്പടമ്പ് രാമൻപണിക്കർ, ചിണ്ടൻ ആലപ്പടമ്പൻ, കാങ്കോൽ കണ്ണൻ നേണിക്കം, കാങ്കോൽകേളുപ്പണിക്കർ, വടശ്ശരി അമ്പുപ്പണിക്കർ, കാങ്കോൽ കോരൻ നേണിക്കം, വടശ്ശേരി അമ്പുപെരുമലയൻ, ആലക്കാട് കൃഷ്ണൻ പണിക്കർ എന്നിവർ കാങ്കോൽ-ആലപ്പടമ്പിന്റെ സന്തതികളാണ്.

ഉത്തരകേരളത്തിന്റെ പട്ടത്താനമെന്ന് വിശേഷിപ്പിക്കാറുള്ള പൂരക്കളി ആലപ്പടമ്പിലും പരിസരപ്രദേശങ്ങളിലും അനായാസം പഠിപ്പിക്കുന്നതിൽ മുൻനിരയിൽനിന്ന ആലപ്പടമ്പിൽ നാർക്കൽ പ്രദേശത്തെ ആലപ്പുരയിൽ കണ്ണൻപണിക്കർ, കൂത്തൂർകോരൻ എന്നിവർ പൂരക്കളിരംഗത്തെ അനശ്വര പ്രതിഭകളായിരുന്നു.

ആയോധനകലകളിൽ ഉയർന്നുനിലക്കുന്ന കോൽക്കളി ജനകീയ കലയായി വളർത്തിയെടുക്കുന്നതിൽ മുൻനിരയിൽനിന്ന കുറുവേലി ചെമ്മഞ്ചേരി കൃഷ്ണൻനമ്പ്യാർ, [illegible] ദേർമൻ നായർ, ആലപ്പടമ്പ് കൈപ്രവൻ കണ്ണൻ നായർ, കുന്നുമ്മൽ ചിണ്ടൻ, കൊഴുമ്മൽ നാരായണൻനായർ, കേശവൻ ആചാരി തുടങ്ങിയവർ കോൽക്കളി രംഗത്ത് പ്രശംസാർഹമായ പങ്കുവഹിച്ചവരായിരുന്നു.

ആദരണീയനായ കുന്നുമ്മൽ ചിണ്ടൻ, കൊഴുമ്മൽ നാരായണൻ നായർ എന്നിവർ മാത്രമാണ് ഇന്ന് നമ്മോടൊപ്പം ഉള്ളത്..

രാഷ്ട്രാന്തരീയ പ്രശസ്തി നേടീയ കഥകളി ആചാര്യന്മാരുടെ കേളീരംഗമായിരുന്നു ആലപ്പടമ്പ്. 1962ൽ ആലപ്പടമ്പ് തെക്കേമഠം കേന്ദ്രമാക്കി ആരംഭിച്ച കഥകളി വിദ്യാലയത്തിലെ കാനാകണ്ണൻ നായർ, സ്വാമി കണ്ണമാരാർ ആശാൻ എന്നിവർ കഥകളി രംഗത്തെ അതികായന്മാരാണ്. [illegible] കഥകളി ആചാര്യന്മാരായ ഇവരുടെ ശിക്ഷണത്തിൽ കഥകളി അഭ്യസിച്ചവർ ഏറെയാണ്.

തെക്കെമഠം കുടുംബാംഗങ്ങൾക്ക് കഥകളി എന്ന ക്ഷേത്രകലയോടുണ്ടായിരുന്ന മമതയായിരുന്നു ആലപ്പടമ്പ് കഥകളി വിദ്യാലയത്തിന് രൂപം കൊടുക്കാൻ കാരണമായത്. സംസ്കൃതത്തിന്റെയും ജ്യോതിഷത്തിന്റെയും തച്ചുശാസ്ത്രത്തിന്റെയും വൈദ്യത്തിന്റെയും ഈറ്റില്ലമായി ഒരു കാലഘട്ടത്തിൽ നമ്മുടെ ഗ്രാമം പ്രശസ്തിയാർജ്ജിച്ചിരുന്നു. പയ്യൻ വലിയകേളു വൈദ്യർ, കുടുക്കേൻ ലക്ഷ്മി അമ്മ, പൊട്ടക്കുളത്ത് മൊട്ടുക്കൻ, എ.ടി.വി. ചിരിഅമ്മ, കവുങ്ങ്വളപ്പിൽ വലിയകൃഷ്ണൻ നമ്പ്യാർ, പോത്തേര ചന്തുക്കുട്ടി നമ്പ്യാർ, പൊന്നരയൻ ചെറിയ രാമൻ, അവറോന്നൻ കൃഷ്ണൻ നമ്പ്യാർ, അവറോന്നൻ കോരൻ നമ്പ്യാർ, മഞ്ചേരി രാമൻ നായർ എന്നിവർ വിഷചികിത്സാ രംഗത്തെ അത്ഭുതപ്രതിഭകളായിരുന്നു.

ജ്യോതിഷരംഗത്ത് വടശ്ശേരി ടി.കെ. രാമറും, ആലപ്പടമ്പ് തെക്കേമഠത്തിൽ വാസുദേവൻ നമ്പീശനും തച്ചുശാസ്ത്രത്തിൽ രാമൻ ഉദയവർമ്മൻ, തമ്പാൻ വിശ്വകർമ്മൻ, രാമൻ കേരളവർമ്മൻ എനന്നിവരും പ്രശസ്തരായിരുന്നു.

പഞ്ചായത്തിൽ അനൗപചാരിക വിദ്യാഭ്യാസ രീതിയാണ് ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നത്. ഇന്നത്തെ വടശ്ശേരി റോഡ് ജംഗ്ഷനിൽ പ്രവർത്തിച്ചിരുന്ന മരങ്ങാട്ടില്ലംവക സംസ്കൃത വിദ്യാലയം, ആലപ്പടമ്പ് തെക്കേമഠം വക എഴുത്തുശാലയും ഇതിൽപ്രധാനമാണ്. ഈ രംഗത്ത് തെക്കേമഠം നാരായണൻ നമ്പീശൻ എഴുത്തച്ഛന്റെ സേവനം ജാതിക്കതീതവും പ്രശംസനീയവുമായിരുന്നു. 1915ലാണ് ആദ്യത്തെ ഔപചാരിക വിദ്യാലയവും കാങ്കോലിൽ ആരംഭിച്ചത്. 1926ൽ വടശ്ശേരി എൽ.പി.സ്കൂൾ, 1927ൽ സ്ഥാപിച്ച കുറുവേലി വിഷ്ണുശർമ്മ എൽ.പി.സ്കൂൾ എന്നിവ ഈ പഞ്ചായത്തിലെ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങളായിരുന്നു. അക്കാലത്ത് അധ്യാപകരായി പ്രവർത്തിച്ചിരുന്ന പലരും ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും ആശയപ്രചരണത്തിനായി നാടകങ്ങൾ എഴുതി അവതരിപ്പിക്കുയും ചെയ്തിരുന്നു. ഈ കാലഘട്ടത്തിൽ സാമൂഹ്യമാറ്റത്തിന്റെ കാഹളമൂതി. ജന്മിനാടുവാഴിത്തത്തിനെതിരെ സ്വാതന്ത്ര്യസമരത്തിന് ആവേശം പകർന്ന് കർഷക സംഘം പ്രവർത്തകർ നാടകസംഘം രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു. കൈപ്രവൻ ഗോപാലൻമാസ്റ്റർ രചിച്ച് അരങ്ങിൽ എത്തിച്ച അക്രമത്തിന്റെ കൂത്താട്ടം, കരിഞ്ചന്ത, ചാലിൽ രാമനും കൂട്ടരും രചിച്ച വാഴക്കുല എന്നിവ കോളിളക്കം സൃഷ്ടിച്ച നാടകങ്ങളായിരുന്നു.

ആലപ്പടമ്പ് കൊട്ടില നാരായണൻ നമ്പീശന്റെ നേതൃത്വത്തിൽ പുരാണ നാടകസംഘവും അക്കാലത്ത് പ്രവർത്തിച്ചുവന്നിരുന്നു. നൈഷധം, ദേവയാനിചരിതം, ജകീചകവധം തുടങ്ങിയവ ഇതിൽ

പ്രധാന നാടകങ്ങളായിരുന്നു. ഈ പ്രവർത്തനങ്ങളെല്ലാം ദേശീയ സ്വാതന്ത്ര്യസമര പ്രവർത്തനത്തെ ശക്തിപ്പെടുത്താൻ സഹായിച്ചു.

സാമ്രാജ്യത്ത്യത്തിനെതിരായും ദേശീയ സ്വാതന്ത്ര്യത്തിനും വേണ്ടി നടന്നുവന്ന പ്രക്ഷോഭങ്ങൾ അന്നത്തെ യുവാക്കളിൽ സ്വാധിനം ചെലുത്തപ്പെട്ടു. ഇതോടെ ചോദ്യം ചെയ്യലുകളും ചെറുത്തുനില്പുകളും ആരംഭിച്ചു. 1928ൽ നെഹ്രു പങ്കെടുത്തുകൊണ്ട് നടന്ന രാഷ്ട്രീയ സമ്മേളനവും പൂർണ്ണസ്വരാജ് പ്രമേയവും, 1930ൽ കേളപ്പന്റെ നേതൃത്വത്തിൽ കോഴിക്കോട് നിന്നും പയ്യന്നൂരിലേക്കുവന്ന ജാഥയും ഉപ്പുസത്യാഗ്രഹവും ഇവിടുത്തെ ജനങ്ങളിൽ ആവേശം വിതച്ചു. 1931-33ലെ സിവിൽനിയമലംഘനപ്രസ്ഥാനം, ഗുരുവായൂർ പ്രക്ഷോഭം, നിവർത്തന പ്രക്ഷോഭം എന്നിവയെല്ലാം ബ്രിട്ടീഷുകാർക്കെതിരെയെന്നപോലെതന്നെ ജന്മി വിരുദ്ധവുമായി കാണപ്പെട്ടു.

ജന്മിമാരുടെ ദുഷ്ചെയ്തികളെ ചോദ്യം ചെയ്യുന്ന പ്രവണത വളർന്നുവന്നതോടെ കുടിയാന്മാർക്കെതിരെയുള്ള കടന്നാക്രമണം ആരംഭിച്ചു. 1939ൽ ആലക്കാട്ടെ ക്ടാരൻ ചന്തുവിനെ ഒഴിപ്പിച്ച മണിപ്പുഴ ഇല്ലം നമ്പൂതിരിയുടെ നടപടിക്കെതിരെ എ.വി. കുഞ്ഞമ്പുവിന്റെ നേതൃത്വത്തിൽ കൃഷിക്കാരെ സംഘടിപ്പിച്ച് കുടിയൊഴിപ്പിക്കലിനെതിരെ കർഷക സമരത്തിന് തിരികൊളുത്തി. എ.കെ.ജിയുടെ നിർദ്ദേശത്തോടെ മറ്റു നേതാക്കളും എത്തിയതോടെ മണിപ്പുഴ ഇല്ലം ജന്മി ഒഴിപ്പിക്കൽ നടപടിയിൽനിന്നും പിന്മാറി. ഇത് കർഷക സമര ചരിത്രത്തിൽ ഉജ്ജ്വലമായ അധ്യായമായി മാറി. ഇതുകൃഷിക്കാരിലും മറ്റും വർദ്ധിത വീര്യം ഉളവാക്കി. രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതിയുടെ ഭാഗമായി നാട്ടിൽ പട്ടിണിയും പകർച്ചവ്യാധിയും വ്യാപകമായി. വസൂരി തുടങ്ങിയ മാരകരോഗങ്ങൾ പിടിപെട്ടവരെ സഹായിക്കാനും ശുശ്രൂഷിക്കാനും സ്വാതന്ത്രസമരഭടന്മാരായ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിൽപെട്ടവർ മുന്നിട്ടിറങ്ങി.

പട്ടിണി എരിപൊരികൊള്ളുമ്പോഴും ജന്മിമാരുടെ പത്തായപ്പുരകൾ നിറഞ്ഞൊഴുകി. ന്യായ വിലക്ക് പ്രൊഡ്യൂസ് കൺസ്യൂമേഴ്സ് സൊസൈറ്റി വഴി നെല്ലെടുത്ത് വിതരണം ചെയ്യണമെന്ന ആവശ്യം പരക്കെ ഉയർന്നുവന്നു. ഇതിനെതിരെ പുറംതിരിഞ്ഞുനിന്ന ജന്മിമാരുടെ പത്തായപ്പുരയിലേക്ക് ജനങ്ങൾ മാർച്ച് ചെയ്തു. നെല്ലെടുത്ത് പട്ടിണിക്കാർക്ക് വിതത്രണം ചെയ്തു.

1948ൽ പയ്യന്നൂർ ഫർക്കയിൽ ആദ്യത്തെ നെല്ലെടുപ്പ് സമരം മാവിലാ കുഞ്ഞമ്പുനമ്പ്യാരുടെ വീട്ടിൽനിന്ന് ആരംഭിച്ചു. ബ്രിട്ടീഷ് ഭരണാധികാരികളുടെ പിൻബലത്തോടെ എം.എസ്.പി. ബറ്റാലിയൻ അഴിഞ്ഞാട്ടം നടത്തുകയും കർഷക പ്രവർത്തകരെ കള്ളക്കേസിൽപെടുത്തുകയും ചെയ്തു. മാവിലാ രാഘവൻ മാസ്റ്റർ, എം.ശങ്കരൻ നമ്പൂതിരി, തെക്കേടത്ത് കൃഷ്ണപ്പൊതുവാൾ, വെളിച്ചങ്കോടൻ നാരായണൻ നമ്പ്യാർ, പുതിയടവൻ അമ്പു, കൊഴുമ്മൽ ചിണ്ടൻനായർ, മഠത്തിൽ പയ്യാടക്കത്ത് അമ്പുനായർ എന്നിവരായിരുന്നു പ്രസ്തുത കേസിലെ പ്രതികൾ. ഇതേ തുടർന്ന് കർഷകസംഘം പ്രവർത്തകർ ആവശ്യപ്പെട്ടതനുസരിച്ച് ആലപ്പടമ്പ് തെക്കേമഠത്തിൽനിന്നും നെല്ല് വിട്ടുകൊടുക്കുകയുണ്ടായി. നെല്ല് വിതരണം ചെയ്ത കർഷക സംഘം പ്രവർത്തകർക്കെതിരെ ജന്മിമാർ ഗൂഢാലോചന നടത്തുകയും അതിക്രമിച്ച് കടന്ന് നെല്ല്എടുത്തെന്ന് ആരോപിച്ച് കള്ളക്കേസിൽ കുടുക്കുകയുമുണ്ടായി. ഇതിൽ പ്രതിഷേധിച്ച് സംഘം പ്രവർത്തകർ സംഘടിതമായ മഠത്തിൽചെന്ന് നെല്ലെടുത്ത് വിതരണം ചെയ്തു. കൈപ്രവൻ നാരായണൻ മാസ്റ്റർ, കല്ലറ നാരായണൻ നായർ, പാലങ്ങാടൻ കുഞ്ഞിരാമൻ നമ്പ്യാർ എന്നിവർ ഈ സമരങ്ങളുടെ മുൻനിരയിൽനിന്ന് പ്രവർത്തിച്ചവരിൽ ചിലരാണ്.

നെല്ലെടുപ്പിന് ശേഷം എം.എസ്.പിക്കാർ നാട്ടിൽ സംഹാര താണ്ഡവം നടത്തി. ആലപ്പടമ്പ് പ്രദേശത്ത് ധാരാളം സ്ത്രീകൾക്ക് കടുത്ത മർദ്ദനവും അപമാനവും സഹിക്കേണ്ടിവന്നു. നെല്ലെടുപ്പ് സമരത്തിൽ പങ്കെടുത്ത പരേതനായ ആമ്പിലേരി ചാത്തുവിന്റെ ഭാര്യ കുന്നുമ്മൽ മാണിയമ്മയും കുന്നുമ്മൽ ശ്രീദേവിയമ്മയും ഈ കാലയളവിൽ ഒട്ടേറെ മർദ്ദനവും പീഢനവും സഹിക്കേണ്ടിവന്ന ജീവിച്ചിരിക്കുന്ന തലമുറയിലെ കണ്ണികളാണ്.

കർഷക സമരത്തിലെ അവിസ്മണീയമായ പോരാട്ടത്തിന് നേതൃത്വം നൽകി എം.എസ്.പിക്കാരുടേയും പോലീസിന്റെയും മർദ്ദനമേറ്റും വെടികൊണ്ടും ജീവത്യാഗം ചെയ്ത മഹാന്മാരായ ശ്രീ.കെ.സി. കുഞ്ഞാപ്പുമാസ്റ്റർ, കുന്നുമ്മൽ കുഞ്ഞിരാമൻ, മാവിലാ ചിണ്ടൻ നമ്പ്യാർ, കുന്നുമ്മൽ രാമൻ, പുത്തൂക്കാരൻ രാമൻ എന്നിവരെ സ്മരിക്കുന്നതോടൊപ്പം പ്രസ്തുതത സമരത്തിൽ വെടികൊണ്ട് കാൽനഷ്ടപ്പെട്ട് മൃതപ്രായനായി കഴിഞ്ഞിരുന്ന ശ്രീ. കെ.വി.കുട്ടിയും ഇന്ന് ജീവിച്ചിരിപ്പില്ല. വെടികൊണ്ട് തലനാരിഴക്ക് രക്ഷപ്പെട്ട ശ്രീ. ഇ.വി. കുഞ്ഞിക്കണ്ണൻ നമ്പ്യാർ ഇന്നും നമ്മോടൊപ്പമുണ്ട്.

1952ൽ നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പിലൂടെ പ്രസിഡണ്ട് പദവിയിലെത്തിയ ശ്രീ. എം.വി.എം.കുഞ്ഞിവിഷ്ണു നമ്പീശൻ പഞ്ചായത്തിൽ ശ്രദ്ധേയമായ വികസന പ്രവർത്തനങ്ങൾ നടത്തുകയും അതിന് നേതൃത്വം കൊടുത്തതിന് ദേശീയതലത്തിലുള്ള അവാർഡ് പ്രധാനമന്ത്രി ജവഹർലാൽ നെഹ്രുവിൽനിന്ന് നേടുകയും ചെയ്തു. മലബാർ ഡിസ്ട്രിക്ട് ബോർഡ് മെമ്പറായും പ്രവർത്തിച്ചിരുന്നു ഇദ്ദേഹം. മാത്തിൽ ഗവ:ഹൈസ്കൂൾ, പഞ്ചായത്തിലെ ഒട്ടിമിക്ക ഗ്രാമീണറോഡുകൾ, പൊതുകിണറുകൾ, കുളങ്ങൾ തുടങ്ങിയ വികസന പ്രവർതതനങ്ങൾ മാതൃകാപരമായി ഇക്കാലത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്.

തുടർന്നിങ്ങോട്ട്. സർവശ്രീ. കെ.സി.കോരൻ, എം. ശങ്കരൻനമ്പൂതിരി തുടങ്ങിയ പ്രഗത്ഭമേതികളുടെ കാലടിപ്പാടുകൾ തുടർന്നുകൊണ്ടാണ് കെ. ചിണ്ടൻ, സി.കെ. കുഞ്ഞിരാമൻ നായർ, കെ.കുഞ്ഞിരാമൻ മാസ്റ്റർ എന്നിവർ പഞ്ചായത്ത് ഭരണ സാരഥ്യം വഹിച്ചുവന്നിരുന്നത്.

അന്യത്ര സൂചിപ്പിക്കപ്പെ മഹത്തായ സാമൂഹ്യ–സാംസ്കാരിക-രാഷ്ട്രീയ പാരമ്പര്യത്തെ ജനകീയാസൂത്രണത്തിന്റെ പുതിയ തലങ്ങളിലേക്ക് വികസിപ്പിച്ചെടുക്കാനുള്ള കർമ്മ പരിപാടികളുമായി നാം മുന്നോട്ട് പോവുകയാണ്.

ഭൂപ്രകൃതിയും വിഭവങ്ങളും

പഠന പ്രവർത്തനം - 3 ഭൂപടങ്ങൾ



ഭൂപ്രകൃതിയും വിഭവങ്ങളും

കുന്നുകളുംതാഴ്വരകളും ചേർന്ന്ദൃശ്യസുന്ദര മാക്കുന്ന ഒരു പ്രദേശമാണ് കാങ്കോൽ-ആലപ്പടമ്പ് പഞ്ചായത്ത്. പേര് സൂചിപ്പിക്കുന്നതുപോലെ കാങ്കോൽ-ആലപ്പടമ്പ് വില്ലേജുകൾ ചേർത്താണ് ഈ പഞ്ചായത്ത് രൂപീകരിക്കപ്പെട്ടത്. വടക്ക് ഭാഗത്ത്നിന്നും തെക്ക് പടിഞ്ഞാറ് ദിശയിലേക്കും തെക്ക് കിഴക്ക് ദിശയിലേക്കും നീണ്ടുകുടക്കുന്ന പ്രധാനപ്പെട്ട രണ്ട് താഴ്വരകളും. കിഴക്ക് നിന്ന് പടിഞ്ഞാറോട്ടും വടക്ക് നിന്ന് തെക്കോട്ടും നീണ്ടുകിടക്കുന്ന രണ്ട് ചെറുതാഴ്വര കളും താഴവരകളിലവസാനിക്കുന്ന ചരിവുകളും താഴ്വാരങ്ങൾ സംഗമിക്കുന്ന തെക്ക് പടിഞ്ഞാറൻ സമ തലവും ചേർന്നതാണ് പഞ്ചായത്തിന്റെ ഭൗമോപരി തല വിന്യാസം. 42.07 ചതുരശ്ര കിലോ മീറ്ററാണ് പഞ്ചായത്തിന്റെ വിസ്തീർണ്ണം.

ഏറ്റുകുടുക്ക, കൂട്ടപ്പുന്ന, കരിയാപ്പ, ചെക്കിയാർ പ്പ്, ചൂരൽ, കുറുകൂട്ടി, പുല്ലംമണ്ണിപ്പാറ, മയിലാടിപ്പാറ, നെല്ലിയാട്ട്പാറ എന്നിവടങ്ങളിൽ ഭൂരിഭാഗവും കൃഷിയോഗ്യമല്ലാത്തെ പാറത്തട്ടുകളാണ്. നല്ലൂർ, പായ്യം, ദേവിയോട്കാവ്, മുടിക്കാനം, വെള്ളലാട്ട്, ആല പ്പടമ്പ് നോർത്ത്, ആലപ്പടമ്പ് സൗത്ത്, കാനം, കുന്നച്ചേരി, മഞ്ചപ്പറമ്പ്, വടശ്ശേരി, വലിയചാൽ, ആലക്കാട്, വെള്ളരിക്കാത്തൊട്ടി, നെടുംകുന്ന്, ചെളളച്ചാൽ, കുറുവേലി, ഒയോളം, വടവന്തൂർ എന്നിവിടങ്ങളിൽ പ്രധാനമായും ചരിവുകളും വീതി കുറഞ്ഞ താഴ്വരകളും ചേർന്നതാണ്. കുണ്ടയം കൊപ്പൽ, താഴെകുറുന്തിൽ, കാങ്കോൽ, കിരിംകുഴി, കാളീശ്വരം എന്നീ പ്രദേശങ്ങൾ തെക്ക് പടിഞ്ഞാറെ സമതലത്തിൽപെടുന്നു. ഭൂപ്രകൃതിമേഖലകളുടെ തരംതിരിച്ച വിവിരം താഴെ ചേർക്കുന്നു.

ഭൂമിയുടെ തരം	വിസ്തീർണ്ണം%
ചരിവുകൾ	60%
താഴവരകൾ	15%
സമതലങ്ങൾ	10%
പാറക്കെട്ടുകൾ	15%

പ്രധാന മൺതരങ്ങളും വിളകളും

ചരിവ് പ്രദേശങ്ങളിൽ കണ്ടുവരുന്നത് ചരൽ കലർന്നതും ജൈവാംശം കുറഞ്ഞതുമായ ചെങ്കൽ മണ്ണാണ്. ജലനിർഗ്ഗമനസാധ്യത കൂടുതലായതിനാൽ ഈ പ്രദേശങ്ങളിൽ ജലലഭ്യത വളരെ കുറവാണ്. വേനൽ കാലമാകുന്നതോടുകൂടി വരൾച്ചയും കൂടി വെള്ള ക്ഷാമവും അനുഭവപ്പെടുന്നു. മണ്ണൊലിപ്പും സസ്യാവരണശോഷണവും ഈ മേഖലയിലെ ഒരു പാരിസ്ഥിതിക പ്രശ്നമാണ്. മുഖ്യകൃഷി കശുമാവാ ണെങ്കിലും ചരിവിന്റെ താഴെ ഭാഗങ്ങളിലും മടക്കു കളിലും തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, പൈനാ പ്പിൾ എന്നിവ സമ്മിശ്രമായി കൃഷി ചെയ്തുവരുന്നു. റബ്ബർ പ്രധാന വിളയായി കൃഷി ചെയ്യുവാനും ആരംഭി ച്ചിട്ടുണ്ട്. മരച്ചീനി, ചേന, ചേമ്പ്, കൂർക്ക, കാച്ചിൽ തുടങ്ങിയ കിഴങ്ങിനങ്ങളും വർഷകാല പച്ചക്കറികളും കൃഷി ചെയ്തുവരുന്നുണ്ട്. കൃഷി യോഗ്യമായ തരിശുഭൂമികളും ഈ മേഖലയിൽ ഉണ്ട്.

ചരിവുകൾ ചേരുന്ന താഴ്വാരങ്ങളിൽ ജൈ വാംശം കൂടിയ ചെളിമണ്ണ് കണ്ടുവരുന്നു. മദ്ധ്യത്തിലൂടെ ഒഴുകുന്ന തോടുകൾ ഈ പ്രദേശങ്ങളെ നെൽ കൃഷിക്കനുയോജ്യമാക്കുന്നു. ചരിവുകൾ അവസാനി ക്കുന്നിടത്ത് അല്പം ഉയർന്ന കരപ്രദേശമാണ്. ഇവിടെ കവുങ്ങ്, വാഴ, കുരുമുളക്, തെങ്ങ്, ഫലവൃക്ഷങ്ങൾ, വെറ്റില, സുഗന്ധവിളകളായ ജാതി, ഗ്രാമ്പൂ, മഞ്ഞൾ, ഇഞ്ചി എന്നിവയും കിഴങ്ങിനങ്ങളായ ചേന, ചേമ്പ് തുടങ്ങിയവയും കൃഷി ചെയ്യുന്നുണ്ട്. മണ്ണിന്റെ അമ്ലത്വവും മഴക്കാലങ്ങളിലെ വെള്ളപ്പൊക്കവും വേനലിലെ വരൾച്ചയും നിലനില്ക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളാണ്.

സമതലങ്ങളിൽ വയലുകളും പുരയിടങ്ങളും കലർന്നാണ് കാണപ്പെടുന്നത്. പ്രധാനമായും

ആലപ്പടമ്പിൽ നിന്നും ആലക്കാട്ട് നിന്നും വരുന്ന താഴ്വാരങ്ങളുടെ സംഗമം എന്ന നിലയാലാണ് ഈ സമതലത്തിന്റെ കിടപ്പ്. മണൽ കലർന്ന മണ്ണാണ് വയലിലും കരയിലും കൂടുതലായി കാണപ്പെടുന്നത്. മണ്ണിന്റെ അമ്ലതം ഇവിടേയും കൂടുതലാണ്. നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ ചുരുങ്ങിയ അളവിൽ വെറ്റില, പൈനാപ്പിൾ എന്നിവ കണ്ടുവരുന്നു.

പൊതുവേ മേൽപ്പറഞ്ഞ എല്ലാ പ്രകൃതി മേഖലകളിലും പ്ലാവ്, മാവ്, ശീമപ്ലാവ്, അപൂർവമായി സപ്പോട്ട, പേര തുടങ്ങിയ ഫലവൃക്ഷങ്ങൾ കണ്ടുവരുന്നു. കൃഷിയോഗ്യമല്ലാത്ത തരിശാണ് കുന്നിൻമണ്ടകൾ. വിശാലമായ പാറപ്രദേശങ്ങൾ ഉൾകൊള്ളുന്ന ഈ പ്രദേശം കുറഞ്ഞതോതിൽ ചരിവുകളിലേക്കും വ്യാപിച്ചുകുടക്കുന്നു. പാറയിടുക്കുകളിലും മറ്റും കണ്ടുവരുന്ന മണ്ണിൽ കശുമാവ് കൃഷിചെയ്തു വരുന്നു. ചിലയിടങ്ങളിൽ ജലവിതാനം വളരെ ഉയർന്നതാണെന്ന പ്രത്യേകതയുമുണ്ട്. ഇവിടങ്ങളിൽ തെങ്ങും കവുങ്ങുമുണ്ട്. വ്യാപാരാടിസ്ഥാനത്തിൻ പാറപൊളിച്ച് കൊണ്ടുപോകുന്നത് ഒരു പരിസ്ഥിതി പ്രശ്നമാണ്. മൺതരം, ഫലപുഷ്ടി, അമ്ലത, ക്ഷാരത എന്നിവ സംബന്ധിച്ച വിവരമാണ് ചുവടെ:

മൺതരം	ആകെയുളളതിൻ%	ഫലപുഷ്ഠി	അമ്ലത	ക്ഷാരത
ചെങ്കൽമണ്ണ്	60%	കുറഞ്ഞത്	5.3	–
ചെളി(വയൽമണ്ണ്)	10%	മെച്ചപ്പെട്ടത്	4.8	–
മണൽമണ്ണ്	5%	കുറഞ്ഞത്	5.1	–
പാറ	25%		–	–

അവലംബം കൃഷിഭവൻരേഖ

ഓരോ മണ്ണിലേയും ജലലഭ്യത സംബന്ധിച്ച വിവരം

ജലലഭ്യതയുടെ സ്വഭാവം	പ്രദേശം%ത്തിൽ
സുലഭം	30%
മിതം	40%
ദരിദ്രം	30%

അവലംബം പഠനപര്യടനം

ഭൂമിയുടെ വിനിയോഗം സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു

ഇനം	വിസ്തീർണ്ണം
നിലം(വയൽ)	1043.80–ഏക്ര
പുരയിടം	5538.04 ,,
പുറമ്പോക്ക്, തോട്, റോഡ്	291.61 ,,
കൃഷിയോഗ്യമായ തരിശ്	4323.22 ,,
കൃഷിയോഗ്യമല്ലാത്ത തരിശ്	2356.30 ,,
ആകെ	13552.97 ,,

അവലംബം വില്ലേജ് ആഫീസ് രേഖകൾ

കേരളത്തിലെ പതിമൂന്ന് കാർഷിക കാലാവസ്ഥാ മേഖലകളാക്കി തിരിച്ചതിൽ ഈ പ്രദേശം വടക്കൻ ഇടനാടൻ മേഖലയിലാണ്. ഇതിൽ കാങ്കോൽ വില്ലേജ് ഇടനാടൻ ഭൂവിഭാഗത്തിലും ആലപ്പടമ്പ വില്ലേജ് ഉയർന്ന ഭൂവിഭാഗത്തിലും പെടുന്നു.

പഞ്ചായത്തിലെ ആകെ കൈവശ ഭൂമി സംബന്ധിച്ച വിവരങ്ങൾ

പട്ടിക 5

വില്ലേജ്	1–10 സെൻറ്	11–25 സെൻറ്	25–50 സെൻറ്	50–100 സെൻറ്	1–2 ഏക്ര	2–5 ഏക്ര	5 ഏക്ക്ക്ക് മുകളിൽ
കാങ്കോൽ	212	789	1417	596	316	189	75
ആലപ്പടമ്പ്	65	287	570	900	1050	550	240
ആകെ	277	1076	1987	1495	1366	739	315

അവലംബം പഠനപര്യടനം



കാങ്കോൽ വില്ലേജിലെ കൈവശ ഭൂമി സംബന്ധിച്ച വിവരങ്ങൾ

സമാന്തര അക്ഷരത്തിൽ കൈവശ ഭൂമിയുടെ വലിപ്പവും ലംബഅക്ഷരത്തിൽ കൈവശക്കാരുടെ എണ്ണവും കൊടുത്തുരുക്കുന്നു.

മറുപുറത്ത് ആലപ്പടമ്പ് വില്ലേജിലും തത്സംബന്ധിയായ വിവരങ്ങൾ ചേർത്തിരിക്കുന്നു.



കാലാവസ്ഥ

പഞ്ചായത്തിലെ കുറഞ്ഞ അന്തരീക്ഷ ഊഷ്മാവ് 18.7 ഡിഗ്രി സെൽഷ്യസും കൂടിയാണ്. 33.4 ഡിഗ്രാ.സെൽഷ്യസും ആണ്. ഇത് സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ താഴെ കൊടുക്കുന്നു.

മാസം	വർഷം					
	1993		1994		1994	
	MAX	MIN	MAX	MIN	MAX	MIN
ജനുവരി	31.6	18.7	31.9	20.7	31.4	19.8
ഫെബ്രുവരി	31.9	20.4	31.9	22.2	32.0	22.0
മാർച്ച്	32.7	23.3	32.1	23.8	32.5	23.4
ഏപ്രീൽ	33.2	24.4	32.0	24.8	33.4	25.6
മെയ്	33.4	25.7	31.9	25.6	32.8	25.4
ജൂൺ	30.6	24.0	28.1	23.8	30.1	26.9
ജൂലായ്	31.0	23.3	27.6	23.2	27.8	23.5
ആഗസ്ത്	29.3	23.6	28.7	23.6	28.9	24.8
സപ്തംബർ	30.4	23.6	29.1	23.3	29.5	24.5
ഒക്ടോബർ	30.4	23.8	30.2	23.8	30.7	23.8
നവംബർ	31.4	23.0	31.6	22.5	31.0	22.8
ഡിസംബർ	31.5	21.0	31.8	19.6	31.3	18.7

ആപേക്ഷിക ആർദ്രത സംബന്ധിച്ച വിവരങ്ങൾ

മാസം	വർഷം					
	1993		1994		1994	
	MORN	EVEN	MORN	EVEN	MORN	EVEN
ജനുവരി	95.8	57.7	89.7	55.7	92.0	54.9
ഫെബ്രുവരി	92.8	56.5	91.8	66.5	92.3	66.6
മാർച്ച്	86.8	63.3	89.8	62.8	88.3	61.1
ഏപ്രിൽ	87.0	65.2	90.0	68.0	81.6	60.0
മെയ്	87.2	65.8	86.0	69.1	87.5	67.9
ജൂൺ	95.8	83.8	98.6	90.0	94.5	94.4
ജൂലായ്	95.6	89.7	96.6	89.2	99.2	94.4
ആഗസ്ത്	98.4	83.9	97.4	79.9	98.5	85.3
സപ്തംബർ	94.7	74.7	94.9	73.2	97.1	78.6
ഒക്ടോബർ	96.5	79.0	95.9	79.3	97.9	70.2
നവംബർ	90.7	72.3	94.9	62.8	93.3	71.0
ഡിസംബർ	93.4	64.7	93.3	50.2	91.7	41.7

അവലംബം : കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം, പീലിക്കോട്

പഞ്ചായത്തിലെ ശരാശരി വർഷപാതം 3617.5 മി.മി. ആണ്.
ഇത് സംബന്ധിച്ച കലണ്ടർ താഴെ ചേർക്കുന്നു.

വർഷം	1993	1994	1995
ജനുവരി	0.0	0.0	0.0
ഫെബ്രുവരി	0.0	0.0	0.0
മാർച്ച്	9.2	9.2	0.0
ഏപ്രിൽ	0.0	154.5	32.2
മെയ്	62.8	106.2	150.0
ജൂൺ	1003.4	1445.5	907.2
ജൂലായ്	1074.5	1069.7	1172.8
ആഗസ്ത്	472.0	793.2	543.9
സപ്തംബർ	46.9	139.9	202.1
ഒക്ടോബർ	303.6	469.7	174.8
നവംബർ	66.2	73.6	68.7
ഡിസംബർ	77.9	0.0	0.0

അവലംബം : കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം, പീലിക്കോട്

കാലാവസ്ഥാചക്രം

ജൂൺ, ജൂലായ്, ആഗസ്ത്,	– തെക്ക് പടിഞ്ഞാറൻ മൺസൂൺ
സപ്തംബർ	– കാലവർഷത്തിന്റെ പിൻവാങ്ങൽ കാലം
ഒക്ടോബർ, നവംബർ	– വടക്ക് കിഴക്കൻ മൺസൂൺ
ഡിസംബർ, ജനുവരി, ഫെബ്രുവരി	– ശൈത്യകാലം
മാർച്ച്, ഏപ്രിൽ, മെയ്	– വേനൽകാലം

മനുഷ്യ വിഭവം

ഈപഞ്ചായത്തിലെ ആകെ ജനസംഖ്യ 1991ലെ സെൻസസ് പ്രകാരം 15.720 ആണ്. അതിൽ 8,090 സ്ത്രീകളും 7630 പുരുഷന്മാരും പെടുന്നു. പട്ടിക ജാതി അംഗസംഖ്യ 974 ആണ്, 480 സ്ത്രീകളും 494 പുരുഷന്മാരും ഉൾപ്പെടുന്നു. എല്ലാ ജാതി മതവിഭാഗങ്ങളും ഒത്തൊരുമയോടെ ഇവിടെ ജീവിച്ചുവരുന്നു.

1996 നവമ്പറിലെ സാമൂഹ്യ-സാമ്പത്തിക സർവേ പ്രകാരം ജനസംഖ്യ സംബന്ധിച്ച വിശദവിവരങ്ങൾ താഴേ ചേർക്കുന്നു.

വാർഡ്	സ്ത്രീകൾ	പുരു	ആകെ	പട്ടിക ജാതി	5 വയസ്സ് വരെ	6–15	16–35	36–55	55ന് മുകളിൽ
1	909	865	1774	49	136	336	679	411	193
2	367	320	687	18	54	119	252	154	114
3	1478	1455	2933	234	183	492	983	1029	246
4	525	498	1023	20	72	194	408	243	110
5	1282	1321	2603	147	198	446	449	713	373
6	1122	1058	2180	120	177	456	834	475	228
7	1148	1078	2226	106	213	389	824	518	282
8	722	647	1369	31	80	290	503	333	163
9	833	798	1631	148	104	316	589	377	218
	8386	8040	16,426	873	1221	3038	5521	4253	1927

വിദ്യാഭ്യാസ രംഗത്ത് താരതമ്യേന മോശമല്ലാത്ത നിലകൈവരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. സാങ്കതിക രംഗത്ത് ഉന്നത വൈദഗ്ദ്യം നേടിയവർ പഴയതും പുതിയതുമായ തലമുറകളിലുണ്ടെന്നത് വിദ്യാഭ്യാസ രംഗത്ത് നിലനില്ക്കുന്ന സ്ഥിതിയുടെ സൂചകമാണ്. വിദ്യാഭ്യാസ കാര്യത്തിലുണ്ടായ അളവ് പരമായ മാറ്റം ഗുണപരമായ മാറ്റത്തിലേക്ക് മാറേണ്ടിയിരിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങളിലെ പരമിതികൾ നിലനിൽക്കുന്നുണ്ട്.

വാർഡ്	എസ്.എസ് എൽ.സി	ഫ്രീഡിഗ്രി	ബിരുദം	ബിരുദാനന്തര ബിരുദം	ഡിപ്ലോമ	പ്രൊഫഷണൽ	മറ്റുള്ളവ	നിരക്ഷരർ	വിദ്യാഭ്യാസ സ്ഥിതി: സർവേ
1	547	100	40	8	4	23	3	45	
2	169	57	26	3	12	8	–	44	
3	966	257	80	15	96	32	–	135	
4	296	101	85	15	40	41	11	72	
5	763	211	102	18	50	34	37	115	
6	543	207	79	6	32	53	15	127	
7	824	264	102	14	32	58	13	112	
8	461	88	67	7	46	46	8	41	
9	516	125	70	8	42	34	5	62	

സമൂഹത്തിലെ വിവിധ തുറകളിൽ സേവനമനുഷ്ഠിക്കുന്നവർ നിരവധിയുണ്ടെങ്കിലും കൂടുതലും കർഷകരും കർഷകത്തൊഴിലാളികളുമാണ്. തൊഴിൽ നില സംബന്ധിച്ച വിവരങ്ങൾ താഴെകൊടുക്കുന്നു.

വാർഡ്	ഡോക്ടർമാർ	എഞ്ചിനിയർമാർ	അദ്ധ്യാപകർ	കച്ചവടം	കൃഷി	കർഷകതൊഴിലാളി	സർക്കാർ ഉദ്യോഗസ്ഥർ	തൊഴിലില്ലാത്തവർ	അഭ്യസ്തവിദ്യർ: സാധാരണ വിദ്യാഭ്യാസം
1	–	1	11	21	84	418	12	605	
2	1	2	3	3	31	154	13	467	
3	1	4	31	22	45	508	37	1311	
4	7	1	8	21	40	165	27	467	
5	6	9	18	50	105	528	37	933	
6	1	4	36	57	45	207	29	1171	
7	1	4	39	35	67	219	32	1098	
8	2	4	34	14	72	200	27	719	
9	–	–	17	6	59	284	10	543	

തൊഴിലില്ലായ്മ പ്രത്യേകിച്ചും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഒരു വലിയ പ്രശ്നമാണ്. കണക്കുകളനുസരിച്ച് ആകെ ജനസംഖ്യയുടെ 25 % തൊഴിലില്ലാത്തവരാണ്. ഈ സ്ഥിതി ആശങ്കാജനകമാണ്. സ്വയം തൊഴിൽ സംരംഭങ്ങൾ മാർക്കറ്റിൽ നേരിടേണ്ടിവരുന്ന മത്സരത്തിൽ തകർന്നുപോകുന്നു. ഭാഗികമായി തൊഴിൽ ലഭിക്കുന്നവരും ഈ കൂട്ടത്തിൽ പെടുന്നു.

സാമൂഹ്യ അസമത്വങ്ങൾക്കെതിരായി ഉശിരൻ സമരങ്ങളുടെ ഫലമായി സാമൂഹ്യ-സാമ്പത്തിക ബന്ധങ്ങളിൽ സമൂലമായ മാറ്റത്തിന് ഇടയാകുകയും മതനിരപേക്ഷമായ ഒരു സംസ്കാരം വളർന്നു വരികയും ചെയ്തിട്ടുണ്ട്.

ജലവിഭവം

പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽ നിന്ന് ഉത്ഭവിച്ച് തെക്ക് കിഴക്കേ ഭാഗത്തേക്ക് 9.കി.മി ദൂരം ഒഴുകി എരമം-കുറ്റൂർ പഞ്ചായത്തിലേക്ക് പ്രവേശിക്കുന്ന കുറുവേലി തോടും വടക്കെ അറ്റത്ത് നിന്ന് തന്നെ ഉത്ഭവിച്ച് 8 കി.മീറ്റർ തെക്ക് പടിഞ്ഞാറോട്ടൊഴുകി കരിങ്കുഴി വലിയ തോടുമായി ചേരുന്ന ആലപ്പടമ്പ തോടുമാണ് പ്രധാന തോടുകൾ. കിഴക്കെ അതിർത്തിയിൽ നിന്നുത്ഭവിച്ച് പടിഞ്ഞാറോട്ടൊഴുകി കരിങ്കുഴിയിലെ വലിയ തോട്ടിൽതന്നെ ചേരുന്ന ആലക്കാട് തോടും വടക്ക് കിഴക്ക അതിർത്തിയിൽ നിന്നുത്ഭവിച്ച് കുറുവേലി തോടുമായി ചേരുന്ന ഓയാളം തോടും പ്രധാന ചെറുതോടുകളാണ്. ഇതിനു പുറമേ ധാരാളം അരുവികളും കുളങ്ങളും കൊണ്ട് സമ്പന്നമാണ് ഈ പ്രദേശം. ഈ പ്രദേശത്തിന്റെ ഭൂഗർഭ ജല സാധ്യത 143.97കൊം.സി.എം. ആണ്.

പഞ്ചായത്തിന്റെ ജല സംബന്ധിയായ ആസ്തികൾ

നമ്പർ	ആസ്തി	വിസ്തീർണ്ണം(എണ്ണം/കി.മി)
1	കുറുവേലി തോട്	9. കി.മി
2	ആലപ്പടമ്പ് തോട്	8.കി.മി
3	ഓയോളം തോട്	4.കി.മി
4	ആലക്കാട് തോട്	3. കി.മി
5	കുളങ്ങൾ	75 എണ്ണം
6	ചീർപ്പുകൾ	23 എണ്ണം

പൊതു ഉടമസ്ഥതയിലുള്ള പ്രധാന കുളങ്ങൾ

നമ്പർ	കുളത്തിന്റെ പേര്	നിർമ്മിച്ച വർഷം	വാർഡ്
1	മണൽകുളം - വടശ്ശേരി	1946	5
2	എരിഞ്ഞിക്കീൽ കുളം-ആലപ്പടമ്പ	1952	1
3	കണ്ടൃത്തിടിൽ കുളം - ആലപ്പടമ്പ്	1950	5
4	മൂലവയൽകുളം - കാങ്കോൽ	1959	7
5	കണ്ടത്തിൽ കുളം - കുറുവേലി	1948	3
6	രാമന്താർ വയൽകുളം-വടശ്ശേരി	1960	7
7	ചുട്ടുവം കുളം - കാങ്കോൽ	1962	6
8	വലിയചാൽ കുളം - വലിയചാൽ	1961	7
9	തെക്കൻ മൂല കുളം - ആലക്കാട്	1960	8
10	ഒറവൻ കുളം - കാങ്കോൽ	1951	6
11	കുളേക്കര കുളം - കാങ്കോൽ	1960	6
12	അളയാങ്കോട്ട് കുളം - കാങ്കോൽ	1962	6
13	മാത്തിൽകുളം - വടശ്ശേറി	1956	5
14	കുണ്ടയംകൊവ്വൽകുളം-കുണ്ടയംകൊവ്വൽ	1945	7
15	കണ്ടൃത്തിടിൽകുളം - ആലപ്പടമ്പ	1959	5
16	" "	1990	5

ബാക്കിയുള്ള 59 കുളങ്ങളും സ്വകാര്യ ഉടമസ്ഥതയിലാണ്.

അപൂർവമായ സസ്യജനുസ്സുകൾ കൊണ്ടനു ഗ്രഹീതമാണ് ഈ നാട്. തേക്ക്, ഇരൂൾ, മരുത്, കരോട്ട, കുറുക്കൂട്ടി, തടിച്ചിൽ, എടല, കരിയ, ഇലഞ്ഞി, കാഞ്ഞിരം, കാട്ടകടുക്ക, അമ്പഴം, കണിക്കൊന്ന, മഞ്ചാടി, വങ്കണ, വെണ്ടേയ്ക്ക, മുള്ള വേങ്ങ, വാക, അറഞ്ഞി, നീർമരുത്, ചേരല്, കുളിർകാവ്, തേൻപാവ്, വീമ്പ്, പൂവം, താന്നി, ഉരുപ്പ്, എലോ, കരയം, തേരകം, പന, അത്തി, ഇത്തി, ആൽ, അരയാൽ, തേമ്പതി, ആലം, മയിലെള്ള്, പയിച്ചൽ, ആവൽ, അകിൽ അകിൽചന്ദനം, വേങ്ങ, ഞാവൽ, കാരകിൽ, പൂല് തുടങ്ങിയ വൻ വൃക്ഷങ്ങൾ ധാരാളമുണ്ടായിരുന്നു. എന്നാലിന്ന് ഇവയുടെ എണ്ണം വളരെയധികം കുറഞ്ഞിട്ടുണ്ട്. അത്യപൂർവമായ പരന്ന രുദ്രാക്ഷം ഇവിടെ കണ്ടുവരുന്നു. കാശുശാവ് അഥവാ കായ്വ്, കാര, കാട്ടുനാരകം, മുട്ടോളി, നീരൂരി, ചെറുകനി, കൊട്ടമുള്ള, ചൂരിമുള്ള്, ആവണക്ക്, ഉമ്മണം, കരിനൊച്ചി, ഏച്ചൽ തുടങ്ങിയ കുറ്റിച്ചെടികളും കാണപ്പെടുന്നു.

മോതിരവള്ളി, പാലുവള്ളി, ഉറിതൂക്കി, നറുനീണ്ടി, ചെന്നാർവള്ളി, അരണവള്ളി, ചിറ്റമൃത്, നിരന്ത, ചന്ദ്രവള്ളി, കുറിച്ചുള്ളി, കൊടുത്ത(ദുരാലഭ) പാഠവള്ളി, വള്ളിമാവ്, വള്ളിപ്പാല, പാൽമുതുക്, മലതാങ്ങി, വേമ്പാട് തുടങ്ങിയവ ഇന്നും കണ്ടുവരുന്നു.

അപൂർവ ഔഷധ സസ്യങ്ങളായ കാട്ടുതുപ്പല്ലി, കാട്ടുമുളക്, നിലപ്പന, മുത്തങ്ങ, ഓരില, മൂവില, മുയൽചെവി, എലിചെവിയൻ, കയ്യണ്ണി, തെഴുതാമ, കുറുന്തോട്ടി, ശതാവരി തുടങ്ങിയവയും കണ്ടുവരുന്നു. മേൽ സൂചിപ്പിച്ച കാര്യത്തിൽ വളരെ വിശദമായ ഒരു സർവേ പഠനം ആവശ്യമാണ്.

ജന്തുസമ്പത്തിന്റെ കാര്യത്തിലും പൂർണ്ണമായ വൈവിദ്ധ്യം നിലനിൽക്കുന്നു. പല്ലി, ഓന്ത്, എലി, അരണ, തവള, മുള്ളൻപന്നി, പന്നി, മുയൽ, കീരി, ഉടമ്പ്, കുരങ്ങ്, അള്ളാൻ(ഈനാംപേച്ചി), മാൻ, വിവിധയിനം പാമ്പുകൾ തുടങ്ങിയ ജന്തുക്കളും കാക്ക, കുയിൽ കാട്ടുകോഴി, മൈന, മൂങ്ങ, കുളക്കോഴി തുടങ്ങിയ പക്ഷികളും കണ്ടുവരുന്നു.

പഞ്ചായത്തിൽ കൃഷിചെയ്തുവരുന്ന സസ്യ സമ്പത്തിനെപറ്റിയും ജന്തുസമ്പത്തിപറ്റിയും അന്യത്ര സൂചിപ്പിച്ചിട്ടുണ്ട്.

വനസമ്പത്ത്

വനസമ്പത്തിന്റെ കാര്യത്തിൽ ഇവിടുത്തെ സ്ഥിതി ആശാവഹമാണ്. 76ഏക്രയോളം വിസ്തൃതിയിൽ പഞ്ചായത്തിൽ പലയിടങ്ങളിലായി കാവുകൾ വ്യാപിച്ചു കിടക്കുന്നു. ദേവിയോട്ട് കാവ്(66 ഏക്ര) കൊങ്ങിണിച്ചാൽകാവ്(2 ഏക്ര), നിരണിയിഞ്ചകാവ്(വടവത്തൂർ ഭഗവതിക്കാവ്) 7 ഏക്ര മാങ്കുളം കാവ്(40 സെന്റ്), കാശിപുരം കാവ്(70 സെന്റ്) മാത്തിലമ്പലം കാവ്(60സെന്റ്) എന്നിവയാണ് പ്രധാന കാവുകൾ. ഇതിനുപുറമേ മഠങ്ങൾ, ഇല്ലങ്ങൾ പഴയതറവാടുകൾ പളളിയറകൾ എന്നിവയുമായി ബന്ധപ്പെട്ട ചെറിയ കാവുകളുമുണ്ട്. ഉഇവയെല്ലാം തന്നെ പഞ്ചായത്തിലെ ജൈവവൈവിധ്യങ്ങളുടെ കലവറയായും ജല സംഭരണികളായും നിലകൊള്ളുന്നു. ഉറപ്പുള്ള വൃക്ഷങ്ങൾ, ഔഷധസസ്യങ്ങൾ, അന്യംനിന്നുപോകുന്ന ചില ജന്തുവർഗ്ഗങ്ങൾ എന്നിവയുടെ സങ്കേതങ്ങളാണ് ഇവിടങ്ങൾ. ഇവയിൽ ചില കാവുകളെങ്കിലും അല്പസ്വല്പമായി നശീകരണ ഭീഷണിയിലാണ്. ഇവ സംരക്ഷിക്കുവാനും സാധിക്കുമെങ്കിൽ അവയുടെ വിസ്തൃതി വർദ്ധിപ്പിക്കാനും പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്.


N
S
INDEX
1 തോട്
2 കുളം
3 നെൽവയൽ
4 കശുമാവ്
5 തെങ്ങ്
6 കുന്ന്
7 കുരുമുളക്
8 റബ്ബർ
9 പാറത്തട്ട്

കൃഷി, ജലസംരക്ഷണം, മണ്ണ് സംരക്ഷണം

പുരാതനമായ ഒരുൾനാടൻ ഗ്രാമമാണ് കാങ്കോൽ-ആലപ്പടമ്പ് ഗ്രാമ പഞ്ചായത്ത്. കുന്നുകളും ചെരിവുകളും വയലുകളും സമതലങ്ങളും ഇടചേർന്ന ഒരു പ്രദേശമാണ് ഇത്. പ്രകൃതി രമണീയമായ ഈ പ്രദേശത്തിലെ ജനങ്ങൾ മുഖ്യ ജീവനോപാധിയെന്ന നിലയിൽ കൃഷിയെ ആശ്രയിച്ചുപോന്നു. ഒരു പഴങ്കഥയായി മാറിയ പുനംകൃഷിയും വയൽ കൃഷിയുമായിരുന്നു പ്രധാനം. ഭക്ഷ്യ ഉല്പന്നങ്ങളായ നെല്ല്. തനി, ചാമ, വരക്, ചോളം തുടങ്ങിയ ധാന്യങ്ങളും ചേന, ചേമ്പ്, മധുരക്കിഴങ്ങ്, കൂവ, കാച്ചിൽ തുടങ്ങിയ കിഴങ്ങുകളും വിവിധതരം പച്ചക്കറികളും ഉഴുന്നു, പയർ, മുതിര, എള്ള് തുടങ്ങിയ പയർ വർഗ്ഗങ്ങളും ആവശ്യത്തിനനുസരിച്ച് ഉല്പാദിപ്പിച്ചു പോന്നു. വാഴകൃഷി, വെറ്റിലകൃഷി, കുരുമുളക്, തെങ്ങ്, കവുങ്ങ്, കശുവണ്ടി തുടങ്ങിയ നാണ്യവിളകളും കുറവായിരുന്നില്ല. കാലക്രമത്തിൽ കുടിയേറ്റ ജനതയുടെ വരവോടെ മരച്ചീനി, കൂർക്ക, കിഴങ്ങ് തുടങ്ങിയ കിഴങ്ങിനങ്ങൾ പുൽതൈലം, രാമച്ചത്തൈലം ഇവയുടെ ഉല്പാദനത്തിനാവശ്യമായ പുൽകൃഷി, റബ്ബർകൃഷി തുടങ്ങിയവ പഞ്ചായത്തിന്റെ വടക്കുകിഴക്കൻ മേഖലയിൽ സജീവമായി. കാട്ടുപ്രദേശങ്ങൾ പുതിയ കൃഷി ഭൂമികളായി മാറി.

പഞ്ചായത്തിലെ കൃഷിഭൂമിയിൽ ഭൂരിഭാഗവും താഴക്കാട്ട് മന, കുറുവേലി ദേവസ്വം, രയരമംഗലത്ത് മന, തെക്കിലെ മഠം, വെളിച്ചംതോട് തറവാട്, വേങ്ങയിൽ നായനാന്മാർ, ദേവിയോട്ട് ദേവസ്വം, മരങ്ങാട്ടില്ലം, സോമേശ്വരി ദേവസ്വം, മാവിലാ വീട്ടുകാർ, മണിപ്പുഴ ഇല്ലം എന്നീ ജന്മിമാരുടെ ഉടമസ്ഥതയിലായിരുന്നു. വാരവും പാട്ടവും കൊടുത്ത് കൃഷി ചെയ്തുവന്ന കർഷകരും ഭൂ രഹിതരായിരുന്ന കർഷകത്തൊഴിലാളികളും ആയിരുന്നു ഭൂരിപക്ഷവും.

നിലമൊരുക്കുന്നതിന് കാളപൂട്ടായരുന്നു പ്രധാന രീതി. അനേകം ഉഴവുകാളകളും, കലപ്പ തുടങ്ങിയ കാർഷിക ഉപകരണങ്ങളും ഉപയോഗിക്കപ്പെട്ടു. തോടുകളിൽ ചപ്പുചവറുകൾ, വാഴത്തട, ഓല, കവുങ്ങിൻപട്ട, പച്ചില, മണ്ണ്, കവുങ്ങിൻതടി, മരക്കൊമ്പുകൾ എന്നിവ ഉപയോഗിച്ച് ചിറകെട്ടിയിരുന്നു പ്രധാനമായും ജലസേചനം നടത്തിയിരുന്നത്. കുളങ്ങളിൽനിന്നും കുഴികളിൽനിന്നും ഏത്തം, ഊവോണി എന്നീ മാർഗ്ഗങ്ങൾ ഉപയോഗിച്ചും ജലസേചനം നടത്തിയിരുന്നു. കരപ്രദേശത്തെ ജലസേചനം പരിമിതമായിരുന്നു. ഇത് പ്രധാനമായും കിണറുകളിൽനിന്നും കുളങ്ങളിൽനിന്നും കോരിയൊഴിച്ചാണ് സാധിച്ചിരുന്നത്.

പഴയകാലത്ത് കീടബാധ താരതമ്യേന കുറവായിരുന്നുവെന്നത് ശ്രദ്ധേയമാണ്. മുറം വീശൽ, മണ്ണെണ്ണ തൂകൽ, വെണ്ണീർ തൂകൽ, വേനൽ കാലങ്ങളിൽ ചപ്പുചവറുകളിട്ട് നിലം കരിങ്കൽ, കയറു വലിക്കൽ തുടങ്ങിയ കീടനിയന്ത്രണ മാർഗ്ഗങ്ങളാണ് അവലംബിക്കപ്പെട്ടിരുന്നത്.

പാട്ടഭൂമികളിൽ കൃഷി ചെയ്തിരുന്ന കർഷകർ പൊതുവേ ദീർഘകാല വിളകളായ തെങ്ങ്, കവുങ്ങ്, കുരുമുളക് എന്നിവയുടെ വ്യാപനത്തിൽ തല്പരരായിരുന്നില്ല. എന്നാൽ 1959ലെ ഭൂപരിഷ്കരണം നടപ്പിലായതോടുകൂടി ഈ അവസ്ഥക്ക് മാറ്റം വന്നു. പുതിയ കരപ്രദേശങ്ങൾ നാണ്യവിളകളുടെ കൃഷിക്കായി ഉപയോഗിക്കപ്പെട്ടു. പൊതുവേ പരിചരണം കുറഞ്ഞ തോതിൽ ആവശ്യമായ തെങ്ങ്, കവുങ്ങ്, കശുമാവ്, കുരുമുളക്, റബ്ബർ തുടങ്ങിയ കൃഷികൾ അതിവേഗം വ്യാപിച്ചു. ഇക്കാര്യത്തിൽ കുടിയേറ്റ ജനതയുടെ പങ്ക് ഒട്ടു എളുതല്ല.

പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും പരിമിത കൃഷിക്കാരണ് കൈവശ ഭൂമിയുടെ അടിഥാനത്തിലുള്ള സ്ഥിതിവിവരം ഇപ്രകാരമാണ്.

പട്ടിക 1

1 ഹെക്ഠറിൽ താഴെ	1-2 ഹക്ടർ വരെ	2ഹെക്ടറിന് മുകളിൽ
4937 എണ്ണം	2633 എണ്ണം	406 എണ്ണം

പ്രധാന വിളവുകളും അവയുമായി ബന്ധപ്പെട്ട ഭൂവിസ്തൃതി, ഉത്പാദനക്ഷമത തുടങ്ങിയവ(കൃഷിഭവൻ രേഖ)

പട്ടിക 2

വിള	വിസ്തീർണ്ണം	മൊത്തം ഉല്പാദനം	ക്ഷമത
നെല്ല് 1	300 ഹെക്ടർ	630 മെട്രിക് ടൺ	2100 കിലോ
നെല്ല് 2	290 „	632.5 „	2250 „
തെങ്ങ്	1317 „	7228120 തേങ്ങ	5488 ഹെക്ടർ എണ്ണം
കുരുമുളക്	266 „	77.14 മെട്രിക് ടൺ	2900 കി.ഗ്രാം
കശുമാവ്	502 „	40.16 „	8000 „
മാവ്	17 „	27,25 „	1260 „
കവുങ്ങ്	470 „	84,60 „	18000 „
റബ്ബർ	390 „	491.4 „	1260 „

ഇതിന് പുറമേ കൃത്യമായി അളവ് തിട്ടപ്പെടുത്താൻ കഴിയാത്ത വിധം പ്ലാവ്, പുളി തുടങ്ങിയ ഫലവൃക്ഷങ്ങളുടെ കൃഷിയുമുണ്ട്.

കൃഷിയിടങ്ങളിൽ പരിവർത്തനവിളകളായും ഇടവിളകളായും ചെയ്തുപോരുന്ന കൃഷിയെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു. അവലംബം കൃഷിഭവൻ രേഖ

പട്ടിക 3

വിള	വിസ്തീർണ്ണം	ഉല്പാദനം	ക്ഷമത
പയർ	35 ഹെക്ടർ	14.80 മെട്രിക്ടൺ	4228 കി.ഗ്രാം/ഹെക്ടർ
എള്ള്	4 „	7.00 „	1750 „
പച്ചക്കറി	55 „	550 „	10 ടൺ/ഹെക്ടർ
വാഴ	250 „	125 „	5000 കി.ഗ്രാം/ഹെക്ടർ
മരച്ചീനി	5 „	90 „	18,000 „

മധുരക്കിഴങ്ങ്, ചേന, ചേമ്പ്, കൂർക്ക തുടങ്ങിയ കിഴങ്ങിനങ്ങളും മഞ്ഞൾ,ഇഞ്ചി, കച്ചോലം തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളും പഞ്ചായത്തിൽകൃഷി ചെയ്തുവരുന്നുണ്ട്.

പാടങ്ങളിലെ വിള പരിക്രമം താഴെ പറയും വിധമാണ് പട്ടിക 4

നമ്പർ	ഒന്നാംവിള	രണ്ടാംവില	മൂന്നാം വിള
1	നെല്ല്	നെല്ല്	നെല്ല്
2	നെല്ല്	നെല്ല്	പയർവർഗ്ഗങ്ങൾ പച്ചക്കറികൾ
3	നെല്ല്	പച്ചക്കറി, പയർ വർഗ്ഗങ്ങൾ	തരിശ്

ഇന്നാട്ടുകാരുടെ സംസ്കാരത്തിൽ ആഴത്തിൽ വേരോടിയിരുന്ന കൃഷിയാണ് നെൽകൃഷി ഒരു പരിധിവരെ ഇവിടുത്തെ ഭക്ഷ്യാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള വിഭവങ്ങൾ വയൽ കൃഷിയിയിലൂടെയും പുനം കൃഷിയിലൂടെയും ലഭിച്ചിരുന്നു. പ്രകൃതി കൃഷിയെന്ന് ഇന്നറിയപ്പെടുന്ന രീതിയോട് ഏതാണ്ട് സദൃശ്യമായിരുന്നു പുനം കൃഷി. കാടുവെട്ടിത്തെളിച്ച് തീവെച്ച് കരിച്ച് ഓരേ സമയം ഒന്നിലധികം വിത്തുകൾ കൃഷി ചെയ്തു. കോഴിവാൽ, തവളക്കണ്ണൻ, അല്ലിക്കണ്ണൻ, കൊത്തമ്പാരിക്കയമ, തൊണ്ണൂറാൻ, ചിറ്റേനി, മുണ്ടകൻ, ചെന്നെല്ല്, മണിനെല്ല് തുടങ്ങിയ വിത്തുകളാണ് പ്രധാനമായും വയലുകളിൽ ഉണ്ടായിരുന്നത്. പൊതുവേ പുനം കൃഷിയെന്നറിയപ്പെടുന്ന വിത്തുകളാണ് കരപ്പറമ്പത്തേ കൃഷിക്കു പയോഗിച്ചിരുന്നത്. ഇതിൽ അപൂർവം ചില വിത്തുകൾ നാമാവശേഷമായിക്കഴിഞ്ഞു. അത്താലത്തെ പരമാവധി ഉല്പാദനക്ഷമത ഹെക്ടറിന് 1200മുതൽ 1300 കി.ഗ്രാം വരെയായിരുന്നു. എന്നാൽ പുതിയ സങ്കരയിനം വിത്തുകൾ പ്രചരിച്ചതോടുകൂടി ഉല്പാദക്ഷമക ഹെക്ടറിന് 200മുതൽ 2250 കി.ഗ്രാവരം എത്തിയിരുന്നു. ഇന്ന് വീണ്ടും 1200 മുതൽ 1300 തലത്തിലേക്ക് ഉല്പാദനക്ഷമത താണുപോയിട്ടുണ്ട്.

നെൽകൃഷിയുടെ വർദ്ധിച്ച ഉല്പാദനച്ചെലവ്, ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തത, ജൈവവളങ്ങളുടെ അഭാവം, തൊഴിലാളികളുടെ ദൗർലഭ്യം ഇടവിളകളുടേയും പരിവർത്തന വിളകളുടേയും ശോഷണം മണ്ണ് പരിശോധന നടത്തി കൃത്യമായ വളച്ചേരുവ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത അവസ്ഥ, കീടരോഗനിയന്ത്രണത്തിലെ അപാകത, നെൽകൃഷി ലാഭമല്ലാത്ത അവസ്ഥ തുടങ്ങി അനേകം പ്രശ്നങ്ങൾ ഇന്ന് നെൽകൃഷിയേ പ്രതികൂലമായി ബാധിക്കുന്നുണ്ട് കൃഷിക്കും കാർഷിക വൃത്തിക്കും പഴയകാലത്തുണ്ടായിരുന്ന മാന്യത കുറഞ്ഞതും സാർവത്രിക വിദ്യാഭ്യാത്തിന്റെ പ്രചാരവും ഈ രംഗത്ത് നിന്നും ആൾക്കാരെ മറ്റ് തൊഴിൽ മേഖലകളിലേക്കും സേവന മേഖലകളിലേക്കും ആകർഷിച്ചു. കർഷക കുടുംബങ്ങളിലെ പിൻമുറക്കാർപോലും ഇന്ന് കൃഷിയോട് വിമുഖരായി മാറിക്കൊണ്ടിരിക്കുന്നു. ഇന്ന് വയലുകൾ നികത്തപ്പെട്ട് നാണ്യ വിളകൾക്ക് ഉപയോഗിക്കപ്പെടുകയോ പുരയിടങ്ങളാക്കി മാറ്റുകയോ ചെയ്യുന്നു. പഴയതകാലത്തെ നെൽവയലുകളിൽനിന്നും ഏതാണ്ട് 30% ഇന്ന് ഇത്തരതിൽ നികത്തപ്പെട്ടുകഴിഞ്ഞു.

ഭൂപരിഷ്കരണത്തോടുകൂടി കൃഷി ഭൂമികൾ ചെറിയ തുണ്ടുകളായി മാറിയത് യന്ത്രവല്കൃത കൃഷിയുടെ സാധ്യയെ പരിമിതമാക്കി. എന്നാൽ ഭൂപരിഷ്കരണത്തിന്റെ ഭഗമായി വരേണ്ടിയിരുന്ന കൃഷിയിലെ കൂട്ടായ്മ വേണ്ടവിധം വളർന്നുവന്നതുമില്ല. സംഘകൃഷിയിലൂടെ നെൽകൃഷി പുനരുദ്ധരിക്കുന്നതിനായി സ്ഥാപിതമായ പാടശേഖര സമിതികൾ വ്യക്തമായ കർമ്മ പരിപാടികളുടെ അഭാവത്തിൽ നിർജ്ജീവമായി. നിലവിൽ എട്ട് പാടശേഖര സമിതികളുണ്ട്.. അവയെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 5

പാടശേഖരത്തിന്റെ പേര്	ആകെ ഭൂവിസ്തൃതി		വിളയിനം
	ഒന്നാംവിള	രണ്ടാംവിള	
ആലപ്പടമ്പ് വെള്ളാലക്കാട്	34 ഹക്ടർ	24ഹെക്ടർ	നെല്ല്, നെല്ല്, പച്ചക്കറി
ആലപ്പടമ്പ് സൗത്ത്, നോർത്ത്	35ഹെക്ഠർ	35 ഹെക്ടർ	നെല്ല്, നെല്ല് പച്ചക്കറി
കുറുവേലി	15 ഹെക്ടർ	10 ഹെക്ഠർ	നെല്ല്, നെല്ല്, പയർ
വടവന്തൂർ	15ഹെക്ഠർ	15 ഹെക്ടർ	നെല്ല്, നെല്ല്, തരിശ്
കാങ്കൂൽ കല്ലൻചിറ	35 ഹെക്ഠർ	35 ഹെക്ഠർ	,,
വടശ്ശേരി	70 ഹെക്ടർ	70 ഹെക്ടർ	,,
കാങ്കോൽ ചോനോംകണ്ടം	30 ഹെക്ടർ	30 ഹെക്ടർ	,,
ആലക്കാട് പാടശേഖരം	66 ഹെക്ടർ	70 ഹെക്ടർ	നെല്ല്, നെല്ല് പയർ

സബ്സിഡിയോടുകൂടി മൂന്ന് പവർ ട്രില്ലറുകളും സബ്സിഡിയില്ലാത്ത ഒരു പവർട്രില്ലറും മൂന്ന് പവർസ്പ്രെയറുകളും നാലു തെങ്ങ് കയറ്റ യന്ത്രങ്ങളും പാടശേഖര സമിതികൾക്ക് സബ്സിഡിയോടെ നല്കിയിട്ടിട്ടുണ്ട്. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് പുതിയ കുളങ്ങൾ കുഴിച്ച് പമ്പുകൾ സ്ഥാപിച്ചുവെങ്കിലും അവ വേണ്ടത്ര റയോജനപ്പെട്ടിട്ടില്ല. നല്കപ്പെട്ട സ്പ്രെയറുകളും ഈ പ്രദേശങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമല്ലെന്നതും പ്രസ്താവ്യമാണ്. ഉഴുകാളകളും കലപ്പയും മാത്രം ആശ്രയമാപ്രദേശങ്ങളുണ്ട്.

ഇന്നാട്ടിൽ ദ്രുതഗതിയിൽ വ്യാപിച്ചു കൊണ്ടിരിക്കുന്ന കൃഷിയാണ് റബ്ബർ. കൂടുതലായും പുകിയല ഭൂമികൾ പ്രയോജനപ്പെടുത്തിയാണ് ഈ കൃഷി ആരംഭിച്ചതെങ്കിലും ഇന്ന് കശുമാവ് മറ്റ് ഫലവൃക്ഷത്തോട്ടങ്ങൾ എന്നിവ നശിപ്പിച്ചുകൊണ്ടാണ് ഇത് വ്യാപകമാകുന്നത്. പഞ്ചായത്തിലെ മുഖ്യവിള എന്ന നിലയിലേക്ക് ഇത് ഏതാണ്ട് എത്തിക്കഴിഞ്ഞു.. കീടരോഗ നിയന്ത്രണം ശാസ്ത്രീയ മണ്ണ് പരിശോധന യുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം എന്നിവ തൃപ്തികരണാണെങ്കിലും ഉല്പാദനക്ഷമത മെച്ചപ്പെടേണ്ടതുണ്ട്. ഇപ്പോഴത്തെ ഉൽപാദനക്ഷമത ഹെക്ടറിന് 1260കിമിയാണ്. പ്രാദേശികമായി നല്ലവിപണന സൗകര്യമോ മെച്ചപ്പെട്ട വിലനിലവാരമോ ഇല്ലെന്നത് ഒരു പ്രധാന പ്രശ്നമാണ്. റബ്ബർ സംസ്കരണത്തിനും മറ്റും ഉള്ള സാധ്യതകൾ ഇനിയും ഉണ്ടായിട്ടില്ല. സിന്തറ്റിക് റബ്ബറിന്റെ ഇറക്കുമതി ഈ കൃഷിയുടെ ഭാവിതന്നെ അപകടപ്പെടുത്തിയേക്കാവുന്ന സാധ്യതയും നിൽക്കുന്നു. ഏകവിളയായി ചെയ്തുവരുന്ന റബ്ബർകൃഷി മണ്ണിന്റെ ഘടന, ജലലഭ്യത, കാലാവസ്ഥാ ഘടന എന്നിവയെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്കയും സജീവമായി വന്നിട്ടുണ്ട്. റബ്ബർ ബോർഡ്, റബ്ബർ കർഷക സമിതി എന്നിവയുടെ പ്രവർത്തനം ഈ കൃഷിയുടെ വിജയത്തിനും വ്യാപനത്തിനും സാധ്യത വർധിപ്പിച്ചിട്ടുണ്ട്.

നെല്പാടങ്ങളെ വിഴുങ്ങിക്കൊണ്ട് വളരുന്ന കൃഷികളാണ് തെങ്ങ് കൃശഷിയും കവുങ്ങ് കൃഷിയും നെല്ലിനെ അപേക്ഷിച്ച് താരതമ്യേത പരിചരണം കുറവ് മതി എന്നതും നെൽകൃഷി നഷ്ടമായതും ആണ് ഈ കൃഷി കൂടുതലായി വ്യാപിക്കുന്നതിനിടയാക്കിയത്. തെങ്ങൊന്നിന് ശരാശരി 30 നാളികേരവും കവുങ്ങിന് ശരാശരി 100 അടക്കയുമാണ് പരമാവധി ഉല്പാദനക്ഷമത. എന്നാൽ നല്ല ജലലഭ്യതയും വളവുമുള്ള വയൽക്കര, തോട്ടുകര എന്നിവിടങ്ങളിൽ ശരാശരി 100 നാളികേരവും 250 അടക്കയും ലഭിക്കുന്നുണ്ട്. ശാസ്ത്രീയമായ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം സാധിക്കുന്നില്ലെന്നത് പ്രധാന പ്രശ്നം തന്നെ. ആവശ്യമായ ജലസേചന സൗകര്യങ്ങളുടെ അഭാവം ജൈവവളത്തിന്റെ ദൗർലഭ്യം, നല്ല വിപണിയില്ലായ്മ, നാളികേര സംസ്കരണ യൂനിറ്റിന്റെ അഭാവം, കീടരോഗ നിയന്ത്രണ സംവിധാനങ്ങളുടെ അപര്യാപ്തത എന്നീ കാരണങ്ങൾ തെങ്ങ് കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ചെന്നീരൊലിപ്പ്, കൂമ്പ് ചീയൽ, കുലവാട്ടം മുതലായ രോഗങ്ങൾ പ്രധാനമായും കണ്ടുവരുന്നു.

മെച്ചപ്പെട്ട രീതിയിൽ ഉല്പാദനം നടത്തി വന്നിരുന്ന ഒ ഒരു കൃഷിയായിരുന്നു കുരുമുളക് കൃഷി. പരമാവധി ഉല്പാദനക്ഷമത ഇന്ന് ഹെക്ടറിന് 2900കി.ഗ്രാമാണ്.രോഗങ്ങളും കീടങ്ങളും വരൾച്ച, വളപ്രയോഗത്തിന്റെ അഭാവം എന്നിവ ഈ കൃഷിയെ നിരുത്സാഹപ്പെടുത്തുന്നവയാണ്. ഇന്ന് സുഗന്ധ വ്യജ്ഞനകൃഷി. വ്യാപന പരിപാടി കുരുമുളക് കൃഷിയെ പുരുജ്ജീവിപ്പിക്കുന്നതിന് നടപ്പിലാക്ക പ്പെടുന്നുണ്ടെങ്കിലും തൃപ്തികരമല്ല. ദ്രുതവാട്ടം ഒരു പ്രധാന മാരക രോഗമായിത്തീർന്നിരിക്കയാണ്. ഇന്നത്തെ നില തുടർന്നാൽ ഇതിന്റേറ ഭാവി ശോഭനമല്ല.

മറ്റ് സുഗന്ധ വ്യജ്ഞനങ്ങളായ ഇഞ്ചി, മഞ്ഞൾ, കച്ചോലം, ഗ്രാമ്പൂ, ജാതി, കറുവപ്പട്ട എന്നിവയുടെ കൃഷിയും പരിമിതമായ തോതിൽ നടന്നുവരുന്നുണ്ട്. ഇഞ്ചികൃഷി അടുത്തകാലംവരെ കുറേകൂടി വ്യാപതമായിരുന്നു. നല്ല വിത്തിന്റെ ലഭ്യക്കുറവ്, കീടരോഗ നിയന്ത്രണ സംവിധാനങ്ങളിലെ തകരാറുകൾ വിപണിയുടെ തകർച്ച കൃഷിയോട് പൊതുവിലുള്ള വൈമുഖ്യം എന്നിവ ഈ കൃഷിയോ ശോഷിപ്പിക്കുന്നു. ഇന്നത്തെ സാധ്യതയുടെ ചെറിയ ഒരംശം മാത്രമേ ഈ കൃഷിയിൽ നടക്കുന്നള്ളൂ വെന്നതാണ് വസ്തുത.

ഇവിടുത്തെ ഭൂപ്രകൃതിയക്കും മണ്ണിനും പൊതുവേ അനുയോയമായ വിളയാണ് കശുമാവ്. ഇന്ന് ഏറ്റവും കൂടുതൽ പ്രദേശത്ത്കൃഷിചെയ്യുന്നതും

ഇതാണ്. പക്ഷെ ഉൽപാദനക്ഷമത കുറവാണ്. ഹെകടറിന് 800 കി.ഗ്രാമാണ് ശരാശരി ഉല്പാദനക്ഷമ. പ്രായമായതും ഉലപാദനക്ഷമത കുറഞ്ഞതുമായ മരങ്ങൾ, വളപ്രയോഗം ഇല്ലായ്മ എന്നിവയാണ് ഈ കൃഷിയുടെ പ്രധാന പ്രശ്നങ്ങൾ. വിലക്കുറവ്. വിപണിയിലെ അപാകത തുടങ്ങിയവയും നിലനില്ക്കുന്നു. നല്ലയിനം ക്രാഫ്റ്റ് തൈകൾ ആവശ്യത്തിന് ലഭ്യമല്ലെന്നതും ചൂണ്ടിക്കാണിക്കപ്പെടുന്നു. തുരപ്പൻ പുഴു, തേയിലക്കൊതുക് എന്നിവ കശുമാവിനെ ബാധിക്കുന്ന പ്രധാന രോഗങ്ങളായി കാണുന്നു.

ഒരുകാലത്ത് സാധാരണക്കാരന്റെ ആഹാരത്തിൽ മുഖ്യപങ്ക് വഹിച്ചിരുന്ന മരച്ചീനി, മധുരക്കിഴങ്ങ്, ചേന, ചേമ്പ്, കാച്ചൽ തുടങ്ങിയ കിഴങ്ങ് വർഗങ്ങളുടെ കൃഷി ഇന്ന് വർദ്ധമാനമായ തോതിൽ കുറഞ്ഞുവരികയാണ്. വീട്ടുപറമ്പിലെ കൃഷിയായും ഇടവിളയായും ഇവയുടെ സാധ്യത പൂർണ്ണമായും പ്രയോജനപ്പെട്ടിട്ടില്ല. ഇവയുടെ കൃഷി ശോഷിക്കുവാൻ പ്രധാന കാരണങ്ങൾ വിലക്കുറവ്, കർഷകരുടെ താല്പര്യമല്ലായ്മ, അവയുടെ പ്രാധാന്യത്തെ പറ്റി വേണ്ടത്ര ധാരണയില്ലായ്ക എന്നിവയാണ്.

നാട്ടിലെ ആവശ്യത്തിന്റെ നല്ലൊരു ശതമാനം പച്ചക്കറികൾ ഉല്പാദിപ്പിക്കപ്പെട്ടിരുന്നു. ഇന്നും പുറം മാർക്കറ്റിനെ മുന്നിൽ കണ്ടുകൊണ്ടുള്ള പച്ചക്കറി കൃഷിക്ക് ഏറെ സാധ്യതയുണ്ടെങ്കിലും അതിനുള്ള താല്പര്യം കുറഞ്ഞുവരികയാണണ്. നല്ല വിത്തുകൾ കിട്ടായ്ക, ജലസേചന സൗകര്യങ്ങളുടെ കുറവ്, വിപണിയുടെ ക്രമീകരണമില്ലായ്മ, കമ്പോള സംസ്കാരത്തിന്റെ വ്യാപനം എന്നിവ ഈ കൃഷിയെ പിന്നോട്ടടുപ്പിക്കുന്നു.

നേന്ത്രവാഴകളും നാടൻ വാഴകളും നല്ല രീതിയിൽ കൃഷി ചെയ്തുവന്നിരുന്ന ഒരു പ്രദേശമാണിത്. ഇന്ന് ഇവയുടെ കൃഷിയും പരിമിതപ്പെട്ടുകൊണ്ടിരിക്കുന്നു. നാടൻ വാഴയിനങ്ങളിൽ പലതും ഇന്ന് വംശനാശഭീഷണിയെ നേരിടുകയാണ്. രോഗബാധയും വരൾച്ചയും വിപണികളുടെ ക്രമരാഹിത്യവും ഇതിനെ പ്രതികൂലമായി ബാധിക്കുന്നു.

വ്യത്യസ്ത കൃഷികൾക്ക് കണ്ടുവരുന്ന രോഗങ്ങൾ.

അവലംബം കൃഷിഭവൻ രേഖ, ഗ്രാമസഭാ റിപ്പോർട്ട്

പട്ടിക 6

വിള	രോഗം
നെല്ല്	മൂഞ്ഞ, തണ്ടുതുരപ്പൻ
തെങ്ങ്,	ചെന്നീരൊലിപ്പ്, കൂമ്പടപ്പ്
കുരുമുളക്	ദ്രുതവാട്ടം
റബ്ബർ	പട്ടമരപ്പ്
കശുമാവ്	തുരപ്പൻ പുഴു, തേയില കൊതുക് ശല്യം
വാഴ	മണ്ടയടപ്പ്
പയറുവർഗ്ഗങ്ങൾ	പുഴുശല്യം
ഇഞ്ചി	മഞ്ഞളിപ്പ്

കൃഷിക്കാർ പൊതുവേ ഇന്ന് രാസവളപ്രയോഗത്തിലും കീടനാശിനികളുടെ ഉപയോഗത്തിലും തല്പരരാണെങ്കിലും അവയുടെ അശാസ്ത്രീയമായ പ്രയോഗം മണ്ണിനേയും വയലിലെ ജൈവഘടകങ്ങളേയും പ്രതികൂലമായി ബാധിക്കുന്നു. ശരാശരി വള ഉപയോഗം താഴ പറയും വിധമാണ്.

93-94, 94-95, 95 96 വർഷങ്ങളിലെ വള ഉപഭോഗം			
ഇനം	1993-94	1994-95	1995-96
എൻ.	9.4.എം.ടി.	14.967 എം.ടി.	29.4 എം.ടി.
പി.	7.62 എം.ടി.	9.957 എം.ടി.	9.09.എം.ടി.
കെ.	12.42 എം.ടി.	16.542 എം.ടി	18.750. എം.ടി.
ആകെ	29.44 എം.ടി.	41.366 എം.ടി	57.240എം.ടി

ഈ പ്രദേശത്തെ പാടങ്ങിൽ 160 ഏക്ര സ്ഥലം കുളങ്ങളിലെ ജലസേചന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു. ക്രോസ് ബാറുകൾ ഉപയോഗിച്ച് ജലസേചനം നടത്തുന്ന സ്ഥലം 905 ഏക്രയാണ്. 16 വലിയ കുളങ്ങളും 24 ക്രോസ് ബാറുകളും ഇന്നുണ്ട്. പക്ഷേ, അവയൊന്നുംതന്നെ പ്രയോജനപ്പെടാത്തവിധത്തിലാണ് ഇന്നുള്ളത്. കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികളുടെ അപര്യാപ്തതയാണ് ഇതിന് കാരണം. നിലിവലുള്ള കുളങ്ങളെല്ലാം ചേറ്നിറഞ്ഞ് ജല സംഭരണ ശേഷി കുറഞ്ഞവയാണ്. അവ നിലനിർത്തുന്നതിനും പരിപാലിക്കുന്നതിനും ഉള്ള നടപടികൾ ഉണ്ടാകുന്നില്ല. പഞ്ചായത്തിലെ പ്രധാന തോടുകളുടെ ഓരങ്ങളിലെ സസ്യ വൈവിധ്യം നശിപ്പിച്ച് കല്ല് കെട്ടിയതും വൃഷ്ടി പ്രദേശങ്ങൾ കൃഷിയിടങ്ങളായി മാറിയതും അവയുടെ ജലലഭ്യതയേ പ്രതികൂലമായി ബാധിച്ചു. കരപ്പറമ്പുകളിലെ ജലസേചനത്തിന് പമ്പുകൾ ഉണ്ടെങ്കിലും വൈദ്യുതിയുടെ അഭാവവും മണ്ണെണ്ണ പെർമിറ് ആവശ്യത്തിന് ഇല്ലാത്തതുംവായ്പാ സൗകര്യങ്ങളുടെ കുറവും കാരണം ആവശ്യമായതിന്റെ 10%പോലും പ്രദേശം ജലസേചിതമാക്കാൻ കഴിയുന്നില്ല.

പട്ടിക 8

	പമ്പുകളുടെ എണ്ണം	
വാർഡ് നമ്പർ	ഓയൽപമ്പ്	വൈദ്യുതി ഉപയോഗിച്ചുള്ളത്
1	5	10
2	2	8
3	30	40
4	15	45
5	5	40
6	6	25
7	8	35
8	14	20
9	5	15

സ്വന്തം ഭൂമിയിൽ പണിയെടുക്കുന്ന കർഷകരുടേയും തൊഴിലാളികളുടേയും എണ്ണം കുറഞ്ഞുവരുന്നു. 300 തൊഴിലാളികളാണ് കാർഷിക മേഖലയിൽ ഉള്ളത് എങ്കിലും അവർ പലപ്പോഴും കൂലികൂടുതലുള്ളമറ്റ് പണികൾക്ക് പോകുന്ന സ്ഥിതി മാറ്റേണ്ടതുണ്ട്.

ഏകീകൃത കൂലി നിലവിലില്ലെങ്കിലും ഒരു പൊതു നില താഴെ പറയുംപ്രകാരമാണ്.

പട്ടിക 9

ഇനം	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ
വയൽപണി, പറമ്പിലെ കൃഷിപ്പണി	30-35	70-80	7 മണിക്കൂർ	8 മണിക്കൂർ
തെങ്ങ് കവുങ്ങ് കയറ്റം	-	100.00	-	5 മിക്കൂർ
തേങ്ങ പൊതിക്കൽ	-	150യ00	-	5 മണിക്കൂർ
ടാപ്പിംഗ്	-	75	-	3 ണിക്കൂർ

അവലംബം: ഗ്രാമസഭാ ചർച്ച

നടപ്പിലാക്കിവരുന്ന മണ്ണ് സംരക്ഷണ പ്രവർത്തങ്ങൾ സംബന്ധിച്ച വിവരം

പദ്ധതിയുടെ പേര്	വിസ്തീർണ്ണം	നിർമ്മാണങ്ങളുടെ എണ്ണം	അടങ്കൽ തുക	മൊത്തം ഗുണ ഭോക്താക്കൾ	പദ്ധതി ആരംഭിച്ച വർഷം	പൂർത്തിയാക്കിയ വർഷം	സംരക്ഷിക്കപ്പെട്ട ഭൂ വിസ്തീർണ്ണം	പ്രയോജനം ലഭിച്ച ഗുണഭോക്താക്കൾ	ചെലവായ തുക
1. നദീതീര സംരക്ഷണ മാതൃകാ പദ്ധതി (ആലക്കാട് തോടിന്റെ പാർശ്വസംരക്ഷണം) Scheme for river training and controled stream bank irosion	10 ഹെക്ടർ നെൽവയൽ	1	2,20.000	20 ആൾക്കാർ	10.3.95	5.7.95	10ഹെക്ടർ	20 ആൾക്കാർ	1,43,771/-
2. പ്രകൃതി ക്ഷോഭം മൂലം ഉണ്ടാകുന്ന റോഡിന്റെ കരയിടിച്ചലിലുള്ള സംരക്ഷണം(ആലക്കാട് തോടിന്റെ പാർശ്വ സംരക്ഷണം Calamities	140.ഹേ	1	7,53,000	215 ഗുണഭോക്താക്കൾ	21.4.95	പൂർത്തയായില്ല	100 ഹെ	150ആൾക്കാര	5,02, 621

ജല നിർഗമന സാധ്യത കൂടിയ ചെങ്കൽ മണ്ണാണ് ഈ പ്രദേശത്തിന്റെ ഭൂരിഭാഗവും. ജൈവാംശം കുറഞ്ഞതാണ് ഈമണ്ണ്. മണ്ണൊലിപ്പ് ജലസംരക്ഷണ നടപടികളുടെ അഭാവം, സസ്യാവരണത്തിന്റെ ശോഷണം എന്നിവ ഈ പ്രദേശത്തെ വിളകളുടെ ഉല്പാദനക്ഷമതയെ പ്രതികൂലമായ ബാധിച്ചിട്ടിണ്ട്. ഈ അവസ്ഥ പരിഹരിക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികളൊന്നും തന്നെ യാതൊരുവിധത്തിലും പര്യാപ്തമല്ല ഇന്നത്തെ സ്ഥിതി തുടർന്നാൽ, കൃഷി നാശം, ജലാശയങ്ങളുടെ ശേഷണം എന്നിവയ്ക്ക് ഇടയായേക്കും.

മണ്ണ് സംരക്ഷണം

മാത്തിൽ സർവീസ് സഹകരണ ബേങ്ക്, നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക്, കാങ്കോൽ സരവീസ് സഹകരണ ബാങ്ക്, പയ്യന്നൂർ കോ.ഓപ്പ്.റൂറൽ ബാങ്ക്, കാങ്കോൽ ശാഖ, ജില്ലാ കാർഷിക വികസന ബാങ്ക്, ജില്ല സഹകരണ ബാങ്ക്, പെരിങ്ങോം സിണ്ടിക്കേറ്റ് ബാങ്ക്, സർവീസ് ബാങ്ക് പെരിങ്ങോം എന്നീ സ്ഥാപനങ്ങൾ വിവിധ കാർഷാകവശ്യത്തിനുള്ള വായ്പകൾ പഞ്ചായത്തിൽ ലഭ്യമാക്കുന്നുണ്ട്.

കാങ്കോലിൽ പ്രവർത്തിക്കുന്ന സ്റ്റെയ്റ്റ് സീഡ് ഫാം വൈപ്പരിയം, അരവഞ്ചാൽ പ്രദേശങ്ങളിലെ റബ്ബർ നഴ്സറികൾ, പിലിക്കോട് ഫാം എന്നിവയാണ് പഞ്ചായത്തിനുപകരിക്കുന്ന നഴ്സറികൾ. ഇതിനുപുറമേ കൃഷി ഭവന്റെ നേതൃത്വത്തിലും ഫലവൃക്ഷത്തൈകളും വിത്തുകളും വിതരണം ചെയ്യപെടുന്നുണ്ട്. ഈ സ്ഥാപന്ങ്ങളെല്ലാം ഉണ്ടായിട്ടും പഞ്ചായത്തിനാവശ്യ മായത്ര തൈകൾ ലഭിക്കുന്നില്ല. ഇന്ന് പഞ്ചായത്തിൽ നിലനില്കുന്ന പ്രധാന കാർഷിക പ്രശ്നങ്ങളുടെ സംഗ്രഹം താഴെ ചേർക്കുന്നു

1. പഞ്ചായത്തിലെ നെൽകൃഷി കുറഞ്ഞുവരുന്നു. ഏതാനും വയലുകൾ തിരിശിടപ്പെടുന്നു. കുറേഭാഗം വയലുകൾ നാണ്യവിളകളുടെ കൃഷികൾക്കും ഭവന നിർമ്മാണത്തിനും വേണ്ടി നികത്തപ്പെടുന്നു.

2. നെല്ല്, വാഴ, തെങ്ങ്, കവുങ്ങ്, പച്ചക്കറികൾ എന്നിയുടെ കൃഷിക്കാവശ്യമായത്ര ജലസേചന സൗകര്യങ്ങൾ ഇല്ല, ഉള്ളത് വേണ്ടത്ര പ്രവർത്തന ക്ഷമമല്ല.

3. ജലസംരക്ഷണം, മണ്ണ് സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ ജനങ്ങൾ വേണ്ടത്ര ബോധവാന്മാരല്ല. നിലവിലുള്ള പരിപാടികൾ തൃപ്തികരമല്ല. തോടുകളും കുളങ്ങളും ജലസംഭരണ ശേഷി കുറഞ്ഞവയാണ്. മണ്ണിന്റെ ജലസംഭരണ ശേഷി വളർത്തുവാൻ സഹായകമായ പദ്ധതികൾ ഇല്ല.

4. മണ്ണ് പരിശോധന നടത്തി ശരിയായ വളച്ചേരുവകൾ നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

5. ഇടവിളകളുടെ കൃഷി ഇല്ലാതായിക്കൊണ്ടിരിക്കുന്നു.

6. ജൈവവളത്തിന്റെ ദൗർലഭ്യമുണ്ട്. കീടനിയന്ത്രണ മാർഗ്ഗങ്ങൾ പര്യാപ്തമല്ല. ജൈവ കീട നിയന്ത്രണ രീതികൾക്ക് വേണ്ടത്ര പ്രചാരമില്ല.

8. കർഷകത്തൊഴിലാളികളെ ആവശ്യത്തിന് കിട്ടാനില്ല.

9. നല്ല വിത്തുകൾ കർഷകരിലെത്തിക്കുന്നതിന് സൗകര്യമില്ല, ലഭ്യതക്കുറവുമുണ്ട്. അതുകൊണ്ട് പൊതുവേ ഉല്പാദനം കുറയുന്നതിന് ഇടയാകുന്നു.

10. കാർഷിക യന്ത്ര സാമഗ്രികൾ ആവശ്യത്തിന് കിട്ടുന്നില്ല.

11. കാർഷികോല്പന്നങ്ങൾക്ക് ആവശ്യമായത്ര വിപണികളില്ല. ന്യായമായ വില ലഭിക്കുന്നില്ല.

12. ഉല്പന്ന സംസ്കരണ സംവിധാനങ്ങളില്ല. റബ്ബർ, തെങ്ങ് തുടങ്ങിയ കൃഷികളുടെ വിജയത്തിന് ഇത് ആവശ്യമാണ്.

13. കാർഷിക വിജ്ഞാന വ്യാപനമില്ല. ഈ രംഗത്ത് കൃഷിഭവന്റെ പ്രവർത്തനം പര്യാപ്തമല്ല.

14. തുണ്ടവല്കൃത ഭൂമിയിൽ യന്ത്രവല്കരണം എളുപ്പമല്ല, കർഷകരുടെ കൂട്ടായ്മയില്ല.

15 ജലാശയങ്ങളും വൃഷ്ടിപ്രദേശവും സംരക്ഷിക്കപ്പെടുന്നില്ല.

16 സുഗന്ധ വ്യജ്ഞനങ്ങളുടെ കൃഷികൾക്ക് സബസിഡികൾ നല്കുന്നുണ്ടെങ്കിലും അത് തുച്ഛമാണ്.

17. വിള ഇൻഷൂറൻസ് പരിപാടി എല്ലാ വിധ വിള നാശത്തിനും ലഭിക്കുന്നില്ല.

18. കൃഷിക്കാർക്ക് രാസവളം, കീടനാശിനി യന്ത്രങ്ങൾ എന്നിവയ്ക്ക് ലഭിക്കുന്ന സബ്സിഡികുറവാണ്.

19. പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയുടെ കൃഷികൾ കുറഞ്ഞുവരുന്നു.

20 കൃഷിപ്പണിയുടെ മാന്യത കുറച്ചുകാണുന്ന പ്രവണതയെ നിരുത്സാഹപ്പെടുത്താൻ ഇന്ന് പ്രായോഗിക പരിപാടികളില്ല.

സാധ്യതകൾ

1. നെൽകൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് കർഷകർക്ക് ബോണസ് പരിഷ്കരിച്ച് നടപ്പാക്കുക. സബ്സിഡി ഏർപ്പെടുത്തുക. വിള ഇൻഷൂറൻസ് എല്ലാവിധ വിളനാശത്തിനും ബാധകമാക്കുക.

2. കുറഞ്ഞ പലിശക്ക് കാർഷിക വയ്പകൾ അനുവദിക്കുക.

3. പാടം നികത്തുന്നതിനെതിരെ ബോധവല്കരണവും പഞ്ചായത്തിന്റെ ഇടപെടലും ശക്തിപ്പെടുത്തുക

4. കൂട്ടുകൃഷി സാധ്യത വർദ്ധിപ്പിക്കുക. നിലിവളുള്ള പാടശേഖര സമിതികളും കുരുമുളക് സംരക്ഷണ സമിതിയും കേര വികസന സമിതിയും ആവശ്യമായ കർമ്മ പരിപാടികൾ നല്കി ഊർജ്ജസ്വലമാക്കുക.

5. നെല്കൃഷിയുടെ ഉല്പാദനച്ചെവ് കുറച്ച് ക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായകമാംവിധം യന്ത്ര വല്കരണം ഏർപ്പെടുത്തുക. ടില്ലർ നടീൽ യന്ത്രം, കൊയ്ത്ത് യന്ത്രം, മെതിയന്ത്രം തുടങ്ങിയവ ലഭ്യമാക്കുക

6. മണ്ണ് പിരശോധന നടത്തി ഉചിതമായ രാസ വള ചേരുവയും ജൈവവളത്തിന്റെ അളവും കൃത്യമായ നിർദ്ദേശിക്കുക.

7. ജൈവകീടനിയന്ത്രണ രീതികളും ശാസ്ത്രീയമായ കീടനാശിനി പ്രയോഗവും പ്രചരിപ്പിക്കുകയും പാടശേഖര സമിതി വഴി സംയോജിത കീടനശീകരണ രീതി നടപ്പിലാക്കുകയും ചെയ്യുക.

8. കീടനശീകരണ രീതികളിൽ കർഷകർക്കാവശ്യമായ പരിശീലനം നല്കുക.

9. നിലവിലുള്ള ചീർപ്പുകൾ അറ്റകുറ്റപ്പണികൾ തീർത്ത് പ്രയോജനക്ഷമമാക്കുക. പുതിയ ചീർപ്പുകൾ വ്യക്തമായ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ നിർമ്മിക്കുക.

10. ജലാശയങ്ങളിലെ ജലസംരക്ഷണ ശേഷി വർധിപ്പിക്കുന്നതിന് തോടുകളിൽ തടയണകൾ പണിയുകയും കുളങ്ങളുടെ പരിചരണം ഉറപ്പു വരുത്തുകയും ചെയ്യുക.

11. തുലാവർഷം അവസാനിക്കുന്നതോടെ തോടുകളിൽ തടയണകൾ തീർത്തും കാലവർഷാരംഭത്തിൽ പറമ്പുകളിൽ നീർകുഴികൾ എടുത്തും മണ്ണിന്റെ പരമാവധി ജലസംഭരണ ശേഷി വർദ്ധിപ്പിക്കുക. ഇതനാവശ്യമായ ബോധവല്കരണ സെമിനാറുകൾ നടത്തുക

12. മേൽമണ്ണ് സംരക്ഷണ പരിപാടികൾ ത്വരിതപ്പെടുത്തുക. കയ്യാലകളും മണ്ണ് ബണ്ടുകളുമുണ്ടാക്കി അവയിൽ തീറ്റപ്പുല്ലും പൈനാപ്പിളും വെച്ചുപുടുപ്പുക്കുന്ന നാടൻ രീതി പ്രചരിപ്പിക്കുക

13. നല്ലയിനം വിത്തുകളും നടീൽ വസ്ഥുക്കളും സാങ്കേതിക വൈദഗ്ദ്യവും കർഷകർക്ക് ലഭ്യമാക്കുംവിധം കാങ്കോൽ സീഡ് ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക പച്ചക്കറി വിത്തുകളുടെ ലഭ്യത ഉറപ്പുവരുത്തുക.

14. പച്ചക്കറി കൃഷി വ്യാപനത്തിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക. തൊഴിൽ രഹിത ചെറുപ്പക്കാരെ ഇതിലേക്ക് ആകർഷിക്കുക.

15 കൃഷിവിജ്ഞാനം വ്യാപകമാക്കുന്നതിന് ഉതകും വിധം കൃഷി ഭവനുകളെ ക്രമീകരിക്കുക.

ആവശ്യമായത്ര ഉദ്യോഗസ്ഥന്മാരെ നിയോഗിക്കുക. ആഗ്രോ ക്ലനിക്കുകൾ കൃഷിഭവനുമായി ബന്ധപ്പെട്ട സ്ഥാപിക്കുക.

16. എല്ലാ കാർഷികോല്പന്നങ്ങൾക്കും ന്യായ വില ഉറപ്പ് വരുത്തിക്കൊണ്ട് വിപണന സംവിധാനങ്ങൾ വർദ്ധിപ്പിക്കണം. പഞ്ചായത്ത്തല വിപണന സംഘങ്ങൾ ഉണ്ടാക്കണം.

17. ഇടവിളകളും പരിവർത്തനകൃഷികളും പ്രോത്സാഹിപ്പിക്കണം. വാഴ, പൈനാപ്പിൾ, സുഗന്ധവിളകൾ, പയർവർഗ്ഗങ്ങളുടെ വിത്തുകൾ എന്നിവയുടെ ലഭ്യത ഉറപ്പ് വരുത്തുക.

18. ഔഷധസസ്യസംരക്ഷണത്തിന് നടപടികൾ വേണം. അവയുടെ കൃഷി പ്രോത്സാഹിപ്പിക്കണം.

19 പഞ്ചായത്തിൽ ലഭ്യമായ ഔഷധ സസ്യങ്ങളുടേയും അപൂർവസസ്യജാലങ്ങളുടേ?ഉം ഒരു പട്ടിക തയ്യാറാക്കണം.

20. രാസവള ലഭ്യത വർദ്ധിപ്പിക്കുന്തിനായി പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തണം. അത്തരം സ്ഥാപനങ്ങലെ അനുബന്ധ സ്ഥാപനം എന്നതിൽനിന്ന് പ്രത്യേക സഹകരണസംഘങ്ങളാക്കി മാറ്റണം.

21. ജൈവവിള സാധ്യതകൾ വർദ്ധിപ്പിക്കുംവിധം അത്തരം സസ്യങ്ങളുടെ കൃഷി വ്യാപകമാക്കണം. അവയുടെ വിത്തുകൾ ലഭ്യമാക്കണം.

22. കമ്പോസ്റ്റ് നിർമ്മാണരീതികളിൽ കൃഷിക്കാർക്ക് പരിശീലനം നല്കണം.

23. കാർഷികോല്പന്നങ്ങൾ സംസ്കരിക്കുന്നതിനുള്ള യൂനിറ്റുകൾ സ്ഥാപിക്കണം. റബ്ബർ, തെങ്ങ്, തുടങ്ങിയ കൃഷികൾ മെച്ചപ്പെടുത്തുന്നതിന് ഇത് ആവശ്യമാണ്.

24. കപ്പ, വെറ്റില കൂൺ എന്നിവയുടെ കൃഷി വ്യാപകമാക്കുന്നതിനും ലാഭകരമാക്കുന്നതിനും ഉള്ള പരിപാടികൾ ആവിഷ്കരിക്കുക.

25. കൃഷിയോഗ്യമല്ലാത്ത തരിശുഭൂമികൾ കാട്ടുമരങ്ങളും മറ്റും വളർത്തി ജൈവസങ്കേതമായി നിലനിർത്തുക. കാലത്തിറ്റയായി വളർത്താവുന്ന വൃക്ഷങ്ങളുടെ കാര്യവും പരിഗണിക്കേണ്ടതാണ്.

26. കർഷകത്തൊഴിലാളികൾക്ക് റജിസ്ട്രേഷൻ ഏർപ്പെടുത്തുകയും അവർ പരമാവധി കൃഷിപ്പണിയിൽ വ്യാപൃതരാവുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

27. കർഷകത്തൊഴിലാളികളുടെ മക്കൾക്ക് ഇന്നുള്ളതിൽ കൂടുതൽ ആനുകൂല്യങ്ങളും വിദ്യാഭ്യാസ ഗ്രാൻറും അനുവദിക്കണം.

28. മുഴുസമയ കർഷകത്തൊഴിലാളികൾക്ക് പ്രത്യേക ബോണസ് ഏർപ്പെടുത്തണം.

29. സ്കൂൾ, കോളേജ് പാഠ്യപദ്ധതിയിൽ കൃഷി വജ്ഞാന പാഠങ്ങൾ ഉൾപ്പെടുത്തണം.

30. പഞ്ചായത്ത് തലത്തിൽ കാർഷിക-തൊഴിൽ മത്സരങ്ങൾ സംഘടിപ്പിക്കണം.

31. വാർഡടിസ്ഥാനത്തിലും പഞ്ചായത്തടിസ്ഥാനത്തിലും മെച്ചപ്പെട്ട കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് സമ്മാന പദ്ധതികൾ ഏർപ്പെടുത്തണം.

32. ജലാശയ സംരക്ഷണത്തിനായി തോടുകളുടേയും കുളങ്ങളുടേയും ഓരത്തും വൃഷ്ടി പ്രദേശത്തും പരമാവധി സസ്യ വൈവിധ്യം നിലനിർത്തുവാൻ പരിപാടികൾ വേണം. തോടരുവുകളിലെ മരങ്ങൾ മുറിച്ചുനീക്കി കല്ലു കെട്ടുന്നത് സാധ്യമായിടത്ത് നിർത്തസാഹപ്പെടുത്തണം.

33. പലതരം വൃക്ഷത്തൈകളും തീറ്റപ്പുൽ വിത്തുകളും ഉല്പാദിപ്പിക്കുന്നതിന് നഴ്സറികൾ ഏർപ്പെടുത്തുകയും അവയുടെ സാധ്യത പ്രയോജനപ്പെടുത്തുവാൻ കർഷകരെ ബോധവല്കരിക്കുകയും ചെയ്യണം.

34. വലിയ ആദ്ധ്വാനമില്ലാതെ സ്ത്രീകൾക്ക് പോലും ചെയ്യാൻ കഴിയുന്ന തൊഴിലെന്ന നിലയിൽ പട്ടുനൂൽ കൃഷിയും അതുമായ പന്ധപ്പെട്ട റീലിംഗ് സംവിധാനവും ഏർപ്പെടത്തണം

35. പുഷ്പകൃഷികൾക്ക് സാധ്യത വ്യക്തമായി പഠിച്ച് വേണ്ടുന്ന പദ്ധതികൾക്ക് രൂപം നല്കണം

36. കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ യുദ്ധകാലാടിസ്ഥാനത്തിൽ ലഭ്യമാക്കണം.

37. കാർഷികാവശ്യത്തിന് മണ്ണെണ്ണ ലഭ്യമാക്കണം

38. മിച്ചഭൂമികൾ പതിച്ചുകൊടുത്തുട്ടില്ലാത്തവ വനല്കരണത്തിന് പ്രയോജനപ്പെടുത്തുക

39. മണ്ണ് ജല സംരക്ഷണത്തിന് പ്രത്യേകം ഉദ്യോഗസ്ഥരെ നിയമിക്കുക.

മൃഗസംരക്ഷണം, മത്സ്യബന്ധനം

മൃഗസംരക്ഷണവും മത്സ്യബന്ധനവും

കാലിക്കൂട്ടങ്ങളെ ഒന്നായി തരിശുഭൂമികളിലും നിക്ഷിപ്ത വനഭൂമികളിലും ഇളക്കിവിട്ട് പോറ്റിയിരുന്ന സംവിധാനമായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. പുലിയുടേയും മറ്റും ഉപദ്രവത്തിൽനിന്ന് സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് എരുമ, പോത്ത്, കാള പശു എന്നിവയെ ഒന്നിച്ചുമേയ്ക്കുകയും പാർപ്പിക്കുകയും ചെയ്തിരുന്ന 'കരക്ക' സമ്പ്രദായമായിരുന്നു അന്നുണ്ടായിരുന്നത്. കാലികളെ മേയ്ക്കുന്നതിന് നിയോഗിക്കപ്പെട്ടിരുന്ന ആൾക്കാരെ കാലിയാന്മാർ എന്ന് വിളിച്ചിരുന്നു. ഇതിലധികവും ബാന്മാരും വൃദ്ധമാരും സാമൂഹ്യമായി പിന്നോക്കം നില്ക്കുന്ന ആളുകളുമായിരുന്നു. ജന്മിമാരുടേയും ധനിക കർഷകരുടേയും ഉടമസ്ഥതയിലായിരുന്നു പ്രധാനമായും കന്നുകാലികളുണ്ടായിരുന്നത്. കന്നുകാലികളുടെ ഒരു പ്രതാപ ചിഹ്നമായി കരുതിപ്പോന്നിരുന്നു. കാർഷികാവശ്യത്തിനുള്ള വളം, ഗാർഹികാവശ്യത്തിനുള്ള പാൽ, നിലമൊരുക്കൽ എന്നീ ആവശ്യങ്ങളെ മാത്രം കേന്ദ്രീകരിച്ചായിരുന്നു ഇത് പ്രധാനമായും നടത്തിപ്പോന്നിരുന്നത്. നാടൻ ഇനങ്ങളിൽപെട്ടവയായിരുന്നു അന്നത്തെ മുഴുവൻ കന്നുകാലികളും. പിന്നീട് പൊള്ളാച്ചി, കാങ്കയം എന്നീ പേരുകളിലറിയപ്പെട്ടിരുന്ന ഇനങ്ങളും പ്രചരിച്ചു. നാടൻ ഇനങ്ങളെ അപേക്ഷിച്ച് ഉല്പാദനക്ഷമത ഈ ഇനങ്ങൾക്കായിരുന്നു. പ്രധാനമായും കരുത്തുള്ള കാളകളെ ഉണ്ടാക്കിയെടുക്കാനായിരുന്നു ഈ ഇനങ്ങളെ വളർത്തിയിരുന്നത്. ഇതിന് പുറമേ സുബ്രഹ്മണ്യം കാലിച്ചന്തയിൽനിന്ന് കന്നുകാലികളെ കൊണ്ടുവരുന്ന പതിവും ഉണ്ടായിരുന്നു.

തുലാം പത്തിന് എല്ലാ കാലിയാന്മാരും തങ്ങൾ മേച്ചിരുന്ന പശുക്കളേയും എരുമകളേയും കറന്ന് ആ പാൽ ഉപയോഗിച്ച് പാൽപായസംവെച്ച് വഴിപോക്കരടക്കം എല്ലാവർക്കും നല്കിയിരുന്നു. മേച്ചിൽ പുറങ്ങളോടനുബന്ധിച്ച് കാഞ്ഞിരമരച്ചോട്ടിൽ ഉരളൻകല്ലുകളുപയോഗിച്ച് കെട്ടിയിരുന്ന തറകളായിരുന്നു ഇതിന്റെ സങ്കൽപസ്ഥാനം. കാലിച്ചാംതറ എന്നായിരുന്നു ഇതിന്റെ പേര്. ഈ ദിവസം കന്നുകാലികളെ കറക്കുന്നതിന് ഉടമസ്ഥരുടെ സമ്മതം ആവശ്യമായിരുന്നില്ല എന്നത് പ്രത്യേകം സൂചിപ്പിക്കേണ്ടതാണ്.

മേച്ചിൽ പുറങ്ങളായി ഉപയോഗിച്ചിരുന്ന ഭൂമിയുടെ സിംഹഭാഗവും ഭൂപരിഷ്കരണത്തോട് കൂടി കൃഷിഭൂമികളും കിടപ്പാടങ്ങളുമായി മാറിയത് പരമ്പരാഗത കന്നുകാലി വളർത്തലിനെ പരിമിതപ്പെടുത്തി. ക്രമേണ ഊർജ്ജിത കന്നുകാലി വികസന പദ്ധതികളുടെ പ്രവർത്തനഫലമായി നാടൻഇനങ്ങൾകുറയുകയും സങ്കരയിനം കന്നുകാലികൾ നാട്ടിൽ വ്യാപകമാവുകയും ചെയ്തു.

പട്ടിക-1

ഇനം	പഴയകാലത്തെ എണ്ണം	ഇന്നത്തെഎണ്ണം
പശു നാടൻ	1063	400
പശു സങ്കരയിനം	357	1500 1664
കിടാരി	-	1100
കന്നുകുട്ടി	-	1500
എരുമ	244	76
കാള		146
പോത്ത്		45
ആട്		255
കോഴി	8412	4736
താറാവ്		23

കോഴി, ആട് തുടങ്ങിയവയേയും പഴയകാലത്ത് വളർത്തിപ്പോന്നിരുന്നു. പാവപ്പെട്ടവന്റെ പശു എന്നായിരുന്നു ആടിന് നല്കിയിരുന്ന വിശേഷണം. അടുക്കള മുറ്റത്തെ കോഴിവളർത്തലായിരുന്നു പരമ്പരാഗതരീതി. വീടുകളിൽ കോഴികളും ആടുകളും ഉണ്ടായിരുന്നു. ഗാർഹികാവശ്യത്തിനുള്ളപാൽ, മുട്ട, ഇറച്ചി എന്നിവയായിരുന്നു പ്രധാനമായും ഈ പരിപാലനത്തിന്റെ ഉദ്ദേശ്യം.

പൊതുവെ വളർത്തുമൃഗങ്ങൾക്ക് രോഗങ്ങൾ ആക്കാലത്ത് കുറവായിരുന്നു. നാട്ടുവൈദ്യൻമാരുടെ

ചികിത്സ വളർത്തുമൃഗങ്ങൾക്ക് പ്രത്യേകമുണ്ടായിരുന്നു. അതിന്റെ അപൂർവ്വം ചില കണ്ണികൾ ഇന്നും അവശേഷിക്കുന്നുണ്ട്. ഇന്ന് ആധുനിക ചികിത്സാരീതികൾ പര്യാപ്തമല്ലെങ്കിലും ലഭിച്ചുവരുന്നു.

ഇന്ന് പ്രതിദിന പാലുല്പാദനം 4500ലിറ്ററാണ്. പ്രതിദിന ആവശ്യം 3200 ലിറ്ററാണ്. സങ്കരയിനം കന്നുകാലുകളുടെ എണ്ണത്തിലെ വർദ്ധനവ് പാലുല്പാദനത്തെയും ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. എരുമ വളർത്തൽ പൊതുവെ കർഷകർ ഉപേക്ഷിച്ചുവരികയാണ്. വർദ്ധിച്ച പോറ്റുചെലവും കൂടിയ പരിചരണം ആവിശ്യമായതും ആണ് ഇതിന് കാരണം. ഒരു ഉപതൊഴിൽ എന്നനിലയിൽ ഏറെ സാധ്യതയുള്ള ഒന്നാണ് കന്നുകാലി വളർത്തൽ. എങ്കിലും വർദ്ധിച്ചുവരുന്ന ഉൽപാദനച്ചെലവും ന്യായമായ മാർക്കറ്റ് വിലയുടെ അഭാവവും ഇതിന്റെ പുരോഗതിക്ക് തടസ്സമാണ്. ഇന്നുല്പാദിപ്പിക്കുന്ന പാലിനുപോലും പൂർണ്ണമായ വിപണനസൗകര്യം ഇല്ലെന്നത് മേൽസൂചിപ്പിച്ച സ്ഥിതിയുടെ ചൂണ്ടുപലകയാണ്. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത തീറ്റപ്പുൽ കൃഷി നടത്തുന്നതിന് തടസ്സമാകുന്നുണ്ട്. കാലിവസന്ത, കുരലടപ്പൻ, കുളമ്പ് ദീനം, കരിങ്കുറു; അകിടുവീക്കം, തുടങ്ങിയ രോഗബാധകൾ കന്നുകാലികളെ ബാധിക്കുന്നു. പഴയകാലത്ത് ആടുകൃഷി വളരെ കുറവായിരുന്നു. ഇപ്പോൾ പുറങ്ങളുടെ അഭാവമാണ് ഇതിനു കാരണം. സമീപകാലത്ത് ആടുവളർത്തലിൽ കർഷകർ താൽപര്യം കാട്ടിത്തുടങ്ങിയിട്ടുണ്ട്. പുതിയ രീതിയിലുള്ള ആടുവളർത്തൽരീതി ഈ രംഗത്തുള്ള സ്വയം തൊഴിൽ സംരഭങ്ങളുടെയും സഹകരണ സംഘങ്ങളുടെയും സാധ്യതകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

വീട്ടുമുറ്റത്തെ കോഴിവളർത്തൽരീതി ഇന്നും നിലനില്കുന്നുണ്ടെങ്കിലും വ്യാപാരാടിസ്ഥാനത്തിലുള്ള ഇറച്ചിക്കോഴിവളർത്തലിൽ കർഷകർ താല്പര്യം കണിച്ചു തുടങ്ങിയിട്ടുണ്ട്. സ്വയം തൊഴിൽ സംരഭങ്ങളായോ സഹകരണസംഘങ്ങളായോ ഈ രംഗത്ത് നൂതന സംരംഭങ്ങൾക്ക് സാധ്യത വർദ്ധിച്ചിട്ടുണ്ട്. ഇന്പൊതുവെ വിപണി പ്രശ്നമല്ലെങ്കിലും ഇടനിലക്കാരുടെ ചൂഷണം നിലനില്കുന്നു. മുട്ടക്കോഴി വളർത്തലിന്റെ ചെലവും മുട്ടക്ക് കിട്ടുന്നവിലയും പൊരുത്തപ്പെടാത്തതിനാൽ കർഷകർ ഈ രംഗത്ത് വേണ്ടത്ര താൽപര്യം കാട്ടുന്നില്ല. കോഴിവസന്ത, കോഴിവസൂരി തുടങ്ങിയ രോഗങ്ങൾ കോഴിവളർത്തലിൽ പ്രശ്നങ്ങളുണ്ടാക്കുന്നു.

മുട്ട ഉല്പാദനം ഉപഭോഗം ഇവസംബന്ധിച്ച വിവരം-പ്രതിദിനം 5000 മുട്ടയോളം ഉപയോഗിക്കുന്നു. അതിൽ 1000 ത്തോളം മുട്ട ഇവിടെ ഉല്പാദിപ്പിക്കുന്നു.

മൃഗസംരക്ഷണ രംഗത്ത് പഞ്ചായത്തിൽ 3 ഐ.സി.ഡി.പി സെൻററുകളും അടുത്തകാലത്തായി ഒരു മൃഗാസ്പത്രിയും പ്രവർത്തിച്ചുവരുന്നു. ക്രിത്രിമ ബീജസങ്കലനം രോഗപ്രതിരോധവും ചികിത്സയും തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. എന്നാൽ ഈ പ്രദേശത്തെ ആവശ്യത്തിന്നും സാധ്യതക്കും ഒത്ത് ഇത് ഇനിയും വിപുലമാക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ 3 ഐ.സി.ഡി.പി സെൻററുകളിലെ ഒപ്പി. രജിസ്റ്റർ പ്രകാരം കഴിഞ്ഞ 3 മാസമായി(ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ) നടത്തിയ ക്രിത്രിമ ബീജസങ്കലനം ആകെ 352 ആണ്.

ക്ഷീരസംഭരണ വിതരണ മേഖലയിൽ ഒരു സഹകരണസംഘം പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ ഈ സംഘം പാൽ സംഭരണവും വിതരണവും നടത്തുന്നുണ്ട്. ഈ സംഘത്തിന്റെ പ്രവർത്തനം വേണ്ടത്ര വിപുലമല്ലാത്തതിനാൽ സൗകര്യ വ്യക്തികൾ ഈ രംഗത്ത് സജീവമായി പ്രവർത്തിക്കുന്നു. ഇന്ന് പൊതുവേ കർഷകന് ലഭിക്കുന്നവില പര്യാപ്തമല്ലെന്നതും സ്വകാര്യവ്യക്തികൾ അതിലും കുറഞ്ഞ വിലയാണ് നൽകുന്നതെന്നതും കർഷകർക്ക് വിഷമങ്ങളുണ്ടാക്കുന്നു. നേരിട്ടുള്ള അന്വേഷണത്തിൽ പാൽ സംഭരണം സംബന്ധിച്ച് ലഭിച്ചവിവരങ്ങൾ ഇപ്രകാരമാണ്.

~~കൃത്രിമ ബീജസങ്കലനം സംബന്ധിച്ച വിവരങ്ങൾ~~

ഏജൻസി	പ്രതിദിനം സംഭരിക്കുന്ന പാൽ	വിതരണം ചെയ്യപ്പെടുന്നത്	ഉല്പാദനം
ക്ഷീരവ്യവസായ സംഘം മാത്തിൽ	800ലി	800ലി	1600ലി
സ്വകാര്യ ഏജൻസി	1300ലി	1300ലി	1500ലി
വ്യക്തികൾ	2000ലി	2000ലി	2300ലി
	4100ലി	4100ലി	5400ലി

അവലംബം: [സഹകരണ സംഘങ്ങളിലെ കർഷകരുമായുള്ള അഭിമുഖം]

മാത്തിൽ സർവ്വീസ് സഹകരണ ബേങ്ക്, നോർത്ത് മലബാർ ഗ്രാമീൺ ബേങ്ക് കാങ്കോൽ സർവ്വീസ് സഹകരണ ബേങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ പശു, ആട്, എരുമ, കോഴി തുടങ്ങിയവ വളർത്തുന്നതിന് ഉതകുന്ന വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ഇത് ആവശ്യത്തിനനുസരിച്ച് ഇല്ലെന്ന പ്രശ്നം നിലനിൽക്കുന്നു.

കന്നുകാലി ഇൻഷൂറൻസ് പദ്ധതി, ക്ഷീരവികസന വകുപ്പ് ഏർപ്പെടുത്തിയ കന്നുകുട്ടി പരിപാലന പദ്ധതി തുടങ്ങിയ പരിപാടികൾ ഇന്നുണ്ട്. തീറ്റപ്പുൽ കൃഷിവ്യാപനത്തിനും പരിപാടികളും അതുമായി

ബന്ധപ്പെട്ട സബ്സിഡികളും ഉണ്ട്. ഇവയും കർഷകരുടെ പ്രതീക്ഷക്കും ആവശ്യത്തിനുമൊത്ത് വികസിതമല്ല.

ജലക്കൃഷി

മറ്റുകാർഷിക മേഘലകളെ മാത്രം ആശ്രയിച്ചുപോന്ന ജീവിതരീതി ആയിരുന്നതിനാൽ ഇന്നാട്ടിൽ ജലക്കൃഷി തീരേ ഉണ്ടായിരുന്നില്ല. പ്രകൃതിദത്തമായി ലഭിച്ചുപോന്ന ഉൾനാടൻ മത്സ്യസമ്പത്ത് മാത്രം ഉപയോഗപ്പെടുത്തുന്ന രീതിയായിരുന്നു മുഖ്യം. മഴക്കാലങ്ങളിലും മറ്റും ചൂണ്ടയിട്ടും കോരുവല ഉപയോഗിച്ചും മത്സ്യം പിടിച്ചിരുന്നു. മഴക്കാലം അവസാനിക്കുന്നതോട് കൂടി സമീപ വാസികൾ ഒത്തുകൂടി തോടുകളിൽ നിന്നും കുളങ്ങളിൽനിന്നും ധാരാളം മത്സ്യംപിടിച്ച് അത് തുല്യമായി വീതിക്കുകയും ഉപയോഗിക്കുകയും ചെയ്തിരുന്ന കൂട്ടായ്മരീതി ഈ ഗ്രാമീണതയുടെ സവിശേഷത യായിരുന്നു. ഇത് മത്സ്യ പ്രജനനത്തെ യാതൊരു വിധേന യും ബാധിച്ചിരുന്നില്ല. കയിച്ചൽ, കാടൻ, മുശു, മട മുശു, വാള, വരാൽ, പുല്ലൻ, കോട്ടൽ, ആരൽ, കൊയല, ചൂട്ട തുടങ്ങിയ മത്സ്യ ഇനങ്ങളാണ് ഇവിടുത്തെ ജലാശയ ങ്ങളിൽ സുലഭമായിരുന്നത്. അപൂർവ്വം ചിലയിനങ്ങൾ വംശനാശം വന്നുപോയെന്ന് സംശയിക്കുന്നു. സമീപകാലത്ത് നഞ്ച് കലക്കി മീൻ പിടിക്കുന്നതും വേനൽ ആരംഭത്തിൽ തന്നെ ജലാശയങ്ങൾ വരളുന്നതും തോട്ട പൊട്ടിക്കുന്നതും പ്രകൃതിദത്ത മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിച്ചു. രോഗബാധയും ഒരു കാരണമാണ്. ധാരാളം ഉൾനാടൻ ജലാശയങ്ങളുള്ള തിനാൽ ഫലപ്രദമായ ജലസംരക്ഷണ നടപടികൾ സ്വീകരിക്കുകയാണെങ്കിൽ നല്ലൊരു തൊഴിൽ സംരംഭമായി മത്സ്യക്കൃഷിക്ക് സാധ്യത ഏറെയാണ്. ഇന്നത്തെ ഉപഭോഗത്തിന്റെ സിംഹ ഭാഗവും കടൽ മത്സ്യമാണ്. അതിന് പൂർണ്ണമായും പുറം വിപണികളെ ആശ്രയിക്കേണ്ടിവരുന്നു.

പ്രശ്നങ്ങൾ

1. പാലിന്റെ ഉല്പാദന ചെലവും ഇന്ന് ലഭിക്കുന്ന വിലയും ആനുപാതികമല്ല.

2. തീറ്റപ്പുൽ കൃഷിയും പുല്ല് സംസ്കരണ സംവിധാനവുമില്ല.

3. കാലത്തീറ്റ, പിണ്ണാക്ക് തുടങ്ങിയഖര ആഹാര ങ്ങളുടെ വർദ്ധിച്ച വില കർഷകർക്ക് താങ്ങാവുന്നതല്ല.

4. പ്രധാന കേന്ദ്രങ്ങളിൽ ഇന്നുള്ള പാൽ സംഭരണ സംവിധാനങ്ങളുടെ സേവനം തൃപ്തികരമല്ല.

5. പാൽ സംസ്കരണ സംവിധാനങ്ങളില്ല.

6. ക്ഷീര കർഷകർക്ക് മൃഗപരിപാലനത്തിൽ താൽപര്യം നിലനിർത്തുന്നതിനും പുതിയ ആൾക്കാരെ ഈ രംഗത്തേക്ക് കൊണ്ടുവരുന്നതിനും പര്യാപ്തമായ ക്ഷേമ പദ്ധതികളില്ല.

7. ശാസ്ത്രീയ മൃഗ പരിപാലനത്തിൽ കർഷകർക്ക് വേണ്ടത്ര പരിജ്ഞാനമില്ല.

8. നിലവിലുള്ള മൃഗ ചികിത്സാ സൗകര്യങ്ങൾ അപര്യാപ്തമാണ്.

9. എരുമകൃഷി പ്രോത്സാഹനമില്ലാത്തതിനാൽ കുറഞ്ഞുവരുന്നു.

10. പരമാവധി ഉൽപാദന ശേഷി കൈവരിക്കുന്നതിനും നിലനിർത്തുന്നതിനും കർഷകർക്ക് കഴിയുന്നില്ല.

11. ആടുകൃഷിയുടെ ഇന്നത്തെ സാധ്യതകൾക്ക് വേണ്ടത്ര പ്രചാരണം വന്നിട്ടില്ല.

12. നല്ല ഇനത്തിൽപെട്ട ആടുകളുടെ എണ്ണം തുച്ഛമാണ്.

13. ആടുവളർത്തലിന് പുതിയ സംരംഭകരെ ആകർഷിക്കുന്നതിന് പരിപാടികളില്ല.

14. മുട്ടക്കോഴി വളർത്തലിന്റെ ചെലവും മുട്ടയുടെ വിലയും ആനുപാതികമല്ല.

15. മുട്ടവിപണനത്തിന് കർഷകരെ സഹായിക്കുവിധം വിപണന സൗകര്യങ്ങളില്ല.

16. കോഴി വളർത്തലിലും ചികിത്സയിലും ഇന്നുള്ള സംവിധാനങ്ങളെകുറിച്ച് കർഷകർ അജ്ഞരാണ്.

17. ഇറച്ചിക്കോഴി വളർത്തൽ ലാഭകരമാണെങ്കിലും ഇടനിലക്കാരന്റെ ചൂഷണം നിലനിൽക്കുന്നു.

18. ആട്, കോഴി, കാട, മുയൽ, പന്നി മുതലായവയുടെ കുഞ്ഞുങ്ങളെ ലഭിക്കുന്നതിന് സംവിധാനങ്ങളില്ല.

19. കന്നുകുട്ടി പരിപാലന പദ്ധതിയും കാളക്കുട്ടന്റെ പരിപാലന പദ്ധതിയും ഉണ്ടെങ്കിലും അത് തീരെ അപര്യാപ്തമാണ്.

20. ശാസ്ത്രീയമായ അറവുരീതികൾ ഇന്നില്ല. വൃത്തിഹീനവും അപിരിഷ്കൃതമായ അറവുരീതികൾ ഇന്നും നിലനിൽക്കുന്നു. രോഗബാധിതമായ മൃഗങ്ങളുടെ മാംസ വില്പനയും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നു.

21. പഞ്ചായത്തിൽ പേപ്പട്ടിശല്യം ഉണ്ടാകാറുണ്ട്. അലഞ്ഞുതിരിയുന്ന നായ്ക്കളെ നിയന്ത്രിക്കുന്നതിനും വളർത്തു നായ്ക്കളുടെ പേവിഷ പ്രതിരോധം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടില്ല.

സാധ്യതകൾ:

1. സഹകരണാടിസ്ഥാനത്തിൽ വാർഡുകൾ തോറും പാൽ സംഭരണ ഡിപ്പോകൾ ആരംഭിക്കുക. മുഴുവൻ പാലും സംഭരിക്കാനുള്ള ഏർപ്പാടുകൾ വേണം.

2. പാൽ സംസ്കരണയൂണിറ്റ് (ചില്ലിംഗ്യൂണിറ്റ്) പഞ്ചായത്തിൽ സ്ഥാപിക്കുവാൻ (സഹകരണമേഘലയിൽ) മുൻകൈ എടുക്കുക.

3. മൊബൈൽ പാൽ സംഭരണ വിതരണ സംവിധാനം ഏർപ്പെടുത്തുക.

4. പാലിന്റെയും പാലുല്പാദനങ്ങളുടെയും വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

5. പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റനിർമ്മാണയൂനിറ്റ് സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.

6. തീറ്റപ്പുൽ കൃഷി പ്രത്യേക പദ്ധതികളായി പരീഷ്കരിച്ച് വിപുലമാക്കുക. കന്നുകാലികളെ വളർത്താത്ത കർഷകരേയും ഇടവിളയായി തീറ്റപ്പുൽ കൃഷിക്ക് പ്രേരിപ്പിക്കുക. ഇതിന് വളം സബ്സിഡിയായി നൽകുക.

7. തീറ്റപ്പുൽ സുലഭമായിക്കിട്ടുന്ന മഴക്കാലത്ത് അവ സംഭരിച്ച് സംസ്കരിച്ച് സൂക്ഷിക്കുന്നതിനുള്ള സംവിദാനങ്ങൾ വിപുലമാക്കുക. കർഷകർക്ക് ആവശ്യമായ പരശീലനം നൽകുക.

8. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണരംഗത്തെ സാധ്യതകൾ ഉപയോഗ പ്പെടുത്തേണ്ടതിന്റെ ആവശ്യകതകൾ കർഷകരെ ബോധ്യപ്പെത്തുക.

9. പാലിന്റെയും പാലുല്പന്നങ്ങളുടെയും വില വർദ്ധിപ്പിക്കുക.

10. കാലിവളർത്തൽ മുഖ്യതൊഴിലായും ഉപതൊഴിലായും സ്വീകരിച്ച കർഷകരെ കണ്ടെത്തി അവർക്ക് ക്ഷേമനിധി, സൗജന്യകന്നുകാലി ഇൻഷുറൻസ് മറ്റ് സബ്സിഡികൾ എന്നിവ നൽകുക.

11. രണ്ടോ മൂന്നോ പശുക്കളോ, എല്ലെങ്കിൽ 2പശുക്കളും ഒരു എരുമയും സമ്മിശ്രസമ്മിശ്ര കൃഷി രീതിയോ അടിസ്ഥാനമാക്കി മിനിഡയറിഫാമുകൾ സ്ഥാപിച്ച് കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുക.

12. അഞ്ചോ പത്തോ പശുക്കളെ വളർത്തുന്ന സ്വയം തൊഴിൽ സംരഭങ്ങളായുള്ള ഫാമുകളോ സഹകരണ ഫാമുകളോ സ്ഥാപിക്കാവുന്നതാണ്.

13. 500 കന്നുകാലികൾക്ക് ഒരു ഐ.സി.ഡി.പി സെൻറർ എന്ന സംവിധാനം ഏർപ്പെടുത്തുക.

14. ഇന്നുള്ള കന്നുകുട്ടി പരിപാലന പദ്ധതി വിപുലീകരിച്ച് വർഷന്തോറും കണക്കെടുത്ത് അതിന്റെ ആനുകൂല്യം എല്ലാകർഷകർക്കും ലഭ്യമാക്കേണ്ടതാണ്.

15. മൃഗാശുപത്രികൾക്ക് സ്വന്തം കെട്ടിട സംവിധാനങ്ങളും ആവശ്യത്തിന് ഉപകരണങ്ങളും സജ്ജീകരണങ്ങളും ഏർപ്പെടുത്തുക. സന്ദർശന ചികിത്സ നടത്തുന്നതിന് വാഹനസൗകര്യം ഏർപ്പെടുത്തേണ്ട താണ്. റഫ്രിജറേറ്റർ, ട്രവീസ്, ലാബറട്ടറി, ടെലിഫോൺ, ഫാർമസി തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും അവയുടെ കാര്യക്ഷമത ഉറപ്പുവരുത്തുകയും ചെയ്യുക. ഇൻപേഷ്യൻറ് ചികിത്സാ സംവിധാനം ഏർപ്പെടുത്തുക.

16. മാംസോൽപാദനം വർദ്ധിപ്പിക്കുന്നതിന് ആടുവളർത്തലും കോഴിവളർത്തലും സ്വയം തൊഴിൽ സംരംഭങ്ങളായോ സഹകരണസംഘങ്ങളായോ ആരംഭിക്കാവുന്നതാണ്.

17. പ്രത്യുൽപാദന ശേഷിയുള്ള ആടുകളുടെ ക്രിത്രിമ ബീജസങ്കലനരീതി ഐ.സി.ഡി.പി സെൻററു കളിൽ ലഭ്യമാക്കുക.

18. ലാഭകരമായി കോഴി വളർത്തുന്നതിനും ആടുവളർത്തുന്നതിനും ആവശ്യമായ ഭൗതീകസാഹചര്യ ങ്ങൾ -മാർക്കറ്റ് വായ്പാ സൗകര്യം-ഫലപ്രദമായരീതിയിൽ നടപ്പിലാക്കുക.

19. ശാസ്ത്രീയ മൃഗപരിപാലനം കോഴിവളർത്തൽ എന്നിവയിൽ കർഷകർക്ക് പരിശീലന കളരികൾ നടത്തുക.

20. മാംസ സംസ്കരണം,വിപണനം എന്നിവയെ പഞ്ചായത്ത്തലത്തിൽ ഏകീകരിക്കാനുള്ള സംവിധാന ങ്ങൾ ഏർപ്പെടുത്തുക.

21. പഞ്ചായത്തിൽ കോഴി, താറാവ്, പന്നി, കാട, മത്സ്യക്കുഞ്ഞുങ്ങൾ, ആട്ടിൻ കുഞ്ഞുങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഹാച്ചറികളും, എഗ്ഗർ നഴ്സറികളും ഫാമുകളും സ്ഥാപിക്കുക.

22. ശാസ്ത്രീയമായി അറവുരീതികൾ, രോഗബാധിതമല്ലാത്ത മൃഗങ്ങളുടെ മാംസലഭ്യത എന്നിവ ഉറപ്പാക്കാൻ മൃഗ ഡോക്ടരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് സംവിധാനങ്ങൾ ഉണ്ടാക്കുക.

23. തൊഴിൽ രഹിതരായ ചെറുപ്പക്കാരുടെ പങ്കാളിത്തത്തിൽ കുളങ്ങളെയും തോടുകളെയും കേന്ദ്രീകരിച്ച് മത്സ്യകൃഷി ഫാം ക്ലബ്ബുകൾ ഉണ്ടാക്കുക.

24. തോടുകളിൽ ഓരോ 50 മീറ്ററിന്നും തടയണകൾ തീർത്ത് ഒഴുക്കുജല മത്സ്യകൃഷി സാധ്യത പ്രയോജനപ്പെടുത്തുക.

24. മത്സ്യ സംഭരണത്തിനും വിപണനത്തിനും സംവിധാനങ്ങൾ ഉണ്ടാക്കാവുന്നതാണ്.

25. വളർത്ത് നായ്ക്കളുടെ കണക്കെടുത്ത് അവയെ പ്രതിരോധ കുത്തിവെയ്പ് നടത്തിക്കുന്നതിന്നും അലഞ്ഞ്തിരിഞ്ഞ് നടക്കുന്നവയെ നശിപ്പിക്കുന്നതിന്നും സംവിധാനങ്ങളുണ്ടാക്കി നിലവിലുള്ള പദ്ധതികൾ പ്രയോജനപ്പെടുത്തുക.

26. പട്ടികൾക്ക് സൗജന്യ ലൈസൻസ് ഏർപ്പെടുത്തുക.

27. പേവിഷ നിർമ്മാർജ്ജ നത്തിന് ആവശ്യമായ മരുന്നുകൾ ആവശ്യമുള്ളത്ര ലഭ്യമാക്കുക.

വ്യവസായം

ചിമേനി പഞ്ചായത്ത്
വാർഡ് നമ്പർ I
വാർഡ് നമ്പർ II
വാർഡ് നമ്പർ III
വാർഡ് നമ്പർ IV
വാർഡ് നമ്പർ V
വടകേഴത്തി
വാർഡ് നമ്പർ VI
കാരക്കോൽ
വാർഡ് നമ്പർ VII
വാർഡ് നമ്പർ VIII
കാളീശ്വരം
വാർഡ് നമ്പർ IX

വ്യവസായം

സാമ്പത്തിക വളർച്ചയിലും പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും പ്രധാനമായ പങ്ക് വഹിക്കേണ്ട ഒരു മേഖലയാണ് വ്യവസായം. പക്ഷെ, ഈ പഞ്ചായത്തിനെ സംബന്ധിച്ചേടത്തോളം വ്യാവസായിക വളർച്ച വേണ്ടത്ര ആശാവഹമാണെന്ന് പറഞ്ഞുകൂടാ. പഞ്ചായത്തിലെ സാധ്യതകൾ ഉപയോഗപ്പെടുത്തി വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിന് കൂടുതൽ ശ്രദ്ധ പതിയേണ്ടി യിരിക്കുന്നു.

പഞ്ചായത്തിന്റെ വ്യാവസായിക ചരിത്രം പരിശോധിച്ചാൽ മാത്തിൽ 1972-83 കാലത്ത് ക്രേപ്പ് തുണിയുണ്ടാക്കുന്ന ഒരു നെയ്ത്തുശാല പ്രവർത്തിച്ചി രുന്നതായി കാണാം. നാലഞ്ചുവർഷം പ്രവർത്തിച്ചിരുന്ന ശേഷം വിപണനപ്രശ്നം മൂലം ആ നെയ്ത്തുശാല പൂട്ടേണ്ടിവന്നു. കാർഷിക മേഖലയിൽ ഊർജിത കൃഷി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1967ൽ ആഗ്രോ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ കീഴൽ മാത്തിൽ ഒരു ട്രാക്ടർ സ്റ്റേഷനും അനുബന്ധമായി വർക്കുഷോപ്പും ആരംഭിച്ചുവെങ്കിലും ജനങ്ങളുടെ എതിർപ്പുകാരണം പ്രവർത്തനം നിലക്കുകയാണ് ചെയ്തത്. ഇന്നും അതിന്റെ അവശിഷ്ടമായ ട്രാക്ടർ ഷെഡ് നിലനിൽക്കുന്നു. അതുപോലെതന്നെ 1981ൽ സഹകരണാടിസ്ഥാനത്തിൽ വൈപിരിയം ക്ലേ വർക്സ് എന്ന സ്ഥാപനം രജിസ്റ്റർ ചെയ്ത് പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. പക്ഷെ അതിനാവശ്യമായ വായ്പ മുതലായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാകാത്തതിനാൽ വ്യവസായം തുടങ്ങാൻ സാധിച്ചില്ല.

പഞ്ചായത്തിലെ മൊത്തം തെഴിലാളികളിൽ 776 പേർമാത്രമാണ് വ്യവസായ മേഖലയിൽ തൊഴിലെടുക്കുന്നത്. പഞ്ചായത്തിൽ വൻകിട വ്യവസായ യൂനിറ്റുകൾ ഒന്നുംതന്നെയില്ല.

1981ലാണ് പഞ്ചായത്തിൽ ചെറുകിട വ്യവസായ സംരംഭത്തിന് തുടക്കമിട്ടത്. പഞ്ചായത്തിലെ ചില പ്രധാനപ്പെട്ട ചെറുകിട വ്യവസായ യൂനിറ്റുകളുടെ വിവരം പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു ഇവയിൽ മിക്കവാറും 1990ന് ശേഷമാണ് പ്രവർത്തനം ആരംഭിച്ചത്.

പട്ടിക 1

നമ്പർ	വ്യവസായയൂനിറ്റിന്റെ പേര്	വാർഡ് നമ്പർ	ഉത്പന്നം	ലാഭം/ നഷ്ടം
1.	വെസ്റ്റ്കോസ്റ്റ് പോളിമേഴ്സ്, കാങ്കോൽ	8	സിന്തറ്റിക്റസിൻസ്	ലാഭം
2.	ഓർഗാനോ മെറ്റാലിക്സ്, ചൂരൽ	3	സോഡിയം സിലിക്കേറ്റ്	,,
3	ഈസ്റ്റേൺ വുഡ് ഇൻഡസ്ട്രീസ്, കക്കിരിയാട്	2	തടി	,,
4	റാഷിസ് വുഡ് ഇൻഡസ്ട്രീസ്, കാങ്കോൽ (നാഷണൽ ടിമ്പേഴ്സ്)	6	,,	ലാഭ നഷ്ടമില്ല
5	പാക്ക് അലൈഡ് വുഡ് ഇൻഡസ്ട്രീസ്, കുറുക്കൂട്ടി	3	,,	ലാഭം
6	വി.സി.ആർ. ഇൻഡസ്ട്രീസ്, കാങ്കോൽ	8	വിനീർ	,,
7	നവധാര ഡീഫൈബറിംഗ് ഇൻഡസ്ട്രീസ്, ചൂരൽ	3	ചെകിരിനാര്	,,
8	കോംഫി റബ്ബറൈസ്ഡ് കയർ പ്രൊഡക്ട്സ്, ചൂരൽ	3	റബ്ബറൈസ്ഡ് കയർ	,,
9	വസന്തം സ്റ്റോൺ ക്രഷർ, ചൂരൽ	3	ജെല്ലി,ബേബിജെല്ലി സ്റ്റോൺ പൗഡർ	,,

10	ഈസ്റ്റേൺ ക്രഷേഴ്സ്, ആലക്കാട് റോഡ്, മാത്തിൽ	9	,,	,,
11	പരുത്തി സംസ്കരണ കേന്ദ്രം, ഏറ്റുകുടുക്ക	1	പരുത്തി	,,
12	നീലേശ്വരം ക്ലേ പ്രൊഡക്റ്റ്സ്, വൈപിരിയം	7	ഹോളോബ്രിക്സ് ബ്രിക്സ്, സീലിംഗ് ടൈൽസ്	,,
13	സെയ്ഫ് ഹോളോസിമൻറ് ബ്ലോക്സ്, കാങ്കോൽ	6	സിമൻറ് ഇഷ്ടിക	ലാഭ നഷ്ടമില്ല
14	ഫ്രൻസ് ഹോളോബ്രിക്സ്, ചൂരൽ	3	,,	നഷ്ടം
15	അർച്ചന ഫർണ്ണിച്ചർ, മാത്തിൽ	4	മരഫർണ്ണിച്ചർ	ലാഭം
16	മഹാദേവ് പോളി ഫിലിം, കാങ്കോൽ	6	പോളിത്തീൻ ഫിലിം, ബാഗ്	,,
17	കാവണാൽ ഇൻഡസ്ട്രീസ്, മാത്തിൽ	4	വെൽഡിംഗ് ഗ്രിൽസ്, ഗേറ്റ്	,,
18	ഓസ്കർ മെറ്റൽവർക്സ്, മാത്തിൽ	5	,,	,,
19	മലബാർ ഇൻഡസ്ട്രീസ്, കാങ്കോൽ	6	,,	,,
20	സോളിഡ് സ്റ്റീൽ ക്രാഫ്റ്റ്, ചൂരൽ (അരവഞ്ചാൽ)	3	സ്റ്റീൽ അലമാര	,,

ഇവയെല്ലാം സ്വകാര്യസ്ഥാപനങ്ങളാണ്. ഇതിനു പുറമേ സഹകരണ മേഖലയിൽ കുണ്ടയം കൊവ്വലിൽ പ്രവർത്തിക്കുന്ന ദിനേശ് ബീഡി കമ്പനിയുണ്ട്. പയ്യന്നൂർ ഫർക്ക ഗ്രാമോദയ ഖാദിസംഘ ത്തിൻെറ കീഴിൽ ചൂരലിൽ ഖാദികേന്ദ്രം പ്രവർത്തി ക്കുന്നു. അവിടെ നൂൽനൂല്പും നെയ്ത്തും നടക്കുന്നു. കൂടാതെ ഖാദി ഗ്രാമവ്യവസായ ബോർഡിൻെറ കീഴിൽ ആലക്കാട്, വടശ്ശേരി, പപ്പാരട്ട, ഏറ്റുകുടുക്ക എന്നീ സ്ഥലങ്ങളിൽ ഖാദി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇവ നൂൽനൂല്പ് കേന്ദ്രങ്ങളാണ്. പപ്പാരട്ടകേന്ദ്രത്തിൽ നൂൽനൂല്പിന് പുറമേ നെയ്ത്തും നടക്കുന്നു.

വ്യസായത്തിൻെറ തരംതിരിച്ചുള്ള കണക്ക് അതാതുമേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം, മൊത്തം യൂനിറ്റുകളുടെ എണ്ണം എന്നിവ പട്ടിക രണ്ടിൽ കൊടുക്കുന്നു.

ക്രമ നമ്പർ	വ്യവസായത്തിൻെറ തരം	തൊഴിലാളികളുടെ എണ്ണം			മൊത്തം യൂനിറ്റുകളുടെ എണ്ണം
		സ്ത്രീ	പുരുഷൻ	ആകെ	
1	ഓയിൽ/ഓയിൽആൻഡ് ഫ്യുവൽ/റൈസ് ആൻറ് അവൽ/കറി പൗഡർ	1	13	14	14
2	കെമിക്കൽസ്	1	39	40	2
3	തടി	12	23	35	4
4	പ്രിൻറിംഗ്	1	2	3	2
5	സ്റ്റോൺ ക്രഷർ	15	9	24	2
6	ഇഷ്ടിക/ഹോളോ ബ്രിക്സ്	14	6	20	1
7	മരഫർണ്ണിച്ചർ	0	4	4	2
8	സിമൻറിഷ്ടിക	5	2	7	2
9	ബീഡി	99	31	130	1
10	ചകിരി സംസ്കരണം	7	9	16	1
11	റബ്ബറൈസ്ഡ് കയർ	5	29	34	1
12	വെൽഡിംഗ്, ഗ്രിൽസ്, ഗെയ്റ്റ്	0	11	11	3
13	ഖാദി	131	25	156	6
14	മറ്റുള്ളവ	6	5	11	4

ബീഡി വ്യവസായമാണു് പഞ്ചായത്തിലെ മുഖ്യ വ്യവസായം. കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതും ഈ വ്യവസായം തന്നെ. ഈ മേഖലയിൽ പ്രധാനമായത് ദിനേശ് ബീഡി പയ്യന്നൂർ പ്രാഥമിക സഹകരണ സംഘത്തിൻെറ കീഴിൽ കുണ്ടയംകൊച്ചലിൽ പ്രവർത്തിക്കുന്ന കമ്പനിയാണ്. ഇവിടെ 130 തൊഴിലാളികൾ ജോലിചെയ്യുന്നു. കൂടാതെ മംഗലാപുരം ഹെഡ്ഡാഫീസ് ആയി പ്രവർത്തിക്കുന്ന

ഭാരത് ബീഡിയുടെ കാഞ്ഞങ്ങാട് ഡിപ്പോവിൻ കീഴൽ കുടിൽ വ്യവസായമായി ബീഡിനിർമ്മാണം നടന്നുവരുന്നു. 250ഓളം സ്ത്രീകൾ ഈ രംഗത്ത് ജോലിചെയ്യുന്നു. സന്തോഷ്, ഗണേഷ് എന്നീ കമ്പനികൾക്ക് വേണ്ടിയും വീടുകളിൽ ബീഡി നിർമ്മാണം നടന്നുവരുന്നുണ്ട്. ബീഡി നിർമ്മാണത്തിനാവശ്യമായ ഇല, പൊടി എന്നീ അസംസ്കൃത പദാർത്ഥങ്ങൾ മറ്റു സംസ്ഥാനങ്ങളിൽനിന്ന് കേന്ദ്ര സംഘം/ഡിപ്പോ വഴി വരുന്നു.

അടുത്തതായി കൂടുതൽ തൊഴിലവസരങ്ങൾ നല്കുന്നത് ഖാദി മേഖലയാണ്. ഈമേഖലയെപറ്റി മുകളിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ.

കുടിൽവ്യവസായമായി ബീഡി നിർമ്മാണത്തിന് പുറമേ പായ, കൂട്ട എന്നിവ ഉണ്ടാക്കൽ പപ്പട നിർമ്മാണം എന്നിവയും ചെറിയ തോതിൽ നടന്നുവരുന്നു.

വനിതകൾ കൂടുതലായി ജോലിചെയ്യുന്നത് ബീഡി, ഖാദി മേഖലകളിലാണ്. കൂടാതെ ടൈലറിംഗ്, ഗാർമെൻറ് മേക്കിംഗ്, പപ്പട നിർമ്മാണം എന്നിവയിലും വനിതകൾ ജോലിചെയ്യുന്നു. ഇവയിൽ ചിലത് തനിച്ചും മറ്റു ചിലത് ചെറിയ ഗ്രപ്പുകളുമായാണ് ചെയ്യുന്നത്. ഇവയിൽ അധികവും കുടിൽ വ്യവസായമെന്ന നിലയിൽ നടക്കുന്നു.

ചൂരലിൽ പ്രവർത്തിച്ചിരുന്ന നോർത്ത് ലാൻറ് കെമിക്കൽസ് കിൻസ്റ്റൺ റബ്ബേഴ്സ് എന്നീ ചെറുകിട ഫാക്ടറികൾ സാമ്പത്തീക പരാധീനത കാരണം പൂട്ടിക്കിടക്കുകയാണ്.

പഞ്ചായത്തിലുണ്ടാകുന്ന കാർഷികോല്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തി നെല്ലുകുത്ത് മില്ലുകളും ഓയിൽമില്ലുകളും അവൽമില്ലുകളും പ്രവർത്തിക്കുന്നു.

ഓരോ വ്യവസായ മേഖലയിലും നിലവിലുള്ള ദിവസക്കൂലി നിരക്ക് ചുവടെ ചേർക്കുന്നു.

മേഖല	കൂലി(രൂപ)
ഖാദി-നൂൽനൂല്പ്	15-20
ഖാദി-പരുത്തിസംസ്കരണം	
നെയ്ത്ത്	25-35
ബീഡി(1000ന്)	34(പി.എഫ്.അടക്കം)
കെമിക്കൽ ഫാക്ടറി	54-83
ചകിരി	29-34
സിമൻറിഷ്ടിക	50-100
വെൽഡിംഗ്, ഗ്രിൽസ്	30-100
സ്റ്റോൺക്രഷർ	40-75
	(ചിലവിൻപുറമേ)
ഇഷ്ടിക ഹോളോബ്രിക്സ്	39-45
വിറക്	30-60
കയർ	30-45

കൂടാതെ ബോണസ്, അവധി മുതലായ ആനുകൂല്യങ്ങളും നല്കപ്പെട്ടുവരുന്നു.

പ്രശ്നങ്ങൾ

1. വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ യൂനിറ്റുകൾ ലോ വോൾട്ടേജിൻെറ കെടുതി അനുഭവിക്കുന്നു. ഇടക്കിടെ ഉണ്ടാകുന്ന പ്രഖ്യാപിത/അപ്രഖ്യാപിത പവർകട്ട് പ്രശ്നം ഗുരുതരമാക്കുന്നു. ലോഡ്ഷെഡിംഗ് കാലത്ത് വൈദ്യുതി ഉപയോഗത്തിലുള്ള നിയന്ത്രണവും പ്രശ്നം തന്നെ. പുതുതായി ആരംഭിക്കുന്ന വ്യവസായ യൂനിറ്റുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസവും വ്യാവസായിക വളർച്ചക്ക് തടസ്സം സൃഷ്ടിക്കുന്നു.

2. പൊതുവേ പ്രതിസന്ധി നേരിടുന്ന ബീഡി വ്യവസായ മേഖലയിലെ ചുരുങ്ങിയ കൂലി നിരക്ക് പ്രതിസന്ധിയെ കൂടുതൽ രൂക്ഷമാക്കുന്നു. പുതുതായി തൊഴിലാളികൾ ഈ രംഗത്തേക്ക് ആകർഷിക്കപ്പെടുന്നില്ല എന്ന് മാത്രമല്ല, വളരെ പേർ ഈ മേഖലയിൽനിന്ന് ഒഴിഞ്ഞുപോകുകയും ചെയ്യുന്നു. ഖാദി മേഖലയിലും ഈ പ്രശ്നം വളരെ ഗുരുതരമാണ്.

3. ഖാദി കേന്ദ്രങ്ങളിൽനിന്നുണ്ടാകുന്ന ശബ്ദ മലിനീകരണം, സ്റ്റോൺ ക്രഷറുകളിൽനിന്നുണ്ടാകുന്ന വായുമലിനീകരണം എന്നിവ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഇവയ്ക്ക് ഭാഗികമായ പരിഹാരം മാത്രമേ ഉണ്ടായിട്ടുള്ളൂ. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകൾ ലഭ്യമാകുന്നില്ല.

4. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് (ഉദാ: ഇഷ്ടിക നിർമ്മാണത്തിനുള്ള കളിമണ്ണ്, പായ, കൂട്ടനെയ്ത്ത് ഇവയ്ക്കാവശ്യമായ കൈത ഓല, ഈറ മുതലായവ) ചില വ്യവസായങ്ങളുടെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു.

5. വ്യവസായം തുടങ്ങിയവർക്ക് സർക്കാരിൽ നിന്നുള്ള സഹായങ്ങൾ(സബ്സിഡി, ടാക്സ്ഒഴിവ് എന്നീ ആനുകൂല്യങ്ങൾ) യഥാസമയം ലഭ്യമാകുന്നില്ല.

6. ധനകാര്യസ്ഥാപനങ്ങളുടെ അനാവശ്യമായ സമീപനം(വായ്പ സംബന്ധിച്ച ജാമ്യം മുതലായ കാര്യങ്ങളിൽ)മൂലം വ്യവസായ മേഖല വളരുന്നു.

7. സംരംഭക പ്രശ്നങ്ങൾ

എ. പുതുതായി വ്യവസായം തുടങ്ങാൻ

ആഗ്രഹിക്കുന്നവർക് സാങ്കേതിക പരിജ്ഞാനം, മാനേജീരീയൽ കഴിവ് എന്നിവ നല്കുന്നതിനും പരിശിലനത്തിനും ആവശ്യമായ സംവിധാനമില്ല.

ബി. സംരംഭകർക്ക് മൂലധനവായ്പ സൗകര്യങ്ങൾ വേണ്ടതോതിലും വേണ്ട സമയത്തും ലഭ്യമാക്കുന്നില്ല.

സി. വിവിധ ലൈസൻസ്/ക്ലിയറൻസ് ലഭിക്കാൻ കാലതാമസം നേരിടുന്നു.

ഡി. പുതിയ വ്യവസായ പദ്ധതികൾ തെരഞ്ഞെടുക്കാനുള്ള മാർഗ്ഗ നിർദ്ദേശം ലഭിക്കുന്നില്ല.

ഇ. സ്ഥിതി വിവരക്കണക്കുകളുടെ അഭാവം ഉല്പാദന സാധ്യതകളെ പറ്റിയും വിപണന സാധ്യതകളെ പറ്റിയും അറിവില്ലായ്മ

എഫ്. യുവാക്കൾ/യുവതികൾക്ക് വൈറ്റ് കോളർ ജോലിയോടുള്ള ഭ്രമം.

ജി. വ്യവസായ സംരംഭത്തിന് ഉതകുന്ന തരത്തിലുള്ള വിദ്യാഭ്യാസ രീതിയുടെ അഭാവം. സ്വയം തൊഴിൽചെയ്യാനും റിസ്ക് ഏറ്റെടുക്കാനുമുള്ള വിമുഖത.

സാധ്യതകൾ

1 പഞ്ചായത്തിൽ വ്യവസായങ്ങൾ തുടങ്ങാൻ പറ്റിയ പശ്ചാത്തല സൗകര്യങ്ങളുള്ള (ജലലഭ്യത, ഗതാഗത സൗകര്യം, വൈദ്യുതി ലഭ്യത, വാർത്താ വിനിമയ സൗകര്യം മുതലായവ) സ്ഥലങ്ങൾ കണ്ടെത്തി മിനി വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക. ചൂരൽ, വടശ്ശേരി റോഡ് ബസ് സ്റ്റോപ്പിൽ നിന്നും ആലക്കാട്ടേക്കുള്ള റോഡിന്റെ ഇരുവശവും സ്ഥിതി ചെയ്യുന്ന സമതല ഭൂമി എന്നിവ ഇക്കാര്യത്തിൽ പരിഗണിക്കാ വുന്നതാണ്.

2. പഞ്ചായത്തിലോ സമീപ പ്രദേശത്തോ ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗ പ്പെടുത്തി തുടങ്ങാൻ സാധ്യതയുള്ള വ്യസായങ്ങൾ

എ. മെഷീൻകല്ല് കൊത്തൽ സഹകരണ മേഖലയിൽ

ബി. ക്ഷീരവ്യവസായം സഹകരണാടി സ്ഥാനത്തിൽ

സി. റബ്ബർ/റബ്ബർപാൽകൊണ്ടുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ചെറുതും വലുതുമായ വ്യവസായങ്ങൾ സഹകരണ മേഖലയിലും മറ്റും.

ഡി. ചക്ക, മാങ്ങ, കശുമാങ്ങ, നേന്ത്രപ്പഴം എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള പഴ സംസ്കരണ യൂനിറ്റുകൾ (ജാം, സ്കാഷ്, പഴച്ചാർ എന്നിവ ഉണ്ടാക്കുന്നവ).

ഇ. അടയ്ക്ക, കുരുമുളക് എന്നിവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ

എഫ്. തെങ്ങ്, തേങ്ങ എന്നവയുമായിബന്ധപ്പെട്ട വ്യവസായങ്ങൾ(സോപ്പ്, കാലിത്തിറ്റ, കോഴിത്തീറ്റ, കയർമാറ്റ്സ്, തേങ്ങാപൊടി, ക്രീം, തേങ്ങ, ചോക്ലേറ്റ്, റീഫൈൻഡ് വെളിച്ചെണ്ണ, തെങ്ങിൻതടികൊണ്ടുള്ള ഫർണ്ണിച്ചറും കെട്ടിട സാമഗ്രികളും തൊണ്ട് സംസ്കരണം, ചകിരി ഉല്പന്നങ്ങൾ മുതലായവ)

ജി. അവൽ ഉണ്ടാക്കൽ

എച്ച്. കശുവണ്ടി സംസ്കരണം

ഐ. ബേക്കറി ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും

ജെ. ചൂരലിൽ പ്രവർത്തിക്കുന്ന നവധാര ഡീഫൈബറിംഗ് ഇൻഡസ്ട്രീസിൽനിന്ന് പുറത്തുവിടുന്ന ചികിരിച്ചോർ ഉപയോഗിച്ച് ജൈവവള നിർമ്മാണം.

3. സ്ഥിരമായും വേണ്ടതോതിലും വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുക. പുതിയ വ്യവസായങ്ങൾ തുടങ്ങുമ്പോൾ വൈദ്യുതി കണക്ഷൻഉടൻ ലഭ്യമാക്കുക.

4. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഖാദികേന്ദ്രങ്ങളിൽ ഉപവ്യവസായമായി സോപ്പ്, തീപ്പെട്ടി, മെഴുകുതിരി, ചന്ദനത്തിരി, അച്ചാർ എന്നിവ നിർമ്മിക്കുക.

5. നിലവിലുള്ള വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ പഞ്ചായത്തിൽ ലഭ്യമാകുന്ന വിഭവങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന അനുബന്ധ വ്യവസായങ്ങൾ തുടങ്ങുക.

6. സ്വയം തൊഴിൽകണ്ടെത്താൻ ആഗ്രഹിക്കുന്നവർക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങളും പ്രോത്സാഹനങ്ങളും നല്കുക.

7. സഹകരണ മേഖലയിൽ വിവിധ വ്യവസായങ്ങൾ ആരംഭിക്കുക.

8. വ്യവസായ സംരംഭകർക്ക് വേണ്ട സാങ്കേതിക പരിജ്ഞാനം മാനേജ്മെന്റ് തുടങ്ങിയവ പരിശീലിപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ബ്ലോക്ക് തലങ്ങളിലെങ്കിലും ആരംഭിക്കുക.

9. വ്യവസായ സംരംഭകർക്ക് സബ്സിഡി, വായ്പ സൗകര്യങ്ങൾ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുക

10. ഉല്പാദന സാധ്യതകളെകുറിച്ചും വിപണന സാധ്യതകളെകുറിച്ചും അറിവ് പകരുന്ന ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കുക.

11. തൊഴിൽ വൈദഗദ്ധ്യ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക.

12. ജനവാസമില്ലാത്ത സ്ഥലങ്ങൾ (സർക്കാർ വകയും അല്ലാത്തവയുമായ പുറമ്പോക്ക് സ്ഥലങ്ങൾ) വ്യാവസായിക മേഖലയായി പ്രഖ്യാപിച്ച് വ്യവസായ ആവശ്യത്തിനായി റിസർവ് ചെയ്യുക. (ഉദാ:കുറുക്കൂട്ടി, കൂട്ടപ്പുന്ന, കരിയാപ്പ്, പായ്യം, കുറുക്കനാട് വൈപ്പിരിയം, മുക്കാലിപ്പാറ, നെല്ലിയാട് തുടങ്ങിയവ)

13. പ്രാദേശിക വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം നല്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് പഞ്ചായത്തിലെ ജനപ്രതിനിധികൾ, വ്യവസായികൾ, ഉദ്യോഗസ്ഥർ(വ്യവസായം, ഗ്രാമവികസനം, വൈദ്യുതി മേഖലകളിലെ)എന്നിവർ ഉൾകൊളളുന്ന വ്യവസായ വികസന സമിതി രൂപീകരിക്കുക.

14. സെമിനാറുകൾ, പ്രദർശനങ്ങൾ, ചലച്ചിത്ര പ്രദർശനങ്ങൾ എന്നിവയിലൂടെ ഉത്പാദനരംഗത്തെ വിവിധ സാധ്യതകളേകുറിച്ച് പൊതുജനങ്ങൾക്ക് അറിവ് നല്കുക.

15. പുതുതായി ആരംഭിക്കാവുന്ന വ്യവസായങ്ങൾ

- ഗാർമെൻറ് മേക്കിംഗ്(സ്ത്രീകൾക്ക് സഹകരണ മേഖലയിൽ).
- സോഫാ കം ബെഡ് നിർമ്മാണം
- പപ്പട നിർമ്മാണം
- കരകൗശല വസ്തുക്കളുടെ നിർമ്മാണം
- പട്ടുനൂൽ വ്യവസായം
- ആയുർവേദ ഔഷധങ്ങളുടെ നിർമ്മാണവും വിപണനവും
- പ്ലൈവുഡ് നിർമ്മാണം
- പെയിൻറ് നിർമാണം
- ചൈനാക്ലേ ഖനനവും വ്യവസായവും
- സ്റ്റീൽ ഫർണ്ണിച്ചർ നിർമ്മാണം
- അലൂമിനിയം ഫാബ്രിക്കേഷൻ
- റോളിംഗ് ഷട്ടർ നിർമ്മാണം
- ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് ആൻറ് സർവീസിംഗ് സെൻറർ

വിദ്യാഭ്യാസം

ചീമേനി പഞ്ചായത്ത്
വാർഡ് നമ്പർ I
വാർഡ് നമ്പർ II
വാർഡ് നമ്പർ III
കൂടേവെല്ലി
വാർഡ് നമ്പർ IV
വാർഡ് നമ്പർ V
വടകുഞ്ഞനി
വാർഡ് നമ്പർ VI
വാർഡ് നമ്പർ VII
വാർഡ് നമ്പർ VIII
കാലിച്ചാനം
വാർഡ് നമ്പർ IX
പയ്യന്നൂർ മുൻസിപ്പാലിറ്റി
കയ്യൂർ ചീമേനി പഞ്ചായത്ത്
AUPS
GLPS
ALPS
HS

വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് വളരെക്കാലത്തെ പ്രവർത്തന പാരമ്പര്യമുള്ള പ്രദേശമാണ് കാങ്കോൽ ആലപ്പടമ്പ ഗ്രാമ പഞ്ചായത്ത്. വൈദേശിക ഭരണത്തിനെതിരെ രൂപംകൊണ്ട ദേശീയ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സഹായിച്ചിട്ടുണ്ട്. സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ വളർച്ചയിലും വിദ്യാഭ്യാസം പശ്ചാത്തലമൊരുക്കി.

സവർണ്ണർ അവരുടെ കുടുംബാംഗങ്ങൾക്ക് വിദ്യാഭ്യാസം നല്കുന്നതിനുവേണ്ടി ആരംഭിച്ച വിദ്യാകേന്ദ്രങ്ങൾ പിന്നീട് സമൂഹത്തിന്റെ വിവിധതട്ടുകളിൽപെട്ട ആളുകൾക്ക് അക്ഷരാഭ്യാസം നേടുന്നതിന് സഹായകരമായി. വേദേതിഹാസങ്ങളിലും, വൈദ്യം, വിഷവൈദ്യം, ജ്യോതിഷം, തച്ചുശാസ്ത്രം എന്നീ മേഖലകളിലും പ്രാവീണ്യം നേടിയ ഏതാനും വ്യക്തികളും ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്നു. അവരുടെ സിദ്ധികൾ വാമൊഴിയായും വരമൊഴിയായും പിൻതലമുറക്ക് പകർന്നുകൊടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് തന്നെ നിരവധി അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പ്രവർത്തിച്ചിരുന്നു. കാങ്കോൽ പ്രദേശത്ത് അനൗപചാരിക വിദ്യാഭ്യാസ ചരിത്രത്തിലെ ആദ്യസംരംഭം കണ്ടയംകൊവ്വലിൽ ഇന്നത്തെ ഹെൽത്ത് സെന്ററിന് സമീപം ആരംഭിച്ച വിദ്യാകേന്ദ്രമാണ്. ഇതിന് നേതൃത്വം നല്കിയവർ ശ്രീ. സി.കെ. നാരായണൻ നായർ, മഞ്ഞകുഞ്ഞിരാമ പൊതുവാൾ എന്നിവരായിരുന്നു. തുടർന്ന് കാങ്കോൽ അമ്പലത്തിന് തെക്ക് ഭാഗത്ത് വലിയചാൽ വീട്ടുകാരുടെ വകയായി ഒരു വിദ്യാകേന്ദ്രം തുടങ്ങി. ആലപ്പടമ്പിൽ എരിഞ്ഞിക്കീഴിൽ, എയ്യൻതൊട്ടി എന്നീ സ്ഥലങ്ങളിലും വിദ്യാകേന്ദ്രങ്ങൾ നിലനിന്നിരുന്നു. ആലപ്പടമ്പ് തിടിയിൽ കൈപ്രത്ത് കമ്മാരനെഴുത്തച്ഛനും കൂട്ടപ്പുന്നയിൽ പൊന്നരിയൻ ശിപായിയും അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം നടത്തി. കൂടാതെ തെക്കെ മഠത്തിൽ യശ്ശ:ശരീരനായ വിഷ്ണുശർമ്മയുടെ മേൽനോട്ടത്തിൽ ഒരു പാഠശാലയും ദീർഘകാലം പ്രവർത്തിച്ചിരുന്നു. വടവന്തൂരിൽ ടി.കെ. രാമർ ഗുരുക്കളുടെ സേവനവും ഇക്കാര്യത്തിൽ പ്രശംസാർഹമാണ്. ജാതിയിൽ കണിയാനായി എന്നതുകൊണ്ട് ഇദ്ദേഹത്തിന്റെ സംരംഭത്തിന് സവർണ്ണ ജാതിയിൽപെട്ട ആളുകളിൽനിന്ന് ഏറെ പരിഹാസം ഏറ്റുവാങ്ങേണ്ടിവന്നിട്ടുണ്ട്. "കണിയാന്റെ അക്ഷരം പഠിക്കുന്നതിലും ഭേദം നമ്പൂതിരിയുടെ കാലിയെ നോക്കുന്നതാണ്", എന്ന് പറഞ്ഞുകൊണ്ട് സവർണ്ണ വിഭാഗത്തിൽ പെട്ട ആളുകളിൽ ചിലർ മാറിനിന്നത് ഇതിനുദാഹരണമാണ്. ഔപചാരിക വിദ്യാലയങ്ങൾ പഞ്ചായത്തിൽ നിലവിൽവരുന്നതിന് മുമ്പ്തന്നെ ഈ പ്രദേശങ്ങളിലെ ചിലർ വിദൂര സ്ഥലങ്ങളിലുള്ള വിദ്യാലയങ്ങളിൽ ചേർന്ന് പഠിച്ച് ഉന്നത സ്ഥാനങ്ങളിൽ എത്തിച്ചേർന്നിരുന്നു. പയ്യന്നൂർ ഗവ:ഹൈസ്കൂളിലെ ആദ്യത്തെ ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ച തെക്കെമഠത്തിൽ വിഷ്ണു നമ്പീശനാണ് ഈ പ്രദേശത്തെ ആദ്യത്തെ ബിരുദാനന്തര ബിരുദധാരി. ഇദ്ദേഹം മദ്രാസ് പ്രസിഡൻസിയിൽ എം.എ. ഒന്നാം റാങ്കോടെ പാസായി.

അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമൂഹത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രസക്തി ബോധ്യപ്പെടുത്തുകയും തുടർന്ന് ഔപചാരിക വിദ്യാ

കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പ്രേരകമായി വർത്തിക്കുകയും ചെയ്തു.

പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനമായ കാങ്കോൽ എ.എൽ.പി. സ്കൂൾ സ്ഥാപിച്ചത് 1915ലാണ്. ഇതിന് നേതൃത്വം നല്കിയത് പനയന്തട്ട വലിയച്ചാൽവീട്ടിൽ അനന്തൻനമ്പ്യാർ, നാരായണൻ നമ്പ്യാർ, ഗോവിന്ദൻ നമ്പ്യാർ എന്നിവരാണ്. വിദ്യാഭ്യാസത്തിനായി പഞ്ചായത്തിന്റെ നാനാഭാഗങ്ങളിലുള്ള ആളുകൾ ഈ സ്ഥാപനത്തെ ആശ്രയിച്ചു.

തുടർന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ എ.എൽപി.സ്കൂൾ വടശ്ശേരി(1926) വിഷ്ണുശർമ എ.എൽപി. സ്കൂൾ കുറുവേലി(1927)എസ്.വി.എൽ.പി. സ്കൂൾ ആലക്കാട്(1934) എന്നിവയും ആരംഭിച്ചു.

അനൗപചാരിക വിദ്യാകേന്ദ്രങ്ങളായ വായനശാലകൾ, ഗ്രന്ഥാലയങ്ങൾ, നാടകസംഘങ്ങൾ, കർഷക പ്രസ്ഥാനങ്ങൾ ഇവ വിദ്യാഭ്യാസ പ്രേരക ശക്തിയായി വർത്തിച്ചിരുന്നു.

ലോവർ പ്രൈമറി വിദ്യാഭ്യാസ രംഗത്ത് മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ആദ്യത്തെ സംരംഭം യശ:ശരീരനായ പി. ബാലൻമാസ്റ്റർ അദ്ധ്യാകനായി കുണ്ടയംകൊവ്വൽ വായനശാലയിൽ ആരംഭിച്ച ഏകാദ്ധ്യാപക വിദ്യാലയമാണ്.

ലോവർ പ്രൈമറി വിദ്യാഭ്യാസത്തിന് ശേഷം ഉപരിപഠനത്തിനായി അക്കാലത്ത് കരിവെള്ളൂർ മാന്യഗുരു ഹയർ എലിമെൻററി സ്കൂളിനേയും പയ്യന്നൂർ ബോർഡ് ഹൈസ്കൂളിനേയും ആണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. വർദ്ധിച്ച തോതിലുള്ള ഫീസും യാത്രക്കുള്ള അസൗകര്യങ്ങളും ഉപരിപഠനത്തിന് തടസം സൃഷ്ടിച്ചു. ഈ പരിത സ്ഥിതിയിൽ സാമൂഹ്യവിദ്യാഭ്യാസ മണ്ഡലങ്ങളിൽ കർമ്മനിരതനായിരുന്ന ശ്രീ. പി. നാരായണൻ നായർ സ്വയം പ്രചോദിതനായി ഒരു ഹയർ എലിമെൻററി സ്കൂൾ ആലക്കാട് പ്രദേശത്ത് സ്ഥാപിച്ചു. (1938). ഇത് നാട്ടുകാർക്ക് വലിയൊരനുഗ്രഹമായി. ഈ സ്കൂളിന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ ഉള്ളവർക്ക് എന്നതിലുപരി മറ്റ് പ്രദേശങ്ങളിൽനിന്നുള്ള ആളുകൾക്ക് കൂടി ഉപരിപഠനത്തിന് ഏറെ സഹായകമായി.

വിദ്യാഭ്യാസരംഗത്തുണ്ടായ പുരോഗതി നാടിന്റെ സാമൂഹ്യ-,സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ അത്ഭുതാവഹമായ ചലനങ്ങൾ സൃഷ്ടിക്കുന്നതിന് കാരണമായി. 1946 കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് കർഷകപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതിന്റെ ഫലമായി സർവശ്രീ പി. നാരായണൻ മാസ്റ്റർ, എം.എസ്. നമ്പൂതിരി, എം.പി. രാഘവൻ നമ്പ്യാർ, ടി.എം. പരമേശ്വരൻ നമ്പീശൻ എന്നിവരുടെ സർട്ടിഫിക്കറ്റുകൾ സസ്പെൻറ് ചെയ്യുകയും ജയിൽവാസം അനുഭവിക്കുകയും ചെയ്തു.

നമ്മുടെ പഞ്ചായത്തിന്റെ സർവതോന്മുഖമായ പുരോഗതിക്കുവേണ്ടി എന്നും പ്രവർത്തിക്കുകയും ദീർഘകാലം പഞ്ചായത്തിന്റെ പ്രസിഡണ്ടായിരിക്കുകയും ചെയ്ത ശ്രീ. എം.വി.എം കുഞ്ഞിവിഷ്ണു നമ്പീശന്റെ മാനേജ്മെൻറിലുള്ള ഹയർ എലിമെൻററി സ്കൂൾ-മാത്തിൽ, സർക്കാരിലേക്ക് വിട്ടുകൊടുക്കുന്ന തോടുകൂടിയാണ് ഈ പഞ്ചായത്തിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത്. 1957ൽ നിലവിൽ വന്ന സർക്കാരാണ് ഹൈസ്കൂൾ അനുവദിച്ചത്. ഈ സംരംഭത്തിൽ ശ്രീ. നമ്പീശന്റെ ത്യാഗമനോഭാവം സർവാദരണീയമാണ്. ഹയർ എലിമെൻററി സ്കൂളിലെ പ്രാഥമഹെഡ്മാസ്റ്റർ ശ്രീ.ഏ.കെ. ബാലകൃഷ്ണൻ നമ്പ്യാരും പിന്നീട് ഹൈസ്കൂളായി ഉയർത്തപ്പെട്ടപ്പോൾ ആദ്യഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ചത് ശ്രീ. പി.ഒ. ചാത്തുക്കുട്ടി നമ്പ്യാരായിരുന്നു.

ഈ പഞ്ചായത്തിൽ ഒരു ഹൈസ്കൂളും രണ്ട് യു.പി.സ്കൂളുകളും ഏഴ് എൽ.പി. സ്കൂളുകളുമുണ്ട്. 16426 ഓളം ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ ചെറുതും വലുതുമായ 10 വിദ്യാലയങ്ങളിലായി 3229 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. അദ്ധ്യാപകരുടെ എണ്ണം 119 ആണ്. പട്ടിക.1(എ).1(ബി).1.(സി)

പട്ടിക.1(എ)

വിദ്യാർത്ഥികൾ, അദ്ധ്യാപകർ

നമ്പർ	സ്കൂളിന്റെ പേര്	മാനേജ് മെൻറ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	ജി.എച്ച്.എസ്. മാത്തിൽ	ഗവ:	737	707	1444	35	13	48
2	ജി.എൽ.പി.എസ്. വലിയചാൽ	,,	67	85	152	4	2	6
3	ജി.എൽ.പി.എസ് ചൂരൽ	,,	40	45	85	3	–	3
4	എൻ.എൻ.എസ്.യു.പി.എസ് ആലക്കാട്	എയ്ഡഡ്	176	175	351	7	9	16
5	എ.യു.പി.എസ് ഏറ്റുകുടുക്ക	,,	194	156	350	9	6	15
6	ഡി.എസ്.എൽ.പി.എസ് ആലക്കാട്	,,	49	53	102	2	2	4
7	എസ്.വി.എൽ.പി.എസ്. ആലക്കാട്	,,	77	70	147	3	2	5
8	എ.എൽ.പി.എസ് കാങ്കോൽ	,,	130	113	243	4	6	10
9	എ.എൽ.പി.എസ് വടശ്ശേരി	,,	51	63	114	1	3	4
10	വി.എസ്.എൽ.പി.എസ്. കുറുവേലി	,,	144	101	245	3	5	8
	ആകെ	,,	1665	1564	3229	71	48	119

പട്ടിക.1(ബി)

അവലംബം സ്കൂൾ കലണ്ടർ

എൽ.പി., യു.പി., എച്ച്.എസ് വിഭാഗത്തിലെ പെൺകുട്ടികളുടെ വിവരം

ആകെ വിദ്യാർത്ഥികൾ	എൽ.പി.			യു.പി.			എച്ച്.എസ്		
	ആൺ	പെൺ	പെൺ%	ആൺ	പെൺ	പെൺ%	ആൺ	പെൺ	പെൺ%
3229	627	592	49	509	473	48	529	499	49

പട്ടിക.1(സി)

പട്ടികജാതി-പട്ടിക വിഭാഗക്കാരുടെ കണക്ക്

എൽ.പി			യു.പി			ഹൈസ്കൂൾ		
ആകെ	എസ്.സി./ എസ്.ടി	%	ആകെ	എസ്.സി./ എസ്.ടി	%	ആകെ	എസ്.സി./ എസ്.ടി	%
1219	79	6.5	982	56	6	1028	48	5

ആകെയുള്ള സ്കൂളുകളിൽ മൂന്ന് എണ്ണം മാത്രമാണ് സർക്കാർ വിദ്യാലയങ്ങൾ. മൊത്തം അദ്ധ്യാപരിൽ 48%വും വിദ്യാർത്ഥികളിൽ 52%വും ഇവയിലാണ്.

പട്ടിക. 2

ഗവ:സ്കൂളിലെ അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും വിവരം

ആകെ അദ്ധ്യാപകർ	ഗവ:വിദ്യാലയങ്ങളിലെ അദ്ധ്യാപകർ	ശതമാനം	ആകെ അദ്ധ്യാപകർ	ഗവ:വിദ്യാലയങ്ങളിലെ അദ്ധ്യാപകർ	ശതമാനം
119	57	48	3229	1677	52

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിലില്ല. പരിമിതമായ സൗകര്യങ്ങൾക്കത്തു നിന്നുകൊണ്ടാണെങ്കിൽ പോലും എസ്.എസ്.എൽ.സി. പരീക്ഷയിൽ മോശമല്ലാത്ത വിജയം ഉണ്ടാക്കാൻ പഞ്ചായത്തിലെ ഏക ഹൈസ്കൂളിന് കഴിഞ്ഞിട്ടുണ്ട്. പഠനത്തെ ദോഷകരമായി ബാധിച്ചിരുന്ന ഷിഫ്റ്റ് സമ്പ്രദായം പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തോടെ മാറ്റിയെടുക്കാൻ

സാധിച്ചിട്ടുണ്ട്.

1991-92 മുതൽ 1995-96വരെയുള്ള വർഷങ്ങളിലെ എസ്.എസ്.എൽ.സി. വിജയശതമാനവും 1996-97ലെ പാദവാർഷിക പരീക്ഷക്ക് മൂന്ന് മുതൽ പാത്താം ക്ലാസുവരെ വിദ്യാർത്ഥികൾക്ക് ലഭിച്ച മാർക്കും പട്ടികയായി ചേർക്കുന്നു.

പട്ടിക. 3

സ്കൂൾ	വരഷം - വിജയശതമാനം				
	1991-92	1992-93	1993-94	1994-95	1995-96
ജി.എച്ച്എസ്. മാത്തിൽ	78%	74%	63%	61%	60%

പട്ടിക. 4

1996-97 പാദവാർഷിക പരീക്ഷ - മാർക്ക്

ക്ലാസുകൾ	30%ത്തിൽ താഴെ	30%-40%	40%-50%	50%-60	60ന് മുകളിൽ
3	47	25	47	59	134
4	33	25	44	67	171
5	41	50	34	49	97
6	56	103	76	45	53
7	47	89	71	59	85
8	147	93	49	38	32
9	108	113	61	41	42
10	144	62	30	24	38

ഉയർന്ന ക്ലാസുകളിലേക്ക് പോകുംതോറും കുട്ടികളുടെ നിലവാരം കുറഞ്ഞുവരുന്നതായി കാണുന്നു.

മേൽ പട്ടിക പ്രകാരം 6, 8 ക്ലാസുകളിലാണ് കുട്ടികൾ പഠനനിലവാരത്തിൽ പിറകോട്ട് പോകുന്നതായി കാണുന്നത്. വിദ്യാർത്ഥികളുടെ പൂർവ സംസ്കാരവുമായി പൊരുത്തപ്പെടാത്തവിധം സിലബസിൽ നിലനിൽക്കുന്ന ഉയർന്ന നിലവാരവും രക്ഷിതാക്കളുടെ പരിമിതിയും ഇതിന്റെ കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം ഉപരിപഠനത്തിനായി പയ്യന്നൂർ കോളേജും വനിതാ പോളി ടെക്നികും ഒരു ചെറിയ വിഭാഗത്തിന് മാത്രമേ സഹായകരമാകുന്നുള്ളൂ. ബാക്കിയുള്ളവർ പാരലൽ കോളേജുകളേയും മറ്റ് പ്രദേശങ്ങളിലെ തൊഴിലധിഷ്ഠിത കോഴ്സുകളേയും ആശ്രയിക്കുന്നു.

പട്ടിക.

പഞ്ചായത്തിലെ ഉന്നത വിദ്യാഭ്യാസം നേടിയവരുടെ എണ്ണം

1	2	3	4	5	6	7	8	9	10	11	12
പ്രീഡിഗ്രി	ബിരുദം	ബിരുദാനന്തര ബിരുദം	സർട്ടിഫിക്കറ്റ് കോഴ്സ്	ഡിപ്ലോമ	എഞ്ചിനീയറിംഗ് ഡിഗ്രി	മെഡിക്കൽ	നിയമ ബിരുദം	ടി.ടി.സി	ബി.എഡ്	സി.പി.എസ്, ബി.പി.എസ്	മൊത്തം അദ്ധ്യാപകർ
1410	651	94	180	174	27	18	6	190	125	8	197

ഈ പഞ്ചായത്തിൽ നാല് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഷോർട്ട് ഹാൻറ് പഠനവും ഇതോടനുബന്ധിച്ച് നടക്കുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികളിലാണ് പ്രീ പ്രൈമറി തലത്തിലുള്ള പഠനം നടക്കുന്നത്.

മറ്റിടങ്ങളിൽനിന്ന് വ്യത്യസ്തമായ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വ്യാപനം കുറവാണെങ്കിലും ഈ വിഭാഗത്തിൽപെട്ട ഒരെണ്ണം കാങ്കോലിൽ അവലംബം സാമൂഹ്യക്ഷേമ സർവേ പ്രവത്തിക്കുന്നുണ്ട്. 16 അംഗൻവാടികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

മുസ്ലിംകളുടെ മതപഠനശാലയായ മദ്രസ നാലെണ്ണം പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ സ്കൂളുകളിലെ അദ്ധ്യാപകരിൽ ഭൂരിഭാഗവും തദ്ദേശീയരാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കൊഴിഞ്ഞുപോക്ക് താരതമ്യേന കുറവാണെന്ന് പറയാം. എല്ലാ സ്കൂളുകളിലും പി.ടി.എ., മദർ പി.ടി.എ.

എന്നിവ പ്രവർത്തിക്കുന്നുണ്ട്. 1991ൽ നടന്ന സാക്ഷരതാ പ്രവർത്തനത്തിൽ പഞ്ചായത്ത്-ജില്ലയിൽ തന്നെ രണ്ടാം സ്ഥാനം നേടിയിരുന്നു. തുടർ സാക്ഷരത നിലനിർത്താൻ കഴിയാത്തിതിന്റെ ഫലമായി നവസാക്ഷരർ ക്രമേണ നിരക്ഷരതയിലേക്ക് നീങ്ങുന്നു.

പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഹൈസ്കൂളിന്റെ നേതൃത്വത്തിൽ സ്കൂൾ കോംപ്ലക്സ് രൂപീകരിച്ച് പ്രവർത്തിച്ച്വരുന്നു. ഭൗതിക സാഹചര്യത്തിന്റെ അഭാവം ചില മാനേജ്മെൻറ് സ്കൂളുകളുടെ പഠന നിലവാരത്തെ സാരമായി ബാധിക്കുന്നുണ്ട്. അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവരുടെ സംയോജിതമായ പ്രവർത്തനം ഇക്കാര്യം പരിഹരിക്കുന്നതിന് ഉണ്ടാകേണ്ടതാണ്. പഠനം പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ സ്കൂളുകളിൽ എൻഡോവ്മെൻറുകളും ഏർപ്പെടുത്തുയുട്ടുണ്ട്.

പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകരുടെ സർവേ റിപ്പോർട്ടും ഗ്രാമ സഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും അവലംബിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. വിദ്യാഭ്യാസ നിലവാരം, ഭൗതിക സാഹചര്യങ്ങൾ, സൗകര്യങ്ങൾ എന്നീ കാര്യങ്ങളെകുറിച്ച് ഗ്രാമ സഭകളിൽ സജീവമായി ചർച്ച ചെയ്തു. കൂടാതെ പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കാതിരിക്കുക, അദ്ധ്യാപക-വിദ്യാർഥി അനുപാതം, അദ്ധ്യാപക രക്ഷാകർതൃ സമിതി, ഉച്ചക്കഞ്ഞി, പുതിയ സ്കൂളുകളുടെ ആവശ്യകത, സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യൽ, കൂട്ട ക്ലാസ് കയറ്റം, അദ്ധ്യാപകരുടെ പുന:പരിശീലനം, മാസാന്ത്യ പരീക്ഷകൾ, മൂല്യനിർണ്ണയം, പാഠ്യേതര പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ചും ഗ്രാമസഭകളിൽ ചർച്ച നടന്നു.

വിദ്യാലയങ്ങളിൽ അക്കദമിക് സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. പാഠപുസ്തകത്തിൽ മാത്രം അഭയം കണ്ടെത്തുന്ന വിദ്യാർത്ഥികൾക്ക് ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി പഠനനിലവാരം മെച്ചപ്പെടുന്നതുന്നതിന് സഹായിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ മൂത്രപ്പുരകളില്ലാത്ത രണ്ട് സ്കൂളുകളും കക്കൂസ് ഇല്ലാത്ത അഞ്ചും വൈദ്യുതി ഇല്ലാത്ത ഏഴും സ്കൂളുകളുണ്ട്.

പട്ടിക. 6

ഭൗതിക സാഹചര്യങ്ങൾ

നമ്പർ	സ്കൂൾ	സ്ഥാപിച്ച വർഷം	വിദ്യാർത്ഥികൾ	അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1	ജി.എച്ച്.എസ്.മാത്തിൽ	1957	1440	48	4	6	ഉണ്ട്	ഉണ്ട്
2	ജി.എൽ.പി.എസ്. വലിയചാൽ	1956	152	6	1	1	,,	ഇല്ല
3	ജി.എൽ.പി.എസ് ചൂരൽ	1980	85	3	1	1	,,	,,
4	എൻ.എൻ.എസ്.യു.പി.എസ് ആലക്കാട്	1958	351	16	2	1	,,	ഉണ്ട്
5	എ.യു.പി.എസ്. ഏറ്റുകുടുക്ക	1946	350	15	ഇല്ല	ഇല്ല	,,	,,
6	ഡി.എസ്.എൽ.പി.എസ്. ആലക്കാട്	1966	102	4	2	,,	ഇല്ല	ഇല്ല
7	എസ്.വി.എൽ.പി.എസ് ആലക്കാട്	1934	147	5	1	1	ഉണ്ട്	,,
8	എ.എൽ.പി.എസ്.കാങ്കോൽ	1915	243	10	2	ഇല്ല	ഉണ്ട്	,,
9	എ.എൽ.പി.എസ്. വടശ്ശേരി	1926	114	4	1	,,	,,	,,
10	വി.എസ്.എൽ.പി.എസ് കുറുവേലി	1927	245	8	ഇല്ല	,,	,,	,,

ദൃശ്യമാധ്യമങ്ങളുടെ വ്യാപനം വിദ്യാർത്ഥികളുടെ പഠനനിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കുട്ടികളിൽ ശാസ്ത്രബോധവും വായനാശീലവും വളർത്തുന്ന ശാസ്ത്ര മാസികകളായ യുറിക്കയും ശാസ്ത്ര കേരളവും യഥാക്രമം 187ഉം 25ഉം പഞ്ചായത്തിൽ പ്രചരിപ്പിക്കുന്നുണ്ട്. പരീക്ഷാ സമ്പ്രദായത്തിൽ കാതലായ മറ്റം വരുത്തുന്നതിന് വേണ്ടി ശാസ്ത്ര സാഹിത്യ പരിഷത്ത് നടത്തിവരുന്ന വിജ്ഞാനോത്സവം വർദ്ധിച്ച പങ്കാളിത്തത്തോടെ നടത്തിവരുന്നു.

പ്രശ്നങ്ങൾ ഒറ്റനോട്ടത്തിൽ

1. പ്രീ- പ്രൈമറി

1. ഔപചാരിക വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കാനുതകുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങൾ പഞ്ചായത്തിൽ വേണ്ടത്ര ഇല്ല. ഉള്ളവയിൽതന്നെ മിക്കതിലും കുട്ടുകളുടെ മാനസിക നിലവാരത്തിനനുസരിച്ച പ്രവർത്തനരീതിയല്ല അനുവർത്തിക്കുന്നത്.

2. പ്രീ-പ്രൈമറി വിദ്യാഭ്യാസം സംബന്ധിച്ച് രക്ഷിതാക്കളിലുള്ള ധാരണക്കുറവ്

3. സ്ഥാപനത്തിലുള്ള ഭൗതികസാഹചര്യങ്ങളുടെ അഭാവം

4. പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള വിഭവ ന്യൂനത

2. പൊതു-വിദ്യാഭ്യാസം

1. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അഭാവം

2. രക്ഷിതാക്കളുടെ താല്പര്യക്കുറവ് കുട്ടികളുടെ പഠനനിലവാരത്തെ ബാധിക്കുന്നു.

3. പി.ടി.എ., മാതൃസംഘം തുടങ്ങിയ സമിതികൾ ശക്തമല്ല

4. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വിദ്യാലയങ്ങളും സ്വകാര്യമേഖലയിലാണ്. അദ്ധ്യാപക നിയമനാധികാരവും സ്കൂൾ സംരക്ഷണവും മാനേജരിൽ അധിഷ്ഠിതമായതുകൊണ്ട് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളിലും മറ്റും നാട്ടുകാർ വേണ്ടത്ര താല്പര്യം കാട്ടുന്നില്ല.

5. പാഠപുസ്തകങ്ങളുടെ അമിതവലിപ്പവും ഉള്ളടക്കവും അവ യഥാസമയം ലഭ്യമാക്കാത്തതും പഠന നിലവാരത്തെ ബാധിക്കുന്നു.

6. ബോധന പഠന പ്രവർത്തനങ്ങൾ പരീക്ഷാ കേന്ദ്രീകൃതമാണ്.

7. ഇന്നത്തെ ക്ലാസ് കയറ്റ സമ്പ്രദായം പഠനനിലവാരത്തെ ബാധിക്കുന്നു.

8. സാമ്പത്തിക പരാധീനത പാഠ്യേതര പ്രവർത്തനങ്ങളെ ബാധിക്കുന്നു.

9. സർക്കാർ സ്കൂളിലെ അദ്ധ്യാപക ഒഴിവുകൾ യഥാസമയം നികത്തുന്നില്ല

9. പ്രൈമറി ഹെഡ്മാസ്റ്റർമാർക്ക് സ്കൂൾ ഭരണച്ചുമതലയുള്ളതുകൊണ്ട് അക്കാദമിക് പ്രവർത്തനങ്ങളിൽ വേണ്ടവിധം ശ്രദ്ധിക്കാൻ സാധിക്കുന്നില്ല.

10. ഒറ്റപ്പെട്ട പ്രദേശങ്ങളിൽ നിന്നും വിദ്യാലയങ്ങളിലേക്കുള്ള ഗതാഗത സൗകര്യം വേണ്ടത്രയില്ല.

11. പ്രൈമറി ക്ലാസുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പഠന നിലവാരത്തെ ബാധിക്കുന്നു.

12. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ വേണ്ടത്ര ജനപങ്കാളിത്തമില്ലായ്മ

13. വോൾട്ടേജ്ക്ഷാമം കുട്ടികളുടെ പഠനത്തെ ബാധിക്കുന്നു.

14. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ അതിപ്രസരം.

15. മുഴുവൻ കുട്ടികൾക്കും ഉച്ചക്കഞ്ഞി ലഭ്യമല്ല.

3. ഉന്നത വിദ്യാഭ്യാസം

1. പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇല്ല

2. ഉന്നത വിദ്യാഭ്യാസം എന്നത് കോളേജ്വിദ്യാഭ്യാസം മാത്രമായി കരുതപ്പെടുന്നു.

3. റഗുലർ കോളേജുകളിൽ പരിമിതമായ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം ലഭിക്കുന്നുള്ളു.

4. പാരലൽ കോളേജുകളിലെ വമ്പിച്ച ഫീസ് നിരക്കും യാത്രാ ക്ലേശവും.

4. അനൗപചാരിക വിദ്യാഭ്യാസം

1. സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടികളുടെ അഭാവം

2. ആവശ്യമായത്ര ഗ്രന്ഥാലയങ്ങൾ പഞ്ചായത്തിലില്ല. ഉള്ളവയിൽതന്നെ ഭൗതിക സാഹചര്യങ്ങൾ കുറവാണ്.

3. ജനവിദ്യാകേന്ദ്രങ്ങളുടെ അപര്യാപ്തത, ഉള്ളവയുടെ നിർജീവത.

നിർദ്ദേശങ്ങൾ

1. എല്ലാ പ്രാഥമിക വിദ്യാലയങ്ങളോടും

അനുബന്ധിച്ച് പ്രീ-പ്രൈമറി വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തുക.

2. സാഹചര്യങ്ങളും സാധ്യതകളും കണക്കിലെടുത്ത് ആവശ്യമുള്ളിടങ്ങളിൽ പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.

3. പ്രീ-പ്രൈമറി വിദ്യാലങ്ങൾക്ക് കെട്ടിങ്ങൾ അനുവദിക്കുക, ശാസ്ത്രീയബോധന രീതി അവലംബിക്കുക, കളിക്കോപ്പുകൾ ലഭ്യമാക്കുക.

4. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തുക.

5. ജനപങ്കാളിത്തത്തോടെ എല്ലാ കുട്ടികൾക്കും ഉച്ചക്കഞ്ഞി വിതരണം നടത്തുക.

6. വർഷാരംഭത്തിൽതന്നെ വിദ്യാലയങ്ങളിൽ അദ്ധ്യാപക ഒഴിവുകൾ നികത്തുകയും പാഠപുസ്തകങ്ങൾ എത്തിക്കുകയും ചെയ്യുക.

7. പി.ടി.എ., മദർ പി.ടി.എ എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തി മാസത്തിലൊരിക്കലെങ്കിലും വിളിച്ചുചേർത്ത് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിലിയിരുത്തുക.

8. സ്കൂളുകളിലെ ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ കാര്യക്ഷമമാക്കുക.

9. കായിക വിദ്യാഭ്യാസം നിർബന്ധമാക്കുക.

10: പ്രവർത്തിപരിചയ ക്ലാസുകൾ വേണ്ടവിധ പ്രയോജനപ്പെടുത്തുക.

11. സ്കൂളുകളിൽ കാർഷിക വിദ്യാഭ്യാസം നല്കി വിദ്യാർത്ഥികളെ കാർഷികമേഖലയിൽ താല്പര്യമുള്ളവരായി മാറ്റിയെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

12. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളേയും രക്ഷിതാക്കളെയും പൊതുജനങ്ങളേയും ബോധവാന്മാരാക്കുന്നതിന് ഉതകുന്ന ചർച്ചകൾ സംഘടിപ്പിക്കുക.

13 കുട്ടികളുടെ അഭിരുചിക്ക് ഇണങ്ങിയ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷണീയമാക്കേണ്ടതാണ്..

14. മാസത്തിലൊരു തവണയെങ്കിലും സ്കൂൾ മേധാവികൾ, പി.ടി.എ പ്രസിഡണ്ട്, മാനേജർമാർ, അദ്ധ്യാപക പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം പഞ്ചായത്തിൽ വിളിച്ചു ചേർത്ത് പഠന പ്രവർത്തനങ്ങൾ വിലയിരുത്തുക.

15. പഞ്ചായത്ത് തലത്തിൽ സ്കൂൾ വിദ്യാർത്ഥികളേയും അതാത് പ്രദേശത്തെ കോളേജ് വിദ്യാർഥികളേയും പങ്കെടുപ്പിച്ചുകൊണ്ട് കലാ-കായിക മത്സരങ്ങൾ, ശാസ്ത്ര-പ്രവൃത്തി പരിചയ മേളകൾ എന്നിവ സംഘടിപ്പിക്കുക.

16. സ്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനം സജീവമാക്കുക

17. തദ്ദേശീയരായ അദ്ധ്യാപകരുടെ സേവനം പഞ്ചായത്തിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുക.

18. ഉപരിപഠനത്തിനായി പഞ്ചായത്തിലെ ഓരോ വില്ലേജിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.

19. മാത്തിൽ ഗവ:ഹൈസ്കൂളിൽ ഹയർ സെക്കൻറി കോഴ്സുകൾ ആരംഭിക്കുക.

20. ഹൈസ്കൂളിൽനിന്നും യു.പി. വിഭാഗം വേർപെടുത്തുക

21. അതാത് സ്കൂളുകളിൽ സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും അതുവഴി കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

22. പി.ടി.എ.യുടെ സഹകരണത്തോടെ എല്ലാ സ്കൂളുകളിലും പാചകപ്പുരയും അനെർട്ടിന്റെ അടുപ്പും സ്ഥാപിക്കുക.

23. സ്കൂളുകളിൽ കുടിവെള്ളം ലഭ്യമാക്കാൻ സൗരോർജ്ജംകൊണ്ട് പ്രവർത്തിക്കുന്ന പമ്പ്സെറ്റ്, വൈദ്യുതീകരണം എന്നിവ ഏർപ്പെടുത്തുക.

24. സ്കൂളുകളിൽ പാഠ്യപ്രവർത്തനത്തിനു തകുന്ന രീതിയിൽ ടി.വി., റേഡിയോ എന്നിവ ലഭ്യമാക്കുക.

25. ഏറ്റുകുടുക്കയിൽ പൊതുമേഖലയിൽ ഒരു ഹൈസ്കൂൾ അനുവദിക്കുക

26. മൂത്രപ്പുര, കുടിവെള്ളം ചുറ്റമതിൽ, ഫർണ്ണിച്ചർ ഇവ ഇല്ലാത്തസ്കൂളുകളിൽ പി.ടി.എ.യുടെ സഹകരണത്തോടെ അവ നടപ്പിലാക്കുക.

27. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് യൂനിഫോം, മറ്റ് പഠനോപകരണങ്ങൾ എന്നിവ പഞ്ചായത്തിന്റെ സഹകരണത്തോടെ നല്കുക.

28. പ്രഥമ ശുശ്രൂഷക്ക് ആവശ്യമായ കിറ്റ് എല്ലാ വിദ്യാലയങ്ങൾക്കും ലഭ്യമാക്കുക.

29. കണ്ണൂർ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന 'ഗുരുകുലം' പദ്ധതി അപാകതകൾ പരിഹരിച്ച് കാര്യക്ഷമമാക്കുക.

30. സംഘടിത മേഖലയിലെ തൊഴിലാളികളുടെ ഉന്നത വിദ്യാഭ്യസ സൗകര്യത്തിനുതകുന്ന രീതിയിൽ നിശാ പഠശാലകൾപോലെ ഒരു തുടർ വിദ്യാഭ്യാസകേന്ദ്രം പഞ്ചായത്ത് കേന്ദ്രത്തിൽ സ്ഥാപിക്കുക,

കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളവും പൊതുജനാരോഗ്യവും പരിസരശുചിത്വവും

തീരപ്രദേശത്തിനും മലമ്പ്രദേശത്തിനുമിടയിൽ കിടക്കുന്നതിനാൽ പഞ്ചായത്തിന്റെ മിക്കപ്രദേശങ്ങളിലും കുടിവെള്ളക്ഷാമം ജനങ്ങളെ നേരിടുന്ന ഒരു രൂക്ഷമായ പ്രശ്നമാണ്. സ്വന്തമായ കിണറില്ലാത്തവർ 46%ത്തോളവരും. വേനൽകാലങ്ങളിൽ ഏകദേശം 60% ജനങ്ങൾക്കും ജലദൗർലഭ്യം അനുഭവപ്പെടുന്നു.

സ്വന്തമായ കിണറുള്ളവർ ~~2670~~ 2273 ആണ്. 20 പൊതുകിണറുകളും 15 കുഴൽകിണറുകളും ഒരു പൊതുവിതരണ സംവിധാനവും ആണ് ഉള്ളത്. ബാക്കിയുള്ളവർ അയൽകാരന്റെ കിണറുകളേയും തോട (നീരുറവ), കുളങ്ങൾ എന്നിവയേയുമാണ് ആശ്രയിക്കുന്നത്.

ഒന്നാം വാർഡിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ തോരക്കാട്, മുനീർമുക്ക്, ചെറുപാറ എന്നിവയാണ്. രണ്ടാം വാർഡിൽ മുണ്ടീറ്റുപാറ, മടക്കാം പൊയിൽ എന്നി സ്ഥലങ്ങിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. കുറുക്കൂട്ടി, ചള്ളച്ചാൽ, വെളിച്ചന്തോട്, പുല്ലാമണ്ണി, ഐയോളം എന്നീ മൂന്നാം വാർഡിലെ പ്രദേശങ്ങളിൽ ജനങ്ങൾക്ക് കുടിവെള്ളം ദൂരേചെന്ന് കൊണ്ടുവരേണ്ടിവരുന്നു. നാലാം വാർഡിലെ വടവന്തൂർ-നിടുവന, ഒയോളം മേലെ, മുക്കാലി എന്നിവടങ്ങളിലും മഞ്ചപ്പറമ്പ്, കണ്ടൃത്തിടിൽ-കമ്മട്ടിപ്പാറ, വടശ്ശേരി, പടിഞ്ഞാറെക്കര, കിഴക്കെക്കര, ക്ടാരക്കൻചാൽ, കണ്ണാടിപ്പാറ എന്നിവടങ്ങളിലുള്ളവർക്കും കുടിനീർക്ഷാമം അനുഭവപ്പെടുന്നു. ആറാം വാർഡിൽ പട്ടികജാതിക്കോളനി, വടശ്ശേരി, മണൽ എന്നിവടങ്ങളിലും ഏഴാം വാർഡിൽ കുഞ്ഞിപ്പാറ, രാജീവ് കോളനി എന്നിവടങ്ങളിലും കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ഇവിടങ്ങളിലേ ജനങ്ങൾ കുഴൽ കിണറിനേയാണ് ആശ്രയിക്കുന്നത്. കുഴൽകിണറിലെ വെള്ളത്തിൽ നിറവ്യത്യാസം, രുചിവ്യത്യാസം എന്നീ പ്രശ്നങ്ങളുണ്ട്. എട്ടാം വാർഡിൽ ആലാംകുന്ന്, തുളുവടക്കം എന്നിവടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. കണ്ടയം കൊവ്വൽ പഞ്ചായത്ത് കിണർ വേനൽകാലത്ത് വെള്ളം തീരെ വറ്റിപ്പോകുന്നു. ഒമ്പതാം വാർഡിൽ ദേവീ സഹായം സ്കൂളിന് സമീപം ആലക്കാട് തെക്കേകര, കളരിക്കൽ ക്ഷേത്ര പരിസരം, മാമ്മൂട്ടി, ലക്ഷംവീട്കോളനി എന്നീ പ്രദേശങ്ങളുമാണ് പ്രധാനമായും പഞ്ചായത്തിൽ കുടിവള്ളക്ഷമം അനുഭവപ്പെടുന്നവ.

വാർഡുതിരിച്ചുള്ള ശുദ്ധജല സ്രോതസ്സുകളുടെ പട്ടിക

സ്വന്തമായ കിണർ		പൊതു കിണർ		കുഴൽ കിണർ		കുളം		തോട്/നീരുറവ	
വാർഡ്	എണ്ണം	വാർഡ്	എണ്ണം	വാർഡ്	എണ്ണം	വാർഡ്	എണ്ണം	വാർഡ്	എണ്ണം
1	200	1	4	1	1	1	1	1	1
2	~~175~~ 150	2	1	2	–	2	–	2	2
3	300	3	10	3	5	3	1	3	4
4	190	4	2	4	2	4	–	4	3
5	300	5	5	5	2	5	5	5	2
6	213	6	6	6	–	6	4	6	2
7	400	7	3	7	2	7	4	7	1
8	270	8	4	8	1	8	1	8	2
9	250	9	–	9	2	9	–	9	3

വാർഡുതിരിച്ചുള്ള വീടുകളുടേയും സ്വന്തമായ കിണറുകളുടേയും പട്ടിക

വാർഡ്	വീടുകൾ	കിണറുകൾ
1	368	200
2	~~229~~ 162	~~175~~ 150
3	629	300
4	211	190
5	555	300
6	435	213
7	422	400
8	279	270
9	333	250

സാധ്യതകൾ

1. സ്വന്തമായ കിണറില്ലാത്തവർക്ക് കിണർ കുഴിക്കുവാനായി സർക്കാറിന്റെ വായ്പാ പദ്ധതികൾ ലഭ്യമാക്കുക.

2. നിർദ്ദിഷ്ട കാക്കടവ് ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുവാൻ സർക്കാറിൽ സമ്മർദ്ദം ചെലുത്തുവാൻ പഞ്ചായത്ത് ശ്രമിക്കുകയും നമ്മുടെ പഞ്ചായത്തിനേയും ഈ പദ്ധതിയിലെ ഗുണഭോക്താവാക്കുകയും ചെയ്യുക .

3. ജലസ്രോതസ്സുകളേയും നീരുറവ, പൊതുകിണർ, കുളങ്ങൾ ഇവയെയും പുനരുജ്ജീവിപ്പിക്കുക

4. പഞ്ചായത്തിൽകൂടി ഒഴുകുന്ന മൂന്ന് തോടുകൾക്ക് കുറുകെ വിവിധ സ്ഥലങ്ങളിലായി തടയണകൾ കെട്ടി വെള്ളം ശേഖരിക്കുക.

5. അനുയോജ്യമായ സ്ഥലങ്ങളിൽ കുഴൽകിണർ, പൊതുകിണർ ഇവ സ്ഥാപിക്കുക

6. താഴ്ന്ന സ്ഥലങ്ങളിൽ കിണർകുഴിച്ച് പമ്പ്സെറ്റ് സ്ഥാപിച്ച് വെള്ളം വെള്ളം ഉയർന്ന സ്ഥലങ്ങളിലേക്ക് പമ്പ് ചെയ്ത് ശുദ്ധജലവിതരണം നടത്തുക(നാല്, അഞ്ച്, ഒമ്പത് വാർഡ്)

7. പഞ്ചായത്തിൽ കാണപ്പെടുന്ന നീരുറവകൾ സംരക്ഷിച്ച് വെള്ളം കൂടുതൽ സ്ഥലങ്ങളിലേക്ക് എത്തിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

8. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെങ്കൽപാറകൾ വെടിവെച്ച് അശാസ്ത്രീയമായി പൊട്ടിക്കുന്നത് നിർത്തലാക്കുക.

9. തോടുകളിലേയും കുളങ്ങളിലേയും മലിനീകരണം തടയുക

10. വിവിധ സർക്കാർ സ്ഥാപനങ്ങളും, ഹൈസ്കൂളും ആശുപത്രിയുമുള്ളതും പഞ്ചായത്തിന്റെ ആസ്ഥാനവുമായ മാത്തിലിൽ ഒരു പൊതുജലവിതരണ പദ്ധതി നടപ്പിലാക്കുക.

11. കുഞ്ഞിപ്പാറ, രാജീവ് കോളനി എന്നിവടങ്ങളിലെ കുഴൽകിണറിന്റെ ഇരുമ്പ് പൈപ്പ് മാറ്റി പകരം പി,വി,സി പൈപ്പ് സ്ഥാപിക്കുക

12. ഇവിടങ്ങളിലെ ജലത്തിന്റെ ധാതുഘടന നിലവാരം മനുഷ്യാരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുക.

13. ഇരുമ്പ് ടാങ്ക് മാറ്റി കോൺക്രീറ്റ് ടാങ്കാക്കി കുറുകൂട്ടി കുഴൽകിണർ, ജലവിതരണം, നിടുവന പ്രദേശങ്ങളിലും കൂടി വ്യാപിപ്പിക്കുക.

പൊതുജനാരോഗ്യവും പരിസര ശുചിത്വവും

ആരോഗ്യം: ആധുനിക വൈദ്യശാസ്ത്രത്തിന്റെ ആവിർഭാവത്തിനും വികസനത്തിനും മുമ്പുള്ള കാലഘട്ടത്തിൽ പ്രമുഖരായ പല പാരമ്പര്യ വൈദ്യശിരോമണികളും ചികിത്സാ രംഗത്ത് വളരെയധികം പ്രശോഭിച്ചിരുന്നു. കൂടാതെ ബാലചികിത്സാ രംഗത്തും, വിഷ ചികിത്സാ രംഗത്തും പ്രാഗത്ഭ്യമുള്ള ചികിത്സകർ ഈ പഞ്ചായത്തിന്റെ പരിധിയിൽ ഇപ്പോഴും പ്രവർത്തിച്ചു വരുന്നതായി നാട്ടറവിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. മഞ്ഞപ്പിത്തരോഗത്തിന് ഒറ്റമൂലിപ്രയോഗവും നിലവിലുണ്ടായിരുന്നു.

ഏകദേശം 17,000 ജനസംഖ്യയുള്ള പഞ്ചായത്തിലെ ജനങ്ങളുടെ പ്രാഥമികാരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ സർക്കാർ മേഖലയിൽ പത്ത് കിടക്കകളുള്ള ഒരു ഗ്രാമീണ സർക്കാർ ആശുപത്രിയും (അലോപ്പതി) പെരിങ്ങോം പി.എച്ച്.സി.യുടെ കീഴിൽ ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന രണ്ട് മാതൃശിശു സംരക്ഷണകേന്ദ്രങ്ങളുമുണ്ട്. കൂടാതെ സർക്കാർ മേഖലയിൽതന്നെ ഒരു ആയുരവേദ ഡിസ്പെൻസറിയുണ്ട്. സ്വകാര്യ മേഖലയിൽ മാത്തിൽ സ്ഥിതി ചെയ്യുന്ന മൂന്ന് ഡോക്ടർമാരുള്ള ഒരു ആയുർവേദാശുപത്രിയും സ്വാമിമുക്കിൽ സഹകരണ മേഖലയിൽ കിടത്തി ചികിത്സിക്കുന്ന ഒരു ആയുർവേദ വിഷചികിത്സാ കേന്ദ്രവുമുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി അംഗീകൃത ബിരുദമുള്ള അഞ്ച് ഡോക്ടർമാർ(അലോപ്പതി, ആയുർവേദം, ഹോമിയോ) ബി.ക്ലാസ് രജി. ഉള്ള പാരമ്പര്യ വൈദ്യന്മാരും പ്രാക്ടീസ് ചെയ്തുവരുന്നുണ്ട്.

90%ദമ്പതികളും വിവിധ തരത്തിലുള്ള കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. പഞ്ചായത്തിലെ ജനനമരണനിരക്കും ആയുർ ദൈർഘ്യവും സംസ്ഥാന നിരക്കിനോട് തുല്യത പാലിക്കുന്നു.

18–45വയസിനിടയിലുള്ള ദമ്പതിമാർ		വിവിധ കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിച്ചവർ
1 കുട്ടി	507	461
2 കുട്ടി	716	690
2 ൽകൂടുതൽ	831	769
ആകെ	2054	1920

സാധ്യതകൾ

1. നിലവിലുള്ള പത്ത് കിടക്കകളുള്ള അലോപ്പതി ഡിസ്പെൻസറി പി.എച്ച്.സി.യായി ഉയർത്തുക

2. ഈ സ്ഥാപനതിൽ രോഗികളെ കിടത്തിചികിത്സിക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക

3. ജനസംഖ്യാനുപാതികമായി ലഭിക്കേണ്ട അഞ്ച് മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിൽ രണ്ട് കേന്ദ്രങ്ങൾ മാത്രമേ നിലവിലുള്ളൂ. മൂന്ന് കേന്ദ്രങ്ങൾകൂടി അനുവദിക്കുക.

4. ബീഡി, കൈത്തറി, ഖാദി മേഖലകളിൽ ധാരാളം തൊഴിലാളികൾ ജോലിചെയ്തുവരുന്നതിനാൽ പഞ്ചായത്തിൽ ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി സ്ഥാപിക്കേണ്ടതാണ്.

5. സ്കൂൾ ആരോഗ്യപദ്ധതി, രോഗപ്രതിരോധ ചികിത്സ, ആരോഗ്യബോധവല്കരണ പരിപാടികൾ, കുടുംബക്ഷേമ പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമാക്കുക

6. നിലവിലുള്ള ആയുർവേദ ഡിസ്പെൻസറിക്ക് സ്വന്തമായ കെട്ടിടമില്ല, കിണർ, ചുറ്റുമതിൽ ഉൾപ്പെടെ ഒരു സ്വന്തം കെട്ടിടം വേഗത്തിൽതന്നെ പൂർത്തിയാക്കണം.

7. പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കണം.

8. ഡിസ്പെൻസറികളിൽ പ്രതിവർഷം ലഭിക്കുന്ന മരുന്നുകൾ തീരെ അപര്യാപ്തമാണ്. കൂടുതൽ തുകയ്കുള്ള മരുന്നുകൾ ലഭ്യമാക്കണം

9. വിഷചികിത്സാ കേന്ദ്രത്തിന് ഗവൺമെൻറ് ഗ്രാൻറ് ഇൻ എയ്ഡ് വർദ്ധിപ്പിക്കണം.

10. പഞ്ചായത്തിൽ അലഞ്ഞുതിരിഞ്ഞുനടക്കുന്ന പട്ടികളെ നശിപ്പിക്കുവാനുള്ള സംവിധാനമുണ്ടാക്കുക

11. പട്ടി വളർത്താനുള്ള ലൈസൻസ് ഏർപ്പെടുത്തുക.

ആരോഗ്യശുശ്രൂഷാ സ്ഥാപനങ്ങളും
സ്ഥിതിചെയ്യുന്ന വാർഡും സ്ഥാപിച്ച വർഷവും

1	വിഷചികിത്സാ കേന്ദ്രം (സഹകരണ മേഖല)	1994
2	ഫാമിലി വെൽഫയർ സെൻറർ ആലപ്പടമ്പ്	1984
3	ഗവ.റൂറൽ ഡിസ്പെൻസറി (1972ൽ ജി.ആർ.ഡി. ആക്കി)	1955
4	ആയുർവേദാശുപത്രി (സഹകാര്യമേഖല)	1988
5	–	–
6.	–	–
7	ആയുർവേദ ഡിസ്പെൻസറി (സർക്കാർ)	1990
8	ഫാമിലി വെൽഫെയർ സെൻറർ, കുണ്ടയംകോൽ	
9	–	–

പരിസര ശുചിത്വം

വ്യാവസായികമായി പിന്നോക്കം നില്കുന്ന ഈ പഞ്ചായത്തിൽ ജലമലിനീകരണത്തിൻെയും അന്തരീക്ഷ മലിനീകരണത്തിൻെറയും പ്രശ്നങ്ങൾ തുലോം കുറവാണ്. ചൂരലിലെ 'ഓർഗാനോ മെറ്റാലിക്സ്' കമ്പനിയിൽനിന്നും പുറത്തുവിടുന്ന മലിനജലവും കരിങ്കുഴി പ്രദേശത്തെ പന്നി വളർത്തൽ കേന്ദ്രവും ഈ പഞ്ചായത്തിൽ ചില പരിസര മലിനീകരണമുണ്ടാക്കുന്നുണ്ട്.

കക്കൂസുള്ള വീടുകളുടെ പട്ടിക

വാർഡ്	വീടുകൾ	കക്കൂസ്
1	368	132
2	229	67
3	629	223
4	211	124
5	555	208
6	435	231
7	422	305
8	279	152
9	333	139

സാധ്യതകൾ

1. സർക്കാറിൻെറ വിവിധ വായ്പാ പദ്ധതികളിൽ ഉൾപെടുത്തി സബ്സിഡിയോടെ കക്കൂസില്ലാത്ത വർക്ക് കക്കൂസ് നിർമ്മിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക

2. വാർഡ് തലങ്ങളിൽ ശുചിത്വബോധവല്കരണ ക്ലാസുകൾ നടത്താനുള്ള സംവിധാനങ്ങൾ സ്വീകരിക്കാം

3. വികസിച്ചുവരുന്ന മാത്തിൽ-കാങ്കോൽ ടൗണുകളിൽ അഴുക്കുചാൽ പദ്ധതി മാലിന്യങ്ങൾ നിക്ഷേപിക്കാനും നീക്കം ചെയ്യാനുമുള്ള സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തുക.

4. പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കണ്ടതിൻെറ ആവശ്യകത മനസ്സിലാക്കി വിതരണം ചെയ്യുവാനുള്ള സംവിധാനങ്ങൾ സ്വീകരിക്കണം.

5. പഞ്ചായത്തിൽ നിലവിലുള്ള പൊതുശ്മശാനം പ്രവർത്തനയോഗ്യമാക്കുക.

6. പഞ്ചായത്തിൽ ആവശ്യമായിട്ടുള്ള സ്ഥലങ്ങളിൽപൊതുശ്മശാനം നിർമ്മിക്കുക.

7. മൂത്രപ്പുരയും കക്കൂസും ഇല്ലാത്ത സ്കൂളുകളിൽ അടിയന്തിരമായും അത്തരം സംവിധാനം ഉണ്ടാക്കണം.

8. സ്കൂളുകളിലും അംഗൻവാടികളിലും ഉച്ചക്കഞ്ഞി പാകം ചെയ്യാൻ ആരോഗ്യപരമായ ചുറ്റുപാടുകൾ സൃഷ്ടിക്കുക

9. വീടുകളിൽനിന്നും ഒഴുകിവരുന്ന മലിനജലം തൊടിയിലെ കൃഷിക്ക് ഉപയുക്തമാക്കുക.

10. ഖര മാലിന്യങ്ങൾ കത്തിച്ചുകളഞ്ഞും, കമ്പോസ്റ്റുണ്ടാക്കിയും വീടും പറമ്പും ശുചിയാക്കുക

11. പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുക

12. പുകയില, ചുണ്ണാമ്പ് ചേർത്തുള്ള മുറുക്ക്, മദ്യപാനം എന്നിവ നിരുത്സാഹപ്പെടുത്തുക

13. മലിനജലം കെട്ടിനില്കാനനുവദിക്കാതിരിക്കുക. കൊതുക് വരാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കി വീടും പരിസരവും ശുചിയാക്കുക

14. കരിങ്കുഴിയിലെ പന്നിവളർത്തൽ കേന്ദ്രത്തിൽനിന്നുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുക

15. ചൂരലിലെ ഓർഗാനോ മെറ്റാലിക്സ് കമ്പനിയിലെ മലിനജലം ശാസ്ത്രീയമായി സംസ്കരിക്കുക

16. പഞ്ചായത്തിൽ മാത്തിൽ, കാങ്കോൽ എന്നീ സ്ഥലങ്ങളിൽ മത്സ്യമാർക്കറ്റ് നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുക

17. കൊതുക് നിവാരണ മാർഗ്ഗങ്ങൾ നടപ്പിലാക്കുക

18. മാത്തിൽ, കാങ്കോൽ എന്നീ ടൗണുകളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും മൂത്രപ്പുര സ്ഥാപിക്കുക.

19. ഹോട്ടലുകളിൽ പൊതുശുചിത്വം ഉറപ്പ് വരുത്തുക.

ഗതാഗതം,


ചിങ്ങമനി പഞ്ചായത്ത്
വാർഡ് നമ്പർ I
വാർഡ് നമ്പർ III
കിഴക്കേലി
വാർഡ് നമ്പർ V
വടക്കുംമുറി
വാർഡ് നമ്പർ VI
വാർഡ് നമ്പർ VII
വാർഡ് നമ്പർ VIII
കാളീശ്വരം
പുത്തൻതോട് വലിയതോടുമായി ബന്ധപ്പെടുന്നു
കരിയാട്ടിൽ പെരുമ്പിള്ളിശ്ശേരി പഞ്ചായത്തുമായി ബന്ധപ്പെടുന്നു
പുത്തൻതോട് മുനിസിപ്പാലിറ്റി
INDEX
PWD. Road.
panchayat Road.
panchayat Boundry.

⇦ ഗതാഗതം-മാർക്കറ്റ് ⇨

ആമുഖം

ആധുനീക സമൂഹത്തിന് വെള്ളവും വസ്ത്രവും ഭക്ഷണവും പോലെ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണല്ലോ ഗതാഗതം. ജീവിതത്തിന്റെ നാനാമേഖലകളിലും അനിവാര്യമായി ബന്ധപ്പെട്ടുകിടക്കുന്ന പ്രസ്തുത വിഷയത്തെ ചർച്ചക്ക് വിധേയമാക്കപ്പെടുമ്പോൾ നിരവധി പ്രശ്നങ്ങളും രൂക്ഷവിമർശനങ്ങളും ഉയർന്ന് വന്നത് സ്വാഭാവികം മാത്രമാണ്.

ജനകീയാസൂത്രണത്തിന്റെ മഹദ് സന്ദേശം കേരളത്തിന്റെ ഗ്രാമാന്തരങ്ങളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്ന ഇത്തരുണത്തിൽ ഇന്നത്തെ നിലയിൽ ചിട്ടപ്പെടുത്തിയതും രൂപപ്പെടുത്തിയതും അല്ലെങ്കിൽ പോലും 1952 മുതൽക്കുതന്നെ നമ്മുടെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ തദ്ദേശവാസികൾ സ്വയം സംഘടിക്കുകയും "വികസനം എന്നാൽ റോഡ്" എന്ന അന്നത്തെ മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിനുവേണ്ടി അതാതു പ്രദേശത്ത് മനുഷ്യാദ്ധ്വാനത്തിലൂടെയും ശ്രമദാനത്തിലൂടെയും തങ്ങൾക്ക് ആവശ്യമായ റോഡ് നിർമ്മിച്ചുവന്നിരുന്നു. ഇന്ന് പഞ്ചായത്ത് അധീനതയിൽ നിലവിലുള്ള ഗ്രാമീണ റോഡുകളിൽ 60-70%ത്തോളം ഇത്തരത്തിൽ തദ്ദേശവാസികളുടെ കൂട്ടായ ശ്രമദാനത്തിന്റെ ഫലമായി നിർമ്മിച്ച് പിൽക്കാലത്ത് പഞ്ചായത്തിന് വിട്ടുകൊടുതാണ്. ജനങ്ങൾ അവർക്കാവശ്യമായ റോഡ് വെട്ടിയുണ്ടാക്കി അത് പിന്നീട് പഞ്ചായത്തിന് കൈമാറുന്ന ജനപങ്കാളിത്തത്തോട്കൂടി വികസനമെന്ന-ഒരുപക്ഷെ കൂട്ടായ നേതൃത്വവും ഫലപ്രദമായ പ്രചാരണവും ഉണ്ടായിരുന്നുവെങ്കിൽ കേരളത്തിനും ഇന്ത്യക്കുതന്നെയും മാതൃകയായിത്തീരുമായിരുന്ന-ഉദാത്തമായ മാതൃകയാണ് നമ്മുടെ പഞ്ചായത്തിൽ പഴയകാലത്ത് നിലനിന്നിരുന്നത്. ജനകീയാസൂത്രണത്തെക്കുറിച്ച് വളരെ മുമ്പ് മുതൽക്കേ ബോധവാന്മാരായ ഒരു വലിയ ജനവിഭാഗം ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു എന്നത് നമുക്ക് ഏറെഅഭിമാനിക്കാൻ വകനൽകുന്നതാണ്.

കരിങ്കുഴി-മാത്തിൽ, അരവഞ്ചാൽ, കാങ്കോൽ, ഏറ്റുകുടുക്ക എന്നീ 2 കാളവണ്ടി റോഡുകൾ മാത്രമാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യ റോഡുകൾ. ജന്മിത്തത്തിന്റെ രാജകീയതയിൽ കഴിഞ്ഞ മരങ്ങാട്ട് ഇല്ലക്കാർക്ക് വേണ്ടി അവർതന്നെ നിർമ്മിച്ച മാത്തിൽ മരങ്ങാട്ടില്ലം റോഡ്, ആലപ്പടമ്പ്, തെക്കേ മഠം വക മാത്തിൽ തെക്കേ മഠം റോഡ്, കമ്യൂണിസ്റ്റ് കർഷക പ്രസ്ഥാനങ്ങളെ അടിച്ചമർത്തുന്നതിനുവേണ്ടി എം.എസ്.പിക്കാരുടെ സൗകര്യാർത്ഥം നിർമ്മിച്ച സെക്യൂരിറ്റി റോഡ് എന്ന പേരിൽ അറിയപ്പെടുന്ന വൈപ്പിരിയം- എരമം-പേരൂൽ റോഡ് എന്നിവയാണ് ആദ്യകാല റോഡുകൾ. ഏകദേശം 1930 കളിൽ വൻകിട ജന്മിയായായിരുന്ന തെക്കേ മഠക്കാരാണ് ഈ നാട്ടിൽ ആദ്യമായി "കരിബസ്" നാട്ടിലിറക്കിയത്. 1952 ൽ കൈപൊക്കി വോട്ടെടുപ്പിൽകൂടി പഞ്ചായത്തന്റെ ഭരണസാരഥ്യം ഏറ്റെടുത്ത നമുക്കെല്ലാം പ്രിയങ്കരനായിരുന്ന; പഞ്ചായത്തിന് നെഹ്റു അവാർഡ് വാങ്ങിത്തന്ന പരേതനായ ശ്രീ: .എം.വി.എം. കുഞ്ഞി വിഷ്ണു നമ്പീശൻ അവർകളാണ് മാത്തിൽ-മരങ്ങാട്ടില്ലം റോഡും, മാത്തിൽ ആലപ്പടമ്പ് റോഡും ആദ്യമായി പഞ്ചായത്തിൽ ഏറ്റെടുത്തത്. പിന്നീട് ഇങ്ങോട്ടുള്ള കാലഘട്ടത്തിൽ തദ്ദേശവാസികളുടെ ശ്രമദാന പ്രവർത്തനങ്ങളുടെ മഹനീയോദാഹരണ ങ്ങളാണ് ഇന്നത്തെ മിക്കറോഡുകളും.

പഞ്ചായത്തിൽ റോഡുകളുടെ പൊതുചിത്രം പിരശോധിക്കുമ്പോൾ 9 വാർഡുകളിലും ചെറുതും വലുതുമായി മെയിൻ റോഡുമായി ബന്ധപ്പെടുത്തുന്നതും വാർഡുകൾ തമ്മിലും കരകൾ തമ്മിലും പഞ്ചായത്തുകൾ തമ്മിലും ബന്ധപ്പെടുത്തുന്നതുമായി നിരവധി റോഡുകൾ നിലവിലുണ്ട്. 90% ൽ അധികവും ചരൽ റോഡുകളാണെന്നതും

അവയ്ക്ക് ആവശ്യമായ രൂപത്തിൽ കലുങ്കും പാലങ്ങളും ഓടകളും ഇല്ലാത്തതും നമ്മുടെ പഞ്ചായത്തിനകത്തെ ഗതാഗതക്ഷമതയെ കാര്യമായി ബാധിക്കുന്നു മഴക്കാലത്ത് മിക്കറോഡുകളും ഗതാഗതയോഗ്യമല്ലെന്നത് നമ്മെ സംബന്ധിച്ചിടത്തോളം അടിയന്തിര പ്രാധാന്യത്തോടും ഗൗരവത്തോടുംകൂടി കണക്കിലെടുക്കേണ്ടതുണ്ട്. കുറഞ്ഞ വരുമാനമുള്ള നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തീക പരാധീനതയുടെ പ്രതീകങ്ങളാണ് ഈ റോഡുകൾ. അശേഷം

തെറ്റുണ്ടാകുമെന്ന് തോന്നുന്നില്ല. എന്നിരുന്നാലും മാറി മാറിവരുന്ന ഭരണ സമിതികളെല്ലാം അടിയന്തിര പ്രാധാന്യമുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് കഴിഞ്ഞ കാലങ്ങളിൽ കഴിവിന്റെ പരമാവധി ശ്രമിച്ചിട്ടുണ്ട് പഞ്ചായത്തിന കത്തെ സുഗമമായ ഗതാഗതം നമുക്ക് ഇന്നും ഒരു വിദൂരസ്വപ്നമായി അവശേഷിക്കുകയാണ്.

I. നിലവിലുള്ള റോഡുകൾ

1. P.W.D

നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ബാഹ്യ ലോകവുമായി ബന്ധപ്പെടുന്നത് പ്രധാനമായും പയ്യന്നൂർ-രാജഗിരി P.W.D റോഡും, കാങ്കോൽ-ചീമേനി റോഡും ഉപയോഗപ്പെടുത്തിയാണ്. കരിങ്കുഴിമുതൽ അരവഞ്ചാൽവരെ പയ്യന്നൂർ രാജഗിരി റോഡും, കാങ്കോൽ മുതൽ കിണർമുക്ക്വരെ കാങ്കോൽ ചീമേനി റോഡും നമ്മുടെ പഞ്ചായത്തിൽകൂടി കടന്നുപോകുന്നു. അതുപോലെ തന്നെ തൃക്കരിപ്പൂർ-മാത്തിൽ-മാതമംഗലം റോഡും സ്വാമിമുക്ക്മുതൽ മുക്കാലിവരെ നമ്മുടെ പഞ്ചായത്തിൽകൂടി കടന്നുപോകുന്നുണ്ട്. പ്രസ്തുത റോഡിൽ നമ്മുടെ പഞ്ചായത്തിൽ മാത്രം ബസ് ഗതാഗതം ഇല്ല എന്നപോരായ്മ ഇവിടെ ചൂണ്ടിക്കാണിക്കാതിരിക്കാൻ നിർവ്വാഹമില്ല.

പയ്യന്നൂർ-രാജഗിരി റോഡ് തലക്കാവേരി വഴി കർണ്ണാടക സംസ്ഥാനവുമായി ബന്ധപ്പെടുത്തുന്നതിന് സംസ്ഥാനഗവൺമെന്റുകൾ ആലോചിക്കുന്നുണ്ട്. പ്രസ്തുത നടപടി ത്വരിതപ്പെടുത്തുന്നതിനുവേണ്ടി നമ്മുടെ പങ്കാളിത്തവും നാം ഉറപ്പു വരുത്തേണ്ടതായിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ സാക്ഷാത്കാരം നമ്മുടെ പഞ്ചായത്തിന്റെ വികസനരംഗത്ത് ഒരു കുതിച്ചു ചാട്ടം തന്നെ ഉണ്ടാക്കും എന്നതിൽ സംശയമില്ല.

2. പഞ്ചായത്ത് റോഡുകൾ. (പട്ടിക-1 കാണുക)

42.07 ച.കി.മീ. വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 122കി.മീ. നീളത്തിൽ റോഡുകൾ നിലവിലുണ്ട്. ഇതിൽ ഏതാണ്ട് 7 കി.മീ റോഡുകൾ മാത്രമാണ് ടാർ ചെയ്തിട്ടുള്ളത്. പഞ്ചായത്തിനകത്തെ ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത ഇതിൽതന്നെ വ്യക്തമാണല്ലോ. പ്രസ്തുത റോഡുകളിൽ 35% മുതൽ 65% വരെ ഗതാഗതക്ഷമതയുണ്ടെങ്കിലും ചരൽ-മൺ റോഡുകളാകയാൽ മഴക്കാലത്തോട്കൂടി മിക്കതും താറുമാറാകുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഇതിനുള്ള ശാശ്വത പരിഹാരം നാം കണ്ടെത്തേണ്ടതായിട്ടുണ്ട്.

പഞ്ചായത്ത് ഫണ്ട്, അൺടയിഡ് ഫണ്ട് ഇവ ഉപയോഗപ്പെടുത്തിയും, J.R.Y.ഫണ്ട് ഉപയോഗിച്ചും മിക്കറോഡുകളുടെയും അറ്റകുറ്റപണികളും പുനരുദ്ധാരണ പ്രവൃത്തികളും കാലാകാലങ്ങളിൽ ചെയ്തു വരാറുണ്ട്. കൂടാതെ കണ്ണൂർ ഗ്രാമവികസന ഏജൻസിയുടെയും, പയ്യന്നൂർ ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസിന്റെയും സംയുക്ത J.R.Y.ഫണ്ട് ഉപയോഗിച്ചും പലറോഡുകളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്തുനടത്തി പൂർത്തീകരിച്ചിട്ടുണ്ട്.

DRDA, ബ്ലോക്ക്, J.R.Y. 20% സ്കീമിൽ നമ്മുടെ പഞ്ചായത്തിൽ 92 മുതൽ 96 മാർച്ച്വരെ 5,29,800 കയും പഞ്ചായത്തു J.R.Y. ഉപയോഗിച്ച് ഇതേകാലയളവിൽ 9,63,748 കയും റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തികൾക്കായി ചിലവഴിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ഈ വർഷത്തെ പഞ്ചായത്ത് J.R.Y. സ്കീമിൽ ഉൾപ്പെടുത്തി വടവന്തൂർ വായിക്കാട് റോഡിന്റെയും കാങ്കോൽ കൊളേക്കര റോഡിന്റെയും പുനരുദ്ധാരണ പ്രവൃത്തി നടന്നുവരുന്നുണ്ട്.

II സമീപ പഞ്ചായത്തുകളുമായുള്ള ഗതാഗത ബന്ധങ്ങൾ

കിഴക്ക് പെരിങ്ങോം വയക്കര പഞ്ചായത്തും എരമം കുറ്റൂർ പഞ്ചായത്തും പടിഞ്ഞാറ് കരിവെള്ളൂർ പെരളം പഞ്ചായത്തും വടക്ക് കയ്യൂർ ചീമേനി പഞ്ചായത്തും തെക്ക് പയ്യന്നൂർ മുനിസിപ്പാലിറ്റിയുമാണ് നമ്മുടെ അതിർത്തി പ്രദേശങ്ങൾ.

പയ്യന്നൂർ മുനിസിപ്പാലിറ്റിയും നമ്മുടെ പഞ്ചായത്തും, പെരിങ്ങോം വയക്കര പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന പ്രധാന കണ്ണിയായി പയ്യന്നൂർ-രാജഗിരി റോഡും, എരമം കുറ്റൂർ പഞ്ചായത്തും നമ്മുടെ പഞ്ചായത്തും-കരിവെള്ളൂർ പെരളം പഞ്ചായത്തുമായി ബന്ധപ്പെടുത്തുന്ന തൃക്കരപ്പൂർ മാത്തിൽ പേരൂൽ-മാതമംഗലം റോഡും പ്രധാനപ്പെട്ടവയാണ്. കാങ്കോൽ-ചീമേനി റോഡ് കളൂർ-ചീമേനി പഞ്ചായത്തുമായി ബന്ധപ്പെടുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ ഏതാണ്ട് പടിഞ്ഞാറ് അത്യുത്തി പ്രദേശത്തുകൂടി കടന്നുപോകുന്നതു കൊണ്ട് ഉൾപ്രദേശങ്ങളുമായി ബന്ധപ്പെടുന്നില്ല.

മാത്തിൽ-കച്ചുവ-മാവിലൻ കോളനി കിണർമുക്ക് റോഡിന്റെ സാക്ഷാത്കാരത്തോട്കൂടി മാത്രമേ കയ്യൂർ-ചീമേനി പഞ്ചായത്തുമായുള്ള നമ്മുടെ ഗതാഗത ബന്ധം മെച്ചപ്പെടുകയുള്ളൂ. പഞ്ചായത്തിലെ വലിയൊരു വിഭാഗം ജനങ്ങൾക്ക് അടക്കവ്യാപാരവുമായി ബന്ധപ്പെട്ട് പഴയകാലം മുതൽക്കു തന്നെ ചീമേനി ടൗണുമായുള്ള ബന്ധം ഉണ്ടെങ്കിൽപോലും ഗതാഗത സൗകര്യം മെച്ചപ്പെട്ടതല്ല. ഇത് പരിഹരിക്കേണ്ടതായിട്ടുണ്ട്.

പട്ടിക-1

നിലവിലുള്ള പഞ്ചായത്ത് റോഡുകൾ

ക്രമ നമ്പർ	തരം	റോഡിന്റെ പേര്	നീളം കി.മീ
1	ചരൽ	പാറക്കടവ്-ആലപ്പടമ്പ്	1600
2	,,	പെരിങ്ങോം പാറക്കടവ് - റോഡ്-	0402
3	,,	ആലപ്പടമ്പ്-ഏറ്റുകുടുക്ക	1600
4	,,	വൈപ്പിരിയം-താഴകുറുന്ത്	1205
5	,,	മാത്തിൽ-കാളീശ്വരം	2800
6	,,	മാത്തിൽ-ഏറ്റുകുടുക്ക	2415
7	,,	കമ്മ്യൂണിറ്റി ഹാൾ റോഡ്	0402
8	,,	വടശ്ശേരി-പടിഞ്ഞാറേക്കര റോഡ്	0402
9	,,	വടവന്തൂർ-വായിക്കാട്ട് റോഡ്	2415
10	,,	മാത്തിൽ-ആലപ്പടമ്പ്-മരങ്ങാട്ട് വയൽ	1812
11	,,	ചെറുപ്പാറ-കുരുടൻപാലം റോഡ്	1205
12	,,	കരക്കാട്-വെളിച്ചം തോട് റോഡ്	1307
13	,,	ഊരിൽ ഭാഗം റോഡ്	0805
14	,,	നാർക്കൽ ഭാഗം റോഡ്	0402
15	,,	ആലക്കാട് റോഡ്	0200
16	,,	കക്കിരിയാട്-ആലപ്പടമ്പ്	0805
17	,,	പണയക്കാട്ട് വയൽ റോഡ്	0402
18	,,	കരിങ്കുഴി റോഡ്	0200
19	,,	കാങ്കോൽ പടിഞ്ഞാറേക്കര റോഡ്	0644
20	,,	ആലപ്പടമ്പ്-കാളീശ്വരം	0500
21	,,	തുളുവാടകം റോഡ്	1000
22	,,	ചെറുപ്പാറ	1000
23	,,	ആലപ്പടമ്പ് മീത്തൽ-കണ്ണങ്ങാട്-പുല്ലാംമണ്ണി	2000
24	,,	ആലക്കാട് മീത്തൽ-തുളുവാടക്കം	1000
25	,,	മാത്തിൽ എരമം-ഉള്ളൂർ	2000
26	,,	വൈപ്പിരിയം-വടശ്ശേരി വയൽ-മണൽ	1000
27	,,	ആലക്കുളത്ത് പാറ വൈപ്പിരിയം	1000
28	,,	കരിങ്കുഴി-നീലമന ഇല്ലം	0500
29	,,	ചൂരൽ-ഒയോളം	2000
30	,,	ആലക്കുളില വളപ്പ്-മുണ്ടിറ്റ് പാറ-ആലപ്പടമ്പ്	1000
31	,,	വലിയചാൽ-ആലക്കാട്	1000
32	,,	പുല്ലാംണ്ണി-കാവുതിയൻ ചാൽ	0675
33	,,	മാടന്തട്ട-ചീമേനി-കാനത്തിൽപൊയിൽ	1000
34	,,	പാണ-ആലപ്പടമ്പ് വയൽ	0500
35	,,	തെക്കംമൂല-തുളുവാടക്കം	0400
36	,,	നാർക്കൽ-വടശ്ശേരി സ്കൂൾ	0400
37	,,	ആലക്കാട്-ക്രാഷ് റോഡ് കരിങ്കുഴി	0415
38	,,	ഏറ്റുകുടുക്ക-കണ്ണങ്കാട് റോഡ് കുണ്യത്തിടീൽ റോഡ്	0500
39	,,	കുറിവേലി-ചാമിട്ടാൽ റോഡ്	5000
40	,,	വൈപ്പിരിയം രാമന്താർകുളം മണൽ	0400

ക്രമ നമ്പർ	തരം	റോഡിന്റെ പേര്	നീളം കി.മീ
41	,,	കുണ്ടയംകൊച്ചൽ താഴക്കുരുന്ത് പണയാക്കാട്	2000
42	ചരൽ	ആലപ്പടമ്പ് ലക്ഷംവീട് പുല്ലാംമണ്ണി റോഡ്	1000
43	,,	ഗോപുരം വടശ്ശേരി സൗത്ത്	1000
44	,,	താനിച്ചേരി വയൽ-കാങ്കോൽ	1340
45	,,	കല്ലേൻചിറ-പപ്പാരട്ട	1000
46	,,	അലക്കട്വളപ്പ്-കണ്ണങ്ങാട്	1000
47	,,	ഒയോളം-വായിക്കാട്	1000
48	,,	വെളരിക്കാംതോട്ടി-അരവഞ്ചാൽ	1000
49	,,	വെളരിക്കാംതോട്ടി-വെളിച്ചംതോട്	1000
50	,,	മഞ്ചപ്പറമ്പ്-താനിച്ചേരി	0300
51	,,	കണ്ണങ്ങാട് റോഡ്-കണ്ടുതിടിൽ	1200
52	,,	തുൾവാടക്കം-ദേവിസഹായം സ്കൂൾ	1000
53	,,	കുറുക്കൂട്ടി-ചിറ്റിക്കോട് ഹരിജൻ കേളനി	1000
54	,,	വടക്കെക്കര ഹരിജൻ കേളനി കിണർമുക്ക് റോഡ്	3208
55	,,	ലക്ഷംവീട്കോളനി-ആലക്കാട് ഹരിജൻകോളനി റോഡ്	2500
56	,,	കരക്കാട് വെളിച്ചംതോട് പൊയിൽ	2350
57	,,	മാടന്തട്ട-നാർക്കൽ മുണ്ഡ്യ	0500
58	,,	കുറുവേലി ഹരിജൻകോളനി റോഡ്	0100
59	,,	മുക്കാലി എരമം റോഡ്	1240
62	,,	പണയക്കാട് വയൽ മേലത്തും കുഴി	2000
63	,,	ആലപ്പടമ്പ് ചെറുപാറ	0500
64	,,	ആരവഞ്ചാൽ കോച്ചിക്കുണ്ട്റോഡ്	4000
65	,,	ആലപ്പടമ്പ് റേഷൻഷാപ്പ് റോഡ്	0750
66	,,	ഏറ്റുകുടുക്ക പുത്തൂർ റോഡ്	0360
67	,,	വടശ്ശേരി കോവിൽ മഞ്ചപ്പറമ്പ്	6720
68	,,	പാണക്കാട് വയൽ-വടശ്ശേരി മണൽ റോഡ്	6300
69	,,	കക്കിരിയാട്-കാപ്പാട്ടുചാൽ-കോട്ടം	0750
70	,,	വാവന്തൂർ-ഒയോളം	1500
71	,,	വൈപ്പിരിയം-കുണ്ടയം കൊച്ചൽ	0500
72	,,	അരിയിൽ പാലം-ചൂരൽ	3000
73	,,	കിണർമുക്ക് മാവിലൻ കോളനി	3500
74	,,	കോട്ടം റോഡ്-ചെറുപ്പാറ	0500
75	,,	കാങ്കോൽ-പാനോം	1000
76	,,	റേഷൻഷാപ്പ് ചെറുപാറ	1500
77	,,	ചൂരൽ-എരമം അതിർത്തി	0300
78	,,	വടവത്തൂർ-നിട്ടമന-ഒയോളം	0600
79	,,	മാത്തിൽ ജി.ആർ.ഡി.(കണക്റ്റിങ് റോഡ്)	0710
80	,,	തോരതക്കാട്-കിടിയൻ ചാൽ	0652
81	,,	മഞ്ചപ്പറമ്പ്-പൂവത്തിൻ കുഴിൽ റോഡ്	0700
82	,,	കൂട്ടപ്പൂന്ന ഭൂതത്താൻ കാവ് റോഡ്	0600

83	ചരൽ	കുഞ്ഞിപ്പാറ-ആലക്കുന്ന് റോഡ്	0798
84	,,	കരിങ്കുഴി ക്രാഫ് റോഡ്	0650
85	,,	ചേസിക്കുന്ന്-സീഡ്ഫോം റോഡ്	0569
86	,,	തെക്കൻമൂല നടപ്പാത-കോവാല റോഡ്	0500
87	,,	വടശ്ശേരി സ്കൂൾ-കല്ലുംചിറ റോഡ്	0640
88	,,	കുറുവേലി അമ്പലം-പുല്ലാമണ്ണി റോഡ്	0.682 മീ
89	,,	കാനത്തുംപൊയിൽ മുണ്ഡ്യ റോഡ് മാടന്തട്ട റോഡ്	0.545 മീ
90	,,	വിഷ്ണുശർമ്മ എൽ.പി. സ്കൂൾ-കുറുവേലി ചിർപ്പ് റോഡ്	0.545 മീ

III a) അടിയന്തിര പ്രാധാന്യംനൽകി ഗതാഗതയോഗ്യമാക്കേണ്ട റോഡുകൾ

1. പഞ്ചായത്തിന്റെ 7ാം വാർഡിൽ പയ്യന്നൂർ-രാജഗിരി റോഡിൽ കുണ്ടയംകൊപ്പലിൽ നിന്ന് ആരംഭിച്ച് താഴകുറുന്ത്വഴി 5ാം വാർഡിൽ വടശ്ശേരിഗോപുരം-മഞ്ചപ്പറമ്പ്-താനിച്ചേരിവഴി 2ാം വാർഡിൽ ആലപ്പടമ്പ് റേഷൻഷാപ്പ്-ചെമ്മഞ്ചേരി മുക്ക്-പലോരിമുക്ക്-കപ്പുവവഴി 1ാം വാർഡിൽ മാവിലൻ കോളനിവഴി കാങ്കോൽ-ചീമേനി റോഡിൽ അവസാനിക്കുന്ന കുണ്ടയം കൊപ്പൽ കിണർമുക്ക് വില്ലേജ് റോഡ്. പഞ്ചായത്തിലെ വലിയൊരു വിഭാഗം ജനങ്ങൾക്ക് അക്ഷരാർത്ഥത്തിൽ പ്രയോജനപ്പെടുന്നതും ഇപ്പോൾ ഭാഗികമായി ഗതാഗത യോഗ്യമായതുമായ പ്രസ്തുത റോഡ്, പ്രാധാന 2 പി.ഡബ്ല്യു.ഡി റോഡുകളെ നാടിന്റെ ഉള്ളപ്രദേശത്തുകൂടി ബന്ധിപ്പിക്കുന്നതോടൊപ്പം 2 പഞ്ചായത്തുകളെയും ബന്ധിപ്പിക്കുന്നു. പ്രസ്തുത റോഡ് ഗതാഗതം പൂർണ്ണമായും സാക്ഷാത്കരിക്കപ്പെട്ടാൽ പഞ്ചായത്തിന്റെ ഗതാഗത രംഗത്തിന്നും സമഗ്രവികസനത്തിന്നും ഏറെ മാറ്റുകൂട്ടുമെന്നതിൽ തർക്കമില്ല.

2. കാക്കടവുമായി നമ്മുടെ പഞ്ചായത്തിനെ ബന്ധപ്പെടുത്തുന്നതും പഞ്ചായത്ത് കേന്ദ്രത്തിൽനിന്ന് ഏകദേശം 7കി.മീ. ദൂരത്തിലുള്ള വെളിച്ചംതോട് നിവാസികൾക്ക് മാത്തിലുമായി ബന്ധപ്പെടുന്നതിനുള്ള ഏകപോംവഴിയുമായ പുല്ലാമണ്ണി-വെളിച്ചം തോട് റോഡ് ഗതാഗതയോഗ്യമാക്കുകയും ചെയ്താൽ മുടങ്ങിക്കിടക്കുന്ന ബസ് സർച്ചീസ് പുനരാരംഭിക്കുവാൻ സാധിക്കും.

3. പയ്യന്നൂർ മുനിസിപ്പാലിറ്റിയുമായി ദൈനംദിന ജീവിതത്തിന്നുപോലും ബന്ധപ്പെടുന്ന ഒരു വലിയ പ്രദേശത്തെ ഏക ഗതാഗതമാർഗ്ഗമായിരുന്ന തുളുവടക്കം-ആലക്കാട് ഹരിജൻ കോളനി-മാത്തിൽ റോഡിന്റെ അതിഗുരുതരമായ ശോച്യാവസ്ഥ മൂലം ബസ് ഗതാഗതംപോലും നിലച്ചിരിക്കുകയാണ്. പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കിയാൽ മാത്രമെ ഈപ്രദേശത്തിലെ ജനവിഭാഗങ്ങൾക്ക് പഞ്ചായത്താസ്ഥാനമായ മാത്തിൽ ടൗണുമായോ വ്യാപാരകേന്ദ്രമായ പയ്യന്നൂരുമായോ ബന്ധപ്പെടാൻ സധിക്കുകയുള്ളൂ. പ്രസ്തുത റോഡ് അടിയന്തിര പ്രാധാന്യംനല്കി ഗതാഗതയോഗ്യമാക്കേണ്ടതുണ്ട്.

4. ആലക്കാട് സെൻട്രൽ-വലിയചാൽ റോഡ്

5. കാളീശ്വരം പടിഞ്ഞാറെക്കര-ലക്ഷം വീട്-വൈപ്പിരിയം റോഡ്.

6. മുണ്ടീറ്റുപാറ-ചെമ്മഞ്ചേരിമുക്ക് റോഡ്.

7. കുറുവേലി അമ്പലം-അരിയിൽ റോഡ്.

8. ഐയ്യോളം-പുതിയ റോഡ്.

9. ആലപ്പടമ്പ് റേഷൻഷാപ്പ് ചെറുപ്പാറ-ഹാജിമുക്ക് റോഡ്

10. വെളിച്ചം തോട്-വെള്ളരിക്കാതൊട്ടി-കരക്കാട്-അരവഞ്ചാൽ റോഡ്

11. പാനോം റോഡ്.

12. വടവന്തൂർ-വായിക്കാട് റോഡ്.

13. വലിയചാൽ-ആലക്കാട് റോഡ്.

കല്ലും ചിറ-വടശ്ശേരിസ്കൂൾ-മടന്തട്ട-സ്വാമിമുക്ക് റോഡ്.

IIIB രണ്ട് കരകൾ തമ്മിൽ ബന്ധപ്പെടുത്തേണ്ട റോഡുകൾ

1. മാത്തിൽ-വടശ്ശേരി ഗോപുരം വടശ്ശേരി സ്കൂൾ-പ്രാന്തംചാൽ റോഡ്

2. ആലപ്പടമ്പ്-കണ്ണങ്കാട്-ഏറ്റുകുടുക്ക റോഡ്

3. കുറുക്കുട്ടി-ചിറ്റിക്കോട്ട് കോളനി കുറുവേലി- അരിയിൽ റോഡ്.

4. വായിക്കാട്-എരമം റോഡ്

5. അരിയിൽ-ചൂരൽ റോഡ്

C ഹരിജൻ കോളനി റോഡുകൾ

പഞ്ചായത്തിലെ അംഗീകരിച്ചതും അല്ലാതത്തതുമായ ഹരിജൻ കോളനികളിൽ കാര്യമായ ഗതാഗത സൗകര്യമില്ല. താഴെ പറയുന്ന റോഡുകൾ

ഗതാഗത യോഗ്യമാക്കിയെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം ലഭിക്കുകയുള്ളു.

1. കോറാം ഹരിജൻ കോളനി- ആലക്കാട്-മാത്തിൽറോഡ്
2. ദേവിയോട് മാവിലൻ കോളനി-കച്ചുവ- പാലേരിമുക്ക് മുണ്ടിറ്റുപാറ റോഡ്
3. ചിറ്റിക്കോട് കോളനി-കുറുവേലി-കുറുക്കൂട്ടി റോഡ്
4. കാങ്കോൽ-ബമ്മാരടി-ഹരിജൻ കോളനി റോഡ്
5. ചളളച്ചാൽ ചിങ്കത്താൽ കോളനി-അരവൻചാൽ റോഡ്

കൂടാതെ പഞ്ചായത്തിൽ നിലവിലുള്ള എല്ലാ റോഡുകളും തദ്ദേശ വാസികളൾക്ക് വളരെയധികം പ്രയോജനപ്പെടുന്നതും ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടതുമാണ്. നിലിവിലുള്ള എല്ലാ റോഡുകളുടേയും ഗതാഗത ക്ഷമത ഉയർത്തിയാൽ മാത്രമേ ഈ രംഗത്ത് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയൂ.

റെയിൽ:- റെയിൽവേ ലൈൻ തീരെയില്ല. ജനങ്ങൾക്ക് പയ്യന്നൂർ റെയിൽവെ സ്റ്റേഷനുമായി ബന്ധപ്പെടുന്നു.

IV A. പുതിയ റോഡുകളുടെ നിർമ്മാണം

നിലവിലുള്ള ഗതാഗത ക്ഷമത വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ അത്യാവശ്യ പ്രദേശങ്ങളിൽ പുതിയ റോഡുകളുടെ നിർമ്മാണവും വികസന പ്രക്രിയയുടെ അവിഭാജ്യഘടകങ്ങളാണ്. ഗുണഭോക്താക്കളുടെ സജീവ പങ്കാളിത്തത്തോടും പഞ്ചായത്തിന്റെ സഹകരണത്തോടും കൂടി മുൻഗണനാ ക്രമത്തിൽ പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും.

B. നടപ്പാതകളും നടപ്പാലങ്ങളും

വിവിധ വാർഡുകളിൽ അത്യാവശ്യമായ നടപ്പാതകളുടേയും നടപ്പാലങ്ങളുടേയും നിർമ്മാണം ജനപങ്കാളിത്തത്തോടും ജില്ലാ പ്ലാനിംഗ് ബോർഡിന്റെ WDGPപദ്ധതി പ്രയോജനപ്പെടുത്തിയും പരിഹരിക്കാൻ സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

Vനിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

1. ആവശ്യമായ ഫണ്ടിന്റെ ലഭ്യതക്ക് അനുസരിച്ച് പ്രധാന റോഡുകൾ മെറ്റൽ ചെയ്ത് ടാർ ചെയ്യുന്നതിനും അഥവാ ഗതാഗത ക്ഷമത വർദ്ധിപ്പിക്കുന്നതിനും മുൻഗണനാ ക്രമം രൂപപ്പെടുത്തി പ്ലാൻ തയ്യാറാക്കുക.

2. മാത്തിൽ,കുണ്ടയംകൊപ്പൽ, കാങ്കോൽ ടൗണുകളിൽ റോഡ് സംരക്ഷണാർത്ഥം പി.ഡബ്ല്യു.ഡി. യുമായി ബന്ധപ്പെട്ട് അഴുക്ക്താൽ- ഓട നിർമ്മിക്കുക.

3. വിവിധ വാർഡുകളുമായും, അവ മെയിൽ റോഡുമായും ബന്ധപ്പെടുത്തുന്ന റോഡുകൾക്ക് മുൻഗണന നൽകി ആവശ്യമായ അറകുറ്റപ്പണികൾ കാലാകാലംയഥാസമയത്ത് നിർവഹിക്കുക.

4. റോഡുകളുടെ കാന(വാറാണി) സംരക്ഷിക്കുന്ന കാര്യത്തിൽ അതാത് പ്രദേശത്തെ ജന പങ്കാളിത്തവും ശ്രദ്ധയും ഉറപ്പ് വരുത്തുക

5. റോഡുകൾ, സാധന സാമഗ്രികൾ ഇറിക്കിവെച്ച് മഴക്കാലത്ത് കാനകൾമൂടുന്ന സമ്പ്രദായം നമ്മുടെ നാട്ടിൽ സർവ സാധാരണമാണ്. ഈ പ്രവണത പരമാവധി ഒഴിവാക്കാൻ ശ്രമിക്കണം.

6. മാത്തിൽ-വെളിച്ചംതോട്, കുണ്ടയംകൊപ്പൽ-കാളിശ്വരം, കോറോം-സ്വാമിമുക്ക്-മാത്തിൽ പ്രദേശങ്ങളിലെ ബസ് ഗതാഗത പ്രശ്നത്തിന് പരിഹാരം കാണേണ്ടതുണ്ട്

7. പലയിടങ്ങളിലും പഞ്ചായത്ത് റോഡുകളുടെ നടുവിലായിElectric, Telephone Postകൾ നിലവിലുണ്ട്. ഇവ റോഡിന്റെ വശങ്ങളിൽ മാറ്റിസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കണം.

8. കരാറടിസ്ഥാനത്തിലുള്ള ബോധ്യപ്പെടുത്തൽ പ്രവർത്തികൾക്ക് പകരം പരമാവധി പ്രവൃത്തികളിലും ജനപങ്കാളിത്തം ഉറപ്പ് വരുത്തുക.

9. ചുരുങ്ങിയപക്ഷം, ഗ്രാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് തലത്തിലെങ്കിലും നടപ്പിലാക്കുന്ന വികസന പ്രവർത്തികളിൽ കരാർ സമ്പ്രദായം ഒഴിവാക്കി ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തുക.

10. സാങ്കേതികത്വത്തിന്റെ നിഴലിൽ മുടിച്ചുനില്ക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് അതൊഴിവാക്കാൻ ആവശ്യമായ ഉദ്യോഗസ്ഥ സൗഹൃദം വളർത്തിയെടുക്കുക.

11. വികസന പ്രവർത്തനങ്ങളിൽ അഴിമതിക്ക് പഴുതുള്ള പഴയകാലം മുതൽ തുടർന്നുവരുന്ന ഇന്നത്തെ സംവിധാനം ജനങ്ങളോടും നാട്ടിനോടും ബാദ്ധ്യതയുള്ള വിദഗ്ദരേക്കൊണ്ട് പരിശോധിപ്പിച്ച് ആവശ്യമായ നിയമ നിർമ്മാണം വഴി സമൂലമാറ്റം വരുത്തുക.

12. വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്ന സാമ്പത്തിക മേഖലകളിൽ ഉദ്യോഗസ്ഥ സാങ്കേതിക വിഭാഗങ്ങൾക്കൊപ്പം തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും തുല്യ പങ്കാളിത്തം നല്കിയാൽ സാമ്പത്തിക അഴിമതി ഒരു പരിധിവരെ മാറ്റിയെടുക്കാൻ സാധിക്കും.

13.ഗ്രാമ പഞ്ചായത്ത് തലത്തിൽ രണ്ടോമൂന്നോ

പഞ്ചായത്തുകൾക്ക് കൂടിയെങ്കിലും 3 ലക്ഷം രൂപ വരെയുള്ള വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ അധികാരമുള്ള സാങ്കേതിക വിദഗ്ദരെ നിയമിക്കുക.

മാർക്കറ്റ്

കർഷകർ സ്വന്തം ആവശ്യത്തിൽ കവിഞ്ഞ് ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾക്കും ചെറുകിട വ്യവസായികൾ ഉല്പാദിപ്പിക്കുന്ന വ്യാവസായികോല്പന്നങ്ങൾക്കും ഉല്പാദനച്ചെലവുമായി ബന്ധപ്പെടുത്തുക്കൊണ്ടുള്ള ഒരു ന്യായമായ വില ലഭിക്കുന്നില്ല എന്നത് പ്രസ്തുത രംഗത്തിന്റെ വളർച്ചയെ ബാധിക്കുന്ന പ്രശ്നമാണ്. ഉണ്ടാക്കുന്ന ഉല്പന്നങ്ങളുടെ വില ഇടത്തട്ടുകാരാൽ കബളിപ്പിക്കപ്പെടുന്നതും ഒരു വസ്തുതയാണ്.

മേൽ പറഞ്ഞ കാരണങ്ങളാൽ ആണ് പൊതു മാർക്കറ്റിന്റെ പ്രസക്തി നമ്മുടെ പഞ്ചായത്തിന് അനുഭവപ്പെടുന്നത്.

സഹകരണാടിസ്ഥാനത്തിൽ ഒരു പൊതുമാർക്കറ്റ്, വിപണന കേന്ദ്രം എന്നിവ യാഥാർത്ഥ്യമാക്കുക എന്നത് അത്യാന്താപേക്ഷിതമാണ്. കൂടാതെ പഞ്ചായത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഓരോ ആഴ്ചചന്തയും നടത്തുവാൻ വേണ്ടസൗകര്യങ്ങളും സംവിധാനങ്ങളും ഉണ്ടാക്കണം.. സഹകരണ മേഖലയിൽ വിപണന കേന്ദ്രം ചില ഇടങ്ങളിൽ ഉണ്ടെങ്കിലും അത് കർഷകർക്ക് എപ്പോഴും ഉപയോഗപ്പെടുന്നില്ല എന്നത് യാഥാർത്ഥ്യമാണ്.

നമ്മുടെ പഞ്ചായത്തിലെ മുഖ്യ വിപണന കേന്ദ്രം മാത്തിൽ-കാങ്കോൽ എന്നീ കേന്ദ്രങ്ങളിലാണ്, ഈ പഞ്ചായത്തിൽ രണ്ട് ബസാറിലും മാവേലിസ്റ്റോർ എക്കാലവും തുറന്ന് പ്രവർത്തിക്കാനുള്ള സ്ഥിരമായ സംവിധാനമില്ല.(ഓണക്കാലത്ത് മാത്രം പ്രവർത്തിക്കുന്ന ഒരു സംവിധാനം ഒഴിച്ചാൽ)

വളരെ, കൊല്ലങ്ങൾക്ക് മുമ്പ് മാത്തിൽ ബസാറിൽ ഒരു സ്വകാര്യ ആഴ്ചചന്ത ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ അത് വെറും ഓർമ്മ മാത്രമായി അവശേഷിക്കുകയാണ്.

ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിൽ ഉത്സവച്ചന്തകളായുള്ളത് ഒന്ന്, വടശ്ശേരി ആണ്ടിയൂട്ട് ഉത്സവച്ചന്ത, ആലക്കാട് കളരിതെയ്യം ഉത്സവച്ചന്ത മുതലായവയാണ്.

ഊർജ്ജം

ചിമേനി പഞ്ചായത്ത്
വാർഡ് നമ്പർ I
വാർഡ് നമ്പർ II
വാർഡ് നമ്പർ III
വാർഡ് നമ്പർ IV
വാർഡ് നമ്പർ V
വടകയ്നി
വാർഡ് നമ്പർ VI
വാർഡ് നമ്പർ VII
വാർഡ് നമ്പർ VIII
കാളീശ്വരം
വാർഡ് നമ്പർ IX

ഊർജ്ജം

നമ്മുടെ സംസ്ഥാനം ഗുരുതരമായ വൈദ്യുതി പ്രതിസന്ധിയിൽ എത്തിനില്ക്കുകയാണ്. സംസ്ഥാനത്തിന്റെ സർവതോന്മുഖമായ വളർച്ചക്കും പുരോഗതിക്കും വൈദ്യുത മേഖലയുടെ വികസനം പ്രഥമവും അടിസ്ഥാനവുമായ കാര്യമായിത്തീർന്നിരിക്കുന്നു. ഒരു രാജ്യത്തിന്റെ തന്നെ സോഷ്യലിസ്റ്റ് പാത വൈദ്യുതിയെ ആശ്രയിച്ചിരിക്കുന്നുവെന്ന് നിസ്സംശയം പറയാം.

വൈദ്യുതിയെകുറിച്ച് പറയുമ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം വൈദ്യുതി നില അവലോകനം ചെയ്തുകൊണ്ട് മാത്രമേ നമ്മുടെ ജില്ലയിലേക്ക്, പഞ്ചായത്തിലേക്ക് കടക്കാനൊക്കൂ.

നമ്മുടെ സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി വിദ്യുച്ഛക്തി ക്ഷാമമാണ്. 1996 ജനുവരി മുതൽ ഏർപ്പെടുത്തിയ പവർകട്ടും ലോഡ്ഷെഡിംഗും അളവിൽകൂട്ടലും കുറക്കലുമായി തുടരാതെ നിവൃത്തിയില്ലാ എന്ന നിലയിൽ എത്തിച്ചേർന്നു. ഇതിന്റേറ ഫലമോ സാമ്പത്തികോല്പാദന ഇടിവ് സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നത് തന്നെ.

ഈവർഷത്തെ പവർകട്ടിന്റെറയും വൈദ്യുത നിയന്ത്രണത്തിന്റെറയും ഫലമായി ഇതിനകം 1000 കോടിരൂപയുടെ ഉല്പാദന നഷ്ടം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട് കൃഷി, വ്യസായം, വ്യാപാരം, ആശുപത്രി, കുടിവെള്ളം, വീട്ടാവശ്യം എന്നിങ്ങനെ സമസ്ത മേഖലകളേയും ഈ നിയന്ത്രണം ബാധിച്ചു. ഫാക്ടറികളിലെ യന്ത്ര സാമഗ്രികൾക്ക്പോലും തകരാറ് ഉണ്ടാക്കി. വ്യവസായ സ്ഥാപനങ്ങളിൽ ലേ ഓഫ് മൂലം തൊഴിലാളികൾക്ക് വേതനം കുറയുകയും തൊഴിൽ നഷ്ടപ്പെടുകയും ഉല്പന്നത്തിന്റെറ കുറവ് മൂലം വില വർദ്ധിക്കുകയും ചെയ്തു. ഇങ്ങനെ നാനാ മേഖലകളിൽ ലക്ഷക്കണക്കിന് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടു.

നമ്മുടെ സംസ്ഥാനത്തിലെ ഇപ്പോഴത്തെ ആഭ്യന്തരോത്പാദനശേഷി പ്രതിവർഷം 572' ദശലക്ഷം യൂനിറ്റും സ്ഥാപിത ശേഷി 1503.5 മെഗാവാട്ട് ആണ്. ഈ വർഷം എല്ലാവിധ നിയന്ത്രണങ്ങളോടുകൂടിയാണെങ്കിലും 10816 ദശലക്ഷം യൂനിറ്റ് ഉപഭോഗം പ്രതീക്ഷിക്കുന്നു. കേന്ദ്രപൂളിൽ നിന്ന് നമുക്ക് പരമാവധി ലഭിക്കുന്നത് 2825 ദശലക്ഷം യൂനിറ്റാണ്. (സംസ്ഥാനം ആവശ്യപ്പെട്ടതനുസരിച്ച് കേന്ദ്രപൂളിൽ നിന്ന് ലഭിക്കുന്ന വൈദ്യുതിയുടെ അളവ് ഇപ്പോൾ കൂട്ടിയിട്ടുണ്ട്). ഇതിന്റെറ അർത്ഥം ഇപ്പോൾ ഏകദേശം 2000 ദശലക്ഷം യൂനിറ്റ് വൈദ്യുതിയുടെ കമ്മി ഉണ്ടെന്നാണ്. പീക്ക്-അവർ ഡിമാന്റ് കൂടി കണക്കി ലെടുത്താൽ-ആവശ്യമായ സ്ഥാപിത ശേഷി 2100 മെഗാവാട്ടാണ്. കൂടാതെ പ്രതിദിന ഡിമാൻറ് പടിപടിയായി ഉയർന്നുകൊണ്ടിരിക്കുന്നു. പ്രതിവർഷം ശരാശരി 10% വർദ്ധനവ് ഡിമാൻറിൽ വന്നുകൊണ്ടി രിക്കുന്നു എന്ന് കണക്കുകൾ കാണിക്കുന്നു.

ദേശീയ പവർ സർവ്വേ പ്രകാരമുള്ള വൈദ്യുതി ആവശ്യകത സംബന്ധിച്ച നിഗമനങ്ങൾ.

വർഷം	ആവശ്യമായി വരുന്ന വൈദ്യുതു ദശലക്ഷം യൂനിറ്റ്	സ്ഥാപിത ശേഷി മെഗാവാട്ട്
1996-97	10921	2187
1997-98	11770	2368
1998-99	12666	2559
1999-2000	13617	2763

ഇപ്പോഴത്തെകമ്മിയും വരുംവർഷങ്ങളിലെ കമ്മിയും മനസ്സിലാക്കുവാൻ മേൽപട്ടികകൊണ്ട് സാധിക്കും. സംസ്ഥാനത്തിന്റെറ പൊതുസ്ഥിതി ഇങ്ങനെയാണെങ്കിൽ വടക്കൻ കേരളത്തിൽപെട്ട നമ്മുടെ സ്ഥിതി വളരെ പരിതാപകരമാണ്. നമുക്ക് ആകെയുള്ള വൈദ്യുതി ഉത്പാദന കേന്ദ്രം നമ്മുടെ പഞ്ചായത്തിൽ നിന്നും 200കി.മി. അകലെയുള്ള കുറ്റ്യാടി ജലവൈദ്യുതി പദ്ധതിമാത്രമാണ്. 25മെഗാവാട്ട് ശേഷി വീതമുള്ള മൂന്ന് ജനറേറ്ററുകളും മഴക്കാലങ്ങളിൽ 75മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നു, റിസർവോയറിൽ മഫറ്റുസീസണിൽ വെള്ളത്തിന്റെ ദൗർലഭ്യം കാരണം മൂന്ന് ജനറേറ്ററും ഒരേപോലെ പ്രവർത്തിക്കുന്നില്ലതാനും, കൂടാതെ കർണ്ണാടക-സപ്ലെയും റെഗുലറായി കിട്ടുന്നില്ല.

2-ാമതായി ഉള്ള വൈദ്യുതി തന്നെ എത്തിക്കാനുള്ള സംവിധാനം വളരെ ശുഷ്കിച്ചതാണ്. ഇപ്പോൾ നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്ന വൈദ്യുതി കോഴിക്കോട് നല്ലളം 220കെ.വി. സബ്സ്റ്റേഷനിൽ കൂടിയാണ്. കുറ്റ്യാടി ജലവൈദ്യുതി, തെക്കൻ ജില്ലകളിലെ പദ്ധതികൾ എന്നിവയിൽനിന്ന് കെ.വി ലൈൻ വഴി 220 കെ.വി. സബ് സ്റ്റേഷനിൽ(നല്ലളം) എത്തിച്ച് അവിടെനിന്ന് വടക്കൻ ജില്ലയുടെ വടക്കെ അറ്റത്തുള്ള കുബാനൂർ വരെ ഒരു 110കെ.വി ലൈനിൽകൂടി, ഇതിനിടയിലുള്ള പതിനൊന്ന് 110കെ.വി. സബ്സ്റ്റേഷനിലേക്ക് ഈ സപ്ലൈ എത്തിയിരുന്നു എന്ന യാഥാർത്ഥ്യം മനസ്സിലാക്കുമ്പോൾ കണ്ണൂർ- കാസർകോഡ് ജില്ലയിലെ വോൾട്ടേജ് കമ്മി എന്ന ശോചനീയാവസ്ഥയെകുറിച്ച് ഏകദേശം ധാരണയാകും. ഇങ്ങനെ ബൾബുകൾ കത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ ടോർച്ചടിച്ചു നോക്കേണ്ടുന്ന ഒരു ദുരവസ്ഥ നമുക്ക് വന്നിട്ട് കാലം ഏറെയായി. ഈ അവസ്ഥ കേരളത്തിൽ നമുക്ക് മാത്രം എന്നുകൂടി ഓർക്കുക. കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ ഈ അവസ്ഥ നമ്മുടെ പഞ്ചായത്തിന് ബാധിക്കുന്നു.

നല്ലളം 220 കെ.വി. സബ്സ്റ്റേഷനിൽ നിന്ന് 110 കെ.വി.ലൈനിൽകൂടി വൈദ്യുതി കുബാനൂർവരെ എത്തിക്കുന്നതിന്റെ ചിത്രം താഴെ കൊടുക്കുന്നു.

പട്ടിക 2



ഈ പ്രശ്നം പരിഹരിക്കുക എന്ന ഉദ്ദേശത്തോടെ കണ്ണൂർ ജില്ലയിലെ കാഞ്ഞിരോടും, കാസർകോഡ് ജില്ലയിലെ മൈലാട്ടിയിലും ലോകബാങ്ക് സഹായത്തോടെ ഓരോ 220കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലെ സപ്ലൈ നിയന്ത്രണം പയ്യന്നൂർ സബ്സ്റ്റേഷൻ(കാങ്കോൽ ആസ്ഥാനം) 1981ൽ കമ്മീഷൻ ചെയ്തു, നമ്മുടെ പഞ്ചായത്തിലേക്ക് കടന്നാൽ ഇതിലും നാം വളരെ പിറകിലാണെന്ന് വസ്തുതകൾകൊണ്ട് മനസ്സിലാക്കാം.

ഈ സബ്സ്റ്റേഷനിൽ പയ്യന്നൂർ, മാതമംഗലം, തൃക്കരിപ്പൂർ, കരിവെള്ളൂർ, ചെറുപുഴ എനിങ്ങനെ അഞ്ച് ഫീഡറുകളിൽ നമ്മുടെ പഞ്ചാത്തിലേക്കുള്ള സപ്ലൈ നിയന്ത്രിക്കുന്നത് ചെറുപുഴ ഫീഡറിർ കൂടിയാണ്. മറ്റ് നാല് ഫീഡറുകളെ അപേക്ഷിച്ച് നാം ഇതിലും പിന്നോക്കം നിൽക്കുന്നു, കാരണം 90 കി.മി. ദൈർഘ്യത്തോടെ 11കെ.വി. ലൈനിലൂടെ ചെറുപുഴയുടെ കിഴക്കൻ മേഖലവരെ എത്തുന്ന ഏറ്റവും ദൈർഘ്യം കൂടിയ ഫീഡർ ആണിത് എന്നതാണ്. ചെറുപുഴ ഫീഡർ പീക്ക് ആവറിൽ 20എം.ഡബ്ല്യു (ഉദ്ദേശം 25%ൽ അധികം ലോഡ് വഹിക്കുന്നു) കൂടാതെ, കിഴക്കൻ മേഖലകളിൽ മരശാഖകളും വളളിപ്പടർപ്പുകളും ലൈനിൽ സ്പർശിക്കുമ്പോഴുണ്ടാകുന്ന പ്രസരണ നഷ്ടം വേറെ.

നമ്മുടെ സബ്സ്റ്റേഷന്റെ സ്ഥിതിയിലേക്ക് നമുക്ക് കണ്ണോടിക്കാം, എല്ലാ ഫീഡറുംകൂടി സ്ഥാപിത ശേഷിയിലധികം ലോഡ് വഹിക്കുന്ന ഇത്രയും ഓവർലോഡ് വരുന്നതിനാൽ സബ്സ്റ്റേഷൻ നിയന്ത്രണ കേന്ദ്രമായ എയർ സർക്യൂട്ട് ബ്രോക്കറിന്ന് (ടാറ്റാ മെർലിൻ കമ്പനിയുടെ) നിരന്തരം തകരാറു സംഭവിക്കുന്നു. അതായത്, ഓവർലോഡ് കാരണം നിരന്തരമായ ട്രിപ്പിംഗ് എയർ സർക്യൂട്ട് ബ്രേയ്ക്കറിന്റെ പാർട്സുകൾക്ക് കേടുപാട് സംഭവിക്കുന്നു. കേടുപാട് സംഭവിച്ചവ മാറ്റാനുള്ള സ്പെയർപാർടസ്, മേൽ പറഞ്ഞ കമ്പനിയിൽ നിന്ന് ലഭിക്കുന്നില്ലെന്നും ഇത് കാരണം അറ്റകുറ്റപ്പണികൾ ആയതിന്റെ ഗൗരവത്തോടെ നടക്കുന്നില്ല എന്നും മനസ്സിലാക്കുന്നു.ഇതിൽ നിന്നെല്ലാം മോചനമെന്നോണം ചെറുപുഴ, പഴയങ്ങാടി,

തളിപ്പറമ്പ്, എന്നിവിടങ്ങളിൽ ഓരോ 110കെ.വി. സബ്സ്റേറഷൻ നിർമ്മാണം നടക്കുന്നുണ്ട്. ഇത് കമ്മീഷൻ ചെയ്തുകഴിഞ്ഞാൽ ഈ പ്രശ്നം ഏറെ പരിഹരിക്കാമെന്നും മനസ്സിലാക്കുന്നു.

വിദ്യുച്ഛക്തി മേഖല എത്തിനില്ക്കുന്ന കുഴപ്പത്തിന്റെ ആഴം നാം വേണ്ടത്ര മനസ്സിലാക്കിയിട്ടില്ല. ഇത് കുറച്ചെങ്കിലും മനസ്സിലാക്കുക എന്ന ഉദ്ദേശത്തോടെയാണ് മുകളിൽ ഇത്രയും പ്രതിപാദിച്ചത്.

ഇതിനെല്ലാം പരിഹാരം എന്നോണം ഗ്രാമപഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും, ജില്ലാപഞ്ചായത്തുകളും, ഗവൺമെന്റിൽ സമ്മർദ്ദംചെലുത്തി താഴെ പറയുന്ന സ്കീമുകൾ ഏറ്റെടുത്തു നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം. (സർക്കാർ ലവലിൽ).

1. മാനന്തവാടി ജലവൈദ്യുത പദ്ധതി, (ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞത്). ഏറ്റെടുത്ത് നടപ്പിലാക്കൽ.

2. ഒരു മെഗാവാട്ട് മുതൽ 50മെഗാവാട്ട്വരെയുള്ള നിരവധി മിനി ഹൈഡ്രൽ പദ്ധതികൾ (ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയവ) ഏറ്റെടുത്ത് നടപ്പിലാക്കുക.

3. സ്വകാര്യമേഖലയിൽ 'നാഫ്ത' ഇന്ധനമായി ഉപയോഗിച്ച് (ബി.പി.എൽ കമ്പനി 250 എം.ഡബ്ല്യു ലക്ഷ്യം വെച്ച് ചീമേനിയിൽ തുടങ്ങാൻ ഉദ്ദേശിച്ചിട്ടുള്ള പവർ സ്റ്റേഷന്റെ പണി തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

4. കൂടാതെ തൃക്കരിപ്പൂർ താപവൈദ്യുത നിലയം കണ്ണൂർ, കാസർഗോഡ് ജില്ലയിൽ പരിപാടിയിട്ടിട്ടുള്ള ഡീസൽ പ്ലാന്റുകൾ എന്നിവ പൊതുമേഖലയിലോ, സ്വകാര്യമേഖലയിലോ തുടങ്ങുവാൻ വേണ്ട സത്വര നടപടികൾ കൈക്കൊള്ളുക.

5. ഇവ തുടങ്ങുന്നത് ജനങ്ങളുടെ ആശങ്കയകറ്റി സ്ഥലം അക്വയർ ചെയ്യുന്നതിനും മറ്റുമായി നിരന്തരമായ ബോധവൽകരണം പഞ്ചായത്ത് ലവലിൽ നടത്തുക.

പഞ്ചായത്ത് തല ഊർജ്ജ ആസൂത്രണം

പഞ്ചായത്തിലെ വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. ആകെ വീടുകളുടെ എണ്ണം 3393
2. വൈദ്യുതീകരിച്ച വീടുകൾ 1735
3. കാർഷിക ഉപഭോഗം 360
4. വ്യാവസായിക ഉപഭോഗം 23
5. വ്യാപാര സ്ഥാപനങ്ങൾ 170
6. കണക്ഷൻ ലഭിക്കുവാൻ ബാക്കിയുള്ളവീടുകളുടെ എണ്ണം 1658
7. സ്ട്രീക്ക്റ്റ് ലൈറ്റുകൾ(നിലവിലുള്ളവ) 103
8. പുതുതായിവേണ്ട സ്ട്രീക്ക്റ്റ് ലൈറ്റുകൾ 100
9. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ എണ്ണം 19
10. പുതുതായി വേണ്ട ട്രാൻസ്ഫോർമറുകൾ 20

വാർഡ് നമ്പർ	പഞ്ചായത്തിൽ വാർഡ് തിരിച്ചുള്ള വീടുകളുടെ എണ്ണം	വിദ്യുച്ഛകതി കണക്ഷൻ ലഭിച്ചവരുടെ എണ്ണം	കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള വരുടെ എണ്ണം
1	368	195	173
2	162	115	47
3	629	215	414
4	211	96	115
5	555	268	287
6	435	327	108
7	422	299	123
8	279	135	144
9	333	85	248
ആകെ	3393	1735	1658

ഗ്രാമത്തിലെ പ്രധാന പാചക ഇന്ധന സ്രോതസ്സുകൾ

1. തെങ്ങിന്റെ ഓല, ചകിരി, മടൽ
2. മറ്റു ഉണങ്ങിയ വസ്തുക്കൾ
3. വിറക്, കരി,
4. മണ്ണെണ്ണ
5. ഗ്യാസ്
6. ഇലക്ട്രിസിറ്റി
7. ഗോബർ ഗ്യാസ്
8. മറ്റുള്ളവ

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ കൂടുതൽ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല

2. ലൈനിൽ പ്രസരണ നഷ്ടം സംഭവിക്കുന്നു.

3. പഞ്ചായത്തിൽ വേണ്ടത്ര തെരുവ് വിളക്കുകൾ ഇല്ല.

4. മിക്കവീടുകളിലും മുന്ന് കല്ല് വിറകടുപ്പ്

ഉപയോഗിക്കുന്നത് മൂലം വീട്ടമ്മമാരുടെ ആരോഗ്യകാര്യത്തെ ബാധിക്കുന്നു.

5. വോൾട്ടേജ് കാര്യത്തിൽ രൂക്ഷമായ പ്രതിസന്ധി തുടരുന്നു.

6. വൈദ്യുതിയുടെ പാഴ്ചെലവ് നിലനിൽക്കുന്നു.

7. വൈദ്യുതേതര ഊർജ്ജസ്രോതസുകൾ വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല.

സാധ്യതകൾ

1. കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, നിലവിലുളളവ യഥാസമയം തന്നെ മെയിൻറനൻസ് നടത്തുക. കൂടാതെ, നിലവിലുളള സിംഗിൾഫേസ് ലൈൻ ത്രീഫേസ് ലൈൻ ആക്കുക.

2. പ്രസരണ നഷ്ടം ഒഴിവാക്കാൻ നിലവിലുളള ലൈനുകളിൽ സ്പർശിച്ചുനിൽക്കുന്ന മരച്ചില്ലകളും വളളിപ്പടർപ്പുകളും ഒഴിവാക്കണം. മേൽപറഞ്ഞ പ്രവർത്തനത്തിന് പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ കെ.എസ്.ഇ.ബി.ബോർഡുമായി ബന്ധപ്പെട്ട് സന്നദ്ധ പ്രവർത്തകരുടെ അടക്കം സേവനം ഉപയോഗപ്പെടുത്തി ചെയ്യാവുന്നതാണ്.

3. വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുക

4. തെരുവ് വിളക്ക് ഇല്ലാത്ത പ്രധാനറോഡുകളിൽ തെരുവ് വിളക്ക് സ്ഥാഫിക്കുകയും, ഉളള തെരുവ് വിളക്കുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുംവിധം പഞ്ചായത്ത് ഭരണ സമിതിയും സന്നദ്ധ പ്രവർത്തകരും മുൻകൈ എടുത്ത് പ്രവർത്തിക്കണം. കൂടാതെ, കാങ്കോൽ ടൗൺ, മാത്തിൽ ടൗൺ, ചൂരൽ, ഏറ്റുകുടുക്ക എന്നിവിടങ്ങളിൽ ഓരോ മെർക്കുറി ലാമ്പ് സ്ഥാപിക്കുക

5. കാങ്കോൽ സബ് സ്റ്റേഷനിൽ നിന്ന് പഞ്ചായത്ത് അതിർത്തിവരെ നിലവിലുളള ഫീഡറിനു പുറമേ പുതിയ ഒരു ഫീഡർകൂടി വലിക്കുക. നിലവിലുളള കാങ്കോൽ 110കെ.വി. സബ്സേറ്റേഷൻ 220കെ.വി. ആയി ഉയർത്തുക.

നിർദ്ദിഷ്ട ചെറുപുഴ 110കെ.വി. സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുക

6. പഞ്ചായത്തിലെ മൂന്നാം വാർഡിൽപെട്ട ഹരിതീർത്ഥക്കരയിൽ ഒരു ചെറുകിട ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പ്രവർത്തിത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ വേണം.

7. വൈദ്യുതി പാഴ്ചെല് ഒഴിവാക്കാൻവേണ്ടി ഉപഭോക്താക്കൾതന്നെ ശ്രമിക്കണം. ഇതിന് ബോധവല്കരണ പരിപാടികൾ ആവിഷ്കരിക്കണം.

8. പഞ്ചായത്തിൽ ഇല്ക്ട്രിസിറ്റി ബോർഡിൻെറ സെക്ഷൻ ആഫീസ് ആരംഭിക്കുക.

9. പുകയില്ലാത്ത അടുപ്പ് വ്യാപകമാക്കുക.

10. ഘർഷണ രഹിത ഫൂട്ട് വാൾവ് പരമാവധി പ്രചരിപ്പിക്കണം.

11 സൗരോർജ്ജ ഹീറ്റർ, സോളാർ ലാമ്പ്, സോളാർ പമ്പ് സെറ്റ് കോംപാക്ട് ഫ്ലൂറസെൻറ്ലാമ്പ എന്നിവയുടെ വ്യാപനം ഉണ്ടാക്കണം. കുറഞ്ഞ വോൾട്ടേജിൽ കൂടുതൽ പ്രകാശം നല്കുന്ന ഇലക്ട്രോണിക് ചോക്ക് ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ട്യൂബ്ലൈറ്റുകൾ ഉപയോഗപ്പെടുത്തുക. ഇതിൻെറയൊക്കെ ഉപയോഗത്തെ സംബന്ധിച്ച് ബോധവല്കരണം നടത്തണം. അനർട്ടിൻെറ സബ്സിഡി ഇനത്തിലുള്ള വിളക്കുകളുടെ വിതരണം എല്ലാ പഞ്ചായത്തിലും ഉറപ്പുവരുത്തണം.

12. അഞ്ചോ ആറോ കന്നുകാലികളുള്ള വീട്ടിൽ ഗോബർ ഗ്യാസ് ഉല്പാദിപ്പിച്ച് ഭക്ഷണം പാചകം ചെയ്യാനും ബൾബുകൾ കത്തിക്കാനും സാധിക്കുന്നതാണ്, വേണ്ട പരിശീലനം കൊടുക്കണം.

13. കമ്മ്യൂനിറ്റി അടിസ്ഥാനത്തിൽ ഗോബർഗ്യാസ് ലാൻറ് നിർമ്മിക്കുകയും സഹകരണാടിസ്ഥാനത്തിൽ ചാണകം സംഘടിപ്പിക്കുകയും വൈദ്യുതി ഉല്പാദിപ്പിച്ച് ഉപയോഗപ്പെടുത്താവുന്നതുമാണ്.

14. മണ്ണെണ്ണ, സ്റ്റൗ, പ്രഷർകുക്കർ എന്നിവ ഉപയോഗപ്പെടുത്തണം, മണ്ണെണ്ണയുടെ കൂടുതൽ ലഭ്യത ഉറപ്പുവരുത്തണം.

15. ചപ്പ് ചവറ്, വീടുകളിലെ ജൈവ-ഖര മാലിന്യങ്ങൾ, ചന്തയിലെ അവശിഷ്ടങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി ബയോഗ്യാസ് യൂനിറ്റ് തുടങ്ങാം.

16. ബയോഗ്യാസ് നിർമ്മാണ രീതികളിൽ പൊജുജന വിദ്യാഭ്യാസപരിപാടി സംഘടിപ്പിക്കാവുന്നതാണ്

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

സാമൂഹ്യവിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ മുന്നോക്കം നില്കുന്ന കാങ്കോൽ വില്ലേജും ആലപ്പടമ്പ് വില്ലേജും കൂടിച്ചേർന്നതാണ് കാങ്കോൽ-ആലപ്പടമ്പ് ഗ്രാമ പഞ്ചായത്ത്.

ഭവന നിർമ്മാണ രംഗത്ത് ഗൾഫ് പണത്തിന്റെ സ്വാധിനം എടുത്തു പറയത്തക്കരീതിയിൽ അത്ര വലിയ മാറ്റങ്ങളൊന്നും ഇവിടെ ഉണടാക്കിയിട്ടില്ല. എന്നാൽ കോൺക്രീറ്റ് സൗധങ്ങൾ കാങ്കോൽ വില്ലേജിൽ അങ്ങിങ്ങായി ഉയർന്നു വന്നിട്ടുണ്ട്. പ്രസ്തുത വില്ലേജിൽ വ്യവസായി തൊഴിലാളികൾ, കർഷക തൊഴിലാളികൾ എന്നിവരെകൂടാതെ ചറുകിട ഇടത്തരം കൃഷിക്കാരും കച്ചവടക്കാരുമാണ് അധിവസിക്കുന്നത്.

ഭൂരിപക്ഷവും മലയോരമേഖലയായ ആലപ്പടമ്പ വില്ലേജിൽ ചെറുകിട ഇടത്തരം കർഷകരും, കർഷക തൊഴിലാളികളുമാണ് അധികരിച്ചുകാണുന്നത്. അതുകൊണ്ടതന്നെ ഈ പഞ്ചായത്ത് അധികവും ഇടത്തരം വീടുകളുമാണ്. ചെത്തുകല്ല് മൺകട്ട, മരം, ഓട്, സിമൻറ് എന്നിവയാണ് ഇവയിലെ നിർമ്മാണ വസ്തുക്കൾ

3393
~~3461~~ വീടുകളാണ് പഞ്ചായത്തിൽ ആകെയുള്ളത്. ഇതിൽ 212 എണ്ണം പുല്ല് ഒരു ഓലക്കുടിലുകളും ~~2692~~ 2529 എണ്ണം ഓട് മേഞ്ഞതും ~~488~~ 476 എണ്ണം കോൺക്രീറ്റ് നിർമ്മിതവും 37എണ്ണം ഷീറ്റ് ഉപയോഗിച്ചുള്ളവയും ~~132~~ 146 എണ്ണം ഓടും കോൺക്രിറ്റും ഉപയോഗിച്ചുള്ളതുമാണ്.

വാർഡ്	വീടുകളുടെഎണ്ണം	കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
1	368	23	306	28	11–
2	162	14	134	7	–7
3	629	72	452	80	25
4	211	41	150	10	–13
5	555	67	413	44	–31
6	435	90	303	10	30
7	421	105	272	7	37
8	279	43	220	11	5
9	333	21	278	15	19
ആകെ	3393	~~478~~ 476	~~2529~~ 2529	212	~~170~~ 132

കോളം - ബി & ഡി സംബന്ധിച്ച് NO-4 91

ഈ പഞ്ചായത്തിൽ ഏതാണ്ട് പത്ത് വർഷത്തോളമായി നിർമ്മിച്ചുവരുന്ന ഇടത്തരം വീടുകളിൽ ഭൂരിഭാഗവും ഐക്യരൂപമുള്ളവയാണ്. 2%വീടുകൾ നവീന മാതൃകയിൽ ആർഭാടപരമായി നിർമ്മിച്ച സൗധങ്ങളാണ്.. നെൽവയൽനികത്തി പറമ്പുകളാക്കി വീടിപണിയുന്ന പ്രവണത കാങ്കോൽ വില്ലേജിലാണ് കൂടുതലായും കണ്ടുവരുന്നത്.. കാർഷിക രംഗത്തെ ദോഷകരമായി ബാധിക്കുന്ന ഈ മാറ്റത്തിൽ ജനങ്ങൾ പൊതുവേ ആശങ്കാകുലരാണ്.

പയ്യന്നൂർ ബ്ലോക്ക്കോ.ഓപ്പറേറ്റീവ് ബിൽഡിംഗ് സൊസൈറ്റി, കോ.ഓപ്പ്.അഗ്രിക്കൾച്ചറൽ ഡവല്പ് മെൻറ് ബാങ്ക്, കേരളാ ഭവന നിർമ്മാണ ബോർഡ്, കേരളാ ഫിനാൻഷ്യൽ എൻറർപ്രൈസസ്, ഹൗസിംഗ് ആൻറ് അർബൺ ഡവലെപ്മെൻറ് കോർപ്പറേഷൻ,

പ്രാദശിക സഹകരണ ബാങ്കുകൾ മുതലായവയാണ് ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിച്ചുവരുന്നത് എന്നാൽ ഈ സ്ഥാപനങ്ങളിലുള്ള അമിത പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും കാലതാമസവും മൂലം സാധാരണക്കാരന് എത്തിപ്പെടാൻവയ്യാത്ത സ്ഥിതിയാണുള്ളത് ഇത് അടിയന്തിരമായും മാറ്റിയേ തീരു.

~~ഈ പഞ്ചായത്തിൽ പേർ ഇന്നും സ്വന്ത മായി വീടില്ലാത്തവരാണ്~~. സർക്കാർ ഏജൻസികൾ മുഖേന ഈ പഞ്ചായത്തിൽ വീട് ലഭിച്ചവരുടെ എണ്ണം വളരെ വളരെ പരിമിതമാണ്. സർക്കാർ സഹായത്തോട് കൂടി ദുർബല വിഭാഗങ്ങൾക്ക് ലഭിക്കുന്ന വീടുകളുടെ എണ്ണം കുറവും, ലഭ്യമാകുന്ന തുക തികയാതെയും വരുന്നു. ഇതുതന്നെ എല്ലാ ദുർബല വിഭാഗങ്ങൾക്കും ലഭിക്കുന്നില്ല. ഇത് മൂലവും മറ്റ് പലകാരണങ്ങളാലും ചെറുകിട ഇടത്തരം വിഭാഗത്തിൽപെടുന്ന ഒരു വിഭാഗം ജനങ്ങൾ സമൂഹത്തിന്റെ മുഖ്യധാരയിൽനന്നും അകന്നുപോകുന്നുണ്ട്. സാമ്പത്തീക പരാധീനത നിമിത്തം സ്വന്തമായി വീട് നിർമ്മിച്ച് സ്വകാര്യ ജീവിതം നയിക്കാനാവാതെ കൂട്ടുകുടുംബങ്ങളേപോലെ ജിവിക്കുന്ന സ്ഥിതിയുമുണ്ട് അതുകൊണ്ട് ചെറുകിട ഇടത്തരം വിഭാഗങ്ങളിൽപെടുന്ന എല്ലാ വിഭാഗം ജനങ്ങൾക്കും സഹായങ്ങൾ ലഭിക്കത്തക്ക രീതിയിൽ ഭവന നിർമ്മാണ പദ്ധതികൾ വിപുലപ്പെടുത്തേണ്ടതാണ്.

ഭവനതുല്യതാ പട്ടിക 2

പദ്ധതി	അനുവദിച്ച വീടുകൾ	പൂർത്തിയാക്കിയവ
RLEGP	24	24
NREP	36	36
IAY	17	16
JRY	68	66
MWS	09	04
ആകെ	154	146

ഇവകൂടാതെ നാല് ലക്ഷംവീട് കോളനികളിലായി 44 വീടുകളും പഞ്ചായത്തിലുണ്ട്. കാങ്കോൽ ഒഴികെ ലക്ഷം വീടുകൾ പഞ്ചായത്ത് നേരിട്ട് നിർമ്മിച്ചു കൊടുത്തതാ.ണ്

നമ്പർ	ലക്ഷംവീട് കോളനി	അനുവദിച്ച വീടുകൾ
1	ആലക്കാട്	18
2	കാങ്കോൽ	06
3	കുറുവേലി	12
4	ആലപ്പടമ്പ	08
	ആകെ	44

ഇവകൂടാതെ കേരളാ ഭവന നിർമ്മാണ ബോർഡ് വൈപ്പിരിയത്തിനടുത്ത് രാജീവ് ദശലക്ഷം പദ്ധതിയിൽ 29 വീടുകൾ നിർമ്മിച്ചിട്ടുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ: ഉള്ള വീടുകൾതന്നെ മിക്കവയും പ്രാഥമിക സൗകര്യങ്ങൾ നിറവേറ്റാനുള്ള കക്കൂസുകളോ കുടിവെള്ളമോ ലഭ്യമാകാത്തവയാണ്ഃ വൈദ്യുതിയും മിക്ക വീടുകൾക്കും ലഭിച്ചിട്ടില്ല. പഞ്ചായത്തിലെ മൊത്തം വീടുകളുടെ വിവരവും അടിസ്ഥാന സൗകര്യങ്ങളുടെ കണക്കുകളും താഴെ കൊടുക്കുന്നു.

വീടുകളുടെ അടിസ്ഥാന വിവര പട്ടിക

പട്ടിക 3

ആകെ വീട്	കക്കൂസ്		വൈദ്യുതി		കിണർ	
	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
~~3401~~	1581	~~1880~~	1735	~~1720~~	~~2289~~	1163
3393		1812		1658	2273	1120

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ പ്രഥമ പരിഗണന നല്കേണ്ടതിന്റെ അനിവാര്യത യിലേക്ക് കണക്കുകൾ സൂചിപ്പിക്കുന്നു.

കെട്ടിട നിർമ്മാണ രംഗത്ത അവശ്യവസ്തുക്കളിൽ ഉണ്ടായ അമിതമായ വിലക്കയറ്റവും ഇല്ലായ്മയും കെട്ടിട നിർമ്മാണരംഗത്ത് സാധാരണക്കാരന് നേടാൻ വയ്യാത്ത സ്ഥിതിയിൽ എത്തിച്ചിരിക്കുന്നു. 1990ൽ 100 രൂപയിൽ താഴെവിലയുണ്ടായിരുന്ന സിമൻറ് വില 1996ൽ 200 രൂപയിലെത്തി. കെട്ടിടനിർമ്മാണത്തിനാവശ്യമായ തടികൾ പ്രാദേശികമായ നമ്മുടെ നാട്ടിൽ സുലഭ മായിരുന്നുവെങ്കിലും ഇപ്പോൾ അപൂർവ മായിരിക്കുന്നു. വിലയും പതിന്മടങ്ങ് വർദ്ധിച്ചിരിക്കുന്നു. കൂടാതെ ഇരുമ്പ്, ചെത്ത്കല്ല്, മേച്ചിലോട് മുതലായ വയ്ക്കും ക്രമാധീതമായ വിലക്കയറ്റമുണ്ടായി.

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം. മൂലം എല്ലാ വിഭാഗം തൊഴിലാളികളികളിലും ഉണ്ടായിട്ടുള്ള അമിതമായ കൂലി വർദ്ധനവ് ~~കെട്ടി~~ നിർമ്മാണ രംഗത്തെ സാരമായി ബാധിക്കുന്നുണ്ട്ഃ വിദഗ്ദ തൊഴിലാളികളുടേയും കൈതൊഴിലാളി കളുടേയും എണ്ണവും കുറഞ്ഞുവരുന്നു.. തച്ചുശാസ്ത്ര കലയിലും മരപ്പണിയിലും പ്രവർത്തിക്കുന്നവരുടെ എണ്ണവും കുറഞ്ഞുവരുന്നു.

നിർദ്ദേശങ്ങളും സാധ്യതകളും

1. വിദഗ്ദ തൊഴിലാളികളുടെ ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിച്ച് പഞ്ചായത്ത്

തലത്തിൽ ആവശ്യമായ വിദഗ്ദ തൊഴിലാളികളെ ലഭ്യമാക്കുക.

2. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ പഞ്ചായത്തുതലത്തിൽ രൂപീകരിക്കുക.

3. സഹകരണ സ്റ്റോറിലൂടെ കെട്ടിടനിർമ്മാണ സാധന സാമഗ്രികൾ ലഭ്യമാക്കുക.

4. സഹകരണാടിസ്ഥാനത്തിൽ ആരംഭിച്ച ഇഷ്ടിക നിർമ്മാണ യൂനിറ്റിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുക.

5. സർക്കാർമുഖേന ലഭിക്കുന്ന വായ്പക്ക് സാമ്പത്തികവും സാങ്കേതികവുമായുള്ള നിബന്ധനകൾ ലഘൂകരിക്കുക.

6. ഇന്ദിര ആവാസ് യോജന പദ്ധതിയുടെ തുക 22000രൂപ 30000രൂപയാക്കി ഉയർത്തുക.

7. രാജീവ് ദശലക്ഷം ഭവനനിർമ്മാണ പദ്ധതിക്ക് 26400രൂപ എന്നത 40000രൂപയാക്കി വർദ്ധിപ്പിക്കുക.

8 നിലവിലുള്ള വായ്പകളുടെ പലിശ 9%മാക്കി നിജപ്പെടുത്തുന്നതോടൊപ്പം. എൽ.ഐ.സി.പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ ചുരുങ്ങിയ നിരക്കിലുള്ള പലിശയോടുകൂടി വായ്പ ലഭ്യമാക്കി ഭവനനിർമ്മാണം വിപുലപ്പെടുത്തേണ്ടതാണ്.

9. അനുവദിക്കുന്ന വായ്പക്ക് ഈടായി നിർമ്മിക്കുന്ന വീടുതന്നെ അംഗീകരിക്കേണ്ടതാണ്.

10. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭവന നിർമ്മാണത്തിന് സ്ഥലവും സാമ്പത്തിക സഹായവും ഗ്രാമ പഞ്ചായത്ത് മുഖേന നല്കുന്നത് ഊർജ്ജിതമാക്കുക.

11. വിവിധ സർക്കാർ ഭവന നിർമ്മാണ പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് സമിതികൾതന്നെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി നടപ്പിൽ വരുത്താവുന്നതുമാണ്.

12. പഞ്ചായത്ത് തലത്തിൽ പ്ലോട്ടുകൾ കണ്ടെത്തി വീടുകൾ നിർമ്മിച്ച് വാടകയ്ക്ക് നല്കുക.

13. ബോധവല്കരണത്തിലൂടെ ചെറിയ വീടുകൾ നിർമ്മിക്കാൻ പൊതുജനങ്ങളെ തല്പരരാക്കേണ്ടതാണ്.

14. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് ലഭ്യമാകുന്ന ഭവന നിർമ്മാണ വായ്പകൾ യഥാ അവസരം ഉപയോഗപ്പെടുത്താൻ പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

ഒമ്പതാം പദ്ധതിയുടെ കാലയളവിൽതന്നെ നമ്മുടെ പഞ്ചായത്തിലെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിനുള്ള കൂട്ടായ്മക്കായി നമുക്ക് ഒരുമിക്കാം.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കുവാനുള്ള കേന്ദ്ര-സംസ്ഥാന ഗവൺമെൻറിൻെറ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി, തൊഴിലാളി-തൊഴിലുടമാ സഹകരണത്തിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ, വികസനകോർപ്പറേഷനിലൂടെ പ്രവർത്തിക്കുന്ന വനിതാക്ഷേമം എന്നിവയാണ് ഈ രംഗത്തെ പ്രധാന പദ്ധതികൾ. നിലവിലുള്ള പദ്ധതിയുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെകുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ട എല്ലാവർക്കും കിട്ടായ്ക, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവല്കരണക്കുറവ് ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോൾ സാങ്കേതിക നൂലാമാല എന്നിവ എടുത്തുപറയേണ്ടതാണ്.

തൊഴിലാളി തൊഴിലുടമ സഹകരണത്തോടുകൂടിയ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ കാര്യക്ഷമമാക്കേണ്ടതാണ്.കെട്ടിട നിർമ്മാണം, കർഷകത്തൊഴിലാളി, വ്യവസായത്തൊഴിലാളി എന്നീ മേഖലകളിൽ ധാരാളം തൊഴിലാളികൾ ഉണ്ടെങ്കിലും ഈ വിഭാഗത്തിൽപെട്ട തൊഴിലാളികൾ ക്ഷേമനിധി രംഗത്തേക്ക് പൂർണ്ണമായും എത്തിയിട്ടില്ല. അത് പരിഹരിക്കപ്പെടേണ്ടതാണ്. ക്ഷേമനിധി ഓഫീസിൻെറ പ്രവർത്തനം ജില്ലാ തലത്തിൽനിന്ന് ബ്ലോക്ക് തലത്തിലേക്കെങ്കിലും എത്തിക്കണം പട്ടിജാതി വികസനത്തിൻെറ ആനുകൂല്യം ലഭിക്കുന്നുണ്ടെങ്കിലും അതിൻെറ ഓഫീസ് ബ്ലോക്ക് തലത്തിലേക്ക് മാറ്റേണ്ടതുണ്ട് വനിതാ വികസന കോർപ്പറേഷൻെറ ആസ്ഥാനം തിരുവനന്തപുരത്തായതിനാൽ നേരിട്ട് ബന്ധപ്പെടുന്നതിനോ ഏത് രീതിയിൽ നടക്കുന്നുവെന്ന് പോലും അറിയാൻ സാധിക്കാത്ത സ്ഥിതിയാണ് ഇന്നുള്ളത് ജില്ലാ തലത്തിൽ വനിതാ വികസന കോർപറേഷൻെറ ആസ്ഥാനം വരേണ്ടതുണ്ട്

സാമൂഹ്യക്ഷേമ രംഗത്ത് പയ്യന്നൂർ ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസിൻെറ കീഴിൽ പ്രവർത്തിക്കുന്ന വില്ലേജ് എകസ്റ്റെൻഷൻ ഓഫിസുകളുണ്ട്.

1995-96 സാമ്പത്തിക വർഷം വരെ ഇത് കാങ്കോൽ വി.ഇ.ഒ. സർക്കിൾ എന്നപേരിലാണ് അറിയപ്പെട്ടത്. 1996-97വർഷം മുതൽ ഇത് കാങ്കോൽ-ആലപ്പടമ്പ് വി.ഇ.ഒ. സർക്കിളുകളായി വിഭജിക്കപ്പെട്ടു.

1995-96 സാമ്പത്തിക വർഷം വരെ കാങ്കോൽ വി.ഇ.ഒ. സർക്കിളിൽനിന്ന് നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച് വിശദമായിത്തന്നെ താഴെ പ്രതിപാദിക്കുന്നു.

11,000 രൂപയിൽ താഴെ വരുമാനമുള്ള കുടുംബങ്ങളേയാണ് ഐ.ആർഡി..പി പദ്ധതിയിൽ ഇപ്പോൾ സഹായിച്ചുവരുന്നത്. ഗ്രാമ വികസന വകുപ്പ് നടത്തിയിട്ടുള്ള കുടുംബ സർവേയിലൂടെയാണ് ഇത്തരം കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. ഏറ്റവും കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങളെ ആദ്യം സഹായിക്കുക എന്ന 'അന്ത്യോദയ' സമീപനമനുസരിച്ച് ഓരോ വർഷവും ഗ്രാമ പഞ്ചായത്ത് തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെ സഹായിച്ചുവരുന്നു.

1992 ഐ.ആർ.ഡി.പി. സർവേപ്രകാരം 1519 കുടുംബങ്ങളേയും അതിനുശേഷം നടത്തിയിട്ടുള്ള അനുബന്ധ സർവേയിലെ 326 കുടുംബങ്ങളും അടക്കം മൊത്തം 1845 കുടുംബങ്ങളാണ് ഐ.ആർ.ഡി.പി. സർവേയിൽ ഉൾപ്പെട്ടിട്ടുള്ളത്.

പട്ടിക 1

കാങ്കോൽ പി.ഇ.ഒ. സർക്കിൾ

നമ്പർ	വർഷം	എണ്ണം	വായ്പ	സഹായധനം	ആകെ
1	1992-93	35	1,51,390	87,410	2,38,800
2	1993-94	36	1,31,383	94,079	2,25,462
3	1994-95	48	528605	1,68,869	6,97,474
4	1995-96	44	5,10176	1,26,431	6,36,607
	ആകെ	237	13,21554	4,76,789	17,98,343

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മൊത്തം 202 പട്ടികജാതി കുടുംബങ്ങളിൽ 194 കുടുംബങ്ങൾക്ക് ഐ.ആർഡി.പി. പദ്ധതിയിൽ സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ഇനിയും സഹായം ലഭ്യമാകാത്ത എട്ട് കുടുംബങ്ങൾ ബാക്കിയുണ്ട്. ഐ.ആർ.ഡി.പി. സർവേയിൽ കണ്ടെത്തിയ കുടുംബങ്ങളിൽ 92-93മുതൽ 95-96വരെ 237

കുടുംബങ്ങൾക്ക് വായ്പയും സബ്സിഡിയുമായി 1798343 രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു.

സർക്കാർ നിർദ്ദശിക്കുന്ന രീതിയിൽ ലക്ഷ്യം നിശ്ചയിച്ചാണ് പദ്ധതികൾ ഇന്ന് നടപ്പാക്കിവരുന്നത്, ദാരിദ്ര്യത്തിന്റെ തോത് ലക്ഷ്യം നിശ്ചയിക്കുമ്പോൾ പരിഗണിക്കുന്നുണ്ടെങ്കിലും ആവശ്യമായത്രയും ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കുന്നതിന് പദ്ധതികൾകൊണ്ട് ഇന്ന് സാധിക്കുന്നില്ല.

ഐ.ആർ.ഡി.പി. പദ്ധതിയിൽ പഞ്ചായത്തിൽ കൂടുതലും സാമ്പത്തിക സഹായം നല്കിവരുന്നത് സഹകരണ ബേങ്കുകളാണ്. മാത്തിൽ സർവീസ് സഹകരണ ബാങ്കും, കാങ്കോൽ സർവീസ് സഹകരണ ബാങ്കും ഈ കാര്യത്തിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. അവർക്ക് യഥാവസരം ജില്ലാ സഹകരണ ബാങ്കുകളിൽനിന്ന് ഫണ്ട് ലഭിക്കുന്നില്ല എന്ന പോരായ്മ നിലനില്കുന്നുണ്ട്. ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കുന്നതിന് ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ വഴി ആവശ്യമായ ഫണ്ട് ലഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. നോർത്ത് മലബാർ ഗ്രാമീണ ബാങ്കും പരിമിതമായ തോതിൽ ഈ രംഗത്ത് വായ്പ അനുവദിച്ചുവരുന്നുണ്ട്. ദേശസാൽകൃത ബാങ്കുകളിൽ പയ്യന്നൂരിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കാങ്കോൽ വില്ലേജിൽ വായ്പ അനുവദിക്കുന്നതിൽ സ്തുത്യർഹമായ പങ്ക് പഹിക്കുന്നുണ്ട് പയ്യന്നൂരിലെ സണ്ടിക്കറ്റ് ബാങ്ക് ലീഡ് ബാക് ആയിട്ടും ദാരിദ്ര്യ നിർമ്മാർജന പദ്ധതി നടപ്പിലാക്കുന്നതിൽ പുറം തിരിഞ്ഞു നിൽക്കുകയാണ്. പരമിതമായ തോതിൽ ഒരു പ്രാവശ്യം ഐ.ആർ.ഡി.പി. സാമ്പത്തിക സഹായംലഭിച്ച പട്ടികജാതിക്കാരല്ലാത്ത കുടുംബങ്ങൾക്ക് വീണ്ടും സഹായം ലഭിക്കുന്നില്ല. ഗുണഭോ ക്താക്കൾ അവർക്ക് നല്കിയ വായ്പ തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തുന്നത് കൊണ്ട് ധനകാര്യ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുന്നതിൽ വിമുഖത കാണിക്കുന്നു. ഈ പദ്ധതിയെക്കുറിച്ച് സർക്കാരിന്റെ നിർവചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ്.

ഗ്രാമീണ വനിതാശിശു വികസന പരിപാടി

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾക്ക് വരുമാനം കിട്ടുന്ന സാമ്പത്തിക പ്രവർത്തനത്തിൽ ഏർപ്പെടുന്ന പദ്ധതിയാണിത്. ഒറ്റയ്ക്ക് ചെയ്യുവാൻ കഴിയാത്ത പല തൊഴിൽ സംരംഭങ്ങളും കൂട്ടായി ചെയ്യുന്നതിനും സ്ത്രീകളുടെ സാമ്പത്തികാഭിവൃദ്ധിയോടൊപ്പം സാമൂഹ്യപദവിയും വർദ്ധിപ്പിക്കുന്നതിന് ഇത് സഹായിക്കുന്നു.

നമ്പർ	വർഷം	സ്ത്രീകളുടെഎണ്ണം	സബ്സിഡിതുക	വായ്പാതുക	ആകെ
1	90-91	14	42,0000	84,000	12,6000
2	91-92	11	33,000	77,000	110000
3	95-96	12	29,700	89,100	118800
	ആകെ	37	104700	250100	354800

മൊത്തം മൂന്ന് ഡി.ഡബ്ല്യു.സി.ആർ.എ യൂണിറ്റുകളാണ് കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിലുള്ളത്.

1. നവോദയ ഡയറിയൂണിറ്റ്-കുറുക്കൂട്ടി
2. സഹൃദയ ഡയറി യൂനിറ്റ്-ഏറ്റുകുടുക്ക
3. മെയ്വൺ ഡി.ഡബ്ല്യു.സി.ആർ. യൂനിറ്റ്-കുണ്ടയംകൊപ്പൽ.

ഐ.ആർ ഡി.പി മാനദണ്ഡങ്ങൾക്ക് വിധേയമായി സർക്കാർസഹായധനവും ബാങ്ക്വായ്പയും ഈ പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ 15200 രൂപ തോതിൽ റിവോൾവിങ്ങ് ഫണ്ട് രണ്ടു യൂനിറ്റിനും 25000രൂപ റിവോൾവിങ്ങ് ഫണ്ട് മെയ്വൺ ഡി.ഡബ്ല്യു.സി.ആർ.എ.യൂനിറ്റിനും അനുവദിച്ചിരുന്നു. ഗ്രൂപ്പ് അംഗങ്ങളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന് രണ്ട് യൂനിറ്റുകൾക്ക് കഴിഞ്ഞിട്ടുണ്ട്. ഐ.ആർ.ഡി.പി, ഡി.ഡബ്ല്യൂ.സി.ആർ.എ പദ്ധതിനടപ്പാക്കുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. ഗുണഭോക്താക്കൾക്ക് അനുയോജ്യമായ കുടുംബപദ്ധതികൾ തയ്യാറാക്കുമ്പോൾ സർക്കാർ നിർദ്ദേശിക്കുന്ന ചില നിബന്ധനകൾ പ്രയാസം സൃഷ്ടിക്കുന്നു.
2. ഐ.ആർ.ഡി.പി. പദ്ധതിയിൽ അപേക്ഷ കൊടുത്ത് മാസങ്ങളോളം കാത്തുനില്കേണ്ടിവരുന്നു.
3. ചില ദേശസാൽകൃതബാങ്കുകൾ ഐ.ആർ.ഡി.പി., ഡി.ഡബ്ല്യു.സി.ആർ.എ. പദ്ധതിയിൽ വായ്പ അനുവദിക്കുന്നതിൽ ഉദാസീനത കാട്ടുന്നു.

4. ഡി.ഡബ്ല്യു.സി.ആർ.എ യൂനിറ്റുകൾ രൂപീകരിക്കാൻ അംഗസംഖ്യ പത്തെങ്കിലും വേണമെന്നത് പ്രയാസമുണ്ടാക്കുന്നു.

ട്രൈസം

പതിനെട്ട് മുതൽ 35വരെ പ്രായമുള്ള ഗ്രാമീണ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നല്കി ഐ.ആർ.ഡി.പി. പദ്ധതിയുടെ ലക്ഷ്യം സാർത്ഥകമാക്കുന്നു.

ട്രൈസം പരിശീലന ലഭ്യതാ പട്ടിക

(കാങ്കോൽ വി.ഇ.ഒ. സർകിൾ)

വർഷം	എണ്ണം
1992-93	2
1993-94	3
1994-95	1
1995-96	2
ആകെ	8

1992-93 മുതൽ 95-96വരെ കാങ്കോൽ-ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിൽ എട്ട് പേർക്കു മാത്രമേ പരിശീലനം നല്കിയിട്ടുള്ളൂവെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഓരോ ഗ്രാമത്തിലും അനുയോജ്യമായ തൊഴിൽ പരിശീലനം നല്കാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കാനും ശ്രദ്ധിക്കണം. ഇതുവഴി പരിശീലനം ലഭിക്കുന്നവർക്ക് തുടർന്ന് യോഗ്യത അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ല എന്നത് ഈ പദ്ധതിയുടെ ഒരു പോരായ്മയാണ്. വളരെ ചുരുക്കം ചിലർക്ക് മാത്രമേ ഈ പദ്ധതിയുടെ പരിശീലനം നല്കാൻ കഴിയുന്നുള്ളൂ. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും സ്റ്റൈപൻറ് തുക വർധിപ്പിക്കുകയും വേണം. ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ കിട്ടുന്നില്ല എന്ന പരാതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലുണ്ട് ഇത് വപരിഹരിക്കാൻ ഗുണ ഭോക്താക്കളെ കണ്ടെത്തി അവരെ ബോധവാന്മാരാക്കാൻ യുവജന സംഘടനകൾക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

ടൂൾകിറ്റ്

പരമ്പരാഗത ഗ്രാമീണ, കൈത്തൊഴിലുകാർക്ക് നവീനരീതിയിലുള്ള തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ പ്രോഗ്രാം.

സഹായ ലഭ്യതാ കണക്ക് പട്ടിക
കാങ്കോൽ വി.ഇ.ഒ. സർക്കിൾ

വർഷം	എണ്ണം	തുക
1993-94	16	21159
1994-95	26	32525
1995-96	12	43169
ആകെ	54	96853

കാങ്കോൽ ആലപ്പടമ്പ് ഗ്രാമ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ ഐ.ആർ.ഡി.പി. സർവേ പ്രകാരം 64 പരമ്പരാഗത ഗ്രാമീണ കൈത്തൊഴിലുകാർ ഉള്ളതിൽ 54 പേർക്ക് സഹായം ലഭിച്ചിട്ടുണ്ട് ഇനിയും സഹായം ലഭിക്കാൻ 10 പേർ മാത്രമേ ബാക്കിയുള്ളൂവെന്ന് വി.ഇ.ഓ. ഓഫീസിൽനിന്ന് ശേഖരിച്ച കണക്കുകൾ വ്യക്തമാക്കുന്നു. അർഹരായ മുഴുവൻ ഗ്രാമീണ കൈത്തൊഴിലുകാരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കുന്നതോടൊപ്പം വിതരണം ചെയ്യുന്ന തൊഴിലുപകരണങ്ങൾ ഗുണഭോക്താക്കൾ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നു കൂടി പരിശോധനാ വിധേയമാക്കേണ്ടതുണ്ട്.

കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക ഇരട്ടക്കുഴി കക്കൂസ് നിർമ്മിക്കാൻ സാമ്പത്തിക സഹായം നല്കുന്ന പദ്ധതിയാണ് കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി.

ജില്ലാ ഗ്രാമവികസന ഏജൻസി ഈ പദ്ധതിയിലൂടെ മൊത്തം തുകയിൽ 35%വ്യക്തികൾക്ക് ഇരട്ടക്കുഴി കക്കൂസ് നിർമ്മിക്കാനും 10%തുക സ്ത്രീകൾകുള്ളസാനിറ്റേഷൻ കോംപ്ലക്സുകൾക്കും ബാക്കി 5% ഇരട്ടക്കുഴി കക്കൂസുകൾ നിർമ്മിക്കുന്നതിന് തൊഴിലാളികൾക്ക് പരിശീലനം നല്കുക, പരിസര ശുചീകരണത്തിൻെറയും വ്യക്തി ശുചിത്വത്തിൻെറയും പ്രാധാന്യത്തെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുക, ചെലവ് കുറഞ്ഞ കക്കൂസ് നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യ പ്രചരിപ്പിക്കുക തുടങ്ങിയവയ്ക്ക് ഉപയോഗപ്പെടുത്തുന്നു. ഗ്രാമ സാമ്പത്തിക സർവേ പ്രകാരം കാങ്കോൽ ആലപ്പടമ്പ് ഗ്രാമ പഞ്ചായത്തിൽ കക്കൂസി ല്ലാത്ത കുടുംബങ്ങളുണ്ട്. അതിൽ 54 കുടുംബങ്ങൾക്ക് മാത്രമാണ് കക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിച്ചത്. ഇനിയും

കക്കൂസുകൾ വേണ്ടുന്ന കുടുംബങ്ങളുണ്ട്.

സഹായ ലഭ്യതാ പട്ടിക

കാങ്കോൽ വി.ഇ.ഒ. സർക്കിൾ

വർഷം	എണ്ണം	തുക
1993–94	11	22000
1994–95	12	24000
1995–96	11	22000
ആകെ	34	68000

ഓരോ വർഷത്തിലും ചിരുക്കം ആളുകൾക്ക് മാത്രമേ ഇതിന്റെ ഗുണം ലഭിക്കുന്നുള്ളു. കൂടുതൽ ആളുകൾക്ക് ഇരട്ടക്കുഴി കക്കൂസ് നിർമിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുകയും സംഖ്യ വർദ്ധിപ്പിക്കുകയും വേണം.

മില്ല്യൻ വെൽ സ്കീം

പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിന്റെ കൃഷി ഭൂമി പ്രയോജനകരമായി വിനിയോഗിക്കുന്നതിന് ആവശ്യമായ ജലസേചന കിണറുകൾ, കുളങ്ങൾ, കനാലുകൾ, ഭൂവികസന പദ്ധതികൾ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങളാണ് കൂടുതലായും ഈ പദ്ധതിയിൽ ഏറ്റെടുക്കുന്നത്. ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ മുഴുവൻ തുകയും സഹായമായി നല്കുന്നു. ഈ പദ്ധതി ഇപ്പോൾ സാമ്പത്തിക സഹായം നല്കിവരുന്നുണ്ട്.

	വർഷം	എണ്ണം	തുക
1	1991–92	6	90,000
2	1992–93	2	30,000
3	1994–95	7	14,0000
ആകെ		15	2,60000

ജവഹർ തൊഴിൽദാന പദ്ധതി

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമീണ തൊഴിൽ രഹിതർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം ഗ്രാമത്തിന്റെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പ്രയോജനം കിട്ടുന്ന സാമൂഹ്യ ആസ്തികൾ നിർമ്മിക്കുക, അങ്ങനെ ഗ്രാമങ്ങളിലെ ഭൗതിക ജീവിതത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുക എന്നിവയാണ് മറ്റ് ലക്ഷ്യങ്ങൾ. ഈ പദ്ധതിയിൻകീഴിൽ 30%തൊഴിൽ ദിനങ്ങൾ സ്ത്രീകൾക്കായി നല്കണം. ജെ.ആർ.വൈ. പദ്ധതിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുവരുന്നത് ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനാണ്. മിക്കപ്പോഴും ഓരോ റോഡ് പണിയുടേയും പിന്നിൽ ഓരോ കരാറുകാരനും അയാളുടെ താല്പര്യവുമായിരിക്കും ഉണ്ടാവുക. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിലാവട്ടെ റോഡുകളുടെ പ്രസക്തി പരിമിതമാണ്. താഴെ പറയുന്ന പദ്ധതികൾക്ക് ജെ.ആർ.വൈ. പദ്ധതിയിൽ മുൻഗണന നല്കാവുന്നതാണ്.

1. പാവപ്പെട്ടവരുടെ കുട്ടികൾക്ക് പ്രീ സ്കൂൾ വിദ്യാഭ്യാസം നല്കുന്ന അംഗൻവാടികൾ

2. പട്ടികജാജി ആവാസ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ

3. സർക്കാർ ആശുപത്രി വാർഡ്, വെയിറ്റിംഗ് റൂം.

4. ഓടകൾ, കക്കൂസുകൾ തുടങ്ങിയവ ഉൾകൊള്ളിച്ചുകൊണ്ടുള്ള സംയോജിത പരിസര ശുചീകരണ പ്രവർത്തനങ്ങൾ

5. ചെറുകിട ജലസേചന പദ്ധതികൾ

6. വാട്ടർ ഷെഡ് (നീർമറി)

7. ഗ്രാമീണ ചന്തകൾ

തുടങ്ങിയവയ്ക്ക് പ്രാധാന്യംകൊടുത്ത നിർമ്മിക്കാവുന്നതാണ്. ഗ്രാമ വികസന വകുപ്പ് വഴി നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളാണ് മുകളിൽ വിവരിച്ചത്. ഈ പദ്ധതികൾകുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ ജനപങ്കാളിത്തത്തോടെയും ലക്ഷ്യബോധത്തോടെയും പദ്ധതികൾ ആസൂത്രണം ചെയ്യാനും മാർഗ്ഗ നിർദ്ദേശങ്ങൾ നല്കാനും ഗ്രാമ പഞ്ചായത്തുകൾക്ക് സാധിക്കും പോരായ്മകൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. ഐ.ആർ.ഡി.പി. പദ്ധതിയിൽ വായ്പ അനുവദിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കാൻ സർകാർ തലത്തിൽ നടപടികൾ

സ്വീകരിക്കണം.

2. വായ്പാകുടിശ്ശിക അടച്ചു തീർക്കുന്നതിൽ വീഴ്ച വരുത്തുന്നവരെ കണ്ടെത്തി വായ്പ തിരിച്ചടക്കുന്നതിന് പ്രേരിപ്പിക്കാൻ വാർഡ് തല കമ്മറ്റികൾ രൂപീകരിക്കണം.

3. വായ്പയുടെ ഉപയോഗം ശരിയായ രീതിയിലാണോ എന്ന് പരിശോധിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ജനകീയ മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടായിരിക്കണം.

4. ഡി.ഡബ്ല്യു.സി.ആർ.എ. യൂനിറ്റുകളുടെ അംഗസംഖ്യ ചുരുങ്ങിയത് അഞ്ച് ആക്കണം. അംഗങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ രക്ഷാകർതൃ സമിതി രൂപികരിക്കണം.

5. പ്രാദേശികമായി അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നതും വിപണന സൗകര്യങ്ങൾ ഉള്ളതുമായ പദ്ധതികൾ കണ്ടെത്തി ഡി.ഡബ്ല്യൂ.സി.ആർ.എ.യൂനിറ്റുകൾ വിജയപ്രദമാക്കണം.

6. ഇതിനായി പഞ്ചായത്തിന്റെ സാധ്യതാപഠനവും, വിവിധവകുപ്പുദ്യോഗസ്ഥന്മാരുടെ സേവനവും പ്രയോജനപ്പെടുത്തണം.

7. ട്രൈസം തൊഴിൽ പരിശീലനം കിട്ടിയത് ഏത് രംഗത്താണോ ആ രംഗത്ത് തന്നെ ഗുണ ഭോക്താവിനെ തൊഴിൽ കണ്ടെത്താൻ പ്രേരിപ്പിക്കണം.

8. ജെ.ആർ.വൈ.പോലുള്ള തൊഴിൽ പദ്ധതികളിൾ ഇടത്തട്ടുകാരെ പൂർണ്ണമായും ഒഴിവാക്കുക.

9. പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും ജനപങ്കാളിത്തം ഉറപ്പ്വരുത്തുക.

10 പദ്ധതിക്ക് അനുഭവിക്കുന്ന അടങ്കൽ തുകയുംയഥാർത്ഥ തുകയും തമ്മിലുള്ള അന്തരം കുറച്ച് ഭരണാനുമതി നല്കാൻ പഞ്ചായത്ത് സമിതിക്ക് അധികാരം വേണം. പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കുന്ന ആൾക്ക് എസ്റ്റിമേറ്റ് ഉണ്ടാക്കാനും വാലുവേഷൻ നല്കാനും ഉതകുന്നതീരുമാനം ഉണ്ടാക്കണം.

മഹിളാ സമാജവും അംഗൻവാടികളും

മഹിളാ സമാജങ്ങൾ

കാങ്കോൽ-ആലപ്പടമ്പ ഗ്രാമപഞ്ചായത്തിൽ റജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എട്ട് മഹിളാ സമാജങ്ങളുണ്ട്.

എന്നാൽ ഇവയിൽ സ്തുത്യർഹമായ സേവനം നടത്തുന്നത് മാത്തിൽ ശക്തി മഹിളാ സമാജം, കൂറുകുട്ടി ജ്യോതി മഹിളാ സമാജം, കണ്ടയംകൊവ്വൽ ഉദയാ മഹിളാ സമാജം, ചെറുപാറ മഹിളാ സമാജം എന്നിവമാത്രമാണ്. ഏതാനും ചില ബോധവല്കരണ ക്ലാസുകളും വർഷത്തിലൊരിക്കൽ നടക്കുന്ന കലോല്സവങ്ങളിലെ പങ്കാളിത്തത്തിലും മാത്രം ഒതുങ്ങി നില്ക്കുന്ന മഹിളാ സമാജങ്ങളുടെ ഇന്നത്തെ പ്രവർത്തന മാതൃക മാറ്റിയെടുക്കേണ്ടതാണ്. സ്ത്രീ പീഡനം പോലുള്ള സാമൂഹ്യ ദുരിതങ്ങൾക്കെതിരെ വരുത്താൻ സ്ത്രീകൾ കൂടുതൽ ബോധവാന്മാരാകേണ്ടതാണ്. സാമൂഹ്യ പ്രവർത്തനങ്ങളിലും ഗ്രാമ വികസന പ്രവർത്തനത്തിലും പുരുഷന്മാർക്കൊപ്പം മഹിളകളുടെ സേവനവും വർദ്ധിപ്പിക്കേണ്ടതുണ്ട്. സമൂഹത്തിൽ ഒളിഞ്ഞും തെളിഞ്ഞും നിലനിൽക്കുന്ന അന്ധവിശ്വാസവും അനാചാരങ്ങളും പൂർണ്ണമായും തുടച്ചുനീക്കാൻ പുരോഗമന പ്രസ്ഥാനങ്ങളും സാമൂഹ്യ സാംസ്കാരിക സംഘടനകളും നടത്തുന്ന പ്രവർത്തനങ്ങളിൽ മഹിളകളും അവരുടേതായ കടമകൾ നിർവ്വഹിക്കണം

അംഗൻവാടി

പഞ്ചായത്തിൽ സാംമൂഹ്യക്ഷേമവകുപ്പിന്റെ 16 അംഗൻവാടികളും 2 സ്വകാര്യ അംഗൻവാടികളും അടക്കം 18 അംഗൻവാടികളുണ്ട്, ഇതിൽ ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന ചെറുപാറ, മൂന്നാം വാർഡിലെ മാത്തിൽ, ആറാം വാർഡിലെ കാങ്കോൽ നോർത്ത് എട്ടാം വാർഡിലെ കണ്ടയംകൊവ്വൽ എന്നീ നാല് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ട്. മറ്റ് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. 11അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലമുണ്ട്. വടശ്ശേരി അംഗൻവാടിക്ക് സ്വന്തമായി സ്ഥലമില്ല. അംഗൻവാടിയിലെ രക്ഷാധികാരി സമിതി ഇടപെട്ട് വായനശാല, കലാസമിതി, വ്യക്തികൾ എന്നിവരിൽ നിന്നും സ്ഥലം സൗജന്യമായി ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. കുട്ടികളുടെ മാനസീകോല്ലാസത്തിനും മറ്റും ആവശ്യമായ കളിപ്പാട്ടങ്ങളും കളിസ്ഥലവും മേൽ പറഞ്ഞ അംഗൻവാടികൾക്കൊന്നും ഇല്ല. ഇതിലുപരി പ്രാഥമിക സൗകര്യങ്ങൾക്കുള്ള സംവിധാനവും അംഗൻവാടികളിൽ നിലവിലില്ലാ എന്നത് അടിയന്തിരമായും പരിഹരിക്കപ്പെടേണ്ടതാണ്.

അംഗൻവാടികളുടെ സ്ഥിതി വിവരക്കണക്ക്

നമ്പർ	വാർഡ്	എണ്ണം	അംഗൻവാടികളുടെ പേര്	രജിസ്റ്റർ ചെയ്ത കുട്ടികളുടെ എണ്ണം	കെട്ടിടം		സ്ഥലം		കളിപ്പാട്ടം		സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത്
					ഉള്ളത്	ഇല്ലാത്തത്	ഉള്ളത്	ഇല്ലാത്തത്	ഉള്ളത്	ഇല്ലാത്തത്	
1	1	2	ചെറുപ്പാറ	75	1	1	2	ഇല്ല	ഇല്ല	2	1
2	1		ആലപ്പടമ്പ നോർത്ത്	88							
3	2	1	ആലപ്പടമ്പ് വെസ്റ്റ്	82	–	1	1	–	––	1	1
4	3	4	മാത്തിൽ	75							
5	3	4	കൂട്ടപ്പുന	70							
6	3		കുറുക്കൂട്ടി	54	1	3	4	–	–	4	3
7	3		വെളിച്ചംതോട്	103							
8	4	1	വടവന്തൂർ	192		1	1			1	1
9	5	2	വടശ്ശേരി	106							
			പടിഞ്ഞാറേക്കര		2	1	1	2		2	
10	5		വടശ്ശേരി മണൽ	56							
11	6	2	കാങ്കോൽ സൗത്ത്	82	1	1	2	–	–	2	1
12	6	2	കാങ്കോൽ നോർത്ത്	91							
13	8	2	കുണ്ടയംകൊവൽ	109	1	1	2	–	–	2	1
14	8		കാളീശ്വരം	98							
15	9	2	ആലക്കോട് സെൻട്രൽ	75	–	2	2	–	––	2	2
16	9		ആലക്കോട് സൗത്ത്	78							

മുകളിൽകൊടുത്ത പട്ടികയിൽനിന്നും പഞ്ചായത്തിലെ 16 അംഗൻവാടികളിലായി രജിസ്റ്റർ ചെയ്ത 1434 കുട്ടുകളുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. ഇതിൽ 1 വയസിന് താഴെ 119ഉം 1മുതൽ 2 വരെ 308ഉം 2മുതൽ 3വരെ 303ഉം 3മുതൽ 5വരെ 654ഉം കുട്ടികളുണ്ട്. അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടേയും സാമൂഹ്യക്ഷേമ വകുപ്പിൻെറയും രക്ഷാധികാര സമിതിയുടേയും പ്രവർത്തനങ്ങൾ ഊർജിതമാക്കേണ്ടതുണ്ട്. കുട്ടികളുടെ മാനസിക-ശാരീരിക വളർച്ചയ്ക്ക് അനുസൃതമായ കളിപ്പാട്ടങ്ങളും മറ്റും അംഗൻവാടികളിൽ വിതരണം ചെയ്യുന്നതിന് സാമൂഹ്യക്ഷേ വകുപ്പിൻെറ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട് അംഗൻവാടിയില്ലാത്ത ഏഴാം വാർഡിൽ അംഗൻവാടി പ്രവർത്തനം ആരംഭിക്കുന്നതിനെ കുറിച്ച് ആലോചിക്കണം. രജിസ്റ്റർ ചെയ്ത കുട്ടികൾ അംഗൻവാടികളിൽ കൃത്യമായി എത്തുന്നില്ല എന്ന ന്യൂനത മാറ്റിയെടുക്കേണ്ടതാണ്. രജിസ്റ്റർ ചെയ്ത കുട്ടികളുടെ കണക്കിൻെറ വെളിച്ചത്തിൽ കൂടുതൽ കുട്ടികളുള്ള വടവന്തൂർ, വെളിച്ചംതോട്, വടശ്ശേരി പടിഞ്ഞാറേക്കര, കുണ്ടയംകൊവൽ എന്നീ അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പ്രസ്തുത വാർഡിനകത്ത് സൗകര്യപ്രദമായ കേന്ദ്രങ്ങളിൽ കൂടുതൽ അംഗൻവാടികൾ തുടങ്ങുന്നതിനെ കുറിച്ച് സാമൂഹ്യക്ഷേമ വകുപ്പ് ശ്രദ്ധിക്കണം

നിർദ്ദേശങ്ങൾ

1. സാമൂഹ്യക്ഷേമ വകുപ്പിന്റെ സാമ്പത്തിക സഹായത്തിന് പുറമേ ജെ.ആർ.വൈ. പദ്ധതിയിൽ ഉൾപെടുത്തി അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുക.

2. കുട്ടികൾക്ക് പോഷകാഹാര വിതരണത്തിന് നല്കുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക

3. പുകയില്ലാത്ത അടുപ്പ് അംഗൻവാടികളിൽ വ്യാപിപ്പിക്കുക

4. അംഗൻവാടികളിൽ ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ നല്കണം

5. അംഗൻവാടി വർകർമാരെയും ഹെൽപ്പരമാരെയും പൊതുപ്രവർത്തനത്തിൽ സജീവമാക്കാൻ ബോധവല്കരണം നടത്തുക. അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഉയർത്തുക

6. ഡി.ഡബ്ല്യൂ.സി.ആർ.എ. യൂനിറ്റുകളുള്ള പ്രദേശങ്ങളിലേ അംഗൻവാടികൾക്ക് അതിൽനിന്ന് സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്.

ക്ഷേമ പദ്ധതികൾ

സാമൂഹ്യക്ഷേമ രംഗത്ത് റവന്യു വകുപ്പ് വഴി പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായങ്ങളുമാണ് വില്ലേജ് ഓഫീസുകൾ മുഖാന്തിരം പഞ്ചായത്തിൽ ലഭ്യമാകുന്നത്. അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ല എന്നത് ഈ ക്ഷേമ പദ്ധതി കളെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ ബൗധ്യ പ്പെടുന്നു.

വിധവാ പെൻഷൻ

ഭർത്താവ് മരിച്ചുപോവുകയോ ഭർത്താവനാൽ ഉപേക്ഷിക്കപ്പെട്ട് തുടർച്ചയായി ഏഴുവർഷത്തിലധികം ഭർതാവിനെ പറ്റി വിവരം ലഭ്യമല്ലാതെ അദ്ധ്വാനശേഷിയില്ലാത്ത പ്രതിമാസവരുമാനം 100രൂപയിൽ താഴെയുള്ള സ്ത്രീകൾക്കാണ് 75/രൂപ പ്രതിമാസ പെൻഷൻ ലഭിക്കുന്നത് പ്രായ പൂർത്തിയായ ആൺമക്കളുണ്ടെങ്കിൽ ഈ പെൻഷൻ ഇന്ന് ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി ഇന്നുള്ള വരുമാന പരിധി ഉയർത്തി പെൻഷൻ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കണം,

വികലാംഗ പെൻഷൻ

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന അന്ധർ-മൂകർ-ബധിരർ തുടങ്ങിയ അംഗവൈകല്യ മുള്ളവരെ സാമ്പത്തികമായി സഹായിക്കുന്ന പെൻഷൻ പദ്ധതിയാണ് ഇത്. പ്രതിമാസം 300രൂപയിൽ താഴെ വരുമാനമുള്ളവർക്കാണ് പ്രതിമാസം 75/രൂപ പെൻഷൻ അർഹത. വികലാംഗത്വം തെളിയിക്കാനുള്ള സർട്ടി ഫിക്കറ്റ് ഹാജരാക്കാൻ ജില്ലാ ആശുപത്രിവരെ പോകേണ്ട സാഹചര്യമാണ് ഇന്നുള്ളത്. വളരെ പാവ പ്പെട്ടവർ മാത്രമേ ഇത്തരം ക്ഷേമ പദ്ധതിയിൽ വരിക യുള്ളൂ. വികലാംഗരായതിനാൽ അവരിൽ പലർക്കും ദൂരെ യാത്ര ചെയ്യാനുള്ള പ്രയാസങ്ങളും ഉണ്ട്. അവർ ക്ക് പഞ്ചായത്ത് തലത്തിൽ ഇത്തരം സർട്ടിഫിക്കറ്റ ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

ദേശീയ വാർദ്ധക്യകാല പെൻഷൻ

65 വയസിന് മുകളിൽ പ്രായമുള്ള സാമ്പത്തിക ദുരിതമനുഭവിക്കുന്ന വൃദ്ധന്മാർക്കും വൃദ്ധകൾക്കും സാമ്പത്തിക സഹായം നല്കുന്ന പദ്ധതിയാണിത്. ഗ്രാമ പഞ്ചായത്തുകൾ വഴിയാണ് ഇന്ന് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. 5000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരായിരിക്കണം ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ പ്രതിമാസം 100/രൂപയാണ് പെൻഷനായി ലഭിക്കുന്നത് ത്രിതല ഗ്രാമ പഞ്ചായത്തുകൾ 1995ൽ അധികാരത്തിൽ വരുന്നത് വരെ വില്ലേജ് ഓഫീസുകൾ വഴി ആണ് വാർദ്ധക്യ പെൻഷൻ എന്ന നിലയിൽ ഈ പദ്ധതി നടപ്പിലാക്കി വന്നത്. കുഷ്ഠരോഗികൾക്കും കാൻസർ രോഗികൾക്കും ക്ഷയ രോഗികൾക്കും ധനസഹായം വില്ലേജ് ഓഫീസുകൾ അനുവദിച്ചുവരുന്നുണ്ട്.

വിവിധ പെൻഷൻ പദ്ധതികൾ മുഖേന കാങ്കോൽ ആലപ്പടമ്പ് ഗ്രാമ പഞ്ചായത്തിൽ അനുവദിച്ച പെൻഷന്റെ കണക്ക് ചുവടെ കൊടുക്കുന്നു

പദ്ധതികൾ	കാങ്കോൽ വില്ലേജ്	ആലപ്പടമ്പ് വില്ലേജ്
വിധവാ പെ:	68	61
വികലാംഗ പെ:	30	27
വാർദ്ധക്യ പെ:	17	23
ക്ഷയരോഗ പെ:	30	–
കാൻസർ	1	1
കർഷകതൊഴിലാളി	117	213
ആകെ	263	325

പ്രകൃതി ക്ഷോഭം മൂലം വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് പരിമിതമായ തോതിൽ സാമ്പത്തിക സഹായവും അപകടങ്ങളിൽ പെട്ടവർക്ക് ദുരിതാശ്വാസവും വില്ലേജോഫീസുകൾ വഴിയാണ് ഇന്ന് വിതരണം ചെയ്യപ്പെടുന്നത്

കർഷകത്തൊഴിലാളി പെൻഷൻ

1500 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പത്ത് വർഷക്കാലം കേരളാ സംസ്ഥാനത്ത് കർഷകത്തൊഴിലാളിയായി ജോലിചെയ്ത 60 വയസ്സ് പൂർത്തിയായവർക്കാണ് പ്രസ്തുത പെൻഷൻ നല്കുന്നത് തൊഴിൽ വകുപ്പിന്റെ ജില്ലാ ഡെപ്യൂട്ടി ലേബർ ഓഫീസർ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. കർഷതൊഴിലാളികളായി പണിയെടുക്കുന്നവരെ തിരിച്ചറിയാനുള്ള ഒരു ലിസ്റ്റ് പഞ്ചായത്ത് തലത്തിൽ സ്വരൂപിക്കാനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്. പെൻഷൻ വിതരണത്തിൽ ഇന്ന് നേരിടുന്ന കാലതാമസം ഇതിന്റെ ചുമതല ഗ്രാമ പഞ്ചായത്തുകളെ ഏല്പിച്ചാൽ പരിഹരിക്കാൻ സാധിക്കും.

തൊഴിലില്ലായ്മ

അനുദിനം വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മക്ക് അറുതി വരുത്തേണ്ടത് സാമൂഹ്യപുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ നമ്മുടെ പഞ്ചായത്തിൽ ഏറെ ഉണ്ട്. തൊഴിൽ രഹിതരിൽ പുരുഷവനിതാ വിഭാഗങ്ങളിൽ പെടുന്നവർക്ക് കൂട്ടായ സ്വയം തൊഴിൽ സംരംഭങ്ങൾ പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്യുന്നതിന് ഒരുവിദഗ്ധ സമിതി രൂപീകരിക്കുകയും പഞ്ചായത്തിലെ വിഭവ സാധ്യതകൾ ആരായുകയും ചെയ്യേണ്ടതാണ്.

തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവരുടെ മനുഷ്യവിഭവശേഷി പ്രത്യുല്പാദനപരമായ രംഗത്തേക്ക് തിരിച്ചുവിടണം. ഗ്രാ പഞ്ചായത്തുകളെ ഈ ചുമതല ഏല്പിച്ചാൽ അർഹരായവരെ കണ്ടെത്താനും പഞ്ചായത്തിന്റെ വികസമന കാര്യത്തിൽ യുവാക്കളെ പങ്കാളികളാക്കാനും സാധിക്കും.

നിർമ്മാണ തൊഴിലാളിക്ഷേമനിധി

കേരളിത്തിലെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന നിർമ്മാണതൊഴിലാളികളുടെ ക്ഷേമത്തെ ലക്ഷ്യമാക്കി രൂപീകൃതമായതാണ് കേരളാ നിർമ്മാണ തൊഴിലാളി ക്ഷേമനിധി. നിർമ്മാണ തൊഴിലാളികളിൽ വിവിധ സംഘടനകളിൽ അംഗങ്ങളായിട്ടുളളവർ 1478ആണ്. ഇവരിൽ 160പേർ മാത്രമാണ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുളളത്. ഇതിൽ 83പേർ കാർപെൻററി തൊഴിലാളികളാണ്. നിർമ്മാണ തൊഴിലാളികളുടെ സംഘടനയുമായി ബന്ധപ്പെടാതെ ഒറ്റതിരിഞ്ഞ് ഈ മേഖലയിൽ തൊഴിലിൽ ഏർപ്പെടുന്നവരുമുണ്ട്. മുഴുവൻ തൊഴിലാളികളേയും ഈ ക്ഷേനിധിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. കാങ്കോൽ വില്ലേജിലാണ് കൂടുതൽ പേർ ഈ തൊഴിലിൽ ഏർപെട്ടിട്ടുളളത്. ഗൾഫിൽ പോയതിന്റെ പേരിലും സാമ്പത്തിക പ്രശ്നം മൂലവും ക്ഷേമനിധിയിൽ അംഗത്വം നഷ്ടപ്പെട്ടവരുമുണ്ട് ജില്ലാ ആസ്ഥാനത്ത് മാത്രം ക്ഷേമനിധി ബോർഡ് പ്രവർത്തിക്കുന്നുവെന്ന വിഷമകരമായ അവസ്ഥക്ക് പരിഹാരമെന്നോണം താലൂക്ക് തലങ്ങളിലേക്ക് ഇതിന്റെ ആസ്ഥാനം മാറ്റേണ്ടിയിരിക്കുന്നു. ക്ഷേമനിധിയുടെ പ്രീമിയം സിണ്ടിക്കേറ്റ് ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവയിലാണ് ആഴ്ചയിൽ രണ്ട് തവണ വാങ്ങുന്നത് പ്രസ്തുത പ്രീമിയം തുക സർവീസ് സഹകരണ ബാങ്കുകളിൽകൂടി വാങ്ങാനുള്ള സംവിധാന മുണ്ടാക്കിയാൽ തൊഴിലാളികൾക്ക് തുടുതൽ സൗകര്യപ്രദമായിരിക്കും.

ആഭരണതൊഴിലാളി ക്ഷേമനിധി

ആഭരണതൊഴിലാളികൾ കാങ്കോൽ-ആലപ്പടമ്പ് ഗ്രാമ പഞ്ചായത്തിൽ വളരെ കുറവാണ്. 14 തൊഴിലാളികൾ മാത്രമാണുള്ളത്. കാങ്കോൽ വില്ലേജിൽ ആഭരണം നിർമ്മിക്കുന്ന അഞ്ച് കടകളും ആലപ്പടമ്പ് വില്ലേജിൽ രണ്ട് കടകളും പ്രവർത്തിക്കുന്നു. ഇവർ ആഭരണ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളുമല്ല.

ചുമട്ടുതൊഴിലാളി ക്ഷേമനിധി

ചുമട്ടുതൊഴിലാളികളായി 17 പേർ ഉള്ളതിൽ ശാരീരികാസുഖം മൂലം 11 പേർമാത്രമേ ജോലിക്ക് വരുന്നുള്ളൂ. 11 പേരും ക്ഷേമനിധി അംഗങ്ങളാണ്..

തെങ്ങ്കയറ്റത്തൊഴിലാളി, കൈത്തൊഴിലാളി ക്ഷേമിനിധി തുടങ്ങിയ വിഭാഗങ്ങൾക്കുളള ക്ഷേമനിധികളും നിലവിലുണ്ട്

കർഷകത്തൊഴിലാളി ക്ഷേമനിധി

കാങ്കോൽ ആലപ്പടമ്പ് ഗ്രാമ പഞ്ചായത്തിൽ 3100ൽ അധികം കർഷകത്തൊഴിലാളികളുണ്ട്. ഇതിൽ കർഷകത്തഴിലാളി സംഘടനയിൽ അംഗങ്ങളായിട്ടുള്ള 3011 പേരിൽ 1284 പേർ കാങ്കോൽ വില്ലേജിലും

1139പേർ ആലപ്പടമ്പ് വില്ലേജിലും ക്ഷേമനിധി അംഗങ്ങളായിച്ചേർന്നിട്ടുണ്ട്. ക്ഷേമനിധിവരിസംഖ്യ മാസത്തിൽ തൊഴിലാളികൾക്ക് പ്രാദേശിക ധനകാര്യ സ്ഥാപനങ്ങളിൽ അടക്കുവാൻ സാധിച്ചാൽ കൂടുതൽ സൗകര്യപ്രദമായിരിക്കും.

പൊതുവിതരണം

കാങ്കോൽ-ആലപ്പടമ്പ് ഗ്രാമ പഞ്ചായത്തിൽ 9 റേഷൻഷാപ്പുകളാണ് പ്രവർത്തിക്കുന്നത്. ഏകദേശം 3731റേഷൻ കാർഡുകൾ ഉണ്ട്. സ്വാമിമുക്ക്, പ്രാന്തൻ ചാൽ എന്നീ റേഷൻ ഷാപ്പുകളിൽ കരിവള്ളൂർ പെരളം പഞ്ചായത്തിലെ ധാരാളം ആൾക്കാർ റേഷൻ വാങ്ങുന്നുണ്ട്. അതുപോലെ കരക്കാട്, പെളിച്ചംതൊട്, വെള്ളരിക്കാതൊട്ടി, നെടുംകുന്ന്, കോലാച്ചിക്കുണ്ട്, വെള്ളച്ചാൽ തുടങ്ങിയ പ്രദശേങ്ങളിലേ ആൾക്കാർ പെരിങ്ങോം-വയക്കര പഞ്ചായത്തിലെ അരവഞ്ചാലിലുള്ള റേഷൻ ഷോപ്പിൽ നിന്നാണ് റേഷൻ വാങ്ങുന്നത്. അതുകൊണ്ട് തന്നെ റേഷൻ ഗുണഭോക്താക്കളുടെ വ്യക്തമായ വിവരം ലഭ്യമല്ല. റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങളും കാർഡിൽ പേർ ഇല്ലാത്ത ആളുകളും നമ്മുടെ പഞ്ചായത്തിൽ അധിവസിക്കുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ പൊതുജന സമ്പർക്ക പരിപാടി സംഘടിപ്പിച്ച് സിവിൽ സപ്ലൈസ് വകുപ്പിന്റെ സഹായത്തോടെ ഈ ന്യൂനത പരിഹരിക്കേണ്ടതാണ്. പൊതുവിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് ആസ്ഥാനം കേന്ദ്രമായി മാവേലിസ്റ്റോറുകൾ, പച്ചക്കറി സ്റ്റാളുകൾ എന്നിവ തുടങ്ങുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാധ്യതകൾ

1. തൊഴിലില്ലാത്ത അഭ്യസ്ഥവിദ്യരുടെ കണക്ക് ശേഖരിച്ച് വിവിധ സ്വയംതൊഴിൽ തുടങ്ങുന്നതിനുള്ള സംവിധാനം പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ഉണ്ടാക്കുക.

2. എംപ്ലോയ്മെൻറ് ഗൈഡൻസ് സെൻറർ തുറന്ന് തൊഴിൽ അവസരങ്ങളെ കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുക

3. പെൻഷൻ അനുവിദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുകയും പെൻഷൻ തുകവർദ്ധിപ്പിക്കുകയും ചെയ്യുക

4. മുഴുവൻ പെൻഷൻ പദ്ധതികളും പഞ്ചായത്തിന് കൈമാറുക

5. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.

6. ഭൂരഹിതരായവരുടെ കണക്ക് ശേഖരിച്ച് അർഹതപ്പെട്ടവർക്ക് മിച്ച ഭൂമി വിതരണം ചെയ്യുക

7. പൊതുവിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് റേഷൻ ഷാപ്പുകൾ ഇല്ലാത്തപ്രദേശങ്ങളിൽ അനുവദിക്കുക

8. മഹിളാ സമാജങ്ങളുടെ പ്രവർത്തനം സജീവമാക്കാൻ വാർഡ്തോറും സംഘടിത പ്രവർത്തനം നടത്തുക.

9. കർഷകത്തൊഴിലാളി. നിർമ്മാണത്തൊഴിലാളി, ബീഡിത്തൊഴിലാളി, തയ്യൽതൊഴിലാളി തുടങ്ങിയ മേഖലയിലെ മുഴുവൻ തൊഴിലാളികളേയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുക

10. പഞ്ചായത്തിലെ ഉപഭോക്തൃ മേഖല കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത് കേന്ദ്രം ആസ്ഥാനമായി മാവേലി സ്റ്റോറും പച്ചക്കറി സ്റ്റാളും ആരംഭിക്കുക.

സാമൂഹ്യക്ഷേമം ഉറപ്പുവരുത്താൻ സർക്കാർ അർദ്ധ സർക്കാർ ഏജൻസികൾ മുഖേന വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഈ രംഗത്തെ പ്രശ്നങ്ങൾ പൂർണമായും പരിഹരിക്കപ്പെട്ടിട്ടില്ല. ഈ രംഗത്ത് പ്രശ്നങ്ങളുടെ സംക്ഷിപ്ത രൂപം താഴെ പറയുംപ്രകാരം വിലയിരുത്താം

1. അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ.

2. പെൻഷൻ സഹാപദ്ധതികിളിൽ അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും സഹായം ലഭിഖ്കുന്നില്ല

3. സാമ്പത്തിക ദുരിതം അനുഭവിക്കുന്ന വിഭാഗങ്ങളിൽപെട്ടവർ മാരകമായ രോഗങ്ങൾവന്ന് മരണപ്പെട്ടാൽ കുടുംബത്തിന് സാമ്പത്തിക സഹായം ലഭിക്കുന്നില്ല

4. നിർമ്മാണ-ക്ഷേമ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിലുള്ള കാലതാമസം.

5. അർഹരായവർക്ക് മിച്ചഭൂമി ലഭിക്കുന്നില്ല

7.സ്ത്രീകൾ ജോലിചെയ്യുന്ന തൊഴിൽ ശാലകളിൽ സാനിറ്ററി കോംപ്ലക്സുകളുടെ അഭാവം

8. എല്ലാ വിഭാഗം തൊഴിലാളികൾക്കും ക്ഷേമനിധിയില്ല

9. വിവിധ മേഖലകളിൽ കൂട്ടമായി ജോലിചെയ്യുന്നവർക്ക് ആരോഗ്യ സംരക്ഷണത്തിന് സ്ഥിരം സംവിധാനമില്ല

10. അകാലത്തിൽ രോഗംവന്ന് മരണപ്പെട്ടവർക്കും പ്രകൃതി ക്ഷോഭത്തിനിരയായവർക്കും സാമ്പത്തിക സഹായം നല്കണം.

11. എല്ലാവാർഡുകളിലും മഹിളാ സമാജം രൂപീകരിച്ച് പ്രവർത്തനം വ്യാപകമാക്കണം.

കയ്യൂർ - ചീമേനി പഞ്ചായത്ത്

സംസ്കാരം

മനുഷ്യജീവിതത്തിന്റെ കർമ്മപരമായ ശ്രേഷ്ടതയും, ബുദ്ധിപരമായ മഹനീയതയും, വികാരപരമായ മനോഹാരിതയും മുറ്റിത്തഴച്ചുനില്കുന്ന സ്ഥിതിവിശേഷത്തെ സംസ്കാമെന്ന് വിശേഷിപ്പിക്കാം. ഈ അർത്ഥത്തിൽ ഉത്കൃഷ്ടമായ സാംസ്കാരിക പൈതൃകം നമ്മുടെ ഗ്രാമത്തിനുണ്ട്.

സാമുദായിക സൗഹാർദ്ദത്തിന്റെ പ്രതീകങ്ങളായ കാവുകളും ക്ഷേത്രങ്ങളും പള്ളികളും സാമൂഹിക ജീവിത ഐക്യത്തിന്റെ ചങ്ങലക്കണ്ണികളായി വർത്തിക്കുന്നു. പ്രത്യശാസ്ത്രപരമായ അഭിപ്രായ ഭിന്നതകൾ മറന്നുകൊണ്ട് ജനങ്ങളെ ഏകോപിപ്പിക്കുന്ന ചൈതന്യമായി ഇവിടുത്തെ ഹിന്ദു-മുസ്ലിം ക്രൈസ്തവ ആരാധനാലയങ്ങൾ ഉയർന്നു നില്കുന്നു. കാങ്കോൽ ശിവക്ഷേത്രത്തിലെ ആചാരങ്ങളുമായി മുസ്ലിം കുടുംബങ്ങൾക്ക് ഉണ്ടായിരുന്ന ബന്ധം ഇന്നാട്ടിലെ സാമുദായിക ഐക്യത്തിന്റെ കൊടി അടയാളമാണ്. ചരിത്രകാരന്മാരുടെ കാൽപെരുമാറ്റം തട്ടാത്തതാണ് നമ്മുടെ ഒട്ടുമിക്ക ക്ഷേത്രങ്ങളുടേയും കാവുകളുടേയും പശ്ചാത്തലം. ഗ്രാമീണ ജീവിതത്തിന്റെറയും സംസ്കാരത്തിന്റെറയും ചൈതന്യം കലർന്നവയാണ് നമ്മുടെ നാടൻ കലാരൂപങ്ങളും നാടൻപാട്ടുകളും. വൈചിത്യമുള്ളമുഖമെഴുത്ത്, തിളക്കമുള്ള വേഷവിധാനങ്ങൾ, താളാത്മകമായ നൃത്തം, വാചാലുകൾ, ഈണത്തിലുള്ള തോറ്റംപാട്ടുകൾ, വാദ്യങ്ങൾ എന്നിവ ഒത്തിണങ്ങിയ തെയ്യമാണ് ഇതിൽ പ്രധാനം. മീനച്ചൂടിന്റെറ പൊള്ളുന്ന വെയിലിൽ ആടിത്തിമർക്കുന്ന തെയ്യക്കോലങ്ങളിൽ പലതും കിഴാളരുടേയും അവർണ്ണരുടേയും പ്രതിനിധികളാണ്. തെയ്യംകലയ്ക്ക് സമൂർത്തമായ രൂപഭാവങ്ങൾ പകർന്നുകൊടുത്ത പ്രതിഭാധനരായ പണിക്കന്മാരും പെരുവണ്ണാന്മാരും നമ്മുടെ ഗ്രാമത്തെ അനുഗൃഹീതമാക്കിയിട്ടുണ്ട്. ഉത്തരകേരളത്തിലെ അനുഷ്ഠാന കലയായ പൂരക്കളിയാണ് ആയോധന കലകളിൽ മുഖ്യം. ആകാരസൗഷ്ടവവും അവതരണ സ്വഭാവവും കൊണ്ട് ഉദ്ധത കലകളുടെ ഇടയിൽ പരിഗണിക്കപ്പെടാവുന്ന പൂരക്കളിയുടെ വേര് ഓടുന്നത് ആലപ്പടമ്പ നാർക്കൽ പ്രദേശങ്ങളിലാണ്. താളബോധത്തിനും മെയ്വഴക്കത്തിനും തുല്യപ്രാധാന്യമുള്ള ജനകീയകലയായ കോൽക്കളി പഞ്ചായത്തിൽ ഇന്നും നിറഞ്ഞുനില്ക്കുന്നു സമ്പന്നമായ ഈ പൈതൃകം പുതുതലമുറയിലേക്ക് പർന്നുകൊടുക്കാൻ നിസ്വാർത്ഥ സേവനം നടത്തുന്ന പൂരക്കളി പണിക്കന്മാരുടേയും കോൽകളി ഗുരുക്കന്മാരുടേയും ഒരു നിരതന്നെ നമ്മുടെ പ്രദേശങ്ങളിൽ ഇന്നും ഉണ്ട്. സാമൂഹിക ജീവിതവുമായി ബന്ധപ്പെട്ട് വളർന്നുവന്ന കുറത്തിയാട്ടം, ഗന്ധർവൻപാട്ട്, കോതാമൂരി, പനിയൻ, കണ്ണേറുപാട്ട്, വടക്കൻപാട്ട്, തച്ചുമന്ത്രം, കളംപാട്ട് തുടങ്ങിയവ ഇവിടം നിലനിന്നിരുന്ന അനുഷ്ഠാന രൂപങ്ങളാണ്.

അവതരണത്തിനും ആസ്വാദനത്തിനും വളരെയേറെ പരിശീലനം ആവശ്യമായ കഥകളിയും വളരെ മുമ്പുതന്നെ ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു. ആലപ്പടമ്പ് തെക്കേ മഠം കഥകളി വിദ്യാലയം 1962ൽ വന്നതോടെ ഈ രംഗം ഊർജ്ജസ്വലമായി. കാനാകണ്ണൂർ നായർ, സ്വാമി കണ്ണമാരാർ ആശാൻ എന്നിവരായിരുന്നു ഈ വിദ്യാലയത്തിലെ ആശാന്മാർ. ഈ വിദ്യാലയത്തിൽ പരിശീലനം നേടിയ നിരവധി ആളുകൾ പിന്നീട് ഈ രംഗം സമ്പുഷ്ടമാക്കിവരുന്നു.

പുരോഗമനപ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നതിനും ജനങ്ങളിൽ അവകാശബോധം ഉണ്ടാക്കുന്നതിനും കുണ്ടയംകൊപ്പൽ കേന്ദ്രമാക്കിക്കൊണ്ട് പുരോഗമനേച്ഛുക്കളായ ഒരു കൂട്ടം ചെറുപ്പക്കാർ 1940ൽ "ബാലഭാരതസംഘ''ത്തിന് രൂപം നല്കി. വിമോചനപ്രസ്ഥാനങ്ങളിലേക്ക് ജനങ്ങളെ ആകർഷിക്കാൻ സാംസ്കാരിക രംഗം കൂടി ഉപയോഗിക്കണമെന്ന കെ.എ.കേരളീയന്റെ നേരിട്ടുള്ള നിർദ്ദേശമാണ് ചെറുപ്പക്കാരെ ഇതിന് പ്രേരിപ്പിച്ചത്. ജന്മി നാടു വാഴിത്തത്തിന് എതിരെയുള്ള പോരാട്ടത്തിന് നേതൃത്വം നല്കി കെ.സി.കുഞ്ഞാപ്പു മാസ്റ്റർ രക്തസാക്ഷിത്വം വരിച്ചപ്പോൾ, "ബാലഭാരതസംഘം'',"കുഞ്ഞാപ്പുമാസ്റ്റർ സ്മാരക കലാ സമിതി'' ആയി രൂപാന്തരപ്പെട്ടു. (1950).

സാമൂഹ്യപരിവർത്തനം ലക്ഷ്യമാക്കിക്കൊണ്ടുള്ള നിരവധി നാടകങ്ങൾ പഞ്ചായത്തിനകത്തും പുറത്തും ഇതിന്റെ പ്രവർത്തകർ അവതരിപ്പിക്കുകയുണ്ടായി. കരിംചന്തയ്ക്കും സാമൂഹ്യ അസമത്വത്തിനും എതിരെ ജനങ്ങളെ ബോധവാന്മാരാക്കുന്ന "തറവാട്ടമ്മ" എന്ന നാടകം എടുത്തുപറയത്തക്കതാണ്. നാടകങ്ങൾ അവതരിപ്പിക്കുന്നതോടൊപ്പം തന്നെ വായനശാലാ പ്രവർത്തനം സജീവമാക്കുന്നതിലും ഇവർ ഏറെ ശ്രദ്ധിച്ചിരുന്നു. യശശ്ശരീരരായ പയ്യാടക്കത്ത് നാരായണൻ മാസ്റ്റർ, പി.ബാലൻ മാസ്റ്റർ എന്നിവരും നമ്മോടൊപ്പമുള്ള ടി.കെ.കെ. പൊതുവാൾ പി.വി.മാധവൻ നമ്പ്യാർ തുടങ്ങിയവർ ആയിരുന്നു ഇതിന്റെ സംഘാടകർ.

ആലപ്പടമ്പ് കേന്ദ്രമായും ഇതേകാലഘട്ടത്തിൽ ഇത്തരം നാടകസംഘങ്ങളുടെ പ്രവർത്തനം സജീവമായിരുന്നു. കൈപ്രവൻ ഗോപാലൻ മാസ്റ്ററുടെ നേതൃത്വത്തിലുള്ള നാടകസംഘം അവതരിപ്പിച്ച നാടകങ്ങളാണ് "അക്രമത്തിന്റെ കൂത്താട്ടം", വാഴക്കുല, കരിഞ്ചന്ത തുടങ്ങിയ സാമൂഹ്യമാറ്റത്തിന് വിത്തുപാകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ നാടകങ്ങൾ സമൂഹത്തിലുണ്ടാക്കിയ, കോളിളക്കങ്ങൾ ചില്ലറയല്ല. കൊട്ടില നാരായണൻ നമ്പീശന്റെ നേതൃത്വത്തിൽ പുരാണ നാടകസംഘം അവതരിപ്പിച്ച നാടകങ്ങളും ഈ കാലത്ത് ജനങ്ങളെ ഏറെ ആകർഷിച്ചിരുന്നു.

1960ൽ മാത്തിൽ കേന്ദ്രമാക്കി നവോദയാ കലാസമിതിയും 1965ൽ കരിങ്കുഴി അപ്പോളോ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബും നിലവിൽവരികയും ശ്രദ്ധേയമായ നാടക പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

ജനങ്ങളിൽ ദേശീയബോധം വളർത്തുന്നതിനും ഗുണപരവും ജീവിതാനുബന്ധിയുമായ കാര്യങ്ങളെക്കുറിച്ച് ബോധവല്കരണം നടത്തുന്നതിനും ആസ്വാദനത്തിന്റെ പുതിയമേഖലകളിലേക്ക് വഴികാട്ടുന്നതിനും കുണ്ടയംകൊവ്വൽ ഏറെറകുടുക്ക, മാത്തിൽ, കാങ്കോൽ, ആലക്കാട് എന്നീ സ്ഥലങ്ങളിൽ പൊതുപ്രവർത്തകരുടെ നേതൃത്വത്തിൽ വായനശാലകൾ രൂപീകരിക്കുകയുണ്ടായി. ജനങ്ങളുടെ ബോധനിലവാരത്തെ ആഴത്തിൽ സ്പർശിക്കുവാൻ ഈ വായനശാലാ പ്രസ്ഥാനത്തിന് കഴിഞ്ഞിരുന്നു. അവിടുന്നിങ്ങോട്ട് പഞ്ചായത്തിന്റെ എല്ലാ പ്രധാന കേന്ദ്രങ്ങളിലും ക്ലബ്ബുകളുടേയും സംഘടനകളുടേയും മേൽനോട്ടത്തിൽ വായനശാലകൾ ഉയർന്നുവരാൻ തുടങ്ങി. പഞ്ചായത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ഈ വായനശാലകളുടെ പങ്ക് വിലമതിക്കത്തക്കതാണ്. ഇന്ന് നമ്മുടെ പഞ്ചായത്തിൽ 45ക്ലബ്ബുകളും 13 വായനശാലകളും ഒരു ഫൈൻ ആർട്സ് സൊസൈറ്റിയും പ്രവർത്തിച്ചുവരുന്നുണ്ട്. പഞ്ചായത്തിൽ ഒരു സിനിമാശാല പ്രവർത്തിക്കുന്നുണ്ട്. യുവാക്കളിൽ നല്ലൊരു വിഭാഗത്തെ ആകർഷിക്കുന്ന ഒരു മാധ്യമമാണിത്. ഗൗരവമാർന്നതും കലാ മേന്മയുള്ളതുമായ ചിത്രങ്ങൾ ഇവിടെ കുറവാണെന്ന് വിമർശനമുണ്ട്.

നമ്പർ	പഞ്ചായത്തിലുള്ള ക്ലബ്ബുകളുടെ പേരും വിലാസവും	വാർഡ്	സ്ഥാപിച്ച വർഷം	മെമ്പർമാരുടെ എണ്ണം	കെട്ടിടത്തിന്റെ വിവരം	ഏതുസ്ഥാപനത്തോട് അഫിലിയേറ്റ് ചെയ്തു
1	വളളത്തോൾ ആർട്സ് ആൻറ് സ്പോർട് ക്ലബ്ബ് ഏറ്റകുടുക്ക	1	1980	124	ഉണ്ട്	–
2	ആതിരകലാക്ഷേത്രം, ആലപ്പടമ്പ്	1	1992	14	ഇല്ല	–
3	യുവധാരാ, ആലപ്പടമ്പ	1	1988	115	,,	നെഹ്രു യുവക് കേന്ദ്രം
4	രക്തസാക്ഷി സ്മാരക ആർട്സ് ആൻറ് സ്പോർട് ക്ലബ്ബ്, ചെറുപ്പാറ	1	1986	75	ഉണ്ട്	–
5	ഫാംക്ലബ്ബ്, കിണർമുക്ക്	1	1992	151	,,	–
6	യുവരശ്മി, കാനം	2	1996	50	,,	–
6	നാഷണൽ യൂത്ത് ക്ലബ്ബ്, ആലപ്പടമ്പ്	2	1995	25	ഇല്ല	നെഹ്രു യുവക് കേന്ദ്രം

8	സ്റ്റെപ്പ് ഇൻ ഹോം, ആലപ്പടമ്പ	2	1991	55	ഇല്ല	–
9	9റെഡ്സ്റ്റാർ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്,, ചൂരൽ	3	1991	40	,,	–
10	അരുണോദയാ കലാ സമിതി, കുറുവേലി	3	1969	95	,,	നെഹ്രു യുവക്, കേരളാ സം.നാ. അക്കാഡമി
11	സഫ്ദർ സംഗവേദി, വെളിച്ചംതോട്ട്	3	1993	30	,,	–
12	ഷൈൻ ക്ലബ്ബ്, വെളിച്ചംതോട്ട്	3	1995	30	ഉണ്ട്	–
13	യുവചേതന, കുറുക്കൂട്ടി	3	1995	35	ഇല്ല	–
14	ഭഗത്സിംഗ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, വടവന്തൂർ	4	1990	60	,,	–
15	ജയഭാരത് സഹൃദയവേധി വടവന്തൂർ	4	1990	25	,,	–
16	ടി.ആർ.സി.മാത്തിൽ	4	1995	20–	ഉണ്ട്	–
17	എ.എസ്.സി. മാത്തിൽ	4	1987	40	ഇല്ല	–
18	റിക്രിയേഷൻ ക്ലബ്ബ്, വടവത്തൂർ സൗത്ത്	4	1995	25	,,	–
19	സിഗ്മ മാത്തിൽ	4	1996	42	,,	–
20	ഏ.കെ.ജി. സ്മാരക കലാ കായികവേദി വടശ്ശേരി	5	1979	55	ഉണ്ട്	–
21	പ്രതിഭാ സാംസ്കാരികവേദി, പൂവത്തിൻകീഴിൽ	5	1989	15	ഇല്ല	–
22	ക്രൗൺ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, പൂവത്തിൻകീഴിൽ	5	1989	15	,,	–
23	അഴിക്കോടൻ സ്മാരക കലാകായിക വേദി മഞ്ചപ്പറമ്പ്	5	1981	15–	,,	–
24	സാംസ്കാരികവേദി, വടശ്ശേരി	5	1994	35	,,	–
25	യുവശക്തി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, കക്കിരിയാട്	5	1985	21	,,	–
26	തരംഗം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, കക്കിരിയാട്	5	1982	30	വാടക	–
27	നടന ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് വടശ്ശേരി	6	1976	21	ഉണ്ട്	–
28	ഫ്രൻസ്, പാപ്പരട്ട	6	1996	–20	ഇല്ല	–
29	സാംസ്കാരിക സംഘം, കാങ്കോൽ	6	1985	40	,,	–
30	ചൈതന്യ കലാവേദി, കാങ്കോൽ	6	1995	25	,,	നെഹ്രു യുവക് കേന്ദ്രം
31	കാങ്കോൽ ഫൈൻ ആർട് സൊസൈറ്റി	6	1992	1036	വാടക	–
32	കാങ്കോൽ ആർട് ലവേഴ്സ് അസോസിയേഷൻ	6	1990	30	ഉണ്ട്	–
33	വൈ.എസ്.സി. കാങ്കോൽ	6	1982	53	ഇല്ല	സ്പോ. കൗൺ.
34	ടൗൺസ്റ്റാർ, കാങ്കോൽ	6	1996	20	,,	–

35	സൂര്യ ആർട്സ് ക്ലബ്ബ്, വടശ്ശേരി	6	1979	36	–	–
36	ഗ്രാമീണ കലാകായികവേദി, താഴക്കുറുന്ത്	7	1996	85	ഉണ്ട്	–
37	യുവധാരാ, കുണ്ടയംകൊവ്വൽ	7	1982	20	ഇല്ല	–
38	ദിനേശ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	7	1980	150	,,	–
39	ചിന്താ തീയേറ്റേഴ്സ്, കരിങ്കുഴി	8	1971	–200	ഉണ്ട്	–
40	വീ വൺ, ആലക്കാട്	8	1990	23	,,	–
41	ദേശാഭിമാനി, കാളീശ്വരം	8	1972	45	ഇല്ല	ജില്ലാ വോളി അസോ.
42	വോയ്സ് ഓഫ് ആലക്കാട്	8	1987	25	,,	–
43	നവഭാവന, ആലക്കാട്	9	1979	40	വാടക	നെഹ്രു യുവക് കേന്ദ്ര
44	ജനതാ തീയേറ്റേഴ്സ്, ആലക്കാട്	9	1978	66	ഉണ്ട്	,,
45	യുവജനവേദി, നെല്ലിയാട്ട്	9	–1995	15–	ഇല്ല	––

നമ്പർ	പഞ്ചായത്തിലെ വായനശാലകളുടെ പേരും വിലാസവും	വാർഡ്	സ്ഥാപിച്ച വർഷം	മെമ്പർമാർ	കെട്ടിടം	ധനസഹായം	പുസ്തകങ്ങൾ	പ്രതിമാസപുസ്തക വിതരണം
1	വള്ളത്തോൾസ്മാരക വായനശാല ആൻറ് ഗ്രന്ഥാലയം, ഏറ്റുകുടുക്ക	1	1958	155	ഉണ്ട്	ഉണ്ട്	5712	680
2	രക്തസാക്ഷി സ്മാരക വായനശാല, ചെറുപ്പാറ	1	1986	75	,,	ഇല്ല	600	–
3	കൃഷ്ണപ്പിള്ള സ്മാര വായനശാല ആൻറ് ഹിന്ദി ഗ്രന്ഥാലയം, ചൂരൽ	3	1986	50	വാടക	–	600	–
4	എം.വി.എം.കുഞ്ഞിവിഷ്ണു നമ്പീശൻ സ്മാരക പഞ്ചായത്ത് വായനശാല ആൻറ് ഗ്രന്ഥാലയം മാത്തിൽ	3	1959–	774	ഉണ്ട്	–	4136	750
5	ഗ്രാമീണ വായനശാല, വടവന്തൂർ	4	1986	105	,,	ഇല്ല	800	–
6	വടശ്ശേരി പഞ്ചായത്ത് വായനശാല	5	1960	–	–	–	150	9
7	പൊതുജന വായനശാല, കക്കിരിയാട്	5	1975	200	,,	ഉണ്ട്	2100	450
8	ടി.എം.കുഞ്ഞിവിഷ്ണു നമ്പീശൻ സ്മാരക വായനശാല ആൻറ് ഗ്രന്ഥാലയം, ആലപ്പടമ്പ	5	1977	360	,,	,,	3645	510
9	കാങ്കോൽ നോർത്ത് വായനശാല	6	1965	104	,,	ഇല്ല	–	–
10	കാങ്കോൽസൗത്ത് വായനശാല ആൻറ് ഗ്രന്ഥാലയം	6	1966	120	,,	,,	400	–
11	കാളീശ്വരം വായനശാല	7	1968	250	,,	ഉണ്ട്	2000	475
12	കുണ്ടയംകൊപ്പൽ പഞ്ചായത്ത് വായനശാല ആൻറ് ഗ്രന്ഥാലയം	8	1954	125	,,	,,	3720	362
13	എം.ഇ.കെ. സ്മാരക വായനശാല ആൻറ് ഗ്രന്ഥാലയം, ആലക്കാട്	9	1967	129	,,	,,	2000	

സാമൂഹ്യരംഗത്തും വിദ്യാഭ്യാസരംഗത്തും ജാതീയമായ വിഭജനം ഇവിടെ ഉണ്ടായിരുന്നു. അയിത്തം, തൊടീൽ, തീണ്ടൽ തുടങ്ങിയ അനാചാരങ്ങൾ ഉണ്ടായിരുന്നുവെങ്കിലും അതിനെതിരായ പ്രവർത്തനങ്ങളും സമാന്തരമായി നടന്നുവന്നിരുന്നു. 1937ൽ ആലപ്പടമ്പ് കണ്ടത്തിടിലിൽ നടന്ന കർഷകസമ്മേളനത്തിലെ പന്തിഭോജനം ഈ രംഗത്തെ പ്രധാന സംഭവമായിരുന്നു. അവർണ്ണർക്ക് വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിക്കുവാൻപോലും പറ്റാത്ത കാലത്താണ് ആലപ്പടമ്പ് തെക്കെ മഠം നാരായണൻ എഴുത്തച്ഛൻ ജാതിക്ക് അതീതമായി ഒരു എഴുത്ത്ശാല ആരംഭിച്ചത്. പുരോഗമന പ്രസ്ഥാനങ്ങളുടെ നിരന്തരമായ ഇടപെടലുകൾ കൊണ്ട് ഈ രംഗത്തെ വിഭജനവും വിവേചനവും ഉന്മൂലനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. കുടുംബപരമായ ചടങ്ങുകളിൽ പോലുമുള്ള ജാതിക്ക് അതീതമായ പങ്കാളിത്തം ഈ രംഗത്തെ പ്രതിരോധ പ്രവർത്തനത്തിന്റെ ഫലമാണ്.

ഹിന്ദുമതം, ഇസ്ലാം മതം, ക്രിസ്തുമതം എന്നിവയാണ് ഇവിടെയുള്ള മതങ്ങൾ.വ്യത്യസ്ത ആരാധനാലയങ്ങൾ ഉപയോഗിക്കുന്നവരെങ്കിലും ഈപ്രദേശത്തിന്റെ സാംസ്കാരിക മുഖ്യധാരയിൽ ഇഴുകിചേർന്നവരാണ് മുഴുവൻ ജനങ്ങളും. ജാതിസ്പർധയോ മതവൈരമോ നമ്മുടെ മനസ്സിലേക്ക് ഇന്നേവരെ കടന്നുവന്നിട്ടില്ല.

കായിക രംഗം

ഗ്രാമീണ ജനതയുടെ ഊർജ്ജസ്വലതയുടെ പ്രതീകമാണ് കായികരംഗത്തെ പ്രവർത്തനം. ആരോഗ്യമുള്ള ശരീരത്തിൽ മാത്രമാണ് ആരോഗ്യമുള്ള മനസ്സ് ഉണ്ടാകുന്നത്. ആരോഗ്യമുള്ള ശരീരമാകട്ടെ കായിക രംഗത്തെ ആശ്രയിച്ചിരിക്കുന്നു. ശരീരത്തിനും മനസ്സിനും തുല്യപ്രാധാന്യം കൊടുക്കുന്നതാണ് നമ്മുടെ ആയോധന കലകൾ ഈ കലകൾക്ക് ആഴത്തിൽ വേരുള്ള പ്രദേശമാണ് നമ്മുടെ ഗ്രാമം. പണ്ടുകാലത്തുണ്ടായിരുന്ന മൈതാനങ്ങൾ പലതും നശിച്ചുപോയെങ്കിലും അന്നത്തെ കളികളെ കുറിച്ചും കളികളിലെ സാഹസികതകളെ കുറിച്ചുമുള്ള ഓർമ്മകൾ ഇന്നത്തെ കുട്ടികൾക്ക് ആവേശം പകരുന്നതാണ്. ഈ രംഗത്ത് സജീവമായി ഉണ്ടായിരുന്ന ക്ലബ്ബുകളേയും വ്യക്തികളേയും ഇത്തരുണത്തിൽ സ്മരിക്കേണ്ടതുണ്ട്. മാത്തിൽ ടൗൺ സ്റ്റാർ സ്പോർട്സ് ക്ലബ്ബും കാങ്കോൽ പ്രോഗ്രസീവ് യൂത്ത് ക്ലബ്ബും, ഏറ്റുകുടുക്ക വളളത്തോൾ വായന ശാലാക്ലബ്ബും, ഫുട്ബോൾ രംഗത്തും വോളീബോൾ രംഗത്തും നേട്ടങ്ങൾ കൊയ്ത കായിക വേദികളാണ്. ഗ്രാമീണ തലത്തിൽ ഉയർന്നുവന്ന കായിക പ്രതിഭകളായിരുന്നു പരേതരായ എൻ. അബ്ദുറഹ്മാൻ വൈദ്യർ, പെടച്ചി ഗോപാലൻ, പലേരി കുഞ്ഞിരാമൻ മാസ്റ്റർ തുടങ്ങിയവർ ഇന്ന് നമ്മോടൊപ്പമുള്ള കെ.രാമമാരാർ, സി,രാഘവൻ മാസ്റ്റർ, ടി.കെ.കെ.പൊതുവാൾ പയ്യൻ രാഘവൻ, കെ.വി. പത്മനാഭൻ മാസ്റ്റർ, എ.വി.കൃഷ്ണൻ, എം.വി. കുഞ്ഞിരാമൻ മാസ്ററർ എന്നിവർ ഈ പട്ടികയിലെ ചുരുക്കം ചിലരാണ്. സ്കൂൾ, കോളേജ് തലത്തിൽ മത്സരിക്കുവാനുള്ള അവസരം കൈവന്നതോടെ നമ്മുടെ കായിക പ്രതിഭകൾക്ക് ജില്ലാ സംസ്ഥാന മത്സരങ്ങളിൽ ശ്രദ്ധേയമായ പ്രകടനങ്ങൾ കാഴ്ചവെക്കാൻ കഴിഞ്ഞു. കെ.രവീന്ദ്രൻ, കെ. ജയാനന്ദ് സുപ്രഭ (അത്ലറ്റിക്സ്), പി.തമ്പാൻ, പി. ചാത്തുക്കുട്ടി, എം.മുരളി(കബഡി), എ.വി. ഉമേശൻ(ഖൊ-ഖൊ) തുടങ്ങിയവർ ഈ രംഗത്ത് ശ്രദ്ധേയരായവരിൽ ചിലരാണ്. നവഭാവന ആലക്കാട്(കബഡി), വൈ.എസ്.സി.കാങ്കോൽ, എ.എസ്.സി. മാത്തിൽ (ഫുട്ബോൾ), ദേശാഭിമാനി കാളീശ്വരം(വോളീബോൾ) തുടങ്ങിയ ക്ലബ്ബുകൾക്ക് ജില്ലാതല നേട്ടങ്ങൾ കൊയ്യാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന തല സമ്മാനങ്ങൾ നേടുവാൻ കെല്പുളള നിരവധി താരങ്ങൾ പുതിയ തലമുറയിലുണ്ട്. ചെസ് രംഗത്ത് സംസ്ഥാനതല ജേതാക്കൾ നമ്മുടെ പഞ്ചായത്തിന്റെ അഭിമാനമാണ്.

അടുത്തകാലത്ത് ആരംഭിച്ച യോഗ-വ്യായാമ-പരിശീലന കേന്ദ്രത്തിന്റെ കാങ്കോൽശാഖ, വ്യായാമ പരിശീലന രംഗത്ത് ഇതിനകം തന്നെ മികച്ച സേവനം നടത്തിയിട്ടുണ്ട്.

ഓണാഘോഷ വേളകളിലും കേരളോത്സവ വേദികളിലും നമ്മുടെ ക്ലബ്ബുകൾ സജീവമാകുകയും വൈവിധ്യമാർന്ന കലാകായിക പ്രകടനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

കലാരംഗത്തും കായികരംഗത്തും പ്രവർത്തിക്കുന്ന ക്ലബ്ബുകളുടേയും സംഘടനകളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും അവയ്ക്ക് നേതൃത്വം കൊടുക്കുവാനുമുള്ള ഒരു സംവിധാനമില്ലാത്തതാണ് ഈ രംഗത്തെ കാതലായ പ്രശ്നം. ഇങ്ങനെയുള്ള സംഘടനകളുടെ ഒരു പഞ്ചായത്ത് കേന്ദ്ര സമിതിയും അതിന് കലാകായിക വിഭാഗങ്ങളുംരൂപീകരിക്കലാണ് ഈ പ്രശ്നത്തിലുള്ള പരിഹാര നിർദ്ദേശം. കൂടാതെ ഈ

കേന്ദ്ര സമിതിക്ക് ഒരു വനിതാ വിഭാഗവും ഉണ്ടായിരിക്കണം.

കലാരംഗം

പ്രശ്നങ്ങൾ

1. നിലവാരമുള്ള നാടകങ്ങളും സിനിമകളും കാണുവാനുള്ള അവസരമില്ല,

2. കലാപരിപാടികൾ സംഘടിപ്പിക്കുന്നതിന് ഹാൾ, സ്റ്റേജ് ഇവയില്ല

3. ദരിദ്രരായ കലാപ്രതിഭകൾക്ക് വളരാനുള്ള പ്രോത്സാഹനവും പരിശീലനവും കിട്ടുന്നില്ല.

4. വിവിധ ഏജൻസികളിൽനിന്ന് ക്ലബ്ബുകൾക്കുള്ള ധനസഹായത്തെകുറിച്ച് അറിയുന്നില്ല.

5. കേരളോത്സവം പോലുള്ള പരിപാടികളിൽ ജനപങ്കാളിത്തം കുറവാണ്.

6. ഹൈസ്കൂൾ തലത്തിന് ശേഷം കലാരംഗത്ത് വരുന്ന വനിതകളുടെ എണ്ണം പരിമിതമാണ്.

7. അനുഷ്ഠാന കലാരൂപങ്ങളുടെ നിലനില്പിന് ഭീഷണിയുണ്ട്

8. ചിലവാർഡുകളിൽ വായനശാലകളിലെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.

9. ചില വായനശാലകളിൽ വൈദ്യുതിയില്ല.

10. സ്കൂളികളിലെ ലൈബ്രറി സൗകര്യം പരിമിതമാണ്.

11. ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനം നല്ല പുസ്തകങ്ങളുടെ വായനയെ ബാധിക്കുന്നു.

സാധ്യതകൾ

1. സർവേയുടെ അടിസ്ഥാനത്തിൽ ആവശ്യമുള്ളയിടത്ത് വായനശാല സ്ഥാപിക്കുക.

2. നിലവിലുള്ള വായനശാലകളിൽ മെച്ചപ്പെട്ട സൗകര്യം ഏർപ്പെടുത്തുക, ബാലസാഹിത്യ വിഭാഗം ഉണ്ടാക്കുക.

3. എല്ലാ വായനശാലകളും വൈദ്യുതീകരിക്കുക.

4. സ്കൂളുകളിലെ ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തി കുട്ടികളെ വായനയിലേക്ക് ആകർഷിക്കുക.

5. പഞ്ചായത്തിൽ ഒരു ക്ലോസ്ഡ് ഓഡിറ്റോറിയം പണിയുക

6. ഫിലിം സൊസൈറ്റികൾ പുനരുജ്ജീവിപ്പിക്കുക

7. അഭിരുചിയുള്ള ദരിദ്രരായ കുട്ടികൾക്ക് കലാരംഗത്ത് പരിശീലനവും അതിനുള്ള സാമ്പത്തിക സഹായവും നല്കുക

8. വനിതകളെ കലാരംഗത്തേക്ക് ആകർഷിക്കാനുള്ള ആസൂത്രിത പരിപാടികൾ തയ്യാറാക്കുക.

9. പഞ്ചായത്തിൽ ഇൻഫർമേഷൻ സെൻറർ ആരംഭിക്കുക.

10. അനുഷ്ഠാനകലകളിലേക്ക് പുതിയ തലമുറയേ വരുത്താൻ പരിപാടികൾ നടപ്പാക്കുക.

11. അവധിക്കാലത്ത് കലാസാഹിത്യക്യാമ്പുകൾ സംഘടിപ്പിക്കുക.

12. ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

13. നാടൻപാട്ടുകൾ, നാട്ടിപ്പാട്ടുകൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ തുടങ്ങിയവ ശേഖരിച്ച് സൂക്ഷിക്കുകയും [illegible]

14. ഗ്രാമീണ നാടകശാല സ്ഥാപിച്ച് പ്രതിമാസ അമേച്വർ നാടകാവരണം നടത്തുക.

15. ഉത്സവങ്ങൾ ജനകീയമായി സംഘടിപ്പിക്കുക. ആഘോഷങ്ങളുടെ ഒരു കലണ്ടർ പ്രസിദ്ധീകരിക്കുക.

കായികരംഗം

പ്രശ്നങ്ങൾ

1. സാമ്പത്തിക പരാധീനത മൂലം കായിക പ്രതിഭകൾ ഈ രംഗത്തേക്ക് വരുന്നില്ല.

2. കായികപരിശീലനത്തിനുള്ള സൗകര്യങ്ങൾ വേണ്ടത്രയില്ല.

3. കായികപ്രതിഭകളെ ചെറുപ്പത്തിലെ കണ്ടെത്തി പരിശീലിപ്പിക്കുന്നില്ല.

4. വനിതകൾ പൊതുകളി സ്ഥലങ്ങളിൽ പരിശീലനത്തിന് പോകുവാൻ മടിക്കുന്നു.

5. നാടൻകളികൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

6. ആയോധനകലകളുടെ നിലനില്പിന് ഭീഷണിയുണ്ട്

7. വ്യായാമ പരിശീലനത്തിനുള്ള സൗകര്യം വേണ്ടത്രയില്ല.

സാധ്യകൾ

1. കായിക പ്രതിഭകളെ കണ്ടെത്തുവാനും പരിശീലിപ്പിക്കുവാനുമുള്ള പഞ്ചായത്ത് തലത്തിലുള്ള സ്ഥിരം സംവിധാനമുണ്ടാക്കുക.

2 പ്രൈമറി തലത്തിൽ കായിക പരിശീലന പദ്ധതി നടപ്പിലാക്കുക

3. ആവശ്യമുള്ള സ്ഥലങ്ങളിൽ കളിസ്ഥലങ്ങളും നീന്തൽകുളങ്ങളും നിർമ്മിക്കുക

4. ദരിദ്രരായ പ്രതിഭകൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുക.

5. നാടൻ കലകളുടെ അക്കാദമി രൂപീകരിക്കുക.

6. മാത്തിലും കാങ്കോലിലും സ്റ്റേഡിയം പണിയുക.

7. നാടൻകളികളെ പ്രോത്സാഹിപ്പിക്കുക. ഇവയെകുറിച്ചുള്ള വിവരം ശേഖരിച്ച് സൂക്ഷിക്കുക.

8. ജിംനേഷ്യം, കരാട്ടേ കേന്ദ്രങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.

9. വനിതകൾക്ക് പ്രത്യേക കളി സ്ഥലം ഉണ്ടാക്കുക.

10 കുട്ടികൾക്കുവേണ്ടി പാർക്ക് നിർമ്മിക്കുക.

11. ചെസ്സ് കളിയിലേക്ക് കുട്ടികളെ ആകർഷിക്കുക

12. അവധിക്കാലത്ത് കായിക പരിശീലനത്തിന് കോച്ചിഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക.

13. "ചവിട്ടിത്തടവൽ" എന്ന ചികത്സാരീതി നിലനിർത്താനുള്ള പരിപാടി നടപ്പിലാക്കുക

വനിതാ ക്ഷേമം


ചീമേനി പഞ്ചായത്ത്
വാർഡ് നമ്പർ I
വാർഡ് നമ്പർ II
വാർഡ് നമ്പർ III
വാർഡ് നമ്പർ IV
വാർഡ് നമ്പർ V
വാർഡ് നമ്പർ VI
വാർഡ് നമ്പർ VII
വാർഡ് നമ്പർ VIII
വാർഡ് നമ്പർ IX
പടന്നാൽ മുൻസിപ്പാലിറ്റി

വനിതാ ക്ഷേമം

വൈരുദ്ധ്യങ്ങളിൽ അധിഷ്ഠിതമാണ് സ്ത്രീകളോടുള്ള നമുടെ സമീപനം നൂറ്റാണ്ടുകളായി അവൾ ദേവിയാക്കപ്പെടുന്നു. അതേസമയം അവൾ അടിച്ച മർത്തപ്പെടുകയും അടിമയാക്കപ്പെടുകയും ചെയ്യുന്നു. അധികാരത്തിന്റെ കേന്ദ്രസ്ഥാനത്തുനിന്നും, മുഖ്യ പരിസരത്തുനിന്നും മാറ്റി നിർത്തപ്പെട്ടവളാണ് സ്ത്രീകൾ. വീടിന്റെ അകത്തളങ്ങളിൽ വ്യാപരിക്കുന്ന വളെങ്കിലും ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും പുറം തിണ്ണകളിൽപോലും ഇടം നല്കപ്പെട്ടിട്ടില്ലാത്ത വളാണ് അവൾ നമ്മുടെ കുടുംബം അധികാരം, ജ്ഞാനം, .രാഷ്ട്രീയം, ബന്ധങ്ങൾ, കല, പാരമ്പര്യം, സദാചാരം, സൗഹൃദം തുടങ്ങിയവയിലെല്ലാം ആൺ കോയ്മ ഇന്ന് ശക്തമാണ്. നിയമ ഗ്രന്ഥങ്ങളിലുള്ള അവകാശങ്ങൾപോലുംസ്ത്രീക്ക് ലഭിക്കുന്നില്ല. വോട്ടവകാശം പോലും ഉപയോഗിക്കുന്നത് പുരുഷന്റെ ഇഷ്ടാനുസരണമാണ്. സാമൂഹ്യാചാരങ്ങളും മത വിശ്വാസങ്ങളും കീഴ്വഴക്കങ്ങളുമെല്ലാം സ്ത്രീക്കെതിരെ വിവേചനം കാട്ടാൻ പുരുഷനെ അനുവദിക്കുന്നു. പതിനഞ്ച് മണിക്കൂറിലധികം അദ്ധ്വാനിക്കുന്നവളെങ്കിലും പുരുഷന് തുല്യമായ ഭക്ഷണമെങ്കിലും ലഭിക്കേണ്ടവളാണെന്ന ചിന്ത സ്ത്രീകളിലും ഉണ്ടാകുന്നില്ല. ഈ അടിമത്വമനോഭാവം പുരുഷൻ സ്ത്രീകളിൽ അടിച്ചേല്പിക്കുന്നതിലുപരി അമ്മ മകളിലേക്ക് പകർന്നുകൊടുക്കുന്നതാണ്. ദേശീയ-സാർവദേശീയ രംഗത്ത് എല്ലാ മണ്ഡലങ്ങളിലും ഉജ്ജ്വല നേട്ടങ്ങൾ കൊയ്ത സ്ത്രീകളിൽനിന്നും വേണ്ടത്ര ആവേശം ഉൾകൊണ്ടതായും കാണുന്നില്ല.

ദേശീയ പ്രസ്ഥാനത്തിലും കർഷക പ്രസ്ഥാനത്തിലും എടുത്ത് ചാടി ജീവിതം ഹോമിച്ച പുരുഷന്മാരെ കുറിച്ച് നമുക്ക് കുറെയൊക്കെ അറിയാം. ഇവരെ ഒളിവിൽ പാർപ്പിച്ച് അഭയംകൊടുത്ത് പോറ്റി, കൊടിയ മർദ്ദനങ്ങൾ ഏറ്റുവാങ്ങിയ അമ്മമാരെ കുറിച്ച് നമുക്കുള്ള അറിവ് വളരെ പരിമിതമാണ്. ഈപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട അനുഭവങ്ങളുടേയും അറിവിന്റെയും ഖനിയാണ് ഇന്നും ജീവിച്ചിരിക്കുന്ന ഇവരുടെ മനസ്സുകൾ. ആലപ്പടമ്പിലെ കുന്നുമ്മൽ മാണിയമ്മ, പാട്ടിയമ്മ, കുണ്ടയംകൊപ്പലിലെ കുതിരുമ്മൽ ചിരി എന്നിവർ ഈ പട്ടികയിലെ ചിലർ മാത്രമാണ്. കെ.എ. കേരളീയന് അഭയം കൊടുത്തതിന് എം.എസ്.പിക്കാരുടെ നിരന്തരമായ ശല്യം സഹിക്കേണ്ടി വന്ന പയ്യാടക്കത്ത് കുഞ്ഞാതിയമ്മ തുടങ്ങിയവർഇന്ന് ജീവിച്ചിരിപ്പില്ല.

പണ്ടുകാലത്ത് ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സൗകര്യമില്ലാത്തത് കാരണം സ്ത്രീകളുടെ വിദ്യാഭ്യസം പ്രാഥമിക തലത്തിൽ ഒതുങ്ങി. അതുകൊണ്ട് തന്നെ മറ്റിടങ്ങളിലെന്നപോലെ ഇവിടേയും സാമൂഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളിലെ സ്ത്രീ നേതൃത്വവും പങ്കാളിത്തവും വളരെ കുറവായിരുന്നു. ക്രമേണ ദേശീയ പ്രസ്ഥാനത്തിന്റെയും കർഷക പ്രസ്ഥാനത്തിന്റെയും സ്വാധീനം മൂലം സ്ത്രീകളും ഈ രംഗത്ത് സജീവമായി. വടവന്തൂരിലെ കെ.വി. പാർവതിയമ്മയാണ് പഞ്ചായത്ത് ബോർഡിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ വനിത (1952)ൽ ഇവർതന്നെയാണ് സംസ്ഥാനതല ത്തിലെ ഏറ്റവും പ്രായം കൂടിയ സാക്ഷരതാ ഇൻസ്ട്രക്ടർ. 1957ൽ പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ വന്നതോടെ സ്ത്രീകൾ ഉന്നത വിദ്യാഭ്യാസ രംഗ ത്തേക്കും ഉയർന്ന ജോലികളിലേക്കും എത്താൻ തുടങ്ങി. 1959ൽ ഈ പഞ്ചായത്തിൽ നിന്നും മൂന്ന് പെൺകുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതി. എന്നാൽ 1997ൽ മാത്തിൽ ഹൈസ്കൂളിൽ നിന്ന് മാത്രം 156പേർ എസ്.എസ്.എൽ.സി. പരീക്ഷക്ക് തയ്യാറെ ടുക്കുന്നു. ഈ കാലത്തിനിടക്ക് സാമൂഹ്യ- രാഷ്ട്രീയ നേതൃത്വത്തിലേക്ക് ഉയരാനും സ്ത്രീകൾക്ക് കഴിഞ്ഞു ഇപ്പോഴത്തെ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ. പത്മിനി ഈ പഞ്ചായത്തിന്റെ സംഭാവനയാണ്.

വിഷചികിത്സാ രംഗത്ത് പ്രതിഫലേച്ഛയില്ലാതെ അർപ്പണ മനോഭാവത്തോടെ നിശ്ശബ്ധ സേവനം

നടത്തിയ അടുക്കാടൻ താഴെ വീട്ടിൽ ചിരിയമ്മ ഇന്നും നമ്മോടൊപ്പമുണ്ട്.

അസംഘടിതരായിരുന്ന വനിതകൾ 1968ൽ കുണ്ടയംകൊപ്പലിൽ വെച്ച് രൂപീകരിക്കപ്പെട്ട മഹിളാ ഫെഡറേഷന്റെ പയ്യന്നൂർ ഏരിയാ കമ്മറ്റിയുടെ ആവിർഭാവത്തോടെ സജീവമായി പൊതുരംഗത്തേക്ക് കടന്നുവന്നു. ഈ സംഘടന തന്നെയാണ് ഇന്നും പഞ്ചായത്തിന്റെ വനിതാ ക്ഷേമ രംഗത്ത് ഏറ്റവും സജീവമായി പ്രവർത്തിക്കുന്നത്, 1976ൽ ഉദയാ മഹിളാ സമാജം കുണ്ടയംകൊവ്വൽ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ പഞ്ചായത്തിൽ ഏഴ് മഹിളാ സമാജങ്ങൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഡി.ഡബ്ല്യു.സി.ആർ.എ.യുടെ മൂന്ന് യൂനിറ്റുകൾ പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. നിലവിൽ പഞ്ചായത്തിൽ 16 അംഗനവാടികൾ പ്രവർത്തിക്കുന്നണ്ട്. ഇവയുടെ ഭൗതീക സാഹചര്യങ്ങൾ കുറേകൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. സാക്ഷരതാ പ്രവർത്തനത്തിൽ വനിതകളുടെ പങ്കാളിത്തം വളരെ മെച്ചപ്പെട്ടതായിരുന്നുവെങ്കിലും ജനകീയാസൂത്രണ പരിപാടിയിലെ പങ്കാളിത്തം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

1996 ലെ പഞ്ചായത്ത് സർവ്വേ പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 16426 ആണ്. ഇതിൽ സ്ത്രീകളുടെ എണ്ണം 8386ആണ്.

	സംസ്ഥാനതലം	ജില്ലാതലം	പഞ്ചായത്ത്തലം
സ്ത്രീകൾ	104.3	–	1048
പുരുഷൻ	1000	–	1000

94% പുരുഷന്മാർ സാക്ഷരരാണെങ്കിൽ സ്ത്രീകൾ ഇത് 86%മാത്രമാണ്. 1996ലെ സ്കൂൾ സർവ്വേ പ്രകാരം 1665 ആൺകുട്ടികളും 1564 പെൺകുട്ടികളും ആണ് ഈ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്നത്

	ആൺകുട്ടികൾ	പെൺകുട്ടികൾ
പ്രൈമറി	1065	1136
ഹൈസ്കൂൾ	499	529
ആകെ	1564	1665

ജി.എച്ച്.എസ് മാത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയവർ

	ആൺ	പെൺ
92 മാർച്ച്	119	129
93 „	151	145
94 „	166	130
95 „	147	130
96 „	127	166

ടി.എച്ച്യെസ്. മാത്തിൽ എസ്.എൽ.സി. വിജയികൾ



മുകളിൽകൊടുത്ത ബാർ ഡയഗ്രമിന് ആധാരമായ വിവരം സൂചിപ്പിക്കുന്ന പട്ടിക ചുവടെ കൊടുത്തിരിക്കുന്നു.

	92മാർച്ച്	93മാർച്ച്	94മാർച്ച്	95മാർച്ച്	96മാർച്ച്
ആൺ	103	103	111	87	79
പെൺ	89	104	75	81	99

1997 മാർച്ചിൽ എസ്.എസ്.എൽസി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളിൽ 143ആൺകുട്ടികളും 156 പെൺകുട്ടുകളുമുണ്ട്. പ്രീഡിഗ്രി വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും പെൺകുട്ടികൾതന്നെയാണ് മുന്നിൽ. സംസ്ഥാനതല സ്കൂൾ യുവജനോത്സവത്തിൽ ഈ പഞ്ചായത്തിലെ വിദ്യാർത്ഥിനികൾ മോഹിനിയാട്ടം, കഥാരചന, ചിത്രരചന, കഥകളി, ശാസ്ത്രീയ സംഗീതം തുടങ്ങിയ ഇനങ്ങളിൽ സമ്മാനാർഹരായിട്ടുണ്ട്.

സംസ്ഥാന കായിക മേളകളിൽ നേട്ടങ്ങൾ കൊയ്ത വനിതകളും ഈ പഞ്ചായത്തിലുണ്ട്. ജി.എച്ച്.എസ് മാത്തിൽനിന്ന് കഴിഞ്ഞ നാല് വർഷം

ജില്ലാതല കായിക മത്സരങ്ങളിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ പട്ടികയും അതിന്റെ ഗ്രാഫും ചുവടെ ചേർക്കുന്നു.

	92-93	93-94	94-95	95-96
ആൺ	6	7	5	3
പെൺ	10	10	11	11

ഉന്നതവിദ്യാഭ്യാസ രംഗത്ത് ഉയർന്ന തൊഴിൽ മേഖലകളിലും സ്ത്രീകളുടെ പ്രാതിനിധ്യം കുറവാണ്. എന്നാൽ അദ്ധ്യാപന രംഗത്ത് സ്ത്രീകളാണ് മുന്നിൽ. മറ്റുതൊഴിൽ മേഖലകളിൽ(കാർഷികരംഗം, നിർമ്മാണ പ്രവർത്തനം) സത്രീകളുടെ എണ്ണം താരതമ്യേന കുറവാണ്. 40%ത്തോളം സ്ത്രീകൾ അടുക്കളജോലിമാത്രം ചെയ്യുന്നവരാണ്. കാർഷിക മേഖല, നിർമ്മാണ പ്രവർത്തനം എന്നീ മേഖലകളോട് ദിവസംതോറും സ്ത്രീകൾക്ക് താല്പര്യം കുറഞ്ഞുവരുന്നതായി ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇതിന് പ്രധാന കാരണം കൂലിക്കുറവാണെന്ന് ചൂണ്ടികാണിക്കപ്പെടുന്നു. മാത്രവുമല്ല. സ്ത്രീകളുടേയും പുരുഷന്മാരുടേയും കൂലിയിലുള്ള അന്തരവും വളരെ കൂടുതലാണ്.

	കാർഷികമേഖല (ദിവസക്കൂലി)	നിർമ്മാണ മേഖല (ദിവസക്കൂലി)
സ്ത്രീകൾ	50	60
പുരുഷന്മാർ	75	100

പ്രശ്നങ്ങൾ

എ. 1. സ്ത്രീകൾക്കുള്ള പദ്ധതികളെ കുറിച്ചും നിയമനങ്ങളെകുറിച്ചുമുള്ള അറിവില്ലായ്മ.

2. തൊഴിൽ പരിശീലനകേന്ദ്രങ്ങളുടെ അഭാവം

3. പല തൊഴിൽ മേഖലകളിലേക്കും സ്ത്രീകളെ പ്രവേശിപ്പിക്കുന്നതിനുള്ള വൈമനസ്യം.

4. സ്വയം തൊഴിൽ മേഖലയിൽ വരാനുള്ള ധൈര്യക്കുറവ്.

5. കുറഞ്ഞ കൂലിനിരക്ക്

6. പലമേഖലകളിലും കുറഞ്ഞുവരുന്ന തൊഴിൽ ദിനങ്ങൾ

7. പൊതുസ്ഥലങ്ങളിലും വിദ്യാലയങ്ങളിലും പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യമില്ലായ്മ

8. അംഗനവാടികളിലെ തൃപ്തികരമല്ലാത്ത ഭൗതിക സാഹചര്യം.

9. വനിതകൾക്കായുള്ള പെൻഷൻ, ക്ഷേമനിധി എന്നിവയെകുറിച്ചുള്ള അറിവില്ലായ്മ.

ബി. 1. സ്ത്രീകളിലെ അടിമത്ത മനോഭാവം

2, ഉത്തരവാദിത്തം ഏറ്റെടുക്കാനുള്ള ആത്മ വിശ്വാസക്കുറവ്

3. സ്ത്രീകളെ ജോലികൾ ഏല്പിക്കുന്നതിനുള്ള വൈമനസ്യം.

4. സ്ത്രീകൾക്കിടിയലുള്ള അനാചാരങ്ങളും അന്ധവിശ്വാസങ്ങളും.

5. സ്ത്രീകൾ ജോലിക്ക് പോകുന്നത് പ്രകൃതി വിരുദ്ധമാണെന്നുള്ള പഴഞ്ചൻ ധാരണ.

6. പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളെ സംശയത്തോടെയും പരിഹാസത്തോടെയും നോക്കിക്കാണുന്ന പ്രവണത.

7. സ്ത്രീകളുടെ കുടുംബപ്രശ്നങ്ങൾ കാണാതിരിക്കുകയോ കണ്ടില്ലെന്ന് നടിക്കുകയോ ചെയ്യുന്ന പുരുഷ മനോഭാവം.

8. കുടുംബഭാരം കാരണം പൊതുരംഗത്ത് വരാനുള്ള സമയമില്ലായ്മ

9. മദ്യപാനം, സ്ത്രീധനം, സ്ത്രീപീഡനം മൂലമുള്ള പ്രശ്നങ്ങൾ

10. ടി.വി., വാരികകൾ മറ്റു മാധ്യമങ്ങൾ തുടങ്ങിയവയുടെ ദുഷിച്ച സ്വാധീനം.

പരിഹാര നിർദേശങ്ങൾ

എ.1 സ്ത്രീകൾക്കുള്ള തൊഴിൽ സാധ്യതകൾ, ആനുകൂല്യങ്ങൾ എന്നിവയെകുറിച്ചുള്ള വിവരങ്ങൾ അപ്പപ്പോൾ എത്തിക്കാനുള്ള സൗകര്യം.

2. സ്ത്രീകൾക്ക് മാത്രമായുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളും തൊഴിൽസ്ഥാപനങ്ങളും ഉണ്ടാക്കുക

3. ഡ്രൈവിംഗ്, വയറിംഗ്, പ്ലംബിംഗ്, മരപ്പണി തുടങ്ങിയ പുതിയ മേഖലകളിലേക്ക് സ്ത്രീകളെ എത്തിക്കാനുള്ള സംരംഭം.

4. സ്വയം തൊഴിൽതേടാനുള്ള സാമ്പത്തീക സഹായം

5. മെച്ചപ്പെട്ട വേതനനിരക്കും തുല്യജോലിക്ക് തുല്യവേതനവും നടപ്പാക്കുക.

6. കാർഷിക മേഖലയിൽ സ്ത്രീകളുടെ സംഘ കൃഷി പ്രോത്സാഹിപ്പിക്കുക(പട്ടുനൂൽ, ഔഷധസസ്യം, പച്ചക്കറി, കൂൺ ഷി).

7. സ്ത്രീകൾ , പൊതു സ്ഥലങ്ങളിൽ പ്രാഥമി കാവശ്യം നിർവ്വഹിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക.

8. കുടുംബക്ഷേമ കേന്ദ്രം, അംഗനവാടി എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തി സ്ത്രീകളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുക.

9. അർഹരായ മുഴുവൻ സ്ത്രീകൾക്കും സാമ്പ ത്തീക ആനുകൂല്യങ്ങൾ എത്തിക്കാനുള്ള പഞ്ചായത്തു തല സംവിധാനം ഏറപ്പെടുത്തുക.

10. റെഡിമെയ്ഡ് വസ്ത്രങ്ങൾ, പായ, ബാഗ്, നോട്ട്ബുക്ക്, റീഫിൽ, മെഴുകുതിരി ചോക്ക്, സോപ്പ്, ചെരിപ്പ്, കുടകൾ തുടങ്ങിയവ നിർമ്മിക്കാനും വിറ്റഴികാനുമുള്ള സ്ത്രീകളുടെ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക

11. ഇന്ധനക്ഷാമം, സമയക്കുറവ്, ചില ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവ പരിഹരിക്കാനുള്ള അടുക്കള സംവിധാനങ്ങൾ(പുകയില്ലാത്ത അടുപ്പ്, പ്രഷർകുക്കർ, സ്റ്റൗ) ഇവ പ്രോത്സാഹിപ്പിക്കുക.

ബി. 1 പഞ്ചായത്ത് മേൽനോട്ടത്തിൽ വനിതാ സമിതി രൂപീകിരക്കുക.

2. സ്ത്രീകളുടെ അവകാശങ്ങളെകുറിച്ച് സത്രീകളിലും സ്ത്രീകളോടുള്ള സമീപനത്തിൽ വരുത്തേണ്ട മാറ്റത്തേകുറിച്ച് പുരുഷന്മാരിലും ആസൂത്രിതമായ ബോധവല്കരണം നടത്തുക.

3. സ്ത്രീകളിൽ വായനാശീലം വളർത്തി ശാസ്ത്രീയ വീക്ഷണം ഉണ്ടാക്കിയെടുക്കുക.

4. ടി.വി., വാരികകൾ, മറ്റു മാധ്യമങ്ങൾ എന്നിവ ചെലുത്തുന്ന ദുഷിച്ചപ്രവണതകളെ കുറിച്ച് ബോധവാന്മാരാകുക.

5. സ്ത്രീകൾക്കെതിരേയുള്ള അതിക്രമം, സ്ത്രീധനം, സ്ത്രീ പീഡനം എന്നിവ കർശനമായി നേരിടുക.

ശാരീരികവും സാമ്പത്തീകവും സാമൂഹികവുമായ ചൂഷണങ്ങളേയും അടിച്ചമർത്തലുകളേയും നേരിട്ടു കൊണ്ട് മാത്രമേ സ്ത്രീ ക്ഷേമത്തെകുറിച്ച് ആലോചി ക്കാൻ കഴിയൂ.

"നിങ്ങൾക്ക് സങ്കല്പിക്കാവുന്നതിലുവെച്ച് ഏറ്റവും നല്ല ഭരണഘടന നിങ്ങളുടെ രാഷ്ട്രത്തിന് കൈ വന്നേക്കാം. പക്ഷേ, തന്റെ മൗലികമായ ആഗ്രഹങ്ങൾ നിറവേറ്റാൻ കൊതിക്കുന്നവളും എന്നാൽ അതിൽനിന്ന് ബലം പ്രയോഗിച്ച് തടയപ്പെടുന്നവളുമായ ഒരൊറ്റ സ്ത്രീ ഈ നാട്ടിൽ ഉണ്ടായിരുക്കുന്നിടത്തോളം കാലം നമ്മെ തന്നെ ഭരിക്കുവാനോ സ്വരാജ്യം ഉണ്ടാക്കുവാനോ നമുക്ക് അർഹതയില്ല".

(ഗാന്ധിജി, 1921 യങ്ങ് ഇന്ത്യ)

സഹകരണം

ചിമേനി പഞ്ചായത്ത്
വെസ്റ്റ് എളേരി പഞ്ചായത്ത്
കയ്യൂർ ചീമേനി പഞ്ചായത്ത്
പടന്ന പഞ്ചായത്ത്
വാർഡ് നമ്പർ I
വാർഡ് നമ്പർ II
വാർഡ് നമ്പർ III
വാർഡ് നമ്പർ IV
വാർഡ് നമ്പർ V
വാർഡ് നമ്പർ VI
വാർഡ് നമ്പർ VII
വാർഡ് നമ്പർ VIII
വാർഡ് നമ്പർ IX

സഹകരണം

മൂല്യാധിഷ്ഠിത സമൂഹ സൃഷ്ടിക്ക് സഹകരണ ദർശനത്തെ നമുക്ക് മാർഗദർശക രേഖയായി സ്വീകരിക്കാവുന്നതാണ്. സഹകരണ ദർശനങ്ങളുടേതായ "ഓരോരുത്തരും എല്ലാവർക്കും", "എല്ലാവരും ഓരോരുത്തർക്കും" എന്ന സമീപന രീതി ഉൾക്കൊള്ളുക, സംഘടിതമായ ശക്തിയാർജ്ജിക്കുക, കൂട്ടായി അന്വേഷിച്ച് കണ്ടെത്തുക, സഹകരിക്കുക എന്ന സാമൂഹ്യബോധം ഉളവാക്കാൻ സാമൂഹ്യ-സാമ്പത്തിക സംവിധാനക്രമം എന്ന നിലക്ക് സഹകരണ പ്രസ്ഥാനത്തിന് കഴിയും.

രണ്ടാം ലോകമഹായുദ്ധം ജനങ്ങളിൽ ഏല്പിച്ച ക്രൂരത വിവരിക്കാനാവാത്തവിധം കഠിനമായിരുന്നു. ഒരു നേരത്തെ വിശപ്പടക്കാൻപോലും കഴിയാത്ത ഗ്രാമീണ ജനത, കരിഞ്ചന്തയും പൂഴ്ത്തിവെപ്പും ഒരു ഭാഗത്ത് നിർബാധം തുടർന്നു, മറുഭാഗത്ത് കൃഷിക്കാരും തൊഴിലാളികളും പൂഴ്ത്തിവെപ്പിനും കരിഞ്ചന്തക്കുമെതിരെ ചെറുത്തുനില്പുമായി മുന്നോട്ട്വരുന്നു. സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം കമ്മ്യൂണിസ്റ്റ്കാരെ വേട്ട യാടുന്ന ഭരണവർഗ്ഗം. ഈ അവസ്ഥയിൽ ഭക്ഷ്യ ക്ഷാമത്തിന് തെല്ലൊന്ന് പരിഹാരം കാണാൻ കേരളത്തിലെ ഗ്രാമങ്ങളിൽ പി.സി.സി.സൊസൈറ്റികൾ രൂപംകൊണ്ടു.

കാലത്തിന്റെ കുത്തൊഴുക്കിൽ 1951മെയ് 5-ാം തിയ്യതി ആലപ്പടമ്പ വില്ലേജ് വിവിധോദ്ദേശ ഐക്യ നാണയസംഘം പ്രവർത്തനമാരംഭിച്ചു. ~~1958~~ 1954 ഫെബ്രുവരി 7-ാംതിയ്യതി കാങ്കോൽ വില്ലേജ് വിവിധോദ്ദേശ ഐക്യ നാണയ സംഘം പ്രവർത്തനം ആരംഭിച്ചു. ആലപ്പടമ്പ വില്ലേജ് വിവിധോദ്ദേശ ഐക്യനാണയ സംഘത്തിന്റെ പ്രഥമ പ്രസിഡണ്ട് ശ്രീ. തെക്കെമഠത്തിൽ കുഞ്ഞി വിഷ്ണു നമ്പീശനും സിക്രട്ടറി ശ്രീ.എ.കെ. ബാലകൃഷ്ണൻ നമ്പ്യാരും ആയിരുന്നു. കാങ്കോൽ വില്ലേജ് വിവിധോദ്ദേശ ഐക്യനാണയ സംഘത്തിന്റെ പ്രഥമ പ്രസിഡണ്ട് ശ്രീ. പി.വി. കരുണാകരൻ നമ്പ്യാരും സിക്രട്ടറി ശ്രീ. ടി.കെ. കുഞ്ഞികൃഷ്ണപൊതുവാളും ആയിരുന്നു. അങ്ങനെ കടത്തിൽ ജനിച്ച് കടത്തിൽ ജീവിച്ച് കടത്തിൽ മരിക്കുന്ന ഗ്രാമീണ ജനതയ്ക്ക് ഒരാശ്വാസമായി നമ്മുടെ പഞ്ചായത്തിൽ ഈ രണ്ട് സ്ഥാപനങ്ങൾ രൂപംകൊണ്ടു.

ഈ രണ്ട് സംഘങ്ങൾക്കും വായ്പ നല്കിയിരുന്നത് കോഴിക്കോട് ആസ്ഥാനമായ മലബാർ ഡിസ്ട്രിക്ട് സഹകരണ ബാങ്ക് ആയിരുന്നു. 15.11.1952ൽ 100 രൂപവീതം 10 മെമ്പർമാർക്ക് വായ്പ അനുവദിച്ചുകൊണ്ട് ആലപ്പടമ്പ വില്ലേജ് വിവിധോദ്ദേശ ഐക്യനാണയ സംഘത്തിന്റെ വായ്പാ വിതരണത്തിന് തുടക്കമിട്ടു. 1953 മെയ് 3-ാംതിയ്യതി 11 മെമ്പർമാർക്ക് 100 രൂപവീതംവെച്ച് 1100രൂപ അനുവദിച്ചുകൊണ്ട് കാങ്കോൽ വില്ലേജ് വിവിധോദ്ദേശ ഐക്യനാണയ സംഘത്തിന്റെ കാർഷിക വായ്പാ വിതരണത്തിന് തുടക്കമിട്ടു.

15-10-~~1952~~ 1954ന് ആലപ്പടമ്പ വില്ലേജ് സർവീസ് സഹകരണ സംഘവും 1963 ഫെബ്രുവരി 1ന് കാങ്കോൽ വില്ലേജ് സർവീസ് സഹകരണ സംഘവും തുടർന്ന് പ്രവർത്തിച്ചു. തുടർന്നിങ്ങോട്ട് 1.7.1974ൽ മാത്തിൽ സർവീസ് സഹകരണ ബാങ്കായും 1.7.86ൽ കാങ്കോൽ സർവീസ് സഹകരണ ബാങ്കായും ഉയർത്തപ്പെട്ടു. നമ്മുടെ പഞ്ചായത്തിലെ ഈ രണ്ടുബാങ്കുകളും ഇന്നത്തെ നിലയിൽ നമ്മുടെ പഞ്ചായത്തിലെ ജനതയുടെ അത്താണിയായി മാറ്റുന്നതിൽ നിസ്വാർത്ഥമായ സേവനം ചെയ്ത സഹകാരികളെ ഓർക്കാതെ നമുക്ക് ഈ പ്രസ്ഥാനത്തെക്കുറിച്ച് ചിന്തിക്കാൻ കഴിയുകയില്ല.

മാത്തിൽ സർവീസ് സഹകരണ ബാങ്കിന്റെ പ്രസിഡണ്ടുമാരായി സർവശ്രീ എം.വി.എം.കുഞ്ഞി വിഷ്ണു നമ്പീശൻ, സി.കെ. കുഞ്ഞിരാമൻനായർ, കല്ല്യത്ത് കൃഷ്ണൻ നായർ, ടി.കെ. ഗോവിന്ദൻ നായർ, എം. ബാലൻ എന്നിവർ പ്രവർത്തിച്ചിട്ടുണ്ട്. ഈ ബാങ്കിൽ ഇന്ന് 3311 മെമ്പർമാരും 10,68,585രൂപ ഓഹരിമൂലധനവുംഉണ്ട്. ജനകീയാസൂത്രണ

പരിപാടികളുടെ സംസ്ഥാനതല ഉൽഘാടനത്തിന് ശേഷം ഏറ്റുകുടുക്കയിൽ ഒരു ബ്രാഞ്ചും പ്രവർത്തനം ആരംഭിച്ചു. ഇന്ന് നിലവിൽ ബാങ്കിൽ 131.4 ലക്ഷംരൂപ നിക്ഷേപവും 163.6 ലക്ഷം രൂപ വായ്പ ബാക്കിയും 220 ലക്ഷം രൂപ പ്രവർത്തന മൂലധനവും ഉണ്ട്. വില്ലേജിലെ കൃഷിക്കാർക്ക് ഒരു വർഷം ഹ്രസ്വ കാലകാർഷിക വായ്പ വിതരണം ചെയ്യണമെങ്കിൽ 150 ലക്ഷം രൂപയോളം വേണ്ടിവരും. ഒരു മെമ്പർക്ക് ഹ്രസ്വകാല കാർഷിക വായ്പയായി 5,000 രൂപവരെ വിതരണം ചെയ്യുന്നു. ബാങ്കിന് സ്വന്തമായി 2.32 ഏക്കർ സ്ഥലവും സ്വന്തമായി രണ്ട് കെട്ടിടവുമുണ്ട്.

കാങ്കോൽ സർവീസ് സഹകരണ ബാങ്കിൽ 3543 മെമ്പർമാരും 9,00,110.ക. ഓഹരിമൂലധനവും ഉണ്ട്. വില്ലേജിലെ മുഴുവൻ കൃഷിക്കാർക്കും ഹ്രസ്വകാല കാർഷിക വായ്പ വിതരണം ചെയ്യണമെങ്കിൽ 160 ലക്ഷംരൂപയോളം വേണ്ടിവരും. 1993 മുതൽ ബാങ്ക് നടപ്പിലാക്കിയ ബിസിനസ്സ് ഡവലപ്പ്മെൻറ് പദ്ധതി പ്രകാരം ഒരു മെമ്പർക്ക് ഹ്രസ്വകാല വായ്പയായി 10,000 രൂപവരെ വിതരണം ചെയ്യുന്നു. ഒരുവളം ഡിപ്പോ പ്രവർത്തിക്കുന്നു. ബാങ്കിന് സ്വന്തമായി 2 ഏക്കർ 83സെൻറ് സ്ഥലവും സ്വന്തമായി രണ്ട് കെട്ടിട വും ഉണ്ട്. വില്ലേജിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ആവശ്യമായ വായ്പ വിതരണം ചെയ്യുവാൻ കഴിയുന്നില്ല. ഇപ്പോൾ ബാങ്കിൽ 61.7ലക്ഷം രൂപ നിക്ഷേപമായും 142 ലക്ഷംരൂപ വായ്പ ബാക്കിയും 160 ലക്ഷം രൂപ പ്രവർത്തനമൂലധനവും ഉണ്ട്.

ഗവൺമെൻറ് അതാത് കാലത്ത് നിർദ്ദേശിക്കുന്ന സേവനപ്രവർത്തനങ്ങൾ ഈ രണ്ട് സ്ഥാപനങ്ങളും ചെയ്തുവരുന്നു. നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ റിസർവ് ബാങ്കായി പ്രവർത്തിക്കുന്ന ഈ രണ്ട് സ്ഥാപനങ്ങളും ഇന്ന് നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. വർദ്ധിച്ചുവരുന്ന വായ്പാകുടിശ്ശിക നഷ്ട ത്തിന് കാരണമാണ്. ഇവയുടെ വായ്പാ പ്രവർത്തന ത്തിൻെറ ഭൂരിഭാഗവും ജില്ലാ സഹകരണബാങ്കിനെ ആശ്രയിച്ചാണിരിക്കുന്നത്. സ്വന്തമായ വിഭവശേഷി വളരെയേറെ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. പ്രദേശത്തെ മുഴുവൻ കൃഷിക്കാരെയും മറ്റു ജനവിഭാഗങ്ങളേയും മെമ്പർമാരാക്കി ചേർക്കാൻ കഴിയണം. വായ്പാ കുടിശ്ശിക കർശനമായും പിരിച്ചെടുക്കാൻ കഴിയണം. സ്വന്തം കാലിൽനിന്നുകൊണ്ട് തന്നെ കൃഷിക്കാരുടേയും മറ്റിതര ജനവിഭാഗങ്ങളുടേയും ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയണം. സമർത്ഥമായ മാനേജ്മെൻറും അർപ്പണമനോഭാവമുള്ള ജീവനക്കാരും ഈ സ്ഥാപന ത്തിൻെറ കൃഷ്ണമണികളായിരിക്കണം. എങ്കിൽ മാത്രമേ ഈ രണ്ട് സ്ഥാപനങ്ങളും ദരിദ്രജനവിഭാഗങ്ങളുടെ ആശ്വാസകേന്ദ്രമായി മാറുക യുള്ളൂ.

പഞ്ചായത്തിലെ വിവധ സഹകരണ സ്ഥാപനങ്ങൾ

1. മാത്തിൽ സർവീസ് സഹകരണ ബാങ്ക്
2. കാങ്കോൽ സർവീസ് സഹകരണ ബാങ്ക്
3. മാത്തിൽ ക്ഷീര വ്യവസായ സഹകരണ സംഘം
4. മാത്തിൽ ഗവ:ഹൈസ്കൂൾ കോ.ഓപ്: സ്റ്റോർ
5. വലിയചാൽ സ്കൂൾ കോ.ഓപ്: സ്റ്റോർ
6. കാങ്കോൽ കൺസ്യൂമർ കോ.ഓപ്പ്: സ്റ്റോർ
7. കാങ്കോൽ വനിതാ സഹകരണ സംഘം
8. കാങ്കോൽ-ആലപ്പടമ്പ് സെറി കൾച്ചർ സഹ:സംഘം
9. കാങ്കോൽ കളിമൺ വ്യവസായ സഹകരണ സംഘം.

മേൽ സ്ഥാപനങ്ങൾ കൂടാതെ ഈ പഞ്ചായത്ത തിർത്തിയിൽ പയ്യന്നൂർ കോ.ഓപ്പ്: റൂറൽ ബാങ്കിൻെറ ഒരു ശാഖയും പ്രവർത്തിച്ചുവരുന്നുണ്ട്.

തളിപ്പറമ്പ് കാർഷിക വികസന ബാങ്ക്, കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്, പയ്യന്നൂർ കോ.ഓപ്പ്: ബിൽഡിംഗ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളും പഞ്ചായത്തതിർത്തിക്കുള്ളിൽ മദ്ധ്യാകാല-ദീർഘകാല വായ്പകൾ വിതരണം ചെയ്യുന്നുണ്ട്.

മാത്തിൽ ക്ഷീര വ്യവസായ സഹകരണ സംഘം: 1973ൽ ആണ് പ്രവർത്തനം ആരംഭിച്ചത് ആരംഭകാലത്ത് സാമ്പത്തികമായും നിയമപരമായും നിരവധി പ്രതിബന്ധങ്ങളെ നേരിടേണ്ടിവന്നിട്ടുണ്ട്. ഇപ്പോൾ 367 മെമ്പർമാർ ഉണ്ട്. പ്രതി ദിനം 800 ലിറ്റർ പാൽ സംഭരിച്ചുവരുന്നുണ്ട്. ശേഖരിക്കുന്ന പാലിൻെറ 10%ൽ താഴെ മാത്രമേ നമ്മുടെ പഞ്ചായത്തിൻ ചെലവഴിക്കുന്നുള്ളൂ. ഈ സംഘത്തിന് സ്വന്തമായ സ്ഥലമോ കെട്ടിടമോ ഇല്ല. മാത്തിൽ കേന്ദ്രമാക്കി വനിതകളുടെ കീഴിൽ ഒരു പാലുല്പന്ന യൂനിറ്റും പ്രവർത്തിച്ചുവരുന്നുണ്ട്. കാലിത്തീറ്റ മിതമായ നിരക്കിൽ വിതരണം ചെയ്തുവരുന്നു.

നമ്പർ	സ്ഥാപനത്തിന്റെ പേര്	പ്രവർത്തന പരിധി	ആകെ മെമ്പർമാർ	ആകെ ജീവനക്കാർ	
1.	മാത്തിൽ സർവീസ് സഹകരണ ബാങ്ക്	ആലപ്പടമ്പ വില്ലേജ്	3311	11	പ്രസിഡണ്ട്: കെ. നാരായണൻ സിക്രട്ടറി: കെ.എം. വാസുദേവൻ നമ്പീശൻ
2.	കാങ്കോൽ സർവീസ് സഹകരണ ബാങ്ക്	കാങ്കോൽ വില്ലേജ്	3543	4+3	പ്രസിഡണ്ട്: എൻ.കെ. ഗംഗാധരൻ സിക്രട്ടറി: കെ. രാഘവൻ
3.	മാത്തിൽ ക്ഷീര വ്യവസായ സഹകരണ സംഘം	ആലപ്പടമ്പ വില്ലേജ്	367	3	പ്രസിഡണ്ട്: പി. രാഘവൻ സിക്രട്ടറി: കെ. ഭാസ്കരൻ
4.	മാത്തിൽ ഹൈസ്കൂൾ കോ. ഓപ്പ്. സ്റ്റോർ		–	–	പ്രസിഡണ്ട്:കെ.വി. കുഞ്ഞിരാമൻ (ഹെഡ്മാസ്റ്റർ) സിക്രട്ടറി: കെ. കരുണാകരൻ
5	വലിയചാൽ എൽ.പി.സ്കൂൾ കോ.ഓപ്പ്. സ്റ്റോർ		എ.1315 ബി.2197		പ്രസിഡണ്ട്:കെ. അബ്ദുല്ല മാസ്റ്റർ സിക്രട്ടറി: മോഹനൻ മാസ്റ്റർ
6	കാങ്കോൽ കൺസ്യൂമർ കോ. ഓപ്പ. സ്റ്റോർ				അഡ്മിനിസ്ട്രേറ്റർ
7 8 9	കാങ്കോൽ ആലപ്പടമ്പ് സെറി കൾച്ചർ സഹ: സംഘം കാങ്കോൽ വനിതാ സഹകരണ സംഘം കാങ്കോൽ കളിമൺ വ്യവസായ സഹകരണ സംഘം.	ഇപ്പോൾ പ്രവർത്തനക്ഷമമല്ല			

അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ

1. ക്ഷീര വ്യവസായ സഹകരണ സംഘത്തിൽ സംഭരിക്കുന്ന പാൽ മുഴുവൻ ചിലവിഴക്കുവാൻ സാധിക്കാത്ത സ്ഥിതിയാണിപ്പോഴുള്ളത്.

2. ഓഡിറ്റ് കോസ്റ്റ്, അന്യായ-ജപ്തി ഫീസുകൾ മുതലായ ഇനങ്ങളിലായിസർക്കാരിലേക്ക് സഹകരണ സ്ഥാപനങ്ങൾ വലിയ സംഖ്യകളാണ് അടക്കേണ്ടി വരുന്നത്. സാമ്പത്തികമായി സ്ഥാപനങ്ങൾക്കും മെമ്പർമാർക്കും ഇത് വളരെ വിഷമമുണ്ടാക്കുന്നുണ്ട്.

3. കൃഷിക്കാർക്ക് കുറഞ്ഞ പലിശക്ക് ആവശ്യമായത്ര കാർഷിക വായ്പ ലഭിക്കാനുള്ള സൗകര്യമില്ല. സർക്കാർ ഇപ്പോൾ അനുവദിച്ചുവരുന്ന 5% സബ്സിഡി കടം വീട്ടിത്തീർക്കുന്ന അവസരത്തിൽ തന്നെ ലഭിക്കാൻ സൗകര്യമുണ്ടാക്കണം.

4. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ കൃഷിക്കാർക്ക് ഉല്പാന്നങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റിംഗ് സംവിധാനം ഇല്ല.

5. നിത്യോപയോഗ സാധനങ്ങൾക്ക് വിലവർദ്ധിച്ചു വരുന്ന ഈ കാലത്ത് നമ്മുടെ പഞ്ചായത്തിൽ കൺസ്യൂമർ സഹകരണ സ്ഥാപനങ്ങൾ നിലവിലില്ലാത്തതും ജനങ്ങളെ ബാധിക്കുന്ന ഒരു പ്രധാന പ്രശ്നമാണ്.

നടപ്പിലാക്കേണ്ടുന്ന പദ്ധതികൾ

കാർഷിക മേഖല

1. ഓരോ കർഷകനും ആവശ്യമായ കാർഷിക വായ്പ കാലവർഷാരംഭത്തിന് മുമ്പുതന്നെ പാസാക്കുകയും ക്രഡിറ്റ്കാർഡ് സമ്പ്രദായം നടപ്പിലാക്കുകയും വേണം.

2. മാത്തിൽ ക്ഷീര വ്യവസായ സംഘത്തിന് ഒരു കെട്ടിടം നിർമ്മിക്കുക

3. ദീർഘകാല വായ്പ നല്കിവരുന്ന ഭൂവികസന ബാങ്കുകൾ വായ്പാ നടപടിക്രമങ്ങൾ ലഘൂകരിച്ച് പഞ്ചായത്തിൽ അവയുടെ ലഭ്യത ഉറപ്പുവരുത്തുക

4. നാളികേരങ്ങളും അനുബന്ധ ഉല്പന്നങ്ങളും

സംസ്കരണ-വിതരണ-വിപണന സംവിധാനങ്ങൾക്ക് ഒരു പ്രത്യേക സംവിധാനമുണ്ടാക്കുക.

കൺസ്യൂമർ മേഖല

1. പഞ്ചായത്തിനകത്ത് രണ്ട് കൺസ്യൂമർ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തന മാരംഭിക്കുക.

2. നമ്മുടെ പഞ്ചായത്തിൽ പ്രതിദിനം 6800ൽ അധികം കോഴിമുട്ടയുടെ ഉപയോഗമുണ്ട്. ഇത്രയും മുട്ട ഉല്പാദന, വിതരണ ഏജൻസിയായി പ്രവർത്തി ക്കുവാൻ ഒരു സഹകരണ സ്ഥാപനത്തിന് കഴിയും. കോഴിവളർത്തൽ സഹകരണ സംഘത്തിന് പഞ്ചായത്തിൽ ആരംഭിച്ച ഓരോ ഗൃഹയൂനിറ്റുകൾക്കും ആവശ്യമായ സഹായം ചെയ്യാവുന്നതാണ്.

3. പുസ്തക വിതരണത്തിൽ മാത്രമാണ് സ്കൂൾ സഹകരണ സ്റ്റോറുകൾ ശ്രദ്ധിക്കുന്നത്. വിദ്യാർത്ഥി കൾക്കാവശ്യമായ വിവിധ സ്റ്റേഷനറി സാധനങ്ങൾ, വിദ്യാർത്ഥികളുടെ യൂനിഫോം എന്നിവയുടെ വിതരണം കൂടി സ്റ്റോറുകൾ നടത്തേണ്ടതാണ്.

വ്യവസായ മേഖല

1. ക്ഷിരോല്പാദന സഹകരണ സംഘം വഴി സംഭരിക്കുന്ന പാൽ കേടുവരാതെ സൂക്ഷിക്കാനും സംസ്കരിക്കുവാനും വേണ്ട സൗകര്യങ്ങളുണ്ടാക്കണം

2. പ്രവർത്തനം മന്ദീഭവിച്ച വനിതാ സഹകരണ സംഘം പുനരുജ്ജീവിപ്പിക്കുകയും ഒരു സംഘം പുതുതായി രജിസ്റ്റർ ചെയ്തുകൊണ്ട് ചെറുകിട-കുടിൽ വ്യവസായ രംഗത്ത് തൊഴിൽ സാധ്യതയുള്ള റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, നോട്ട്ബുക്ക് നിർമ്മാണം, അച്ചാർ, കറിപൗഡർ നിർമ്മാണം എന്നിവ ആരംഭിക്കുക.

3. സഹകരണ സംഘത്തെ വളർച്ചക്കായി പഞ്ചായത്തിലെ സ്നേഹകരികളെ ഉൾകൊള്ളിച്ച് ഒരു സഹകരണ സെൽ രൂപീകരിക്കാവുന്നതും ഈ സെൽ മുഖേന കാലാകാലം സ്ഥാപനങ്ങളെ അവലോകനം ചെയ്യാവുന്നതും അവയ്ക്കാവശ്യമായ വിദഗ്ധോപദേശം നൽകാവുന്നതുമാണ്.

4. പഞ്ചായത്തിൽ നിന്നും 300ലധികം വിദ്യാർത്ഥികൾ പുറത്തുള്ള പാരലൽ കോളേജുകളിൽ പഠനം നടത്തുന്നുണ്ട്. ഒരു എജ്യൂക്കേഷണൽ കോ.ഓപ്പ്. സൊസൈറ്റി രൂപീകരിച്ച് അതിന്റെ കീഴിൽ പാരലൽകോളേജ് ആരംഭിച്ചാൽ ചെയ്താൽ ഈ രംഗത്ത് തൊഴിലില്ലാത്ത അഭ്യസ്ത വിദ്യരായ 20-25 ആളുകൾക്ക് തൊഴിൽ കൊടുക്കുവാൻ സാധിക്കുന്നതാണ്.

5. അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് സ്ഥിരമായ തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ നേരിട്ടും അല്ലാതെയുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഈ സ്ഥാപനം വഴി നടത്താവുന്നതാണ്.

6. റബ്ബർപോലുള്ള നാണ്യവിളകൾ സംഭരിച്ച് മാർക്കറ്റ് ചെയ്യുന്ന ഒരു മാർക്കറ്റിംഗ് സഹകരണ സംഘം രൂപീകരിക്കുക.

7. പാർപ്പിട സൗകര്യം വർദ്ധിപ്പിക്കുന്നതിനും ചുരുങ്ങിയ പലിശക്ക് ഭവന നിർമാണത്തിന് ദീർഘ കാല വായ്പ ലഭ്യമാകുന്നതിനും പഞ്ചായത്ത് തലത്തിൽ ഒരു ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുക.

8. ഹോട്ടൽ ഭക്ഷണം ന്യായവിലക്ക് ലഭ്യമാക്കുന്ന തിനുപകരിക്കുന്ന ഒരു സഹകരണ ഹോട്ടൽ സ്ഥാപി ക്കുക.

9. നെൽപ്പാടങ്ങൾ തോട്ടങ്ങളായി മാറുന്ന അവസ്ഥയാണിന്നുള്ളത്. നെൽകൃഷിക്ക് സർക്കാർ ഇന്ന് നൽകിവരുന്ന നാമമാത്രമായ സബ്സിഡി ഹെക്ടറിന് 1500 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കുക. കൂടാതെ ഇന്നുള്ള പാടശേഖര കമ്മിറ്റികളെ കൂട്ടുകൃഷി സഹകരണ സംഘങ്ങളാക്കിമാറ്റുകയും അവയിലൂടെ വിത്തും വളവും കീടനാശിനിയും മറ്റുപകരണങ്ങളും വിതരണം നടത്തുകയും ചെയ്യുക.

10. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടതും എന്നാൽ പ്രവർത്തനം നിലച്ചുപോയതുമായ സഹ കരണ സ്ഥാപനങ്ങൾ പുനരുജ്ജീവിപ്പിക്കാൻ ആവശ്യ മായ സാധ്യതകൾ പിരശോധിക്കുക.

ഈ പഞ്ചായത്തിലെ നിലവിലുള്ള സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പടുത്തുകയും അവയുടെ പ്രവർത്തനം വിപുലപ്പെടുത്തുകയും ചെയ്യുമ്പോൾ തന്നെ പുതുതായി സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്യുമ്പോൾ, കാർഷിക രംഗത്തും തൊഴിൽരംഗത്തും അഭൂത പൂർവമായ പുരോഗതി ദൃശ്യമാകുമെന്ന് മാത്രമല്ല, സാമ്പത്തിക മേഖലയിൽ പഞ്ചായത്തിന് കാര്യമായ വളർച്ച പ്രാപിക്കുവാനും സാധിക്കും.

പട്ടികജാതി പട്ടിക വരഗ്ഗ ക്ഷേമം

പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം

നമ്മുടെ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 6.19% പട്ടികജാതി വിഭാഗമാണ്. ഇതിൽ 227 പട്ടിക ജാതി കുടുംബങ്ങളാണ് ഉള്ളത്. പട്ടിക വർഗ്ഗത്തിൽപെട്ടവർ ആരും തന്നെയില്ല. ഏഴ് അംഗീകൃത കോളനികളിലും മറ്റ് മൂന്ന് കോളനികളിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായിട്ടുമാണ് ഈ വിഭാഗത്തിലുളളവർ താമസിക്കുന്നത്. നിലവിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആകെ ജനസംഖ്യ 15720. ഇതിൽ പട്ടികജാതി വിഭാഗത്തിൽപെടുന്നവർ974 പേരാണ്. (പുരുഷന്മാർ 480, സ്ത്രീകൾ494) മൊത്തം പട്ടികജാതിയിൽ വണ്ണാൻ, മലയൻ, മാവിലൻ, ചക്ലിയർ, പുലയൻ, വേലൻ എന്നീ ഉപവിഭാഗത്തിൽപെട്ടവർ ഉൾപെടുന്നു. വിദ്യാഭ്യാസ-സാമൂഹ്യ-സാംസ്കാരിക രംഗത്ത് മുൻകാലങ്ങളേ അപേക്ഷിച്ച് പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും ഇനിയും എത്രയോ മുന്നേറേണ്ടതുണ്ട്. മദ്യവർജ്ജനം സാർവത്രികമായി നടപ്പിലാക്കിയാൽ ജീവിത നിലവാരം ഉയർത്താൻ സാധിക്കും. പഴയകാലത്തെ സവർണ്ണമേധാവിത്വത്തിന്റെ ചൂഷണം ഇന്നില്ല. ബോധവല്കരണത്തിന്റെ അഭാവംകൊണ്ടും ദാരിദ്ര്യംകൊണ്ടും മോശമായ കുടുംബ പശ്ചാത്തലംകൊണ്ടും വിദ്യാഭ്യാസ നിലവാരത്തിൽ ഇവർ പിന്നിൽതന്നെ.

വിദ്യാഭ്യസ രംഗത്തെ പിന്നോക്കാവാസ്ഥ ചില പ്രത്യേക വിഭാഗങ്ങളിൽ മാത്രമാണ് കാണപ്പെടുന്നത്.

സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നർ തുലോം വിരളമാണ്. ഭൂരിഭാഗം ജനങ്ങളും കുലത്തൊഴിലായ തെയ്യം കലകൊണ്ട് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നു. പൊതുപരിപാടികളിലും മറ്റും മറ്റുളളവരോടൊപ്പം പങ്കെടുക്കുന്നതിന് ഇവർ താല്പര്യപ്പെടുന്നു. അതുപോലെതന്നെ വിവാഹങ്ങളിലും മറ്റ് ചടങ്ങുകളിലും ഇതരവഭാഗത്തിൽപെട്ടവർ ഇവരോടൊന്നിച്ച് സജീവമായി പങ്കെടുക്കുന്നുണ്ട്. ഭൂപരിഷ്കരണത്തിന്റെ ഭാഗമായി സമൂഹികമേഖലയിൽ ഉണ്ടായ പുരോഗതി സാമ്പത്തിക മേഖലയിൽ വേണ്ടത്ര രീതിയിൽ എത്തിയിട്ടില്ല. സർക്കാരും സർക്കാരിന്റെ വിവിധ ഏജൻസികളും നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ചുളള ബോധവല്കരണത്തിന്റെ കുറവ്, സാമ്പത്തിക സഹായം കരഗതമാകുന്നതിനുളള പ്രയാസങ്ങൾ എന്നിവ പരിഹരിക്കുന്നതിലൂടെ സാമ്പത്തികമായ പിന്നോക്കാവസ്ഥ ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

കോളനിനിവാസികളുടെ വിശദവിവരങ്ങൾ താഴെ കാണിച്ച പട്ടികയിലൂടെ വിശദീകരിക്കുന്നു.

അംഗീകൃത കോളനികൾ

	കോളനികളുടെ പേര്	ആകെ കുടുംബം	സ്ത്രീ	പുരുഷൻ	ആകെ
1	കുളവയൽ	17	38	32	70
2	ബൊമ്മാരടി	13	33	23	56
3	ആലക്കാട്	11	23	23	46
4	നെല്ലിയാട്ട്	11	26	21	47
5	കുറുവേലി	11	29	31	60
6	ചൂരൽ ചക്ലിയ	13	33	34	67
7	കോലാച്ചിക്കുണ്ട്	16	38	22	60
	ആകെ	92	220	186	406

(അവലംബം – ജില്ലാ പ്ലാനിംഗ് ഓഫീസ്)

അംഗീകാരം ലഭിക്കാത്ത കോളനികൾ

	കോളനികളുടെ പേര്	ആകെ കുടുംബം	സ്ത്രീ	പുരുഷൻ	ആകെ
1	ആലപ്പടമ്പ് മാവിലാ കോളനി	8	10	18	28
2	മാത്തിൽ ചക്ലിയ കോളനി	10	18	10	28
3	വടശ്ശേരി ചക്ലിയ കോളനി	9	49	48	97
	ആകെ	27	49	48	97

ദാരിദ്ര്യം

ഏറ്റവും ഒടുവിൽ ലഭ്യമായ ഐ.ആർ.ഡി.പി. കുടുംബ സർവ്വേ വിവരങ്ങൾ അനുസരിച്ച് കാങ്കോൽ ആലപ്പടമ്പ ഗ്രാമ പഞ്ചായത്തിൽ മൊത്തം 1845 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന

വരുണ്ട്. ഇവരിൽ 202 കുടുംങ്ങൾ പട്ടികജാതിയിൽ പെട്ടവരാണ്.

സംയോജിത ഗ്രാമവികസന പരിപാടി തുടങ്ങിയ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ ഇവരുടെ ഇടയിലെ സാമ്പത്തിക പിന്നോക്കാവസ്ഥ ഒരളവോളം പരിഹരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള സാമൂഹ്യമായ കെൽപ്പ്, ബോധവല്കരണത്തിന്റെ അഭാവം, സാങ്കേതികമായ ചുറ്റുപാടുകൾ എന്നിവ ചെറിയ അളവിലെങ്കിലും ഇവരെ പദ്ധതികളുടെ ലക്ഷ്യങ്ങിൽനിന്നും അകറ്റുന്നു. സംയോജിത ഗ്രാമ വികസന പരിപാടിക്ക് തുടക്കം കുറിച്ച 1980മുതൽ 95-96 വർഷം വരെ. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അർഹതപ്പെട്ട 194 പട്ടികജാതി കുടുംബങ്ങൾക്ക് സഹായധനം നല്കുകയുണ്ടായി. എട്ടാം പദ്ധതിയിൽ ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം സഹായധനം ലഭിച്ച കുടുംബങ്ങളുടെ വിവരം താഴെ കാണുന്ന പട്ടികയിലൂടെ വ്യക്തമാകുന്നതാണ്.

വർഷം	കുടുംബങ്ങൾ	വായ്പ	ധനസഹായം	ആകെ
1992-93	16	38090	34910	73000
1993-94	24	59779	58281	118060
1994-95	20	157358	67437	224795
1994-95	18	262864	68502	331366
	78	518091	229031	747221

തൊഴിൽ

പട്ടികജാതിയിൽപെട്ട വിവിധ സമുദായങ്ങളിൽപെട്ടവരുടെ പരമ്പരാഗത കൈത്തൊഴിലുകളായ പായനെയ്ത്ത്, കൂട്ടനെയ്ത്ത്, ചെരിപ്പ് നിർമ്മാണം എന്നിവയിൽ ഏർപ്പെടുന്നവരാണ് കൂടുതൽ പേരും. തെയ്യം ഒരു അനുഷ്ഠാന കല എന്നതിലുപരി ഉപ ജീവന മാർഗ്ഗമായി സ്വീകരിക്കുന്നവരാണ് ഭൂരിഭാഗവും ജാതി അടിസ്ഥാനത്തിൽ നടത്തിയ തൊഴിൽ വിഭജന ത്തിൽനിന്നും വ്യത്യസ്ഥമായി മറ്റു പല മേഖലകളിലും തൊഴിലന്വേഷകരായിമാറുന്നുണ്ട്. സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർ 25 ആണ്. പരമ്പരാഗതമായ തൊഴിലുകൾ പരിപോഷി പ്പിക്കുന്നതിനും പുതിയ മേഖലകൾ കണ്ടെത്തു ന്നതിനും നൂതമായ പദ്ധതികൾ ആവിഷ്കരി ക്കുന്നതിനും ബോധവല്കരണം അത്യന്താപേക്ഷിത മാണ്. പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്ന തൊടൊപ്പംതന്നെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള കമ്പോളങ്ങൾകൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസം

പഴയകാലങ്ങളെക്കാൾ വിദ്യാഭ്യാസരംഗത്ത് ഒരല്പം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ കോളനികൾക്കകത്ത് വിദ്യാഭ്യാസം എത്തിക്കുന്നതിൽ സ്വാമി ആനന്ദ തീർത്ഥരുടെ സേവനം ഉണ്ടായിട്ടുണ്ട്. ബോധ വല്കരണത്തിലൂന്നിക്കൊണ്ട് വിദ്യാഭ്യാസരംഗത്ത് കൂടുതൽ പുരോഗതി കൈവരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്. കൂടുതൽ കുട്ടികളെ വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവരുന്നതിന് വേണ്ടി സർക്കാർ നല്കുന്ന ലപ്സംഗ്രാൻറ് 149 കുട്ടികൾക്ക് ലഭിക്കുണ്ട്. വിദ്യാഭ്യാസത്തിന് വേണ്ടി സർക്കാർ നല്കുന്ന തുക തീരെ അപര്യാപ്തമാണ്. അത് സ്കൂൾ-തലത്തിലും മറ്റു തലങ്ങളിലും വർദ്ധിപ്പിക്കാവുന്നതാണ്

കോളനികളിലെ വിദ്യാഭ്യാസത്തിന്റെ പൊതു അവസ്ഥ താഴെ കൊടുക്കുന്ന പട്ടികയിലൂടെ വ്യക്തമാകുന്നതാണ്.

	കോളനികളുടെ പേര്	പ്രൈമറി		സെക്കൻററി		കോളേജ്		നിരക്ഷരർ		ജനസംഖ്യ		
		ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആകെ
1.	ബൊമ്മാരടി	6	7	7	4	–	2	1	2	23	33	56
2.	ചൂരൽ	10	7	2	1	1	–	3	5	34	33	67
3	കുറുവേലി	9	3	4	3	3	2	1	–	29	29	58
4	കോലാച്ചിക്കുണ്ട്	10	9	4	8	–	–	1	2	22	38	60
5	ആലക്കാട്	7	5	2	6	–	1	–	–	23	23	46
6	കുളവയൽ	7	5	8	9	3	3	–	3	32	38	70
7	നെല്ലിയാട്ട്	4	3	5	2	2	1	–	3	21	26	47
8	ആലപ്പടമ്പ്	9	1	2	1	–	–	3	4	18	10	28
9	മാത്തിൽ	4	4	1	4	–	–	3	–	10	18	28
10	വടശ്ശേരി	9	2	3	5	–	–	–	–1	20	21	41
	ആകെ	75	48	38	43	9	9	12	20	232	269	501

പാർപ്പിടം

നമ്മുടെ പഞ്ചായത്തിലെ 90% പട്ടികജാതി കുടുംബങ്ങൾക്കും സ്വന്തമായി വീടുണ്ട്. വിവിധ പദ്ധതികളിൽ കൂടിയാണ് വീടുകൾ പണയിച്ചിട്ടുള്ളത്. എന്നാൽ മിക്കവാറും വീടുകളുടെ സ്ഥിതി വളരെ ദയനീയമാണ്. കാലാകാലങ്ങളിൽ വീടുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിന് സാമ്പത്തികസഹായം നല്കേണ്ടതുണ്ട്. സർക്കാർ ഭൂമിയിൽ കുറെകാലമായി താമസിക്കുന്ന കുടുംബങ്ങൾക്ക് കൈയിരിപ്പവകാശം നൽകാനും അവർക്ക് വീടുണ്ടാക്കുന്നകിനുള്ള സഹായധനം നല്കേണ്ടതുണ്ട്.

പട്ടികജാതി വികസന വകുപ്പും, പട്ടിക ജാതി-പട്ടിക വർഗ്ഗ വികസന കോർപ്പറേഷനും ഭവന നിർമ്മാണ പണികൾക്ക് ധനസഹായം നല്കുന്നുണ്ട്. ഭൂരഹിത ഭവന രഹിതർക്ക് സ്ഥലം വാങ്ങി വീടുപണിയുന്നതിനുള്ള പദ്ധതിയും നടപ്പിലുണ്ട്.

പട്ടികജാതി കുടുംബങ്ങൾക്ക് വിവിധ പദ്ധതികളിൽകൂടി വീട് നല്കിയതിന്റെ വിശദവിവരങ്ങൾ താഴെകൊടുക്കുന്നു.

നമ്പർ	പദ്ധതികൾ	എണ്ണം
1	എൻ.ആർ.ഇ.പി	36 വീടുകൾ
2	ആർ.എൻ.ഇ.ജി.പി.	24 ,,
3	ഐ.ഐ.വൈ	12 ,,
4	ജെ.ആർ.വൈ	68 ,,
5	ദശലക്ഷം കിണർപദ്ധതി	7 ,,
	ആകെ	147

കോളനികളിലെ വീടിന്റെ ഇപ്പോഴത്തെ അവസ്ഥ പട്ടികയിലൂടെ വ്യക്തമാക്കുന്നു.

നമ്പർ	കോളനികളുടെ പേര്	ആകെ കുടുംബം	വീടുകളുടെ സ്ഥിതി			വൈദ്യുതി ലഭിച്ചത്	വയറിംഗ് ജോലി പൂർത്തിയാക്കിയത്
			ഓട്	വാർപ്പ്	ഓല		
1	ചൂരൽചക്കിയ കോളനി	13	10	2	1	–	10
2	കുറുവേലി	11	11	–	–	1	11
3	കോലാച്ചിക്കുണ്ട്	16	13	–	3	–	11
4	ആലക്കാട്	11	9	–	2	–	6
5	നെല്യാട്	11	9	–	2	–	–
6	കുളവയൽ	17	13	2	2	2	–
7	ബൊമ്മാരടി	13	13	–	–	–	–6
8	മാത്തിൽ	10	10	–	–	1	–
9	വടശ്ശേരി	9	9	–	–	3	–
10	ആലപ്പടമ്പ്	8	6	–	2	–	–
		119	103	4	12	7	~~130~~ 4

ജെ.ആർ.വൈ. പദ്ധതിതുകയുടെ 22.5% പഞ്ചായത്ത് തലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നേരിട്ട് പ്രയോജനമുള്ള പദ്ധതികൾക്കായി നീക്കിവെക്കുന്നു. ഇതിൽ ഭവന നിർമ്മാണം, പതിച്ചുകിട്ടിയ മിച്ചഭൂമിയുടെ വികസനം, സ്വന്തം ഭൂമിയിൽ മരം വെച്ച് പിടിപ്പിക്കൽ, കുടിവെള്ളത്തിനുള്ള കിണർ നിർമ്മാണം, കക്കൂസ് എന്നിവയാകാം. നമ്മുടെ പഞ്ചായത്തിൽ പ്രസ്തുത പരിപാടിയിൽ 38 പേരടക്കം വീടുനിർമ്മിക്കുന്നതിന് സഹായധനം നൽകിയിട്ടുണ്ട്. ഇതിനുപുറമേ വൈദ്യുതി കണക്ഷനും സഹായധനം നല്കിയിട്ടുണ്ട്. വിവിധ പദ്ധതികളിലായി ഭവന നിർമ്മാണത്തിനും അടിസ്ഥാന സൗകര്യങ്ങൾക്കും മറ്റുമായി 2200 രൂപവരേ അനുവദിക്കുന്നുണ്ട്. ഈ തുകകൊണ്ട് ഇന്നത്തെ പരിതസ്ഥിതിയിൽ വീടിന്റെ മുഴുവൻ പ്രവർത്തിയും പൂർത്തീകരിക്കാനാവാത്ത സ്ഥിതിവിശേഷമാണ്

ഇന്നുള്ളത്. ആയതിനാൽ പ്രസ്തുത തുക ഏറ്റവും കുറഞ്ഞത് 30000 രൂപ എങ്കിലുമാക്കി വർദ്ധിപ്പിക്കേണ്ടതാണ്.

സാമൂഹ്യ പദവി

സാമൂഹ്യ പദവിയിൽ ഈ ജനവിഭാഗങ്ങൾ മറ്റു ജനവിഭാഗങ്ങൾക്കൊപ്പം എത്തിയെന്ന് പറയാവുന്നതല്ല. സാമ്പത്തിക തുല്യത കൈവരിച്ചവർക്ക് പോലും സാമൂഹ്യതുല്യത കൈവരിക്കാൻ സാധിച്ചിട്ടില്ല. ഉത്സവാഘോഷങ്ങൾ, പൊതുസേവനരംഗങ്ങൾ, വിവാഹം, മറ്റു സാമൂഹ്യ ചടങ്ങുകൾ എന്നിവയിൽ പ്രകടമായ വിവേചനം നിലനിൽക്കുന്നില്ല എന്നുതന്നെ പറയാം. സാമൂഹ്യ- സാമ്പത്തിരംഗത്ത് തുല്യപദവി സാമാന്യമായി നേടിക്കഴിഞ്ഞവർ പോലും അതാത് വിഭാഗത്തിന്റെ ചട്ടക്കൂടുകൾക്കകത്തുതന്നെ കഴിഞ്ഞു കൂട്ടുന്നതിനാണ് ശ്രമിക്കുന്നത്.

രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ ഇവരുടെ പങ്കാളിത്തം കുറവാണ്.

അടിസ്ഥാന സൗകര്യങ്ങൾ

അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ചിടത്തോളം കോളനികൾ പൂർണ്ണമായും സ്വയം പര്യാപ്തമാണെന്ന് പറയാൻ സാധിക്കില്ല. ചില സ്ഥലങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നിലനില്ക്കുന്നു. കോളനികളിലെ ബഹുഭൂരിപക്ഷം വീടുകളിലും ഇതുവരെ വൈദ്യുതി എത്തിയിട്ടില്ല. നിലവിലുള്ള വീടുകൾ നവീകരിക്കുന്നതോടൊപ്പം തന്നെ ആവശ്യമായ കക്കൂസുകൾ, കുളിമുറി, അഴുക്കുചാൽ എന്നീ പൊതു സൗകര്യങ്ങൾകൂടി അനുവദിക്കാവുന്നതാണ്. കോളനികളിലെ ഗതാഗത സൗകര്യം തീരെ പര്യാപ്തമല്ല. ഇവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. വായനശാലകൾ, ഗ്രന്ഥശാലകൾ, സാംസ്കാരിക കേന്ദ്രങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ അഭാവം കോളനികളിൽ സാംസ്കാരിക അവബോധക്കുറവിനെ സൂചിപ്പിക്കുന്നു. ആരോഗ്യ പരിപാലനത്തിലും ശുചീകരണത്തിലും കോളനി നിവാസികൾക്ക് ആവശ്യമായ ബോധവൽകരണം നൽകേണ്ടതാണ്.

കക്കൂസ്, കുളിമുറി തുടങ്ങിയവയ്ക്ക് അനുവദിക്കുന്ന ധനസഹായങ്ങൾ തീരെ അപര്യാപ്തവും പ്രാദേശിക നിരക്കുകൾക്ക് യോജിക്കാത്തതിനാൽ കാലാനുസൃതമായ പരിഷ്കരണം ഇക്കാര്യത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കേന്ദ്രഗ്രാമ ശിചിത്വ പരിപാടി(സി.ആർ.എസ് പി.) പ്രകാരമുള്ള തുകയും 20% പട്ടികജാതിപട്ടികവർഗ്ഗത്തന് ഇരട്ടക്കുഴിയുള്ള കക്കൂസ് നിർമ്മിക്കുന്നതിന് സഹായധനമായി നല്കിവരുന്നു. ഈ പദ്ധതിപ്രകാരം കക്കൂസ് നിർമ്മിക്കുന്നതിന് 7 പേർക്ക് 2000 രൂപ പ്രകാരം 14000 രൂപ നല്കിയിട്ടുണ്ട്.

പ്രത്യേക ഘടക പദ്ധതിയിൽ(എസ്.സി.പി.) കുളിമുറി, കക്കൂസ് നിർമ്മാണത്തിന് സഹായധനം നല്കുന്നുണ്ട്. ഈ പദ്ധതിപ്രകാരം കുളിമുറി നിർമ്മിക്കുന്നതിന് 10 പേർക്ക് 1000രൂപ പ്രകാരം 10,000 രൂപ നൽകിയിട്ടുണ്ട്.

പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിന്റെ കൃഷിഭൂമി പ്രയോജനകരമായി വിനിയോഗിക്കുന്നതിന് ദശലക്ഷം കിണർപദ്ധതികൾ, ജലസേചന കിണറുകൾ, കുളങ്ങൾ, കനാലുകൾ ഭൂവികസന പദ്ധതികൾ തുടങ്ങിയ നിർമ്മാണ പ്രവർത്തനത്തിന് സഹായധനം നലകുന്നുണ്ട്. ചെലവാകുന്ന മൊത്തം തുക സഹായധനമായി നല്കുന്നു.

ദശലക്ഷം കിണർ പദ്ധതി-ജലസേചന കിണർ-സഹായലഭ്യത പട്ടിക

വർഷം	എണ്ണം	തുക
91-92	6	90,000
92-93	2	30,000
93-94	7	140,000
ആകെ	15	260.000

പ്രശ്നങ്ങൾ

1. തൊഴിൽ സംരംഭങ്ങൾ വേണ്ടത്ര ഉണ്ടെങ്കിലും ഭാഗികമായ തൊഴിലില്ലായ്മ രൂക്ഷമാണ്.
2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു
3. പഴകിയതും, വാസയോഗ്യവുമല്ലാത്ത വീടുകൾ
4. വീട് നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലമില്ല
5. അനുവദിക്കപ്പെട്ട ധനസഹായങ്ങൾ പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പിന് പര്യാപത്മല്ല
6. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല,
7. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിലനിൽക്കുന്നു.

8. ആനുകൂല്യങ്ങൾ ദുരുപയോഗപ്പെടുത്തുന്നു.

9. ആരോഗ്യ സംരക്ഷണം. ശുചീകരണം എന്നിവ മെച്ചപ്പെട്ടതല്ല.

10. ഗതാഗത സൗകര്യങ്ങൾ അപര്യാപ്തമാണ്.

11. കോളനികളിൽ പ്രാഥമിക സൗകര്യത്തിന്റെ അപര്യാപ്തത രൂക്ഷമാണ്.

12. കുടിവെള്ളം, വൈദ്യുതി എന്നീ പ്രശ്നങ്ങൾ രൂക്ഷമാണ്.

1. ചികിത്സാ സൗകര്യങ്ങൾ നിർധന കുടുംബത്തിലേക്കെത്തുന്നില്ല.

14. യുവജനങ്ങൾ, വനിതകൾ എന്നിവർക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ വേണ്ടത്ര വിജയം കൈവരിച്ചിട്ടില്ല.

15. പദ്ധതികളെ കുറിച്ചുള്ള അജ്ഞത, വിവിധ മേഖലകളിലുള്ള ചൂഷണം എന്നിവ യഥാർത്ഥ ഗുണ ഭോക്താക്കളെ പദ്ധതിയിൽ നിന്നകറ്റുന്നു.

നിർദ്ദേശങ്ങൾ

1. മൂപ്പ്യതൊഴിൽ സംരംഭങ്ങളോടൊപ്പം ഉപതൊഴിൽ ഏറ്റെടുക്കുന്നതിന് പ്രേരണ നല്കുക.

2. പ്രധാന വിളകൾ ചെയ്യുന്നതോടൊപ്പം ഉപവിളകൾ, പച്ചക്കറി കൃഷി എന്നിവയ്ക്ക് പ്രാമുഖ്യം നല്കി തൊഴിൽ മേഖല വിപുലമാക്കുക

3. പഴകിയതും വാസയോഗ്യമല്ലാത്തതുമായ വീടുകൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കണം.

4. വീട് നല്കുന്നതിന് സാമ്പത്തിക സഹായം നല്കുന്നതോടൊപ്പംതന്നെ ഭൂമി വാങ്ങുന്നതിന് പ്രാദേശിക വിലയുടെ അടിസ്ഥാനത്തിൽ ധനസഹായം നല്കുക.

5. പ്രാദേശിക നിരക്കുകളുടെ അടിസ്ഥനത്തിൽ മാത്രം പദ്ധതികൾക്ക് ധനസഹായം നൽകുക

6. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയിൽ ഊന്നി ക്കൊണ്ടുള്ള ബോധവല്കരണം കോളനി നിവാസി കളിൽ എത്തിക്കുക. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ ത്തിന് കൂടുതൽ പ്രോത്സാഹനം നൽകുക.

7. തുടർ സാക്ഷരതാ പരിപാടി ഊർജ്ജിതമായി നടപ്പാക്കുന്നതോടൊപ്പം കൊഴിഞ്ഞുപോകുന്നവർക്ക് മുൻഗണന നല്കുക.

8. ബോധവല്കരണം നടത്തുന്നതിനാവശ്യമായ കേന്ദ്രങ്ങൾ കോളനികളിൽ സ്ഥാപിക്കണം. പ്രസ്തുത കേന്ദ്രങ്ങളിൽ പത്രമാസികകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

9. ആരോഗ്യപ്രവർത്തകരുടെ തുടർച്ചയായുള്ള സന്ദർശനവും പരിചരണവും ലഭ്യമാക്കണം.

10. സർക്കാർ-സന്നദ്ധസംഘടനകൾ മറ്റ് ഏജൻസികൾ എന്നിവ മുഖാന്തിരം കോളനികളിലേക്ക് റോഡുകൾ, നടപ്പാത എന്നിവയുടെ നിർമ്മാണം നടത്തുക.

11. വീടുകൾ നൽകുന്നതോടൊപ്പംതന്നെ കിണർ, കക്കൂസ്, കുളിമുറി, ശുദ്ധജലവിതരണം, അഴുക്കുചാൽ എന്നിവ നിർബന്ധമായും നടപ്പിലാക്കുന്നുണ്ടോ എന്നും ആയത് ഗുണഭോക്താക്കൾക്ക് ഉപയുക്തമാകുന്നുണ്ടോ എന്നും ഉറപ്പുവരുത്തണം.

12. പൊതു ടാപ്പുകൾ, വാട്ടർ ടാങ്കുകൾ, പൊതുകിണറുകൾ എന്നിവ നിർമ്മിക്കുന്നതോടൊപ്പം തന്നെ മുഴുവൻ കുടുംബങ്ങൾക്കും ശുദ്ധജലം ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പ്വരുത്തുക. സ്വകാര്യ കിണറുകൾ നിർമ്മിക്കുന്നതിന് സർക്കാർ തലത്തിൽ ഭൂമിയുടെ പരിധി നോക്കി സാമ്പത്തിക സഹായം നല്കുക.

13 അടിസ്ഥാന ചികിത്സാ സൗകര്യങ്ങളോടൊപ്പം ഉപരി ചികിത്സകൾ ലഭിക്കുന്നതിന് പട്ടിജാതി പട്ടിക വർഗ്ഗങ്ങൾക്ക് മുൻഗണന നല്കുക.

14. യുവജനങ്ങൾ, വനിതകൾ എന്നിവർക്കുള്ള വിവിധ ക്ഷേമ പദ്ധതികൾ ലക്ഷ്യത്തിലെത്താത്തത് അവയുടെ ഏകോപനമില്ലായ്മ കൊണ്ടാണ്. ഇവ ഏകോപിപ്പിക്കുന്നതോടൊപ്പം ആയത് ദുരുപയോഗപ്പെടുത്തുന്നില്ലെന്ന് ഉറപ്പുവരുത്തുക.

15. ആനുകൂല്യങ്ങൾ യഥാർത്ഥ ഉപഭോക്താക്കൾക്കാണ് ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് രാജ് നേതൃത്വത്തിലുള്ള സ്ഥാപനങ്ങളിലേയും കോളനിനിവാസികളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രാദേശിക സമിതികൾ രൂപീകരിക്കുക.

വിഭവസമാഹരണം


N
ചീരാനി പഞ്ചായത്ത്.
വാർഡ് നമ്പർ I
വാർഡ് നമ്പർ II
വാർഡ് നമ്പർ III
വാർഡ് നമ്പർ V
വാർഡ് നമ്പർ VI
വാർഡ് നമ്പർ VII
വാർഡ് നമ്പർ VIII
വാർഡ് നമ്പർ IX
2

വിഭവസമാഹരണം

കാഞ്ഞോൽ-ആലപ്പടമ്പ് പഞ്ചായത്ത് ഒരു സെക്കൻഡ് ഗ്രേഡ് പഞ്ചായത്താണ്. മൊത്തം ജനസംഖ്യ 16426(സാമൂഹ്യസാമ്പത്തിക സർവേ 96) ആണ്. പ്രധാന വരുമാന മാർഗ്ഗങ്ങൾ കാർഷിക മേഖലയിലാണ്. വ്യാവസായികമായി പഞ്ചായത്ത് താരതമ്യേന പിന്നിലാണ്. അതുപോലെതന്നെ കാർഷികമേഖലയിലെ ഉത്പാദനത്തിൽ മുരടിപ്പ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. കൃഷിയിടങ്ങൾ പുരയിടങ്ങളായി മാറിക്കൊണ്ടിരിക്കയാണ് കാർഷികവിളകളുടെ ഉല്പാദനക്ഷമത അനുദിനം ഇടിയുന്നു. രാസവളപ്രയോഗം ഉണ്ടാക്കുന്ന ദോഷഫലങ്ങൾ ഒഴിവാക്കി ഒരു ജൈവവളപ്രയോഗത്തിന് പ്രാധാന്യം നല്കുന്നതിനുള്ള മനോഭാവം കർഷകരിൽ വളർത്തിയെടുക്കാതെ ഇന്നത്തെ നിലക്ക് ഈ രംഗത്ത് നിന്നുള്ള വിഭവ സമാഹരണം വർദ്ധിപ്പിക്കുവാൻ ആവുകയില്ല.

ഏതൊരു സമൂഹത്തിന്റെയും നിലനില്പിന് അടിസ്ഥാനം അതാത് പ്രദേശത്തെ വിഭവങ്ങളുടെ ആസൂത്രിതമായ വിനിയോഗമാണ്. ഇത് സാമൂഹ്യ പുരോഗതിയുടെ നിദാനമത്രെ. നിലിവിലുള്ള കാർഷിക വ്യവസ്ായ മേഖലകളിൽ പുരോഗതി ഉണ്ടാകുന്നതോടൊപ്പം മറ്റ് വരുമാന മാർഗ്ഗങ്ങൾകൂടി കണ്ടെത്തുക എന്നത് അതീവ പ്രാധാന്യമർഹിക്കുന്നു.

പഞ്ചായത്തിന്റെ കഴിഞ്ഞ ആറു വർഷത്തെ ആകെ വരുമാനം താഴെ പറയുംവിധമാണ്

പഞ്ചായത്തിന്റെ വരുമാനങ്ങൾ

പേരേട് ഇനങ്ങൾ	1990-91	1991-92	1992-93	1993-94	1994-95	1995-96
കെട്ടിടനികുതി	66636.00	69368.00	71679.00	78332.00	115806.00	130774.00
തൊഴിൽനികുതി	41200.00	51044.00	62386.00	65418.00	88307.00	92870.00
വിനോദനികുതി	16812.00	15431.00	26287.00	16572.00	15620.00	17432.00
പഞ്ചായത്ത് ഭൂമിവക വരു:	6138.00	6358.00	7183.00	2661.00	11514.00	12623.00
ഗവ:ഗ്രാൻറ്	672559.00	575294.00	574670.00	618521.00	523235.00	774914.00
നിക്ഷേപങ്ങൾ	13321.00	23140.00	32956.00	47077.00	18320.00	57036.00
മറ്റുള്ളവ്	104838.00	10858.00	9801.00	11998.00	17978.00	24758.00
ജെ.ആർ.വൈ	354197.00	313183.00	223301.00	311599.00	224426.00	250100.00
ആകെ	1275701.00	1064676.00	1008263.00	1152178.00	1015206.00	1459557.00

മേൽകൊടുത്ത പട്ടികയിൽനിന്നും പഞ്ചായത്തിന്റെ വരുമാനത്തിൽ വർദ്ധനവ് കാണാൻ കഴിയുമെങ്കിലും നമ്മുടെ സാദ്ധ്യതക്കനുസരിച്ച് എല്ലാ മേഖലയിലും വർദ്ധനവ് ഉണ്ടായിട്ടില്ല.

ചെലവുകൾ:

നമ്മുടെ പഞ്ചായത്തിന്റെ വിവിധ പദ്ധതികളിലൂടെയുള്ള വരുമാനത്തിൽ 77%വും പൊതുമരാമത്ത് ജോലികൾക്കാണ് ചെലവഴിക്കുന്നത്. വാർഡ് വികസന സമിതിയും മറ്റ് സന്നദ്ധ സംഘടനകളും അതാത് പ്രദേശത്തെ റോഡുകളുടെ സംരക്ഷണവും മറ്റും ഏറ്റെടുക്കുവാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഇത്രയും വിനിയോഗം കാര്യക്ഷമമാകുന്നില്ല.

വരവിനങ്ങളും ചെലവിനങ്ങളും താരതമ്യം ചെയ്യുമ്പോൾ നിലവിലുള്ള സ്ഥിതി മെച്ചപ്പെടണമെങ്കിൽ തന്നെ വരുമാനസാദ്ധ്യതകൾ വർദ്ധിപ്പിക്കേണ്ടതുണ്ട്.

പഞ്ചായത്തിന്റെ ചെലവിനങ്ങൾ

ഇനം	1990-91	1991-92	1992-93	1993-94	1994-95	1995-96
നടത്തിപ്പ്	160310.35	220428.65	230449.90	249518.15	291621.95	264623.65
പൊതുമരാമത്ത്	90176.00	288873.70	456318.50	452531.70	132515.50	664251.00
വിദ്യാഭ്യാസം	29438.95	25864.10	19889.00	20115.00	19031.75	32194.75
ജലവിതരണം	6387.00	6063.00	2710.00	–	19382.00	47306.00
പൊതുജനാരോഗ്യം	6401.40	10709.80	9179.65	6670.00	23256.00	16312.00
തെരുവ്വിളക്ക്	7894.55	17038.00	8280.00	14766.60	13596.00	13066.25
സാമൂഹ്യക്ഷേമം	7500.00	75000.00	–	481.00	1000.00	10165.00
കന്നുകാലി പൗണ്ട്ക്ഷേമനിധി	6316.00	565.00	15831.00	–	–	–
കടബാധ്യതകൾ	25591.00	31336.05	36934.30	49739.50	73633.60	70009.10
കാർഷികാവശ്യം	—	8597.00	13596.00	–	–	–
എൻഡോവ്മെൻറ്	–	802.00	–	–	–	–
ലക്ഷംവീട്റിപ്പേർ	–	–	–	5400.00	–	5000.00
ജെ.ആർവൈ.	318923.00	311786.00	20778.00	267719.85	195048.00	240219.00
ആകെ	575538.75	999063.30	1000266.85	1066980.95	768884.80	1366281.75

പഞ്ചായത്തിലെ ധനകാര്യസ്ഥാപനം സംബന്ധിച്ച വിവരം:

ഈ പഞ്ചായത്തിൽ രണ്ട് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും ഒരു ഗ്രാമീണ ബാങ്കും പയ്യന്നൂർ സഹകരണ റൂറൽ ബാങ്കിന്റെ ഒരു ബ്രാഞ്ചും പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടാതെ പഞ്ചായത്തിന് പുറത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും പഞ്ചായത്തിൽ വായ്പകൾ നല്കുന്നുണ്ട്.

പ്രാഥമിക വായ്പാ സംഘങ്ങളിലെ നിക്ഷേപ വായ്പാ കണക്ക്.

30.6.1996 വരെ

കാങ്കോൽ സർവീസ് സഹകരണ ബാങ്ക്:

നിക്ഷേപം: 61,72726.00 വായ്പ: 1,42,23,439.00

മാത്തിൽ സർവീസ് സഹകരണ ബാങ്ക്:

നിക്ഷേപം:1,31,41,466.00 വായ്പ:1,63,63,680.00

പഞ്ചായത്തിൽ സാധ്യമായ നിക്ഷേപങ്ങൾ സമാഹരിക്കുന്നതിന് ആവശ്യമായത്ര വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ സംഘങ്ങൾക്കും പരിമിതി ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു.

പ്രശ്നങ്ങൾ

1. കെട്ടിടനികുതി ഇപ്പോൾ നിശ്ചയിക്കുന്നത് പഴയ മാനദണ്ഡങ്ങൾവെച്ചാണ്. ഇത് ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടതുണ്ട്.

2. ഇപ്പോൾ പഞ്ചായത്തിൽ ജോലിചെയ്യുന്ന മാസശമ്പളക്കാരിൽ നാമമാത്രമായ വിഭാഗങ്ങളിൽനിന്ന് മാത്രമേ നികുതി പിരിക്കുന്നുള്ളൂ. ഇതര വ്യവസായ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ കണക്കുകൾ ശേഖരിച്ചിട്ടില്ല.

3. നമ്മുടെ പഞ്ചായത്തിൽ ഒരു സിനിമാ തീയേറ്റർ മാത്രമേ ഉള്ളൂ. കായിക വിനോദങ്ങൾക്ക് ആവശ്യമായ മിനി സ്റ്റേഡിയങ്ങൾ ഇല്ല.

4. നമ്മുടെ പഞ്ചായത്തിൽനിന്ന് യാതൊരു നിയന്ത്രണവുമില്ലാതെ ചെങ്കല്ല്, പാറക്കല്ല് എന്നിവ ഖനനം ചെയ്യപ്പെടുന്നുണ്ട്. ഇതുവഴി നമ്മുടെ പ്രകൃതി വിഭവത്തിൽ ശോഷണം സംഭവിക്കുകയും അതുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടായിട്ടുമുണ്ട്. എന്നാൽ ഇതുവഴി പഞ്ചായത്തിന് യാതൊരു വരുമാനവും ലഭിക്കുന്നില്ല.

5. പഞ്ചായത്തിന്റെ അധീനതയിൽ കരിങ്കുഴിയിൽ ഉള്ള 4 ഏക്കർ 71 1/2 സെൻറ് ഭൂമി സെൻറിന് മൂന്ന് രൂപപ്രകാരം ലീസിന്(പാട്ടം)കൊടുത്തുവരികയാണ്. മുമ്പ് ഈ സ്ഥലങ്ങൾ നെല്പാടങ്ങളായിരുന്നു. എന്നാൽ ഇന്ന് അത് തെങ്ങിൻതോപ്പുകളായി മാറിക്കഴിഞ്ഞു. ആറ് സെൻറ് മുതൽ 51 സെൻറ് വരെ ഓരോ ആളുടേയും കൈവശമാണ്. 95-96വർഷം ലീസായി ലഭിച്ച സംഖ്യ1416.50 ആണ്. ഇത്

സാദ്ധ്യതയിൽ വളരെ കുറവാണ്.

6.പഞ്ചായത്തിന്റെ കൈവശമുള്ള ട്രാക്ടർ ഷെഡ് (മാത്തിൽ) ഇന്ന് ഉപയോഗശൂന്യമായിക്കൊണ്ടിരിക്കയാണ്. ഇത് പുനരുദ്ധരിച്ച് ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ ഇതുവരെ ഉണ്ടായിട്ടില്ല.

7. പഞ്ചായത്തിൽ ഇന്ന് ബസ് യാത്രാ സൗകര്യമുണ്ടെങ്കിലും ബസ് കാത്തുനില്കുന്നതിനും മറ്റുമുള്ള സൗകര്യങ്ങൾ പരിമിതമാണ്. ഈ വഴി കർണ്ണാടക സംസ്ഥാനവുമായുള്ള യാത്രാബന്ധം സമീപഭാവിയിൽതന്നെ സാധ്യമാവും എന്ന സൂചന നിലനിൽക്കുന്നുണ്ട് . സൗകര്യപ്രദമായ രീതിയിൽ ഒരു ബസ്സ്റ്റാന്റിന്റെ ആവശ്യകതയും ഉയർന്നു വന്നിട്ടുണ്ട്.

8. ഈ പഞ്ചായത്തിൽ ഇന്ന് വ്യവസായ എസ്റ്റേറ്റുകൾ ഒന്നും തന്നെ ഇല്ല.

9. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന തരത്തിൽ ആഴ്ചച്ചന്തകളൊന്നും പഞ്ചായത്തിലില്ല.

10 നിലവിലുള്ള ഭൂമി സംബന്ധിച്ച ക്രയ വിക്രയങ്ങൾ നിജപ്പെടുത്തപ്പെട്ട വിലയുടെ അടിസ്ഥാനത്തിൽ നടക്കുന്നില്ല. ഈ കാര്യത്തിൽ സ്റ്റാമ്പ് ഡ്യൂട്ടിയിൽ വൻ വെട്ടിപ്പ് നടക്കുന്നു.

11. പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങളിലെ വായ്പകളുമായി ബന്ധപ്പെട്ട വർദ്ധിച്ച സാങ്കേതികത്വം സാധാരണക്കാരായ ആളുകളെ ഹുണ്ടിക വ്യാപാരികളെ ആശ്രയിക്കുന്നതിന് നിർബന്ധിതമാക്കുന്നു. ഹുണ്ടിക വ്യാപാരം പഴയകാലത്തേതുപൊലെ സമാന്തര ധനകാര്യ പ്രവർത്തനമായി വളർന്നു വരികയാണ്.

സാധ്യതകൾ

1. പഞ്ചായത്തിലെ മാസശമ്പളക്കാരുടെ പൂർണ്ണമായ കണക്കുകൾ ശേഖരിച്ച് നിയമാനുസൃതമായ തൊഴിൽനികുതി ചുമത്താവുന്നതാണ്. മറ്റ് തൊഴിൽ മേഖലകളിൾ തൊഴിൽനികുതി ചുമത്തുന്നതിന്റെ സാദ്ധ്യതകളെ കുറിച്ചും ആലോചിക്കാവുന്നതാണ്.

2. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളായ മാത്തിൽ, ഏറ്റുകുടുക്ക എന്നീ സ്ഥലങ്ങളിൽ സിനിമാശാലകൾ സ്ഥാപിച്ച്കൊണ്ട് വിനോദനികുതി ഇനത്തിലെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

3. കലാ കായികരംഗത്ത്പഞ്ചായത്ത് ഏറെ മുന്നോട്ട് പോയിട്ടുണ്ട്. അതുകൊണ്ട് കായിക വിനോദ മത്സരങ്ങളും മറ്റും നടത്തുന്നതിന് ഉതകുന്ന വിധത്തിൽ ഒരു മിനിസ്റ്റേഡിയം മാത്തിലിൽ ഉണ്ടാക്കുകയാണെങ്കിൽ ആ ഇനത്തിൽ നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

4. പഞ്ചായത്തിൽ നടന്നുകൊണ്ടിരിക്കുന്ന ചെങ്കൽപാറ, കരിങ്കൽപാറ ഖനനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താവുന്നതും ചെറിയതോതിൽ നികുതി ഈടാക്കാവുന്നതുമാണ്.

5. പഞ്ചായത്ത് അധീനതയിൽ കരിങ്കുഴിയിലുള്ള 4ഏക്കറ71 1/2സെൻറ് സ്ഥലം വിലതിട്ടപ്പെടുത്തി കൈവശക്കാർക്ക് പതിച്ചുകൊടുക്കുകയാണെങ്കിൽ ഒരു വലിയ തുക സമാഹരിക്കാവുന്നതാണ്.

6. ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്ന മാത്തിൽ ട്രാക്ടർ ഷെഡ് ഇരുനിലകെട്ടിടമായി രൂപാന്തരപ്പെടുത്തി താഴത്തെനില കാർട്ടേഴ്സുകളായും മുകളിലത്തെ നില ഓഡിറ്റോറിയമായും ആക്കിമാറ്റിയിട്ട് വാടകയിനത്തിൽ. പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

7. കാങ്കോൽ ടൗണിൽ ഇപ്പോൾ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലം അല്പം കൂടി വിപുലീകരിച്ച് ഷോപ്പിഗ കോംപ്ലക്സ് നിർമ്മിച്ചും വാടകയിനത്തിൽ വരുമാന സാധ്യത പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

8. ഗതാഗത സൗകര്യങ്ങളും സാധ്യതകളും വർദ്ധിച്ചുവരുന്ന ഈ കാലത്ത് മാത്തിൽ പട്ടണവുമായി ബന്ധപ്പെട്ട് ഫണ്ട് വരുന്ന മുറക്ക് ഒരു ബസ്സ്റ്റാൻറും ഒരു ഷോപ്പിംഗ് കോംപ്ലക്സും സ്ഥാപിച്ച് വരുമാന സാധ്യത കൂട്ടാവുന്നതാണ്. മാത്തിലിന്റെ ഹൃദയ ഭാഗത്ത് ഇപ്പോൾ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്ലഡ്ജ് ചെയ്യപ്പെട്ട ഭൂമി ഇതിനുവേണ്ടി ആവശ്യപ്പെടാവുന്നതാണ്.

9. ചെറുകിട വ്യവസായ എസ്റ്റേറ്റ്, ആഴ്ചച്ചന്തകൾ, മത്സ്യമാർക്കറ്റുകൾ എന്നിവ സ്ഥാപിക്കുന്ന വഴി വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

10 പരസ്യനികുതി ചുമത്തുന്ന കാര്യവും പരിഗണിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

11. സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിശ്ചിത ഫീസ് ഒടുക്കി രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥകൾ ഉണ്ടാകേണ്ടതാണ്.

12. ഗവ. നിയമം മൂലം ഓരോ സ്ഥലത്തേക്കും നിശ്ചയിച്ചിട്ടുള്ള ക്രയവിക്രയ വിലയുടെ അടിസ്ഥാനത്തിൽതന്നെ രജിസ്ട്രേഷൻ നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ ജനകീയ സംവിധാനങ്ങൾ ഏർപ്പെടുത്തുകയാണെങ്കിൽ സ്റ്റാമ്പ് ഡ്യൂട്ടിയിലെ വെട്ടിപ്പ് തടയാവുന്നതാണ്. ഈ ഇനത്തിൽ

പഞ്ചായത്തിന് കിട്ടേണ്ട വിഹിതം പിരിക്കുന്ന മേഖലയിൽവെട്ട് എത്രയും പെട്ടെന്ന് ലഭ്യമാക്കേണ്ടതാണ്.

13. പഞ്ചായത്തിലെ ഗൾഫ്പണം സമാഹരിച്ച് പ്രാദേശിക വികസനത്തിന്ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടേണ്ടതുണ്ട്.

14. പഞ്ചായത്തിന്റെ ജലവിഭവവും മണ്ണിന്റെ ഘടനയും പോഷിപ്പിക്കുന്നതിന് ഉതകുന്ന തടയണ, ജലാശയ സംരക്ഷണം എന്നിവയും പഞ്ചായത്തിലെ റോഡ് സംരക്ഷണം, സസ്യാവരണം പുഷ്ടിപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങളിലും സാധ്യമായത്ര മനുഷ്യാദ്ധ്വാനശേഷി പ്രയോജനപ്പെടുത്തേണ്ടതാണ്.

15. തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുടേയും വിദഗ്ദ സേവനത്തിൽനിന്നും വിരമിച്ചവരുടേയും വൈഭവത്തെ പ്രാദേശിക വികസനത്തിനുവേണ്ടി പ്രയോജനപ്പടുത്തുന്നതിനേപറ്റി ആലോചിക്കേണ്ടതുണ്ട്.

16. ഇന്ദിരാ വികാസ് പത്ര തുടങ്ങിയ നിക്ഷേപ സമാഹരണങ്ങളിൽ സാധ്യമായത്ര പങ്കാളിത്തം വർദ്ധിപ്പിച്ചുകൊണ്ട് പഞ്ചായത്തിന് ലഭിക്കാവുന്ന വിഹിതം വർദ്ധിപ്പിക്കാവുന്നതാണ്.

ഉപസംഹാരം

കണ്ണൂർ ജില്ലയുടെ വടക്കേ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന പ്രദേശമാണ് കാങ്കോൽ-ആലപപ്പടമ്പ് ഗ്രാമ പഞ്ചായത്ത്. 1995 ഓക്ടോബർ 2ന് അധികാരം ഏറ്റ ഭരണ സമിതിയെ ഏറെ പ്രതീക്ഷയോടെ ആണ് ജനങ്ങൾ എതിരേറ്റത്. ഇതിന്റെ ബഹിർസ്ഫുരണ മായിരുന്നു സത്യപ്രതിജ്ഞാ ചടങ്ങിലെ ബഹുജന പങ്കാളിത്തം. പഞ്ചായത്ത് ഓഫീസിന് മുമ്പിൽ നടന്ന ലളിതമായ ചടങ്ങിൽ എല്ലാ ഭിന്നതകളും മറന്നുകൊണ്ട് ആബാലവൃദ്ധം ജനങ്ങൾ പങ്കെടുക്കുകയുണ്ടായി. സാമ്പത്തികമായി ഏറെ പിന്നോക്കം നില്ക്കുന്ന ഒരു പ്രദേശം എന്ന നിലയിൽ പരിമിതികളെ പൂർണ്ണമായും മനസ്സിലാക്കിക്കൊണ്ട് തന്നെ, കഴിഞ്ഞ ഭരണ സമിതി തുടങ്ങിവെച്ചതും പൂർത്തിയാക്കേണ്ടതുമായ വികസന പ്രവർത്തനങ്ങൾ സഫലമാക്കുമെന്നും പഞ്ചായത്തിന്റെ അധികാര പരിധിയിൽപെടുന്ന എല്ലാ മേഖലകളും അഴിമതി മുക്തമാക്കുനതിന്വേണ്ടി എല്ലാ കഴിവുകളും ഉപയോഗിക്കുമെന്നും മതേതരത്വവും കക്ഷി രാഷ്ട്രീയ മുക്തവുമായ സമീപനത്തിലൂടെ എല്ലാ വിഭാഗം ജനങ്ങൾക്കും ഉതകുന്ന രീതിയിലുള്ളതും പ്രദേശങ്ങൾക്ക് പരിഗണന നല്കിക്കൊണ്ടുള്ളതും ആയ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമെന്നും ഭരണസമിതിക്കു വേണ്ടി ശ്രീ.പി. ശശിധരൻ ചടങ്ങിൽവെച്ച് പ്രഖ്യാപിക്കുകയുണ്ടായി. ഈ പ്രഖ്യാപനം അന്വർത്ഥ മാക്കുന്ന രീതിയിലുള്ള വികസന പ്രവർത്തനങ്ങളും രീതികളും അവലംബിച്ച് തന്നെയാണ് ഇക്കഴിഞ്ഞ ഒരു വർഷക്കാലം പഞ്ചായത്തിനകത്ത് കാര്യങ്ങൾ നടന്നുവന്നത് എന്നത് ഒമ്പതാം പഞ്ചവത്സരപദ്ധതി-ജനകീയ പദ്ധതി'' എന്ന മുദ്രാവാക്യമുയർത്തി പഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളിലെ ജനകീയ പങ്കാളിത്തം വ്യക്തമാക്കുന്നു.

മേൽ സൂചിപ്പിച്ചത് പോലെ ഉള്ള സാമ്പത്തിക പരാധീനതകളെ മറികടക്കുന്നകിന് ഉതകുന്ന പ്രവർത്തന പരിപാടികളാണ് ഞങ്ങൾ വിഭാവനം ചെയ്ത് നടപ്പാക്കാൻ തുനിഞ്ഞത്. അതിന്റെ ഭാഗമായി 1996 ജനുവരി, ഫിബ്രുവരി, മാർച്ച് എന്നീ മൂന്ന് മാസങ്ങൾ"ജനകീയ ഊർജ്ജ വിനിയോഗമാസങ്ങളായി തെരഞ്ഞെടുക്കുകയും 1.1.96ന് മൂന്ന് മണിക്ക് മാത്തിൽ സർവീസ് സഹകരണ ബാങ്ക് ഹാളിൽവെച്ച് വിപുലമായ കൺവെൻഷൻ ചേർന്ന് പ്രവർതനങ്ങൾ ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിനെ കുറിച്ചും തീരുമാനം എടുക്കുകയും ചെയ്തു. എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും പ്രതിനിധികളടക്കം 150 പേർ കൺവെൻഷനിൽ പങ്കെടുത്തു. വിവിധ ഉദ്യോഗസ്ഥരും രാഷ്ട്രീയ പാർട്ടി പ്രിതനിധികളും മറ്റ്വിഭാഗക്കാരും അടങ്ങുന്ന പഞ്ചായത്ത് തല വികസന സമിതിക്ക് അന്ന് രൂപം നല്കി. ഇതിന്റെ തുടർച്ചയായി ഗ്രാമസഭാ യോഗങ്ങൾ വിളിച്ച് ചേർത്ത് വാർഡ് തല വികസന സമിതിക്കും രൂപം കൊടുത്തു.

വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ചെലവഴിച്ച തുക, മൊത്തം ചെവലായ മനുഷ്യാധ്വാനത്തിന്റെ മൂല്യം എന്നിവ സംബന്ധിച്ച് വിവരം താഴെ കൊടുക്കുന്നു.

നമ്പർ	പ്രവർത്തിയുടെ പേര്	അനുവദിച്ച ഫണ്ട്	മൊത്തം ചെലവായ തുക	മനുഷ്യാദ്ധ്വാന മൂല്യം
1	റോഡ്	10,500.00	14,000.00	3500.00
2	„	–	5,000.00	5000.00
3	„	10,000.00	20,000.00	10,000.00
4	„	3,000.00	4700.00	1700.00
5	„	20,000.00	31,000.00	11,000.00
6	„	10,000.00	30,000.00	20,000.00
7	„	10,000.00	20,000.00	10,000.00
8	„	5,000.00	7500.00	2500.00
9	„	5,000.00	8000.00	3000.00
	ആകെ	73,500.00	140,200	66,700.00

കൂടാതെ വലിയചാൽ റോഡ് ഒരു കി.മി. ദൂരം 360പേരുടെ അദ്ധ്വാനവും കാനം-കാക്കടവ് റോഡ് 140 പേരുടെ അദ്ധ്വാനവും മാവിലൻ കോളനി-ആലപ്പടമ്പ് നോർത്ത് റോഡ് 150 പേരുടെ അദ്ധ്വാനം, ചെള്ളച്ചാൽ-അരവഞ്ചാൽ റോഡ് 100 പേരുടെ അദ്ധ്വാനം എന്ന നിലയിലുള്ള പ്രവർത്തനങ്ങൾ ഇതിനകം നടന്നുകഴിഞ്ഞിട്ടുണ്ട്. ഇത്രത്തോളം മനുഷ്യാധ്വാനം ചെലവഴിച്ച്കൊണ്ടുള്ളതല്ലെങ്കിലും വാർഡ് വികസന സമിതികളുടെ നേതൃത്വത്തിൻ അനേകം ചെറു വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

13.3.96 മുതൽ സാധാരണ ഗ്രാമസഭകൾ വിളിച്ചുചേർത്ത് വാർഡ് തല വികസനപ്രവർതനങ്ങളെ സംബന്ധിച്ചും മുൻഗണമാക്രമത്തിൻ നടപ്പാക്കുന്നതിനെ സംബന്ധിച്ചും ചർച്ച ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൻ ഏറ്റെടുത്ത് നടപ്പാക്കേണ്ടുന്ന പരിപാടികളെ സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കുകയും പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തു.

1995-96 വർഷം ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങളിൽ ചിലതിന്റെ വിവരങ്ങൾ.

വാർഡ്	പ്രവൃത്തിയുടെ പേര്	ചിലവഴിച്ച തുക
I	ആലപ്പടമ്പ് റേഷൻഷാപ്പ്-ചെറുപ്പാററോഡ്JRY	89,000
	കരബന്ധിപ്പികൽ-കിണർമുക്ക്-ഹരിജൻ കോളനി	58,620
II	ആലപ്പടമ്പ വടക്കേക്കര കുപ്പുവതോട് പാലം (BLOCK)	1,35,000
III	ചിറ്റിക്കോട്ട് ഹരിജൻ കോളനി.മണ്ണ്-ജല സംരക്ഷണവും കുളവും.(ബ്ലോക്ക്പദ്ധതി)	3,75,000
IV	വടവന്തൂർ-വയ്ക്കാട് റോഡ് JRY	1,00,000
V	വടശ്ശേരി പ്രാന്തൻചാൽ റോഡിൽ പാലംUTF	1,20,000
VI	പാനോം-കാങ്കോൽ ലക്ഷംവീട് റോഡ് UTF	55,000
	കാങ്കോൽ-കൊളേക്കര ടാറിംഗ് JRY	78,000
VII	കുണ്ടയം കൊപ്പൽ-പണയക്കാട് റോഡ് ടാറിംഗ് UTF	2,16,000
VIII	ഊഴിക്കവയൽ റോഡ്	24,000
IX	വൈപ്പിരിയം-മാതമംഗലം സെക്യൂരിറ്റി റോഡ് OWN FUND	63,000
	ഇടക്കാട്ടില്ലം വയൽ റോഡ്	40,000
	ആകെ തുക	12,79,620

കാർഷിക രംഗത്ത് തുടങ്ങിവെച്ച വികസനപ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും പുതിയ പദ്ധതികൾക്ക് സ്കീം തയ്യാറാക്കി അയക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തല കാർഷിക വികസന സമിതിയുടെ നേതൃത്വത്തിൽ ഊർജ്ജിത പച്ചക്കറി ഉല്പാദന പദ്ധതി, ബോധവൽക്കരണ സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കുകയുമുണ്ടായി. 27.1.96 ന് പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽവെച്ച് ഊർജ്ജിത കാർഷിക ബോധവൽക്കരണത്തിന്റെ ഭാഗമായി പഞ്ചായത്തല കാർഷിക വികസനമേളയും സംഘടിപ്പിച്ചു. കൃഷി വകുപ്പിൻ കീഴിൽ 2 ക്രോസുബാറുകളുടെ പണിപൂർത്തീകരിക്കുകയും വിവിധ സ്ഥലങ്ങളിൽ ക്രോസ്ബാറുകൾക്കും തടയണകൾക്കും ഉള്ള പദ്ധതി അംഗീകാരത്തിന്നായി ബന്ധപ്പെട്ട വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മണ്ണ്-ജല സംരക്ഷണ പദ്ധതിയുടെ ഭാഗമായി വർഡ്തല കമ്മറ്റികളും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുകയുണ്ടായി.1996 ഡിസംബർ മാസത്തിൽ സമഗ്ര കാർഷിക വികസന സെമിനാർ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. കണ്ണൂർ ജില്ലയിൽ സമഗ്ര കാർഷിക വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 7 പഞ്ചായത്തുകളിൽ കാങ്കോൽ-ആലപ്പടമ്പ് ഗ്രാമ പഞ്ചായത്തും ഉളപ്പെട്ടിട്ടുണ്ട് എന്നുള്ളത് എടുത്തു പറയേണ്ടതാണ്.

വ്യാവസായിക രംഗത്ത് പഞ്ചായത്തിൽ പുതിയതായി 2 സ്റ്റോൺ ക്രഷർ, ഒരു മരമില്ല്, ഒരു പോളിമേഴ്സ് കമ്പനി, ഒരു ഹോളോ ബ്രിക്സ് കമ്പനി തുടങ്ങിയവ ആരംഭിച്ചിട്ടുണ്ട്. ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി വ്യാവസായിക സെമിനാർ സംഘടിപ്പിക്കുവാൻ പരിപാടി തയ്യാറാക്കി വരുന്നു.

പഞ്ചായത്തിൽ 40%ഓളം പ്രദേശത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നു. കഴിഞ്ഞ വരൾച്ചാകാലത്ത് പഞ്ചായത്ത് ബ്ലോക്ക്-ജില്ലാ ലെവൽ സാമ്പത്തീക സഹായത്തോടെ ഒരു ലക്ഷത്തോളം രൂപയും മനുഷ്യാദ്ധ്വാനവും ചിലവഴിച്ച് കിണറുകളും കുളങ്ങളും ആഴം കൂട്ടുകയും പുതിയ കിണർ കുഴിക്കുകയും ചെയ്തിട്ടുണ്ട്. രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന പടിഞ്ഞാറൻ മേഖലയിൽ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രൊജക്റ്റ്, കുറുക്കൂട്ടി വാട്ടർ സപ്ലൈ സ്കീം വിപുലപ്പെടുത്തുന്നതിനുള്ള പ്രൊജക്റ്റും തെയ്യാറാക്കി അയച്ചിട്ടുണ്ട്.

നാട്ടുകാരുടെ സഹായത്തോടെ പഞ്ചായത്ത് ജനകീയ കമ്മറ്റി 5 ലക്ഷത്തിലേറെ ചെലവഴിച്ച് നിർമ്മിച്ച മാത്തിൽ ആശുപത്രി കെട്ടിടം ഉദ്ഘാടനം ചെയ്തിട്ടുണ്ടെങ്കിലും ആവിശ്യമായത്ര സ്റ്റാഫ് ഇല്ലാത്തതിനാൽ കിടത്തി ചികിത്സിക്കാനുള്ള നടപടി പൂർത്തിയായിട്ടില്ല. കുണ്ടയം കൊപ്പൽ ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണം ദ്രുതഗതിയിൽ നടന്നുവരുന്നു. പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുവാനുള്ള പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ പുതിയ മൃഗാശുപത്രി ആരംഭിച്ചിട്ടുണ്ട്. പേ വിഷ നിർമ്മാർജന പരിപാടിയുടെ ഭാഗമായി വാർഡ്തല ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കണ്ണൂർ ജില്ലാപഞ്ചായത്ത് രൂപപ്പെടുത്തി നടപ്പിലാക്കിയ ഗുരുകുലം വിദ്യാഭ്യാസ പരിപാടി വിജയിപ്പിക്കുവാൻ കാര്യക്ഷമതയോടെ പ്രവർത്തിച്ചിട്ടുണ്ട്. ലീഡ് സ്കൂൾ കേന്ദ്രീകരിച്ച് പഞ്ചായത്തല കമ്മറ്റിയും തുടർന്ന് വാർഡ് കമ്മറ്റിയും വിദ്യാലയത്തെ അടിസ്ഥാനപ്പെടുത്തി വിദ്യാഭ്യാസമിതിയും വീടുകൾ കേന്ദ്രീകരിച്ച് അയൽക്കൂട്ടങ്ങളും രൂപീകരിക്കുകയുണ്ടായി. ഗുരുകുലം പദ്ധതിയുടെ പ്രസക്തി സംബന്ധിച്ച് കണ്ണൂർ ഡയറ്റ് പ്രിൻസിപ്പാൾ ഒ.എം. ശങ്കരൻ മാസ്റ്റർ പങ്കെടുത്തുകൊണ്ട് സെമിനാർ സംഘടിപ്പിക്കുകയും ചെയതിരുന്നു. സ്ഥായിയായ മുന്നേറ്റം നടത്താൻ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ യഥാവസരം ലഭിക്കാത്തത് കൊണ്ട്

പ്രവർത്തനം മന്ദഗതിയിലായിട്ടുണ്ട്.

കേരളോത്സവം പോലുള്ള കലാകായിക പ്രവർത്തനങ്ങൾ ഏറ്റെടുത്തു വിജയിപ്പിച്ചും, ആരംഗത്ത് ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകാനും, സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളും മറ്റും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനും ശ്രമിക്കാറുണ്ട്. ഐ.സി.ഡി.എസ് ന്റെ കീഴിൽ 13 അംഗൻവാടികളും ഉണ്ട്. കൂടാതെ 3 അംഗൻവാടികൾകൂടി ആരംഭിച്ചിട്ടുണ്ട് കേരളത്തിലാകമാനം ഇന്ന് ചർച്ചചെയ്തുകൊണ്ടിരിക്കുന്ന "9ാം പദ്ധതി ജനകീയ പദ്ധതി"യുടെ ഭാഗമായി വിവിധ തലത്തിലുള്ള പ്രവർത്തനങ്ങൾ സജീവമായി നടപ്പിൽ വരുത്താൻ സാധിച്ചിട്ടുണ്ട്. 7.9.96 ന് പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽവെച്ച് ചേർന്ന ആലോചനാ യോഗം പ്രവർത്തനങ്ങൾക്ക് രൂപംനല്കി. ഒന്നാംഘട്ട ശില്പശാല നല്ലരീതിയിൽ നടന്നു. തുടർന്ന് വിളമ്പര ജാഥയും ഗ്രാമസഭയും വിജയകരമായി സംഘടിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ദ്വിതീയ വിവരശേഖരണം, വ്യക്തികളുമായുള്ള മുഖാമുഖം, തലങ്ങും വിലങ്ങും നടത്തം 250 സ്കാഡുകൾ രൂപീകരിച്ച് 27.10.96 ന് 850-മനുഷ്യാദ്ധ്വാനം ചെലവഴിച്ച് നടത്തിയ കുടുംബ സാമൂഹിക സാമ്പത്തീക സർവ്വെ എന്നീ പ്രവർത്തനങ്ങൾ ഫലപ്രദമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 1200-മനുഷ്യദ്ധ്വാനം ചെലവഴിച്ച് വാർഡ്-പഞ്ചായത്ത്തല സർവ്വെ ക്രോഡീകരണവും നടത്തി. രണ്ടാഴ്ചക്കാലം കൊണ്ട് പൂർത്തീകരിച്ച പ്രസ്തുത സംരഭത്തിൽ വിവിധ ഓഫീസുകളിലെ ഉദ്യോഗസ്ഥന്മാരുടെയും രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെയും യുവജന സംഘടനകളുടെയും സന്നദ്ധ സംഘടനകകളുടെയും കലാസമിതി പ്രവർത്തകരുടെയും സേവനം അഭിനന്ദനാർഹമാണ്. 24.11.96 ന് നടക്കുന്ന സെമിനാറിന്റെ വിജയകരമായ പ്രവർത്തനത്തിന് സ്വാഗതസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സെമിനാറിന്റെ സന്ദേശം പ്രചരിപ്പിക്കാൻ ആസൂത്രണ സന്ദേശപത്രം പുറത്തിറക്കി വീടുകളിൽ എത്തിച്ചുകൊടുക്കുകയുംചെയ്തു. 17.11.96 ന് ആസൂത്രണ സന്ദേശമുയർത്തി വാർഡ് തലങ്ങളിൽനിന്ന് കൂട്ട ഓട്ടം ആരംഭിച്ച് പഞ്ചായത്ത് കേന്ദ്രമായ മാത്തിൽ കേന്ദ്രീകരിക്കുകയും തുടർന്ന് സമാപനയോഗം ചേരുകയുമുണ്ടായി. സംസ്ഥാന റിസോഴ്സ് പേഴ്സൺ ശ്രീ: പി.വി. നാരായണൻ മാസ്റ്റർ യോഗത്തിൽ സംസാരിച്ചു. വരാനിരിക്കുന്ന നാളുകളിലേക്ക് പ്രതീക്ഷയർപ്പിക്കുന്ന ജനമനസ്സുകളെ തൃപ്തിപ്പെടുത്താൻ സാധിക്കത്തക്ക നിലയിൽ വികസന സെമിനാറിലെ ചർച്ചകളും നിർദ്ദേങ്ങളും ഉയർന്നുവരുമെന്ന് പ്രത്യാശിച്ചുകൊണ്ട് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലെല്ലാം ഞങ്ങളുമായി സഹകരിച്ചു പ്രവർത്തിച്ച പഞ്ചായത്തിലെ മുഴുവൻ ജനതയോടും വിവിധ ഡിപ്പാർട്ട്മെൻറ്തല ഉദ്യോഗസ്ഥരോടും ഞങ്ങൾക്കുള്ള കൃതജ്ഞതയും നന്ദിയും രേഖപ്പെടുത്തുന്നു.

എന്ന്

പി.ശശിധരൻ

പ്രസിഡണ്ട്,

കാങ്കോൽ-ആലപ്പടമ്പ് ഗ്രാമപഞ്ചായത്ത്

റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പ്

1. കൃഷിയും ജലസേചനവും

എം.വി. ദാമോദരൻ, പി. കുഞ്ഞിക്കണ്ണൻ, പി. രവീന്ദ്രൻ, കെ.എം. സദാശിവൻ മാസ്റ്റർ
ടി. കരുണാകരൻ മാസ്റ്റർ, പി.ഇ കൃഷ്ണൻ നമ്പൂതിരി., ടി.സി. സരസ്വതി
എം.കെ. നാരായണൻ, കെ.എൻ. ശങ്കരൻ നമ്പൂതിരി

2. മൃഗപരിപാലനം – മത്സ്യബന്ധനം

ടി. കൃഷ്ണൻ, ഡോ. ലക്ഷ്മണൻ, കെ. ഭാസ്കരൻ, സി.പി. രവീന്ദ്രൻ, എ.വി. നാരായണൻ,
എ.എം. കുഞ്ഞികൃഷ്ണൻ നമ്പീശൻഎം.വി.എം. സൂര്യ നാരായണൻ,
കെ.എം. സദാശിവൻ മാസ്റ്റർ, പി. രാഘവൻ

3. വ്യവസായം

പി. ശശിധരൻ, കെ.എം. ഗോവിന്ദൻ നമ്പീശൻ, കെ. ഗോവിന്ദൻ, പി. രവീന്ദ്രൻ, ടി.കെ. ഗോവിന്ദൻ
നായർ, ടി.എം. കൃഷ്ണൻ നമ്പീശൻ, സി.കെ. നാരായണൻ, എം.വി. കരണാകരൻ

4. വിവേസമാഹരണം

കെ. രാജൻ, കെ. രാഘവൻ, കെ. വിജയൻ നായർ, എൻ.കെ. രാജൻ
പി. കേളുനമ്പ്യാർ, ടി.എം. പരമേശ്വരൻ നമ്പീശൻ

5. സഹകരണം

ശ്രീമതി. കെ.വി. ഇന്ദിര, കോട്ടമ്പത്ത് നാരായണൻ, സി.എം. രാഘവൻ, ടി.കെ. നാരായണ പൊതുവാൾ
കെ.എം. വാസുദേവനമ്പീശൻ, കെ.പി. കണ്ണൻ, എൻ.കെ. ഗംഗാധരൻ

6. ആരോഗ്യം, കുടിവളളം

ഡോ. ടി.വി. കുഞ്ഞിക്കണ്ണൻ, ഡോ. എ.പി. ദിനേശ് കുമാർ, ഡോ. വിമലൻ
ടി.എം. നാരായണൻ നമ്പീശൻ, എം. മുരളീധരൻ, എ. അമ്പു, കെ.എം. രഘുനാഥൻ

7. ഗതാഗതം ഊർജ്ജം

കെ. കുഞ്ഞിരാമൻ മാസ്റ്റർ, പി.പി. ബാലകൃഷ്ണൻ, കെ.എം. ബാലകേശവർ
സി.പി. രാമചന്ദ്രൻ, പി. രാധാകൃഷ്ണൻ, കെ. ഗോവിന്ദൻ

8. ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം

കെ.പി. രാഘവൻ, കെ. ചിണ്ടൻ, കെ.കെ. വിജയൻ, പി.പി. കണ്ണൻ, പി.വി. ചന്ദ്രൻ
കെ.എം. പരമേശ്വരൻ നമ്പീശൻ, പി.എം. മത്തായിക്കുഞ്ഞി

9. സംസ്കാരം

എം. ഈശ്വരൻ നമ്പൂതിരി, കെ.വി. പവിത്രൻ, എം.വി. ദാമോദരൻ കുട്ടി.ടി.സി. രാധാകൃഷ്ണൻ,
കോക്കാട്ട് നാരായണൻ, ടി. തമ്പാൻപി. ഗോപിനാഥൻ, എ. നാരായണൻ മാസ്റ്റർ

10. വനിതാ ക്ഷേമം,

കെ.വി. സത്യവതി, ഡോ. പ്രേമജാ കുഞ്ഞിക്കണ്ണൻ, പി. അവനീന്ദ്രനാഥ്, കെ.വി. ശൈലജ,
ടി.എം.സതീശൻ മാസ്റ്റർ, പി. രാമചന്ദ്രൻ മാസ്റ്റർ, കെ.വി. സാവിത്രി., ടി. ദിവാകരൻ മാസ്റ്റർ, വി.കെ.
കരുണാകരൻ മാസ്റ്റർ

11. വിദ്യാഭ്യാസം,

കെ.വി. കുഞ്ഞപ്പൻ മാസ്ററർ, കെ. സുകുമാരൻ മാസ്റ്റർ, പി. മോഹനൻ, കെ.എം. മുരളീധരൻ, കെ.
ഹരീന്ദ്രൻ മാസ്റ്റർ, വി. ഗോപാലൻ മാസ്റ്റർ, കെ.പി. കുഞ്ഞിരാമൻ മാസ്റ്റർ, സി.കെ. ദാമോദരൻ മാസ്റ്റർ

12. പട്ടികജാതി –പട്ടിക വർഗ്ഗക്ഷേമം

പി. കൃഷ്ണൻ, പി. രാമചന്ദ്രൻ മാസ്ററർ, പി.കെ. പ്രസാദ്, പി. ബാലകൃഷ്ണൻ., എ.വി പ്രഭാകരൻ
കെ. പങ്കജാക്ഷൻ, പി. സുശീലടീച്ചർ

13. ഭൂപടം തയ്യാറാക്കിയവർ

പി. ബാലകൃഷ്ണൻ, പി. രാമചന്ദ്രൻ നായർ, വി.വി. ഭാസ്കരൻ, കെ. വിജയൻ നായർ

കാക്കോൽ-തുരുത്തുപടവ്
ഗ്രാമ പഞ്ചായത്ത്

19-11-96ന് ചേർന്ന പി ആർ നമ്പർ-1/96 പ്രകാരം പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച റിപ്പോർട്ട്

TIME OFFSET PRINTERS,TPBA. PH:202225